# The Last Reader

David Toscana

# അവസാനത്തെ വായനക്കാരൻ

ഡേവിഡ് ടോസ്കാന



ഡേവിഡ് ടോസ്കാന

# അവസാനത്തെ വായനക്കാരൻ

വിവർത്തനം
പ്രഭാ സക്കറിയാസ്

ഡി സി ബുക്സ്

## ഡേവിഡ് ടോസ്കാന

മെക്സിക്കോയിലെ മോണ്ടിറേയിൽ 1961-ൽ ജനിച്ചു. 29-ാം വയസ്സു മുതൽ എഴുതിത്തുടങ്ങിയ ടോസ്കാന സമകാലിക സ്പാനിഷ് സാഹിത്യത്തിലെ അറിയപ്പെടുന്ന എഴുത്തുകാരിലൊരാളാണ്. വായനക്കാരുടെയും നിരൂപകരുടെയും പ്രശംസകൾ ഒരേപോലെ പിടിച്ചുപറ്റിയ ടോസ്കാനയുടെ രചനകൾ ലോകത്തിലെ പ്രമുഖ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

## പ്രഭാ സക്കറിയാസ്

കോട്ടയത്ത് ജനനം. കോട്ടയം സി.എം.എസ്. കോളജ്, തേവര സേക്രഡ് ഹാർട്ട് കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഇംഗ്ലിഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം. ഹൈദരാബാദിലുള്ള ഇംഗ്ലിഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയിൽ എം.ഫിൽ. ടോണി മോറിസന്റെ *സുല* മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

# അവസാനത്തെ വായനക്കാരൻ

MALAYALAM LANGUAGE

Original Spanish Title
El ultimo lector

English Title
The Last Reader

LITERATURE/NOVEL

*by* David Toscana

MALAYALAM TITLE
Avasanathe Vayanakkaran
Translated by Prabha Zacharias

© David Toscana, 2004
Literarische Agentur Mertin Inh. Nicole
witt e.K., Frankfurt, Germany
Rights Reserved

First Published August 2013
PUBLISHERS
D C Books, Kottayam 686 001
Kerala State, India
Online Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-mail: customercare@dcbooks.com
Customercare: 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA

Toscana, David
Avasanathe vayanakkaran/David Toscana;
Malayalam translation/Prabha Zacharias.
160p., 21cm.
ISBN 978-81-264-4223-2
1. Malayalam translation of 'The last reader' original in Spanish 'El ultimo lector.
1. Spanish novel. 2. Malayalam translation.
I. Title. II. Title-English. III. Title-Spanish. IV. Prabha Zacharias.
863-dc22

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-4223-2

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹. 120.00

306/13-14-Sl.No. 12930-dcb 5557-2000-3000-08-13-Sir. 18.1-p ag-r pm-d sc

കിണറ്റിനടിയിലേക്കൂർന്നുപോയി വെള്ളത്തെക്കാൾ ഉറപ്പുള്ള ഒരു പ്രതലത്തിൽ തൊട്ടി ചെന്നു തട്ടി. റെമിഗിയോ അപ്പോൾത്തന്നെ ആ ശബ്ദം കേൾക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഒരു വർഷത്തോളമായി അവിടെ മഴ പെയ്തിരുന്നില്ല. ജൂലൈമുതൽ എല്ലാ ഉച്ചകഴിഞ്ഞും ആളുകളൊരുമിച്ച് ഗബ്രിയേൽ ദൈവദൂതന്റെ കപ്പേളയിൽ പ്രാർത്ഥിക്കാൻ പോയിരുന്നു. എന്നാൽ സെപ്റ്റംബർ എത്തിയിട്ടും ആകാശത്തുനിന്നും ഒരു തുള്ളി തുപ്പൽപോലും വീണില്ല. ഇടയ്ക്ക് ചില പുലർച്ചകളിൽ ഇലകളിലും ജനാലച്ചില്ലിലും മഞ്ഞുതുള്ളികൾ കാണുമെങ്കിലും നേരത്തേയുണരുന്നവർക്ക് കാണാനായിപ്പോലും അതവശേഷിക്കാറില്ല. ഗ്രാമത്തിനുമീതെ ഉദിച്ചാലുടൻതന്നെ സൂര്യൻ ഇക്കാമോളിലെ എല്ലാ ഈർപ്പവുമുണക്കിക്കളഞ്ഞിരുന്നു.

ഒരിക്കൽ കിഴക്കുനിന്ന് മഴമേഘങ്ങൾ അടുത്തു വന്നു. അവയുടെ വരവ് തിട്ടപ്പെടുത്താനായി ആളുകൾ അടുത്തുള്ള കുന്നിലെല്ലാം പ്രയാസപ്പെട്ട് കയറി ഇതാ ഞങ്ങൾ ഇവിടെയാണ് വേഗം വരൂ, ഞങ്ങൾക്കു ദാഹിക്കുന്നു എന്നൊക്കെ പറയുന്നതുപോലെ. ചില സ്ത്രീകളാവട്ടെ അവരുടെ അചഞ്ചലമായ വിശ്വാസം കാണിക്കാൻവേണ്ടി കുടകൾ തുറന്നുപിടിച്ചു.

എന്നാൽ ആ വിശ്വാസം വലിയ മലകളെയെന്നല്ല സന്ന്യാസിക്കുന്നിനെപ്പോലും ഇളക്കാൻ മതിയാവില്ലായിരുന്നു. എല്ലാവരും ആശയറ്റു നോക്കിനിൽക്കേ ഇരുപത് കിലോമീറ്റർ അകലെയുള്ള സന്ന്യാസിക്കുന്നിന്റെ ശിഖരങ്ങളിലും ചെരിവുകളിലും ഇടിച്ച് മേഘങ്ങൾ അവർ കൊണ്ടുവന്ന സമ്പത്തിനെ അവിടെത്തന്നെ ചൊരിഞ്ഞുകളഞ്ഞു. ഇതാദ്യത്തെയോ അവസാനത്തെയോ തവണയല്ല സന്ന്യാസിക്കുന്ന് അവരുടെ പ്രതീക്ഷകളെയെല്ലാം കവർന്നെടുക്കുന്നത്. അതുകൊണ്ടാണ് ഇക്കാമോളിലെ കിടങ്ങുകളിൽ എലികൾ പെരുകുമ്പോഴും അയൽഗ്രാമമായ വില്ലാ ദ ഗാർസ്യ പച്ചയായി തുടരുന്നത്. റെമിഗിയോ കയറൊന്ന് വലിച്ച് വീണ്ടും തൊട്ടി താഴേക്കിട്ടു. അതേ ശബ്ദം വീണ്ടും. എന്തിലോ ചെന്നുതട്ടിയ ഒച്ച. അടിയിൽനിന്ന് വീണാനാദമോ മത്സ്യകന്യകയുടെ പാട്ടോ ഒക്കെ കേട്ടാലും അയാൾക്കത് അരോചകമായി തോന്നിയേനേ. അയാളുടെ കിണറ്റിലെ ഏകശബ്ദം വെള്ളത്തിന്റെ തുടിപ്പായിരിക്കണം.

അയാൾ കയർ പരിശോധിച്ചു. എന്തോ പ്രശ്നമുണ്ടെന്നുറപ്പായി. കിണറിന് എട്ടുമീറ്റർ ആഴമുണ്ടെന്നയാൾക്ക് അറിയാം. കയർ അതനുസരിച്ച് കൃത്യനീളത്തിലാണ് കെട്ടിയിരിക്കുന്നത്. അയാളുടെ ഊഹമനുസരിച്ച് അവിടെ അരമീറ്ററെങ്കിലും വെള്ളമുണ്ടാകണം. അവോക്കാഡോ മരം നനയ്ക്കാനും അയാൾക്ക് അന്നു രാവിലെയും വരും രാവിലെകളിലും കുളിക്കാനും അത് ധാരാളമാണ്. അതിനുശേഷമാണ് അയാൾ കാറ്റിലുലയുന്ന തലമുടിയും തണുത്ത മുഖവും വൃത്തിയുള്ള പല്ലുകളുമായി ഇക്കാമോളിൽ ചുറ്റിനടന്ന് തൂവാലകൊണ്ട് കെട്ടിവെച്ച മയമില്ലാത്ത തലമുടിയുള്ള സ്ത്രീകളോടും പൊടിപിടിച്ച മുഖങ്ങളും ചെളിനിറഞ്ഞ നഖങ്ങളുമുള്ള പുരുഷന്മാരോടും കുശലം പറയുക. അവർക്ക് വിയർപ്പും വില്ലാ ദ ഗാർസ്യയിൽനിന്നും മെൽക്വിസിദെക്ക് വീപ്പകളിൽ നിറച്ച് വണ്ടിയിൽ കൊണ്ടുവരുന്ന വെള്ളവുമല്ലാതെ മറ്റൊരീർപ്പവുമുണ്ടായിരുന്നില്ല. വരൾച്ചയോടൊപ്പം ഇവിടെ ദാരിദ്ര്യവുമെത്തി. ഇത്ര കുറച്ച് കുപ്പികൾ വിൽക്കാൻ ഇവിടെ വരുന്നത് നഷ്ടമാണെന്ന് സോഡാക്കാരൻ പറയുന്ന ദിവസവുമെത്തി. മെൽക്വിസിദെക്കിന്റെ വെള്ളം സൗജന്യമാണ്. അയാളത് വില്ലാ ദ ഗാർസ്യയിലെ ഒരു പൊതുകുളത്തിൽനിന്ന് കുഴലിട്ട് എടുക്കുന്നതാണ്. അയാൾക്കും വണ്ടിവലിക്കുന്ന കഴുതകൾക്കുമുള്ള പണം സർക്കാർ കൊടുക്കും.

വെള്ളം പാഴാക്കാതിരിക്കുന്നതിനുവേണ്ടി മെൽക്വിസിദെക്കിന്റെ വെള്ളം കുടിവെള്ളമാണ്, അത് കാൽ കഴുകാനുള്ളതല്ലെന്ന് ആളുകൾ പറഞ്ഞിരുന്നു. അതുകൊണ്ടുതന്നെയാണ് അപ്പോൾ കഴുകിയ മുഖവുമായി അവരെ പ്രകോപിതരാക്കുവാൻ റെമിഗിയോയ്ക്ക് തോന്നിയതും. അവന്റെ മുഖഭാവം അവരോടു പറയുന്നത് 'വണ്ടിവെള്ളമില്ലാതെതന്നെ ഞാൻ കുടിക്കും കുളിക്കും എന്റെ അവോക്കാഡോ മരവും നനയ്ക്കും' എന്നാണ്. എന്നാൽ ആരെങ്കിലും ചോദിച്ചാൽ മറ്റുള്ള കിണറുകൾപോലെതന്നെ അവന്റെ കിണറു രണ്ടും ഉണങ്ങിക്കിടക്കുകയാണെന്നാവും ഒട്ടും മടിക്കാതെ വരുന്ന മറുപടി. അവൻ തൊട്ടി അഞ്ചാറുവട്ടം ആട്ടിനോക്കി. എന്നാൽ അരയടിയോളമുള്ള വെള്ളത്തിൽ തൊട്ടി തട്ടുന്നതായി തോന്നിയില്ല. ഉറപ്പായും എന്തോ തടയുന്നുണ്ട്. ഇത് ദാഹിച്ചലഞ്ഞ അവനെ ബുദ്ധിമുട്ടിക്കുന്ന ആദ്യത്തെ മൃഗമൊന്നുമല്ല. മൂന്നുവർഷം മുമ്പ് അവനൊരു ചെന്നായയെ പുറത്തെടുക്കേണ്ടിവന്നു. ശത്രുവാണെന്ന് കരുതി അതവനെ ആക്രമിക്കുകയുംചെയ്തു. എങ്കിലും അവന് ആ ജന്തുവിനോട് ദേഷ്യമൊന്നും തോന്നിയില്ല. അവനറിയാം ഏതു മരണത്തെക്കാളും ദയനീയമാണ് ദാഹിച്ചുള്ള മരണമെന്ന്. അവൻ ഒരു മണ്ണെണ്ണവിളക്ക് കയറിന്റെ അറ്റത്ത് കെട്ടി അത് ഭൂമിയുടെ ഇരുണ്ട തൊണ്ടയിലേക്കിറക്കി. മലർക്കെത്തുറന്ന രണ്ടു കണ്ണുകളുടെ തിളക്കമാണ് അവനാദ്യം കണ്ടത്. പിന്നെ പഴയ ഒരു ഫോട്ടയിലേതുപോലെ മങ്ങിയ ഒരു പെൺമുഖം. വൃത്തിയായി

പിന്നിയ നീണ്ടു കറുത്ത മുടി. ഒരു ഡസൻ തവണയെങ്കിലും അവളുടെ മുഖത്ത് തൊട്ടി വന്നുകൊണ്ടെങ്കിലും അവളുടെ മുഖത്തേക്ക് ഒന്നു രണ്ടു നിമിഷം തുറിച്ചുനോക്കിയതിനുശേഷം അവൾ കണ്ണുചിമ്മുന്നില്ലെന്ന് അവൻ തീർച്ചപ്പെടുത്തി.

അവന് പത്തുവയസ്സായിരുന്നപ്പോൾ കിണറിനെ അവൻ കുരുത്തക്കേടുകൾ കാണിക്കാനുള്ള ഒരിടമായാണ് കണ്ടിരുന്നത്. തുപ്പുക, ഒന്നോ രണ്ടോ ചെറിയ ഉരുളകളായി ആട്ടിൻകാഷ്ഠം അതിലേക്കെറിയുക എന്നിങ്ങനെ. ഒരിക്കൽ അവൻ സെനോര ക്ലിയോറ്റിൽഡിന്റെ കിണറ്റിൽ മൂത്രമൊഴിച്ചിട്ടുപോലുമുണ്ട്. എന്നാൽ അതേസമയം കൂട്ടുകാരിലൊരാൾ മെൽക്വിസിദെക്കിന്റെ കിണറ്റിലേക്ക് ഒരു ചത്ത എലിയെ എറിഞ്ഞത് ഒരു കടന്നകൈയായാണ് അവൻ കണ്ടത്. നശിപ്പിക്കുന്നതിലല്ല, മറിച്ച്, ഗൂഢമായ ചിലത് ചെയ്യുന്നതിലാണ് രസം എന്നാണവൻ കരുതിയിരുന്നത്. എന്നാൽ കിണറുകൾക്ക് തമ്മിൽ ബന്ധമുണ്ടെന്നും സെനോര ക്ലിയോറ്റിൽഡിന്റെ കിണറ്റിൽ വീണ മൂത്രം നേർത്തതായി മറ്റെല്ലാ വീട്ടുകിണറുകളിലും എത്തുമെന്നും മനസ്സിലായപ്പോളാണ് അവന്റെ അത്തരം രസങ്ങൾ ആവിയായത്. ഭൂമിക്കടിയിലുള്ള ഈ ജലസങ്കീർണ്ണതയുടെ ഏറ്റവും ആഴമേറിയ ഇടം തന്റെ സ്ഥലത്താണെന്നാണ് റെമിഗിയോ കരുതുന്നത്. അല്ലെങ്കിലെങ്ങനെ മറ്റു കിണറുകൾ ഉണങ്ങിവരണ്ടിരിക്കുമ്പോഴും അവന്റെ കിണറ്റിൽ മാത്രം വെള്ളമുണ്ടാകും? മൂത്രമൊഴിക്കുന്നതോ ചത്ത എലിയെ ഇടുന്നതോ പോട്ടെയെന്നുവയ്ക്കാം. പക്ഷേ, ഒരു പെൺകുട്ടി? അവൾ അബദ്ധത്തില് വീണതാവുമെന്ന ആശയം അവൻ അപ്പോൾത്തന്നെ തള്ളിക്കളഞ്ഞു. അങ്ങനെ വീണതാണെങ്കിൽ അവൻ അവളുടെ അടിവസ്ത്രമാവും കാണുക; മുഖമല്ല.

അവൻ വേഗം ഓടി വീടിനുള്ളിൽചെന്ന് ഒരരിവാൾ എടുത്തുകൊണ്ട് വന്നു. തോട്ടത്തിൽ ചെന്ന് വരണ്ടുണങ്ങിയ ചില്ലകളിലെല്ലാം അരിവാൾകൊണ്ട് തട്ടി. പെൺകുട്ടിയെ കൊണ്ടുവന്നയാൾ അവിടെയെങ്ങാനും ഉണ്ടെങ്കിലോ? മതിലിനു പുറത്തുള്ള മരത്തിലിരുന്ന് ആരെങ്കിലും ഇതെല്ലാം നിരീക്ഷിക്കുന്നുണ്ടോ എന്നും അവൻ ശ്രദ്ധിച്ചു. ശ്വാസംപോലുമെടുക്കാതെ അനങ്ങാതെനിന്ന് ഏറ്റവും ചെറിയ ശബ്ദംപോലും നിരീക്ഷിച്ചു. എന്നാൽ ദൂരെയുള്ള ഒച്ചകളേ കേട്ടുള്ളൂ. കാൽ വേദനിക്കുന്നെന്ന് പരാതി പറയുന്ന സ്ത്രീ, തൊണ്ട നേരെയാക്കുന്ന മനുഷ്യൻ, പാക്കോ എന്നെ അടിച്ചെന്നു കരയുന്ന കുട്ടി, പാക്കോയെ മൂക്കിനിടിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന തടിയൻ ആന്റുനെയുടെ പ്രത്യേകമായ ശബ്ദം. റെമിഗിയോ അരിവാൾ നിലത്തിട്ട് കിണറിനരികിലേക്ക് തിരികെപ്പോയി. അവൻ മണ്ണെണ്ണവിളക്ക് മുഖത്തിനടുത്തേക്ക് നീക്കി അതിന്റെ ആട്ടം നിൽക്കാൻ കാത്തുനിന്നു. കാരണം, അനങ്ങുന്ന നിഴലുകൾ ശരീരം ഇളകുന്നതുപോലെ തോന്നിച്ചിരുന്നു. ശരീരത്തിന്റെ

വലിയൊരു ഭാഗം വെള്ളത്തിനു പുറത്തായി സുഖകരമെന്നു തോന്നിപ്പിക്കുന്ന രീതിയിലാണ് പെൺകുട്ടി കിടന്നിരുന്നത്. അവൻ കുറെ കല്ലുകൾ പെറുക്കിയെടുത്ത് ഓരോന്നോരോന്നായി എറിഞ്ഞുതുടങ്ങി. ആദ്യത്തേത് മൂന്നും ലക്ഷ്യം കണ്ടില്ല. നാലാമത്തേത് പെൺകുട്ടിയുടെ നെറ്റിയിലോ മൂക്കിലോ മറ്റോ കൊണ്ടുതെറിച്ചു. ഭാവമാറ്റമൊന്നുമില്ലെന്ന് റെമിഗിയോ ഉറപ്പുവരുത്തി. ആദ്യംമുതൽതന്നെ അവൾ മരിച്ചുകിടക്കുകയാണെന്ന് തോന്നിയിരുന്നുവെങ്കിലും ഒരു പെൺകുട്ടിയെ രക്ഷിക്കുക എന്ന ചിരപുരാതനസ്വപ്നം വിട്ടുകളയാൻ അവന് അത്രയെളുപ്പം കഴിയുമായിരുന്നില്ല.

അറ്റത്ത് തുരുമ്പിച്ച ഒരു കൊളുത്തുള്ള മറ്റൊരു കയർ കൊണ്ടുവന്ന് അവൻ കിണറ്റിലേക്കിറക്കി. അതെവിടെയെങ്കിലും ഒന്നുടക്കും വരെ അവനത് പെൺകുട്ടിയുടെ ശരീരത്തിലൂടെ ആട്ടിക്കൊണ്ടിരുന്നു. ഒടുവിൽ കൊളുത്തെവിടെയോ ഒന്നുടക്കി. അതൊരു കക്ഷക്കുഴിയായിരുന്നെങ്കിൽ നന്നായിരുന്നു. കാരണം, മീൻപിടിക്കുന്നതുപോലെ ഒരു പെൺകുട്ടിയെ പിടിച്ചെടുക്കാൻ അവനിഷ്ടമായിരുന്നില്ല. കയറുവലിക്കുന്നതിനിടെ അവൻ ഓരോ ശബ്ദവും ശ്രദ്ധിച്ചു. ഒരു കരച്ചിൽ അവൻ പ്രതീക്ഷിക്കുന്നില്ലെങ്കിലും ഉറപ്പുവരുത്തുന്നതാണു നല്ലത്. പെൺകുട്ടിയെ കുറച്ചു സെന്റിമീറ്ററുകൾ ഉയർത്തിക്കഴിഞ്ഞപ്പോൾ റെമിഗിയോ തൊട്ടിയിൽനിന്ന് കേൾക്കാനാഗ്രഹിച്ച ശബ്ദം കേട്ടു. മുറിഞ്ഞ ഇറച്ചിയും രക്തം കലർന്ന വെള്ളവും അവന്റെ മനസ്സിൽ തെളിഞ്ഞു. ആ പെൺകുട്ടി എത്ര വൃത്തിയുള്ളവളായിരുന്നാലും ശരി, ആ വെള്ളംകൊണ്ട് പല്ല് തേക്കുന്നത് അവനെ അലോസരപ്പെടുത്തി. കക്ഷത്തിലോ വായിലോ മൂക്കിലോ അരയിലോ എവിടെയുടക്കിയാലും കൊളുത്തൊരു മോശം ആശയമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവളെ ഒരു കുരുക്കുണ്ടാക്കി പുറത്തെടുക്കാൻ അവൻ തീരുമാനിച്ചു. കുരുക്കുണ്ടാക്കുന്നതിനിടെ പലതവണ അവൻ "കുരുക്ക്, കുരുക്ക്" എന്ന് ഉറക്കെപ്പറഞ്ഞു. കാരണം, മനസ്സ് അതിനെ ഒരു കൊലക്കുടുക്കെന്ന് വിളിക്കാൻ നിർബന്ധിച്ചിരുന്നു. അവൻ വീണ്ടും കയർ ഇറക്കി എവിടെയെങ്കിലും ഉടക്കും വരെ അതിനെ ആടാൻ അനുവദിച്ചു. ശ്രദ്ധാപൂർവം വലിച്ച് കുരുക്ക് മുറുകിയെന്നുറപ്പായപ്പോൾ അവൻ വേഗം ശരീരം വലിച്ചെടുക്കാൻ തുടങ്ങി. ഇടതുകൈത്തണ്ടയിൽ ഉടക്കിയ അവസ്ഥയിലാണ് അതു പൊങ്ങിവന്നത്. അത് കഴുത്തിൽ കുരുങ്ങിവന്നിരുന്നെങ്കിലും അവൻ അവളെ വലിച്ചെടുക്കുമായിരുന്നു എന്നാൽ കൈത്തണ്ടയായത് നന്നായി.

കണ്ടപ്പോഴേ അവൻ അവളുടെ കൈയിൽ പിടിച്ചു. അവന് അറപ്പൊന്നും തോന്നിയില്ല എന്നത് അത്ഭുതപ്പെടുത്തി. മുമ്പൊരിക്കൽ അവനൊരു ശവശരീരം ഉയർത്തിയപ്പോൾ ഛർദിക്കാൻ വന്നിരുന്നു. "പക്ഷേ, നീ വ്യത്യസ്തയാണ്." അവൻ ആ പെൺകുട്ടിയോട് പറഞ്ഞു:

“നീ അയാളെ കാണേണ്ടതായിരുന്നു. കുളത്തിൽ മുങ്ങിയതുകൊണ്ട് ശരീരം നഗ്നവും ചീർത്തതുമായിരുന്നുവെന്നു മാത്രമല്ല അയാളൊരു വയസനും തടിയനുമായിരുന്നു.” അവൻ അവളെ നിലത്തുകിടത്തി കണ്ണുകൾ അടച്ചുവെക്കാൻ ശ്രമിച്ചു. ഇടതുകണ്ണ് അനുസരിച്ചെങ്കിലും വലതുകണ്ണ് മെല്ലെ തുറന്നുപോയി. വെളുത്ത സോക്സ്, പൂക്കളുള്ള ഉടുപ്പ്, ഒരു തുകൽച്ചെരിപ്പ്. മുഖം നല്ല മിനുസമുള്ളതായിരുന്നു, തൊട്ടി കൊണ്ടതിന്റെയോ ബലപ്രയോഗത്തിന്റെയോ ഒരു ലക്ഷണവുമില്ല. ഇടതുകവിളിലുണ്ടായിരുന്ന അല്പം ചെളി നീക്കാൻ ശ്രമിച്ചപ്പോഴാണ് അതൊരു മറുകാണെന്ന് മനസ്സിലായത്. ഉടുപ്പിന്റെ ഇടതുകൈയിൽ കൊളുത്ത് ഉണ്ടാക്കിയ കീറൽ. റെമിഗിയോ അത്ര സൗഹാർദ്ദശീലമുള്ളവനല്ല, അവൻ സ്കൂൾകുട്ടികളെ ശ്രദ്ധിക്കാറുമില്ല. എന്നാൽ ഈ കുട്ടിയെ ഇതിനുമുമ്പ് കണ്ടിട്ടില്ലെന്ന് അവന് ഉറപ്പാണ്. അതിനർത്ഥം അവൾ ഇക്കാമോൾക്കാരിയല്ല എന്നാണ്. ‘ഇത്തരമൊരു കുട്ടി ഏതെങ്കിലുമൊരു പരിപാടിയിൽ പങ്കെടുത്തിരിക്കണം. പള്ളിയിൽ പാടിയിട്ടുണ്ടാവണം. അവൾ എത്ര മോശമായി പാടിയാലും ആളുകൾ കരഘോഷം മുഴക്കിയിട്ടുണ്ടാവണം.’ ചുറ്റും നോക്കി അവൻ സ്വയം പറഞ്ഞു: ‘അത് മാത്രമല്ല, ഇത്തരമൊരു പെൺകുട്ടിയെ കാണാതായാൽ ആരെങ്കിലും അന്വേഷിച്ചുവരാതിരിക്കുകയുമില്ല.’

സ്ത്രീകളെപ്പറ്റി സംസാരിച്ചും ഒരു കുപ്പി വിസ്കി കൈമാറി ഓരോ കവിൾ വിഴുങ്ങിയുമാണ് അവർ ആ പത്തു മൈൽ ദൂരത്തിൽ നേരം പോക്കിയത്. ഗൗരവമുള്ളതായാലും തമാശയായാലും മർഡോക്ക് പറഞ്ഞ എല്ലാ കഥയ്ക്കും ടോം ചിരിച്ചു. മെക്സിക്കോയിൽ വെച്ച് പരിചയപ്പെട്ട ഒരു വേശ്യയെപ്പറ്റി പറഞ്ഞപ്പോൾ അതിലെ ഓരോ വാചകത്തിനും ടോം ചിരിച്ചു; ഭാഷയറിയാത്ത ഒരു സ്ത്രീയോടൊപ്പം കഴിയുന്നതിലെ പ്രശ്നങ്ങളെപ്പറ്റി പറഞ്ഞപ്പോൾ പ്രത്യേകിച്ചും. അതിനുശേഷം അയാൾ പ്രേമിച്ചിരുന്ന ഒരു സ്വർണ്ണത്തലമുടിക്കാരിയെപ്പറ്റി പറഞ്ഞു. ടോം വീണ്ടും ചിരിച്ചു. അവർക്കു പിന്നിൽ ഒരു കറുത്ത മനുഷ്യൻ നടന്നിരുന്നു. അയാളുടെ കൈകൾ ബന്ധിച്ചിരുന്നു. കഴുത്തിനുചുറ്റും ഒരു കയർ കെട്ടിയിരുന്നു. ടോമിന്റെയും മർഡോക്കിന്റെയും കുതിരകളുടെ വേഗത്തിനൊപ്പം അയാൾക്കും വേഗം കൂട്ടേണ്ടിവന്നു. അയാൾ നന്നേ തളർന്നിരുന്നു. കൊളറാഡോ നദിക്ക് കുറുകെയുള്ള പാലത്തിനു നടുവിലെത്തിയപ്പോൾ ടോം പറഞ്ഞു: "ഇതാ നമ്മൾ എത്തിക്കഴിഞ്ഞു." കുതിരകളുടെ ഭാരത്തിനുകീഴെ ഞെരുങ്ങിക്കരയുന്ന പലകകളും ഒരു കാൽ ഇറങ്ങിപ്പോയേക്കാവുന്നത്ര വലിപ്പമുള്ള തുളകളുമൊക്കെയായി നിലകൊണ്ട പാലം അത്ര ഉറപ്പുള്ളതായി തോന്നിച്ചില്ല. കൈവരിയിൽ ചേർന്നുനിന്ന് താഴെ ഒഴുകുന്ന വെള്ളത്തിൽ ചന്ദ്രന്റെ പ്രതിബിംബം നോക്കി. ആ വെള്ളം ഇപ്പോൾ അവരുടെ കാൽക്കീഴിലായിരിക്കാം. എന്നാൽ അവർക്ക് സങ്കല്പിക്കാൻ പോലും കഴിയാത്തൊരു വേഗത്തിൽ അത് മറ്റൊരു സംസ്ഥാനത്തിലും രാജ്യത്തിൽതന്നെയും എത്തിച്ചേരും. അയാൾ ഒന്നു നീട്ടിത്തുപ്പിയതിനുശേഷം കുതിരയുടെയടുത്തെത്തി ഭാഗ്യംകെട്ട ആ തടവുകാരന്റെ കഴുത്തിലെ കുരുക്ക് മുറുക്കി. "ഇനിയെന്താ ഉണ്ടാവുകയെന്നറിയാമോ, നരകത്തീന്ന് പുറന്തള്ളിയവനെ?" നീഗ്രോ തലകുലുക്കി. എന്നാൽ അയാളുടെ പേടിച്ചരണ്ട ഭാവത്തിൽനിന്നും ഇനിയുണ്ടാകാൻ പോകുന്നതിനെപ്പറ്റി അയാൾക്ക് ധാരണയുണ്ടെന്നു വ്യക്തം. രണ്ടുപേരുംകൂടി അവനെ കൈവരിയിലേക്ക് തള്ളി ബലംപ്രയോഗിച്ച് താഴേക്ക് നോക്കിച്ചു. മർഡോക്ക് അല്പം മുമ്പ് ആനന്ദത്തോടെ കണ്ട വെള്ളം നോക്കി അവൻ പേടിച്ച് കണ്ണുമിഴിച്ചു. കറുത്ത മനുഷ്യൻ പിന്നെ കുതറിയില്ല. ഒരു പട്ടിയെപ്പോലെ വലിച്ചിഴയ്ക്കപ്പെടുന്നതിന്റെയും കുതിരച്ചാണകത്തിൽ

ചവിട്ടി നടക്കുന്നതിന്റെയും കുടിയന്മാരുടെ പുലമ്പൽ കേൾക്കുന്ന തിന്റെയും നാണക്കേടിനെക്കാൾ ഭേദമാവും ഇതവസാനിപ്പിക്കുന്നത്. "അവസാനമായി. എന്തെങ്കിലും പറയാനുണ്ടോ?" മർഡോക്ക് ചോദിച്ചു. കറുത്ത മനുഷ്യൻ തലകുലുക്കി. ശബ്ദം വിറയ്ക്കാതിരിക്കാൻ ശ്രദ്ധിച്ചു കൊണ്ട് പ്രഖ്യാപിച്ചു: "തൊലിയുടെ നിറംകൊണ്ട് മനുഷ്യരെ വേർതിരി ക്കാത്ത ഒരു ദൈവമുണ്ട്. കറുത്തവരെയും വെളുത്തവരെയും ഒരു പോലെ സ്നേഹിക്കുന്നവൻ."

ലൂഷ്യോ ഒന്ന് മുരടനക്കിക്കൊണ്ട് പുസ്തകം ഉച്ചത്തിൽ അടച്ചു. ഈ നീഗ്രോ കരുണ തുളുമ്പുന്ന ഒരു കന്യാസ്ത്രീയെപ്പോലെ സംസാരി ക്കുന്നതു കേൾക്കാനാണോ ഇരുനൂറ് പേജ് വായിക്കേണ്ടത്? എന്തൊരു തട്ടിപ്പ്. വായനക്കാരൻ മനുഷ്യാത്മാവിന്റെ ആഴങ്ങളിലേക്ക് കൂപ്പു കുത്തുമെന്നാണ് പുറംചട്ട പറയുന്നത്. തൊലിനിറത്തിൽ ജീവിക്കുന്ന നരകങ്ങൾ കാണിക്കുമെന്നും നന്മതിന്മകളുടെ യുദ്ധം എന്നുമൊക്കെ യാണ് പറഞ്ഞിരിക്കുന്നത്. ഇനി ആകെ വേണ്ടത് നന്മതിന്മകളുടെ ഒരു വിശദീകരണം മാത്രമാണ്. ലൂഷ്യോ സ്വയം പറഞ്ഞു. സംസാരി ക്കാൻ അനുവദിക്കുന്നതിനു മുമ്പ് നീഗ്രോയെ തള്ളിയിടാതെ ടോമും മർഡോക്കും ലോകത്തോട് വലിയൊരുപകാരമാണ് ചെയ്തിരിക്കു ന്നത്. ഇനി നൂറോളം പേജുകൾ കൂടിയുണ്ടെങ്കിലും അയാൾക്ക് വായി ക്കാനുദ്ദേശ്യമില്ല. അയാൾ പുറംചട്ട നോക്കി: 'സ്വർഗ്ഗത്തിന്റെ നിറം'— ബ്രയൻ മക്അലിസ്റ്റർ. കുട്ടിയായിരുന്നപ്പോൾ പ്രോട്ടസ്റ്റന്റ് പള്ളിയിലെ ഗായകസംഘത്തിൽ പാടിയിരുന്ന വെള്ളക്കാരനാവണം എഴുത്തുകാര നെന്ന് അയാൾ ഊഹിച്ചു. തീർച്ചയായും ദൈവത്തെപ്പറ്റി പറഞ്ഞതി നുശേഷം നീഗ്രോയെ മരിക്കാനനുവദിക്കാൻ അയാൾക്ക് ധൈര്യമു ണ്ടാകില്ല? ഷെരിഫ് വരുമോ? മറ്റ് നീഗ്രോകൾ? ഒരു മാലാഖ? കെട്ടു പൊട്ടിച്ച് രക്ഷപ്പെടാനും ശത്രുക്കളെ കൊല്ലാനും നീഗ്രോയ്ക്ക് കഴി യുമോ? ഇതൊന്നും ഇനി ഒരു വ്യത്യാസവും വരുത്തില്ല. മാത്രമല്ല മൈലുകളെ കിലോമീറ്ററുകളിലേക്ക് മാറ്റാത്ത ഒരു വിവർത്തകനെ വിശ്വസിക്കാൻ കൊള്ളുകയുമില്ല. മക്അലിസ്റ്റർ എഴുതിയതെന്തായി രിക്കുമെന്ന് എനിക്കറിയില്ല. എന്നാൽ നരകത്തിൽനിന്ന് പുറന്തള്ളിയവൻ എന്നതിനെക്കാൾ വ്യത്യസ്തമായതെന്തെങ്കിലുമാവും അയാൾ എഴുതി യിരിക്കുക എന്നെനിക്കുറപ്പാണ്. മേശവലിപ്പിൽനിന്നും ഒരു റബ്ബർസ്റ്റാമ്പ് എടുത്ത് അയാൾ പുറംചട്ടയിൽ പതിപ്പിച്ചു: WITHDRAWN. പതിയെ എണീറ്റ് ഒന്ന് മൂരിനിവർന്ന് അയാൾ കതകിനു വെളിയിൽ പോയിനിന്നു. അതുവഴി കടന്നുപോയ ഒരു സ്ത്രീയുടെ പക്കൽ അരക്കിലോയോളം ടോർട്ടില്ല(കേക്കുകൾ)കളുണ്ട്. ലൂഷ്യോയുടെ വായിൽ വെള്ളം നിറഞ്ഞു. അവൾ വാക്കുകളില്ലാത്ത ഒരു പുഞ്ചിരി നൽകി. അതിനു മറുപടിയായി മക്അലിസ്റ്റർ കഴിവില്ലാത്ത ഒരു കഴുതയാണെന്ന് അയാൾ അവരോട് പറഞ്ഞു. പിന്നെ അയാൾ സ്വയം പിറുപിറുക്കാൻ തുടങ്ങി. സങ്കല്പിച്ചു

നോക്കൂ. നീഗ്രോയുടെ മുഖത്തു കാണുന്ന ഭീതിയെപ്പറ്റി അയാൾ പറയുന്നുണ്ടെങ്കിലും അതിനെ ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. അയാൾ എന്നോട് അവന്റെ തുപ്പൽനൂലുകൾ വലിഞ്ഞ തടിച്ചു ചുവന്ന ചുണ്ടുകൾ വിറയ്ക്കുന്നതിനെപ്പറ്റി പറയണമായിരുന്നു. കുറഞ്ഞപക്ഷം അവന്റെ കണ്ണിൽ തിളങ്ങുന്ന ചന്ദ്രനെപ്പറ്റിയെങ്കിലും പറയണമായിരുന്നു. ഇല്ലാത്ത ഒരു പിരിമുറുക്കം ഉണ്ടാക്കിയെടുക്കാൻ എഴുത്തുകാരന്റെ ഭാഗത്തുനിന്നുള്ള തട്ടിപ്പാണ് 'ഭീതി' എന്ന വാക്ക്. നീഗ്രോ മരിക്കാൻ പോവുകയല്ലെന്ന് വ്യക്തമാണല്ലോ. എല്ലാം വ്യക്തമാണ്; വെള്ളക്കാർ വേശ്യയെപ്പറ്റി സംസാരിക്കുന്നതും കറുത്തവൻ ദൈവത്തെ വിളിക്കുന്നതും വെള്ളക്കാർ കള്ളുകുടിക്കുന്നതും കറുത്തവന്റെ വിയർപ്പിന് നാറ്റമില്ലാത്തതും... അയാൾ പ്രതീക്ഷിച്ച ഗുണപാഠം ഉറപ്പുവരുത്താനായി ലൂഷ്യോ മേശയ്ക്കരികിൽ പോയി അവസാനപേജ് തുറന്നു. വൃദ്ധയപ്പോൾ മണിക്കൂറുകളായി കൊച്ചുജിമ്മിയെ ഉറക്കാൻ ശ്രമിക്കുകയായിരുന്നു. പുലരാറായിത്തുടങ്ങിയപ്പോൾ വല്ലാത്തൊരുൾപ്രകാശംകൊണ്ട് അവരുടെ മഞ്ഞുപോലെ വെളുത്ത തലമുടി തിളങ്ങുന്നതുപോലെ തോന്നിച്ചു. "അമ്മൂമ്മേ, എന്തിനാ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്?" അവർ മിഴികളുയർത്തി സൂര്യൻ ചക്രവാളത്തിൽ ഒരു മഞ്ഞവര വരയ്ക്കുകയായിരുന്നു. "വളരുമ്പോൾ നിനക്ക് മനസ്സിലാകും." അവർ പറഞ്ഞു: "തൊലിയുടെയല്ല, ആത്മാവിന്റെ നിറമാണ് ആളുകളെ വ്യത്യസ്തരാക്കുന്നതെന്നുമാത്രം അറിയുക." ജിമ്മി ചിരിച്ചുകൊണ്ട് കണ്ണുകളടച്ചു. ജീവിതം മുന്നോട്ട് പോകുന്നെന്നും അതെന്നും തുടരുമെന്നും ലോകത്തെയറിയിച്ചുകൊണ്ട് ദൂരെ കാർമൈക്കിളിന്റെ കോഴി കൂവി. ലൂഷ്യോ തല കുലുക്കിക്കൊണ്ട് പുറത്തിറങ്ങിപ്പോയി. അയാൾ വഴിയുടെ പകുതിയോളം നടന്നു. രണ്ടു തടിച്ച സ്ത്രീകൾ വരുന്നതുകണ്ട് കാത്തുനിന്നു. അവർ അയാളെക്കണ്ടപ്പോൾ സംസാരം നിറുത്തി. "നിങ്ങൾക്കൊരു പുസ്തകം വായിക്കണോ? വായിച്ചോ സൗജന്യമാണ്. നിങ്ങൾ ക്രിയാത്മക പ്രലോഭനം ആസ്വദിച്ചേക്കാം. പെയിന്റിങ്ങിൽ, പ്രത്യേകിച്ച് നഗ്നരൂപങ്ങളിൽ, താൽപര്യമുള്ള ഒരു സെമിനാരിയച്ചനെപ്പറ്റിയാണ് കഥ." "നിറുത്ത് ലൂഷ്യോ, ഞങ്ങൾക്ക് അതിനൊക്കെയുള്ള പ്രായം കഴിഞ്ഞു." അതിലൊരാൾ പറഞ്ഞു. "വായിച്ചു വെറുതേ സമയം കളയാതെ വരൾച്ചയവസാനിക്കാൻ ഞങ്ങളുടെ കൂടെ വന്നിരുന്ന് പ്രാർഥിക്ക്." അരക്കെട്ടിളക്കിക്കൊണ്ട് ആ സ്ത്രീകൾ നടന്നുതുടങ്ങിയപ്പോൾ ലൂഷ്യോയുടെ നെറ്റി തുടിച്ചു. ഒരാളുടെ പക്കൽ ഒരു ചത്തകോഴിയുണ്ട്. മറ്റേയാളുടെ കൈയിലൊരു കുടയും. ഇതെന്തായാലും ഉറപ്പാണ്. സെമിനാരിയച്ചന് ഈ സ്ത്രീകളുടെ നഗ്നചിത്രം വരയ്ക്കാൻ തോന്നില്ല. അയാൾക്ക് കല ഇഷ്ടമായിരുന്നു. എന്നാൽ അതിലേറെയിഷ്ടം ഒന്നുമുടുക്കാത്ത ചെറുപ്പക്കാരികൾ മുന്നിൽ വന്നു നിൽക്കുന്നതായിരുന്നു. "ഞാൻ എന്നെങ്കിലും മോക്ഷം

കണ്ടെത്തുമോ?" വസ്ത്രമുരിഞ്ഞുകഴിഞ്ഞ് ലാരിസ്സ അയാളോട് ചോദിച്ചു. സെമിനാരിയച്ചൻ അവൾക്ക് ഒരു കെട്ട് ലില്ലിപ്പൂക്കൾ കൊടുത്തു. അവളോട് മുലകൾ മറയ്ക്കാത്ത വിധത്തിൽ വലതു കൈയിലെ പൂക്കൾ ഉയർത്തിപ്പിടിക്കാൻ പറഞ്ഞുകൊണ്ട് അയാൾ ചിത്രത്തിലേക്ക് തിരിഞ്ഞു. "തീർച്ചയായും നിനക്ക് മോക്ഷം കിട്ടും." അയാൾ മറുപടി പറഞ്ഞു: "കാരണം, നീയിപ്പോൾ ലാരിസ്സയല്ല. വേശ്യാലയത്തിന്റെ മുന്നിൽ വന്നുനിൽക്കുന്ന വിശുദ്ധ ആഗ്നസാണ്. കുറച്ചു കഴിയുമ്പോൾ നീ എസ്തബാൻ സഹോദരന്റെ മുറി അലങ്കരിക്കും. സഹോദരൻ എസ്തബാൻ മരിക്കും മുമ്പ് നിന്റെ ശരീരത്തെ തൊടാനുള്ള അനുഗ്രഹം കിട്ടാനായി എല്ലാ രാത്രിയും നിനക്കുവേണ്ടി പ്രാർഥിക്കും."

ചത്തകോഴി അയാളെ അധികം കൊതിപ്പിച്ചില്ലെങ്കിലും അതിന്റെ തൂവലെല്ലാം പറിച്ച് പാകം ചെയ്ത് മേശയുടെ നടുവിൽ വെച്ചിരിക്കുന്നത് ലൂഷ്യോ സങ്കല്പിച്ചു. ഒരു കോഴിക്കാൽ എടുത്ത് ഒരു പാത്രം ബീൻസ് ഉടച്ചതിൽ മുക്കുന്നത് സങ്കല്പിച്ചുകൊണ്ട് അയാൾ പിറുപിറുത്തു: 'ലൈംഗികദാഹങ്ങൾ ഭാവനകൊണ്ട് തൃപ്തിപ്പെടുത്താൻ കഴിഞ്ഞേക്കും. എന്നാൽ ഭാവന വിശപ്പ് കൂട്ടുകയേയുള്ളൂ.' അയാൾ സ്വയം പറഞ്ഞുകൊണ്ട് ലൈബ്രറിയുടെ ഉള്ളിൽചെന്ന് വാതിലടച്ചു. വായിക്കണമെന്ന് ആ സ്ത്രീകളോട് പറഞ്ഞതിൽ അയാൾക്ക് ലജ്ജ തോന്നി. അവരുടെ പിന്നാലെ പോയി എന്തെങ്കിലും തിന്നാൻ തരണമെന്ന് ചോദിക്കാനുള്ള പ്രേരണയെ അതിജീവിക്കണമെങ്കിൽ അയാൾ സഹോദരൻ എസ്തബാനെക്കാൾ മനസ്സുറപ്പുള്ളവനായിരിക്കണം. ആ ഇക്കാമോൾ സ്ത്രീകളിൽ ആർക്കെങ്കിലും വായനയിൽ താൽപര്യമുണ്ടായിരുന്നെങ്കിൽ സംഗതികൾ വ്യത്യസ്തമായേനേ. നിങ്ങൾ എന്തു പുസ്തകമാണ് നല്ലതെന്ന് പറയുക. ഡോൺ ലൂഷ്യോ, ദാ ഞാൻ നിങ്ങൾക്കുവേണ്ടി കുറച്ച് മധുരപലഹാരങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അല്ലെങ്കിൽ എന്റെ അമ്മ ഒരു നോവൽ തരാൻ പറഞ്ഞു കുറച്ചു സൂപ്പ് തന്നുവിട്ടിട്ടുണ്ട്. അങ്ങനെയാണ് അച്ചന്മാർക്ക് പലതും കിട്ടുക. എനിക്കും അങ്ങനതന്നെ കിട്ടണം.

ഒരു പുസ്തകം തുറന്ന് അയാൾ വായിക്കാൻ തുടങ്ങി. അതൊരു പുതിയ നോവലാണെന്ന് അയാൾ ഉറപ്പുവരുത്തി. കാരണം, പുതിയ നോവലുകൾ, സ്ത്രീകളോ ലാറ്റിനമേരിക്കക്കാരോ എഴുതിയതല്ലെങ്കിൽ ഭക്ഷണത്തെപ്പറ്റി വിശദമായൊന്നും പറയില്ല. ലാറ്റിനമേരിക്കൻ എഴുത്തുകാരനാവട്ടെ തന്റെ എഴുത്തു ജീവിതത്തിന്റെ ആദ്യകാലങ്ങളിൽ സമൂഹത്തിലെ തിന്മകളെ ഇല്ലാതാക്കുമെന്ന് വിശ്വസിക്കുകയും പിന്നീട് കാലം കടന്നുപോകുമ്പോൾ വിലപിടിച്ച ലെതർ കുപ്പായങ്ങളണിഞ്ഞ് അയാളുടെ ഓട്ടോഗ്രാഫ് ചോദിച്ചുവരുന്ന സ്ത്രീകളോട് എന്റെ പ്രിയപ്പെട്ട ശ്രീമതികളേ, പണ്ട് ഞാനൊരു സാധാരണക്കാരനായിരുന്നു

പക്ഷേ, ഇപ്പോൾ ഞാൻ ഫ്രഞ്ചുവൽക്കരിക്കപ്പെട്ടു അല്ലെങ്കിൽ ജർമ്മൻ വൽക്കരിക്കപ്പെട്ടു അല്ലെങ്കിൽ ബൾഗേറിയൻവൽക്കരിക്കപ്പെട്ടു എന്ന് പറയും. കഠാരയുയർത്തിക്കൊണ്ടിരുന്ന എന്റെ കഥാപാത്രം ഇപ്പോൾ വീഞ്ഞുഗ്ലാസ്സാണ് ഉയർത്തുന്നത്. ഒരു കുടുസ്സുമുറിയിൽ കഴിഞ്ഞു കൂടിയിരുന്നവനാണ് ഇപ്പോൾ തന്റെ ഹോട്ടൽമുറിയിലിരുന്നാൽ കടൽ കാണാനാവില്ലെന്ന് പരാതി പറയുന്നത്. തലേന്നാണ് അത്തരമൊരു നോവൽ തള്ളിക്കളഞ്ഞത്. മേശയ്ക്കരികിലിരുന്നുകൊണ്ട് കഥാകൃത്ത് പറയുകയാണ്. അവളുടെ *പെരിഗോർഡിൻ സാലഡി*നും *കൊൻക്കോർട്ട് ദ പോർക്ക് ആലനാനാസ്*നും *കൊളോ മിയർ ബ്രീക്കും* ഒപ്പം ചേർന്നു പോകുന്ന *ഷാത്തോ സെർത്താൻ മാർഷൽ* '98-ന്റെ മനോജ്ഞമായ ഒരു കുപ്പിയും മധുരത്തിനുപകരം *വാൻ ദ പാൽ* ഉപയോഗിച്ച് തയ്യാറാക്കിയ *ക്രേപ്പ് ഓ മൂളുമാണ്* സാറ തെരഞ്ഞെടുത്തത് എന്ന്. ആ വരികളും മറ്റു ഭക്ഷണസാധനങ്ങളുടെ വിവരണങ്ങളും ചരിച്ചെഴുതിയ വിചിത്രവാക്കുകളുമൊന്നും അയാളുടെ വയറ്റിൽ നേരിയ ചലനങ്ങൾ പോലും സൃഷ്ടിച്ചില്ല. അത്തരം വിദേശിപ്പേരുകൾ കാരണം അവർ ഭക്ഷണത്തെപ്പറ്റി പറഞ്ഞാലും കാറിന്റെ ഭാഗങ്ങളെപ്പറ്റി പറഞ്ഞാലും എനിക്ക് ഒരേപോലെയാണ്; ആ കുപ്പികൾ എണ്ണക്കുപ്പികളാകാം; ചില പ്പോൾ *കോൻക്കോട്ട്*—എന്നാൽ എന്തെങ്കിലും തരം ഗിയർ—ആകാം. മുപ്പത്തിഒമ്പതാം പേജ് എത്തിയപ്പോൾ അയാൾ നോവൽ പിൻവലിച്ചു. ലോകയാത്രകളല്ല, മറിച്ച് എഴുതിയ പുസ്തകങ്ങളെപ്പറ്റി ജീവരേഖയി ലെഴുതിയിരുന്ന കാലത്ത് അന്തോണിയോ പെഡ്രസായുടെ പുസ്തക ങ്ങളെ അയാൾക്കറിയുമായിരുന്നു. അക്കാലത്തെ അയാളുടെ എഴുത്തി നെന്തൊക്കെയോ ഗുണങ്ങൾ ഉണ്ടായിരുന്നു, കോളിങ് കാർഡുകൾ ഇല്ലായിരുന്ന മനുഷ്യരെപ്പറ്റി എഴുതിയിരുന്നു. നടക്കുന്ന തെരുവുകൾ എന്നല്ല മറിച്ച് തെരുവ് എന്നുതന്നെ അറിയപ്പെട്ടിരുന്നു. "ഇയാൾ ഇപ്പോൾ എനിക്കുവേണ്ടി എഴുതാറേയില്ല." ലൂഷ്യോ പറഞ്ഞു. അയാളെണീറ്റു നിന്ന് നോവൽ നിലത്തിട്ടു: 'അന്തോണിയോ പെഡ്രാസ, ശാന്തമായു റങ്ങുക.'

ആ നോവലിസ്റ്റിനോടുള്ള ദേഷ്യം അയാളുടെ വിശപ്പ് ശമിപ്പിച്ചു. കോഴിയിറച്ചിയും കേക്കുകളും മുന്നിൽ കണ്ടാലേ അതിനി വരൂ.

'വെള്ളമില്ലാത്ത ടൗണും ഭക്ഷണമില്ലാത്ത ഞാനും ഒരു നോവല വസാനിപ്പിക്കാൻ കൊള്ളാം.' അയാൾ സ്വയം പറഞ്ഞു: 'ആളുകൾ ഇക്കാമോൾ വിട്ടുപോകും. ഞാൻ വിശന്നു മരിക്കും.'

ആടിന്റെ മണി ഇക്കാമോൾ മുഴുവൻ കേൾക്കാം. ഇക്കാമോളെന്നാൽ അധികമൊന്നുമില്ല. ഏകദേശം നാൽപ്പതു വീടുകൾ കാണും നിരയില്ലാത്ത തെരുവിൽ നിരത്തി അവിടവിടെ നിറുത്തിയിട്ടിരിക്കുന്ന വാനുകൾപോലെ. റെമിഗിയോയുടേതുപോലെ ചില വീടുകൾക്ക് ചുറ്റു മതിലുണ്ട്. ചിലതിനൊക്കെ ആടും കോഴിയും പുറത്തു ചാടാതിരിക്കാനും വന്യജീവികൾ ഉള്ളിൽ കയറാതിരിക്കാനുമൊക്കെയായി കമ്പിവലകൊണ്ട് വേലിയുണ്ട്. ചിലവയ്ക്ക് കള്ളിമുൾച്ചെടികൾ നിരയായി നട്ടുപിടിപ്പിച്ച നൈസർഗ്ഗിക മതിലുകളുണ്ട്. ഒടുവിൽ ചിലതാവട്ടെ ഒന്നും ഒളിക്കാനോ സംരക്ഷിക്കാനോ ഇല്ലാതെ വെളിമ്പറമ്പിലെ പാറക്കല്ലുപോലെ കിടന്നു. സ്ത്രീകളും ചില പുരുഷന്മാരും അവരുടെ ജോലികൾ ഉപേക്ഷിച്ച് കുപ്പികളും പാത്രങ്ങളും കൂജകളും പെറുക്കി മെൽക്വിസിദെക്ക് മണിയടിക്കുന്നിടത്തേക്കു ചെന്നു. ഓരോ വെള്ളട്ടാങ്കിനും മുന്നിൽ അഞ്ചുനിരകളിലായി അവർ തള്ളുകയോ പരാതിപറയുകയോ ചെയ്യാതെ നിന്നു. കാരണം, എല്ലാവർക്കും ആവശ്യത്തിനു വെള്ളമുണ്ടെന്ന് അവർക്കറിയാം. റെമിഗിയോ ഒരു പ്ലാസ്റ്റിക് പാത്രവുമായി അവിടെ വന്ന് നിൽക്കുന്നതിൽ മാത്രമാണ് അവർക്കത്ഭുതം. സെനോര വർഗാസ് അവന്റെ അടുത്ത് ചെവിക്കരികിൽത്തന്നെ വന്നു നിന്നെങ്കിലും ഉച്ചത്തിൽ പേരു വിളിച്ചു. "നിനക്കിപ്പോഴും കിണറ്റിൽ വെള്ളമുണ്ടെന്നാണല്ലോ ആൾക്കാർ പറയുന്നത്" "ഇല്ല സെനോര." റെമിഗിയോ പറഞ്ഞു: "ഞാൻ തനിച്ചു താമസിക്കുന്നതുകൊണ്ട് വെള്ളം കൂടുതൽ നാൾ നിൽക്കാറുണ്ടെന്നേയുള്ളൂ." അവനു കുളിക്കാനും അവോക്കാഡോ മരം നനയ്ക്കാനുമുള്ള വെള്ളം ഇപ്പോഴുമുണ്ടെന്ന് അവൻ അവരോടു പറഞ്ഞില്ല. ഒരു ചത്ത മൃഗം പൊന്തിക്കിടന്ന വെള്ളം കുടിക്കരുതെന്നത് സാമാന്യ നിയമമാണ്. ഈ സന്ദർഭത്തിൽ ചത്ത പെൺകുട്ടിയാവട്ടെ ശരീരസ്രവങ്ങൾ ഉള്ള ഏതൊരു മൃഗത്തെയും പോലെതന്നെയാണ്. അവയെല്ലാം നേർത്ത് എല്ലാ കിണറുകളിലും ചെന്നെത്തുകയല്ല, മറിച്ച്, രൂക്ഷ ഗന്ധത്തോടെ അവന്റെ അരമീറ്റർ വെള്ളത്തിൽ കിടക്കുകയേയുള്ളൂ. "നിന്റെ പക്കൽ ഒരുപാട് ബിയർക്കുപ്പികൾ ഉണ്ടാകുമെന്നാണ് ഞാൻ കരുതിയത്." സെനോർ ട്രെവിനോ പറഞ്ഞു. അവന്റെ വൃത്തിയുള്ള മുഖം ശ്രദ്ധിക്കപ്പെടുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് റെമിഗിയോ പറഞ്ഞു: "ഉവ്വ്, രണ്ടു കുപ്പിയുണ്ട്. ഞാനത് വിശേഷാവസരങ്ങൾക്കുവേണ്ടി സൂക്ഷിച്ചിരിക്കുകയാണ്." ആ വാക്കു

കൾ വായിൽനിന്ന് വീഴുമ്പോൾത്തന്നെ എല്ലാവരോടുമുള്ള ഒരു സഹാനുഭൂതി അവന്റെ മനസ്സിൽ നിറഞ്ഞു. വർഗ്ഗവ്യത്യാസങ്ങൾ ഇക്കാമോളിൽ ഇല്ലാത്തതിനാൽ വൃത്തിയുള്ള മുഖമോ തഴമ്പില്ലാത്ത കൈയോ ഇപ്പോൾ വെള്ളം കുടിച്ചുകൊണ്ട് തന്റെ ഭരണി മുന്തിയ കളിമണ്ണിന്റെയാണെന്നു പറയുന്ന സെനോര ഉർദനേതയുടെ കൂട്ടിപ്പിടിച്ച ചുണ്ടുകളോ ഒക്കെയാണ് വ്യത്യാസങ്ങളെ സൂചിപ്പിക്കുന്നത്. "എന്റെ മരുമകൻ ത്ളാക്ക്പാക്കിൽനിന്ന് കൊണ്ടുവന്നതാണിത്. ഇതിലെ ചിത്രപ്പണികൾ കൈകൊണ്ടു വരച്ചതാണ്. നോക്ക്, ഇതിലെ സൂര്യകാന്തികൾ യഥാർത്ഥങ്ങളാണെന്ന് തോന്നും." കഷണങ്ങളായി എറിഞ്ഞുചിതറിക്കുമെന്ന ഭാവത്തിലാണ് റെമിഗിയോ അതു വാങ്ങി നോക്കുന്നത്. ആ പെൺകുട്ടിയുടെ ഉടുപ്പ് കണ്ടാൽ ഈ സ്ത്രീകൾ അസൂയകൊണ്ട് നിറയുമെന്ന് അവനുറപ്പാണ്.

മെൽക്വിസിദെക്ക് വണ്ടിയിലെ അയാളുടെ ഇരിപ്പിടത്തിൽനിന്ന് മേൽനോട്ടം നടത്തുകയും ആരെങ്കിലും അല്പം വെള്ളമെങ്ങാനും കളഞ്ഞാൽ അനിഷ്ടം കാണിക്കുകയും ചെയ്തിരുന്നു. ആരും ശ്രദ്ധിച്ചില്ലെങ്കിൽ എന്റെ കോവർകഴുതകളുടെ അധ്വാനം നഷ്ടമാകുമെന്ന യാൾ പരാതിപ്പെട്ടിരുന്നു. എല്ലാവരും വെള്ളമെടുത്തുകഴിഞ്ഞാൽ ബാക്കിവരുന്നത് അയാൾ ആടുകൾക്കും അയാളുടെ കോവർകഴുതകൾക്കുമായി ഒഴിച്ചുകൊടുത്തിരുന്നു.

"എനിക്കൊരു കാര്യമറിയിക്കാനുണ്ട്." എല്ലാവരും വണ്ടിക്കുചുറ്റും വന്നുകഴിഞ്ഞപ്പോൾ മെൽക്വിസിദെക്ക് ശബ്ദമുയർത്തി പറഞ്ഞു: "വില്ലാ ദ ഗാർസ്യയിലെ ഒരു കൊച്ചുപെൺകുട്ടിയെ കാണാതായിരിക്കുന്നു. മോൺടെറേയിലെ ഒരു വിധവയുടെ മകളാണത്. അവർ ഈ പ്രദേശം സന്ദർശിക്കാൻ വന്നിരുന്നു. ഇവിടെ അസ്വാഭാവികമായെന്തെങ്കിലും കണ്ടാൽ അറിയിക്കാൻ അധികാരികൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് പരിചയമില്ലാത്ത ആളുകളെക്കണ്ടാൽ അവരെ തടഞ്ഞുവെച്ച് അധികൃതരെ വിവരമറിയിക്കണം." വെള്ളത്തിന്റെ ശബ്ദത്താൽ അല്പനിമിഷങ്ങളുടെ നിശ്ശബ്ദത മുറിഞ്ഞുകഴിഞ്ഞപ്പോൾ സെനോർ ഹെർനാൻഡസ് ചോദിച്ചു: "അതായത് നമ്മൾ ഒരപരിചിതനെക്കണ്ടാൽ അയാളെ തടഞ്ഞുവയ്ക്കണം? അയാൾ ഉപദ്രവിച്ചാലോ? അവനെ തല്ലിശരിപ്പെടുത്തി കെട്ടിയിടണോ? ആരുടെ വീട്ടിലാണ് അവനെ കെട്ടിയിടേണ്ടത്?" മെൽക്വിസിദെക്ക് ചുമൽ കുലുക്കി. "ആ പെണ്ണിനെ കണ്ടാൽ എങ്ങനെയിരിക്കും?" സെനോര വർഗ്ഗാസ് ചോദിച്ചു. "എനിക്കറിയില്ല.' മെൽക്വിസിദെക്ക് പറഞ്ഞു. "എത്ര വയസ്സുണ്ടാകും?" അയാളുടെ ചുമൽ കുലുങ്ങിക്കൊണ്ടേയിരുന്നു. "എനിക്കതുമറിയില്ല. ഉറപ്പായും നാളെ ഞാൻ കൂടുതൽ വിവരങ്ങൾ പറഞ്ഞുതരാം."

റെമിഗിയോ അയാളുടെ പാത്രത്തിന്റെ വക്ക് ചുംബിച്ച് അതിൽനിന്നും നീണ്ട ഒരിറക്ക് കുടിച്ചു. കെട്ടിക്കിടക്കുന്ന വെള്ളവും ശുദ്ധജലവും തമ്മിലെന്തൊരു വ്യത്യാസമാണ്?

കതക് തുറന്നപ്പോൾ ലൂഷ്യോ 'മാഡ്രിഡിലെ ശരത്കാല'ത്തിൽനിന്നും തലയുയർത്തിനോക്കി. അറുപത്തിമൂന്നാം പേജിന്റെ മധ്യത്തിൽ അയാൾ വായിച്ച അവസാനവാക്കിൽനിന്നും ചൂണ്ടുവിരൽ എടുത്തുമാറ്റാതെ അയാൾ ചോദിച്ചു: "നീ എന്തിനാ വന്നത്?" റെമിഗിയോ കതകടച്ച് ഡെസ്കിനടുത്തെത്തി ഒരു കടലാസുസഞ്ചി പുസ്തകത്തിനടുത്ത് വച്ചു. 'അവോക്കാഡോകൾ' അയാൾ പറഞ്ഞു. കേക്കുകളും. ലൂഷ്യോ ഒരു ബുക്ക്മാർക്ക് എടുത്തുവച്ചു. "എന്താണ് ഇപ്പോൾ എനിക്ക് അവോക്കാഡോകൾകൊണ്ട് ആവശ്യം?" റെമിഗിയോ അവയെ സഞ്ചിയിൽ നിന്നും പുറത്തെടുത്തു. "ഇതിൽ രണ്ടെണ്ണമുണ്ട്. തൊലി കറുത്ത് പർപ്പിൾ നിറമായവ." രാവിലെ ആ സ്ത്രീയുടെ കൈയിലുണ്ടായിരുന്ന കേക്കുകളുടേതുപോലെ ഇവയുടെ മണവും അന്തരീക്ഷത്തിൽ തുളച്ചുകയറി. "നിങ്ങൾ പട്ടിണിയാണെന്നുള്ളത് അത്ര വലിയ രഹസ്യമൊന്നുമല്ല. എന്തെങ്കിലും ഉണ്ടാക്കിക്കഴിക്ക്. ആ സഞ്ചിയിലൊരു കത്തിയുമുണ്ട്. അമിതാവേശം കാണിക്കാതിരിക്കാൻവേണ്ടി ലൂഷ്യോ 'മാഡ്രിഡിലെ ശരത്കാലം' തുറന്ന് അടുത്ത കുറച്ച് വാചകങ്ങൾ വായിച്ചു. നതാലിയ, എന്റെ നതാലിയ ഞാൻ നിന്നോട് ഒരു നൂറ്റിയൊന്ന് തവണ പറഞ്ഞിരിക്കുന്നു നഗരം എന്റെ ദുഃഖത്തെ കാഴ്ചവസ്തുവായി വയ്ക്കുന്ന ഒരു കടയുടെ ജനാലപോലയാണെന്ന്. അത് ഒരു തവണയൊക്കെ പറഞ്ഞാൽ മതിയാകുമെന്ന് പറഞ്ഞതുകൊണ്ട് ലൂഷ്യോ മേശവലിപ്പിൽനിന്നും WITHDRAWN സ്റ്റാമ്പെടുത്തു. 'ശൈലിയെക്കാൾ അധികം തന്ത്രവും വിരുതുമൊക്കെ കൂടുതലുള്ള മറ്റൊരു എണ്ണമെഴുക്കൻ സ്പാനിയാർഡ്—അയാൾ പിറുപിറുത്തു. എന്നാൽ കുറഞ്ഞപക്ഷം മാഡ്രിഡിൽ മഴ പെയ്യാറെങ്കിലുമുണ്ട്. പെൺകുട്ടികൾ കുട്ടിപ്പാവാടകളിടാറുമുണ്ട്. അയാൾ ആദ്യത്തെ അവോക്കാഡോ നാലായി മുറിച്ച് ഓരോന്നും കേക്കുകളുടെ ഉള്ളിൽ വെച്ചു. എല്ലാം ഒറ്റയടിക്ക് തിന്നാനുള്ള വിശപ്പുണ്ടെങ്കിലും അയാൾ ഒരു അവോക്കാഡോ മാറ്റിവെച്ചു. സംഭാഷണം തുടങ്ങാൻവേണ്ടി റെമിഗിയോ പറഞ്ഞു: "നിങ്ങൾ മെൽക്വിസിദെക്കിന്റെ പക്കൽനിന്നും വെള്ളം വാങ്ങുന്നത് കണ്ടില്ലല്ലോ. ഇന്നലെ ഞാനെന്റെ പാത്രം നിറച്ചതാണ്. അതിതുവരെ പകുതിപോലും തീർന്നിട്ടില്ല. എന്നാൽ നിങ്ങൾ വാർത്തയറിഞ്ഞിട്ടുണ്ടാകില്ല." പലഹാരം ഒരു കടി എടുക്കുന്നതിനിടെ ലൂഷ്യോ തല

കുലുക്കി. റെമിഗിയോ അപ്പോൾ വന്നില്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു തന്റെ അവസ്ഥയെന്ന് ലൂഷ്യോ അതിനിടയിൽ ചിന്തിച്ചു. വായിച്ചാണ് ഞാൻ സമയം കളയുന്നത്, വിശപ്പ് മറക്കാം. എന്നാൽ രാത്രിയിൽ ഉറങ്ങാൻ നല്ല ബുദ്ധിമുട്ടാണ്. ഒരു റെസ്റ്റോറന്റിനുള്ളിൽ രണ്ടു വെയിറ്റർമാർ പന്നിയിറച്ചി വിളമ്പുന്നത് വഴിയരുകിൽനിന്ന് ഒരു ആഫ്രിക്കക്കാരൻ നോക്കിനിൽക്കുന്ന രംഗത്തിൽനിന്നാണ് 'മാഡ്രിഡിലെ ശരത്കാലം' തുടങ്ങുന്നത്. വെയിറ്റർമാർക്ക് അത് തമാശയാണ്. എന്നാൽ ലൂഷ്യോയെ സംബന്ധിച്ച് അത് പന്നിയിറച്ചിയെക്കുറിച്ച് ഓർത്തുകൊണ്ട് ഉറങ്ങാതെ കിടക്കേണ്ട ഒരു രാത്രിയുടെ ദുർവിധിയാണ്. എന്തൊക്കെയായാലും ഈ തുടക്കം അയാളുടെ ശ്രദ്ധയാകർഷിച്ചു. ഇറച്ചിക്കഷണങ്ങൾ രണ്ടും ഒരേ മൃഗത്തിൽനിന്നുതന്നെയാണ്. വെയിറ്റർമാർ ഓരോ തവണ ഇറച്ചിയിൽ പെരുമാറുമ്പോഴും എഴുത്തുകാരൻ ആ പന്നി ഒരു നാറുന്ന വണ്ടിയിൽ അറവുശാലയിൽ വന്നതിനെപ്പറ്റിയും അതിനെ അറക്കാൻ ഒരുക്കുന്നതിനെപ്പറ്റിയുമെല്ലാം വിശദമാക്കുന്നുണ്ട്. 'ഒടുവിൽ എഴുതാനറിയാവുന്ന ഒരു സ്പാനിയാർഡ്' അയാൾ സ്വയം പറഞ്ഞു. പക്ഷേ, വായിച്ചുവരവേ മനസ്സിലാകും. അറവുകാരൻ കത്തിക്കു മൂർച്ചകൂട്ടാൻ തുടങ്ങുന്നതിനുശേഷം പന്നിയെ കൊല്ലുന്നതിനുതൊട്ടുമുൻപ് രംഗം ജനലിനരികിലിരുന്ന് മാഡ്രിഡിലെ യുവതികളെ നോക്കിക്കൊണ്ട് പ്രേമലേഖനമെഴുതുന്ന ഒരു യുവാവിലേക്കു മാറ്റിയിരുന്നു. റെമിഗിയോ വരുമ്പോൾ പ്രേമലേഖനം അറുപത്തിനാലാം പേജിലും തുടരുകയായിരുന്നു. 'ഇതെല്ലാം ഞാൻ നിന്നോടു പറയുന്നതെന്തിനെന്ന് എനിക്കറിയില്ല, പ്രിയേ' എന്ന് യുവാവെഴുതുന്നു. എന്തിനാണെന്ന് ലൂഷ്യോക്കും യാതൊരു രൂപവുമില്ല. അതിനെക്കാൾ നല്ലത് ഒരു അറവുശാല നോവലായിരുന്നു. പന്നികളെ കൊല്ലുന്നതിന്റെ പച്ചദൃശ്യങ്ങൾ അതു വിളമ്പുന്ന വെയിറ്റർമാരുടെ സൗമ്യദൃശ്യങ്ങൾ ആഫ്രിക്കക്കാരൻ വരുന്നതിലൂടെ അതിലുണ്ടാകുന്ന പ്രമേയമാനങ്ങൾ.

സംസാരിക്കുന്നതിനുമുൻപ് റെമിഗിയോ മുഷ്ടി ചുരുട്ടി. വില്ലാ ദ ഗാർസ്യയിൽനിന്നും ഒരു പെൺകുട്ടിയെ കാണാതായെന്ന് മെൽക്വിസിദെക്ക് പറഞ്ഞു. ലൂഷ്യോ പുസ്തകമെടുത്തുകൊണ്ട് അടുത്ത മുറിയുടെ വലിയ കതകിനുനേരേ നടന്നു. തുരുമ്പുപിടിച്ച ഒരു താഴിട്ട് പൂട്ടിയിട്ടുണ്ടെങ്കിലും കർട്ടനിട്ടുമറച്ച ഒരു വിടവുണ്ട് ആ കതകിനു മുകളിൽ. അയാൾ എഴുത്തുകാരൻ ജോർഡി വെൻചൂറയെ ഒരു തെറിവിളിച്ചു. അവന്റെ പ്രാണപ്രിയ ഉപേക്ഷിച്ചുപോയതുകാരണം യുവാവ് ദുഃഖിതനാണെന്ന് പറയാനാണ് ഇത്രയും പേജുകൾ. എനിക്കെന്റെ ഭാര്യ നഷ്ടപ്പെട്ടു. അമ്പരപ്പിക്കുന്ന ഒരു സ്ത്രീയായിരുന്നു അവൾ; അല്ലാതെ മാഡ്രിഡിലെ പെണ്ണുങ്ങളെപ്പോലെയൊന്നുമല്ല. അവളെപ്പറ്റി ഒരു അരപ്പേജെങ്കിലും കണ്ടിരുന്നെങ്കിൽ ഞാൻ തൃപ്തനായേനെ. അയാൾ കർട്ടൻ മാറ്റി ആ വിടവിലൂടെ മാഡ്രിഡിലെ ശരത്കാലം താഴേക്കെറിഞ്ഞു.

"അയാളോടു ക്ഷമിക്കരുതേ ദൈവമേ, കാരണം അയാൾ ചെയ്യുന്ന തെന്തെന്ന് അയാൾ അറിഞ്ഞിരുന്നു." ലൂഷ്യോ പറഞ്ഞു. അയാൾ ഡെസ്കിൽ തിരിച്ചുപോയി ബാക്കിയുള്ള പലഹാരങ്ങൾ എടുത്തു. ഇന്ന് പുസ്തകങ്ങൾക്ക് പറ്റിയ ഒരു ദിവസമായിരുന്നില്ല. ഇപ്പോൾതന്നെ ഞാൻ രണ്ടെണ്ണം പിൻവലിച്ചുകഴിഞ്ഞു. തിന്നുകഴിഞ്ഞപ്പോൾ അയാൾ ചെറുവിരലിലെ നഖംകൊണ്ട് പല്ലു വൃത്തിയാക്കി. റെമിഗിയോ അയാളുടെ അക്ഷമ പ്രകടിപ്പിച്ചുകൊണ്ട് മേശയിൽ തട്ടിക്കൊണ്ടിരുന്നു. "ഞാൻ പറയുന്നത് കേൾക്കുന്നുണ്ടോ ഇല്ലയോ?" ലൂഷ്യോ പുഞ്ചിരിച്ചു: " ഞാൻ വിശന്നിരിക്കുന്നുവെന്ന് കരുതിയില്ല. നീ എനിക്ക് അവോക്കാഡോകൾ കൊണ്ടുവന്നുവെന്ന് നിന്റെ അംഗവിക്ഷേപങ്ങളും പറഞ്ഞ കാര്യങ്ങളും ശ്രദ്ധിച്ചപ്പോൾ എനിക്ക് മനസ്സിലായി. സത്യത്തിൽ കാണാതായ കുട്ടിയുമായി നിനക്കെന്തോ ബന്ധമുണ്ടെന്ന് ഞാൻ ഊഹിച്ചും തുടങ്ങി. "അവളെ കാണാതായിട്ടില്ല." റെമിഗിയോ പറഞ്ഞു: "കുറഞ്ഞപക്ഷം എന്നെ സംബന്ധിച്ചെങ്കിലും. ഞാൻ അവളെ എന്റെ കിണറ്റിൽ മരിച്ചുകിടക്കുന്നതായി കണ്ടെത്തി. ഇനി എന്തുചെയ്യണമെന്ന് എനിക്കറിയില്ല." "തീർച്ചയായും." ലൂഷ്യോ പറഞ്ഞു: "അവോക്കാഡോകളും വഴുതനങ്ങകളും തമ്മിൽ നല്ല സാമ്യമുള്ളതുകൊണ്ടുതന്നെ ഞാനത് ഊഹിക്കേണ്ടതായിരുന്നു. ടെലഗ്രാഫറുടെ മകൾ എൽസിയയെ കൊന്നത് കുമ്പസാരിക്കാൻ അച്ചന്റെയടുത്തെത്തിയ സിംബ്രോസ്കി വഴുതനങ്ങകളാണ് കൊണ്ടുവന്നത്. അയാൾ വന്നു മുട്ടുകുത്തി കരഞ്ഞുകൊണ്ട് ക്ഷമ യാചിച്ചു; "ഞാനത് ചെയ്യാൻ ആഗ്രഹിച്ചതല്ല. മദ്യം, മോഹം, ഭ്രാന്ത്; ഞാനല്ലത് ചെയ്തത്. ആ രാത്രി ഞാൻ മറ്റാരോ ആയി മാറിയിരുന്നു. ഒരു മൃഗം. വെറുക്കപ്പെടേണ്ട ജന്തു. ഞാൻ നിങ്ങളുടെ മകനായിരുന്നില്ല അപ്പോൾ." അവന്റെ അച്ഛൻ അവനെ ഒരു ഭീരുവെന്നു വിളിച്ച് വഴുതനങ്ങകൾ ജനലിലൂടെ പുറത്തേക്കെറിഞ്ഞ് അവനെ പോലീസിനെ ഏൽപ്പിച്ചു. മകളുടെ മരണത്തെപ്പറ്റി അറിയുമ്പോൾ ടെലഗ്രാഫ് മോഴ്സ്കോഡിൽ ഒരു കേബിൾ തയ്യാറാക്കി എല്ലാ ഓഫീസുകളിലേക്കും അയയ്ക്കും. "സിംബ്രോസ്കി നീ ഒരായിരം വട്ടം നരകത്തിൽ വീഴട്ടെ. നിങ്ങൾ അവോക്കാഡോകൾ ജനലിലൂടെ എറിഞ്ഞില്ലല്ലോ." റെമിഗിയോ പറഞ്ഞു. അവിടെ ഒരു നിശ്ശബ്ദത തങ്ങിനിന്നതിനിടെ ലൂഷ്യോ കത്തി തിരികെ സഞ്ചിയിൽ വച്ചു. "ഇതിൽ മറ്റു വ്യത്യാസങ്ങളുണ്ട്." അയാൾ പറഞ്ഞു: "സിംബ്രോസ്കിയുടെ അച്ഛന് എൽസിയയെ ഇഷ്ടമായിരുന്നു; അയാൾ അവളെ ചെറുമകളെപ്പോലെയാണ് കണ്ടത്. അയാൾ ജീവിതകാലം മുഴുവൻ പട്ടാളച്ചിട്ടയിലാണ് ജീവിച്ചത്. അപമാനമെന്ന നരകമുണ്ടാകുന്നതിനുമുൻപ് നരകത്തിന്റെ അപമാനമുണ്ടാകട്ടെയെന്നാണ് അയാൾ പറയാറുള്ളത്. ഞാൻ അവളെ കൊന്നില്ല." സിംബ്രോസ്കിയുടെ കഥയവസാനിപ്പിച്ച് സ്വന്തം കഥ തുടങ്ങാനുള്ള വ്യഗ്രതയിൽ റെമിഗിയോ ശബ്ദമുയർത്തി. ചുരുങ്ങിയ വാചകങ്ങളിൽ

അവൻ പെൺകുട്ടിയുടെ ജഡം കണ്ടെത്തിയതിനെപ്പറ്റിയും അവളെ പുറത്തെടുത്തതിലെ ക്ലേശങ്ങളെപ്പറ്റിയും അവളുടെ കണ്ണുകൾ അടച്ച തിനെപ്പറ്റിയും നനവുണക്കാൻ കിടത്തിയതിനെപ്പറ്റിയും പറഞ്ഞു. "ഉണക്കാനോ?" ലൂഷ്യോ ഇടയ്ക്ക് കയറി: "നിന്റെ കിണറ്റിൽ വെള്ള മുണ്ടോ?" "അവൾ ഇപ്പോൾ വീട്ടിലാണ്. അടുക്കളത്തറയിൽ ഒരു തോർത്തിൽ പൊതിഞ്ഞ്." ലൂഷ്യോ ആ കടലാസുസഞ്ചിയിലേക്ക് നോക്കി. അവോക്കാഡോകൾക്കും വഴുതനങ്ങകൾക്കുമിടയിൽ ഒരു പ്രപഞ്ചത്തിന്റെ അന്തരമുണ്ടെന്ന് തിരിച്ചറിഞ്ഞു. "ഞാൻ വിശന്നിരി ക്കുകയാണെന്ന് ആരു പറഞ്ഞു." "എന്റെ പക്കൽ ഒരു പെൺകുട്ടി യുടെ ജഡമുണ്ട്. അതായിരിക്കണം നമ്മുടെ ചർച്ചവിഷയമെന്നാണ് ഞാൻ കരുതുന്നത്." ലൂഷ്യോ നിർവികാരത തുടർന്നുകൊണ്ട് കെട്ടി മുദ്രവച്ച ഒരു കൂട്ടം കാർഡ്ബോർഡ് പെട്ടികളുടെ അരികിലേക്കു നടന്നു. എനിക്കിനിയും ഒരുപാട് വായിക്കാനുണ്ട്. ഈ പുസ്തകങ്ങളെല്ലാം തരംതിരിച്ചുവരുമ്പോൾ വർഷങ്ങൾ കഴിയും. റെമിഗിയോ മുഖം കറു ഷിച്ചുകൊണ്ട് അയാളുടെ അടുത്തേക്കു നടന്നു. നിങ്ങളുടെ ജോലി നഷ്ടപ്പെട്ടിട്ട് കുറെ നാളായെന്നുള്ളത് വലിയ രഹസ്യമൊന്നുമല്ല. നിങ്ങ ളുടെ പണം മുഴുവൻ തീർന്നുവെന്നും നിങ്ങൾ റൊമീലിയയുടെ കട യിൽ പോകുന്നത് നിറുത്തിയെന്നും നിങ്ങൾ മെലിഞ്ഞുവരുന്നെന്നും എന്തോ അസുഖം പിടിപെട്ടുമെന്നാണ് ആളുകൾ പറയുന്നത്. ഒരു മകൻ അച്ഛനെ സഹായിക്കുന്നതിൽ യാതൊരു മോശവുമില്ല." ലൂഷ്യോ അമർന്നിരുന്ന് കണ്ണുകളടച്ചു. "നിനക്ക് ഈ പെണ്ണിനെപ്പറ്റി എന്തറിയാം? *വില്ലാ ദ ഗാർസ്യയിൽ*നിന്നുവന്ന ഒരു വിധവയുടെ മകളാണെന്നും ആളുകൾ തിരയുന്നുണ്ടെന്നും ഇക്കാമോളിലെ ആളുകളോടും അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ടെന്നും മാത്രമോ?" ലൂഷ്യോ തലകുലുക്കി ഒരു സ്വപ്നാവസ്ഥയിലെന്നപോലെ സ്വരം താഴ്ത്തിക്കൊണ്ട് പറഞ്ഞു: "നീയവളെ നിന്റെ കൈയിലെടുത്തു. നിന്റെ കിണറ്റിൽനിന്നും വലി ച്ചെടുത്ത് അടുക്കളയിലെത്തിച്ചു. അവളെ മാത്രമല്ല,. മറ്റുകാര്യങ്ങളെല്ലാം തന്നെ നീ നോക്കിയിരിക്കുമെന്നതിൽ സംശയമൊന്നുമില്ല. നീയിപ്പോഴും എന്നോട് മുഴുവനും പറഞ്ഞിട്ടില്ലെന്നാണ് എന്റെ സംശയം." "ഞാന വളെ കൊന്നിട്ടില്ല" റെമിഗിയോ കണിശമായി പറഞ്ഞു: "അതെനിക്കു റപ്പാണ്." ലൂഷ്യോ കണ്ണു തുറന്നു. അയാളുടെ ഭാവത്തിൽ ഒരു ദാക്ഷി ണ്യവുമില്ല. അതിൽ ലഹരിയും ധൃതിയും ഭ്രാന്തുമുണ്ടായിരുന്നു. റെമിഗിയോ ഡെസ്കിനടുത്തേക്കൊരു കസേര വലിച്ചിട്ട് ഇരുന്നു. അയാളിൽനിന്നും വാക്കുകൾ പുറത്തുവരാൻ ബുദ്ധിമുട്ടുന്നുണ്ടായി രുന്നു. "അവൾക്ക് പതിമൂന്ന് വയസ്സുണ്ടാകും. തൊലി നന്നായി വെളുത്ത്, അവോക്കാഡോ തൊലിയുടേതുപോലെ. കറുത്ത തലമുടിയും, ആഘോഷവേളകളിൽ ധരിക്കാറുള്ള ഉടുപ്പുമാണിട്ടിരിക്കുന്നത്. ഒരു കാലിൽ ഷൂവില്ല" "അതേയുള്ളൂ?" "അതെ, അതേയുള്ളൂ." "അവൾ

മരിച്ചതെങ്ങനെയാണ്?" റെമിഗിയോ നിശ്ശബ്ദത പാലിച്ചു. "ഉടുപ്പുകളെല്ലാം ചിട്ടയായായാണോ ഇരിക്കുന്നത്? അടിവസ്ത്രം സ്ഥാനത്തുതന്നെയുണ്ടോ?" "ഉണ്ടുണ്ട്." മയക്കത്തിൽനിന്നുണർന്ന് ലൂഷ്യോ മൂരിനിവർന്നു. "നീയതു നന്നായി പരിശോധിച്ചോ? കുറ്റവാളി പലപ്പോഴും അബദ്ധത്തിൽ ലേബൽ പുക്കിളിനുനേർക്കായി തിരികെയുടുപ്പിക്കും." "എന്താണ് സംഭവിച്ചതെന്നറിയാൻ എനിക്ക് താൽപര്യമില്ല." റെമിഗിയോ വെള്ളപ്പാത്രത്തിനടുത്തുചെന്ന് കുറച്ചു വെള്ളം കുടിച്ചു. "എനിക്കൊന്നും സംഭവിക്കരുത്. എനിക്കത്രയേ വേണ്ടൂ." "നിനക്ക് താൽപര്യമുണ്ടാകണം. അടിയുടുപ്പ് തിരിച്ചാണ് ഇട്ടിരിക്കുന്നതെങ്കിൽ നിന്റെ വിധി മറ്റൊന്നായിരിക്കും. അങ്ങനെയാണ് സിംബ്രോസ്ക്കി തൂക്കിലേറിയത്." "നിങ്ങളെ കാണാൻ വന്നതേ തെറ്റായിപ്പോയെന്നു തോന്നുന്നു." ബാക്കിവന്ന അവോക്കാഡോ തിരിച്ചെടുക്കണോയെന്ന് സന്ദേഹിച്ച് റെമിഗിയോ കതകിനടുത്തെത്തി. "നിൽക്ക്," ലൂഷ്യോ സ്വരമുയർത്തി. "പെൺകുട്ടി അമിതവണ്ണമുള്ള ചുരുണ്ടമുടിക്കാരിയാണെങ്കിൽ നീ പേടിക്കേണ്ട, സത്യമുടൻ പുറത്തുവരും. ആറിന്റെ ഗുണനപ്പട്ടികപോലും ആ വിഡ്ഢിക്കറിയാൻ വയ്യാത്തതിന്റെ ദേഷ്യത്തിൽ കണക്കുമാസ്റ്റർ അവളെ പടിക്കെട്ടിൽനിന്ന് തള്ളിയതാണ്. എന്നാൽ എവിടെയാണ് ശവം എറിഞ്ഞുകളഞ്ഞതെന്നുൾപ്പെടെ അയാൾ ഉടൻ ഏറ്റുപറയും. അതുകൊണ്ട് നീ ചെയ്യേണ്ടത് ശവം തിരികെ കിണറ്റിലെറിയുകയാണ്." "തടിച്ചിയുമല്ല ചുരുണ്ട തലമുടിയുമല്ല. എന്റെ വീട്ടിലുള്ളത് ഒരു അതിസുന്ദരിയാണ്." "ഭാഗ്യക്കേട്." ലൂഷ്യോ പറഞ്ഞു. "നീ വലിയ കുഴപ്പത്തിലാണ്. കാരണം അവൾക്ക് ഇളംനിറത്തിലുള്ള കണ്ണുകളും ഇടതുകവിളിൽ മറുകുമുണ്ടാകും. കുറ്റമേൽക്കാൻ ഒരു കണക്കുമാസ്റ്ററും വരില്ല." റെമിഗിയോ അടുത്തു വന്നു. അതയാളോടു പറഞ്ഞതായി അവനോർമ്മയില്ല. "ഇളംനിറമുള്ള കണ്ണുകൾ. ശരിയാണ്. ഒന്നു തുറന്നും ഒന്ന് അടഞ്ഞും. പിന്നെ ഇടതുവശത്ത് മറുകും." ലൂഷ്യോ രണ്ടു കൈകളും തുടയിലടിച്ചു. രണ്ടാമത്തെ ശ്രമം ശരിയായതിന്റെ തൃപ്തിയിലയാൾ ചിരിച്ചു. "എന്നാൽ അവളുടെ പേര് ബാബെറ്റ് എന്നാണ്." അയാൾ പറഞ്ഞു: "അവൾക്ക് പന്ത്രണ്ടു വയസ്സാണ്. പിയർ ലാഫിയറ്റിനു മാത്രം കഴിയുന്നതുപോലെ ഞാൻ അവളെ വർണ്ണിച്ചു കേൾപ്പിക്കാം." അയാൾ ഷെൽഫിൽനിന്നും ഒരു പുസ്തകമെടുത്ത് കുറച്ചുനിമിഷങ്ങൾ പേജുകൾ മറിച്ചതിനുശേഷം വായിക്കാൻ തുടങ്ങി. "പന്ത്രണ്ടു വയസ്സുള്ളപ്പോൾ ബാബെറ്റ് ഒരു മുതിർന്ന സ്ത്രീയെപ്പോലെയായിരുന്നു. അവൾ അരക്കെട്ടിലിറുകിക്കിടന്ന് കണങ്കാലുകൾ കാണിക്കുന്ന തരം ഉടുപ്പുകളിടാൻ ആഗ്രഹിച്ചിരുന്നു. അവൾക്ക് കാറ്റുള്ള ദിവസങ്ങൾ ഇഷ്ടമായിരുന്നു. കാരണം, കാറ്റിൽ ഉലയുന്ന അവളുടെ കറുത്തു മിനുത്ത തലമുടി അവളുടെ മൂക്കിന്റെ വളവുകൾക്കുമപ്പുറം ചക്രവാളത്തിൽ ഉറപ്പിച്ചിരുന്ന അവളുടെ വിഷാദഭരിതങ്ങളായ ഇളം ചാരക്കണ്ണുകൾക്ക്

ഒരു തിളക്കം കൊടുത്തിരുന്നു. തൊലിയുടെ വെളുപ്പുകാരണം കൈയിലും കവിളിലുമുള്ള നീലഞരമ്പുകൾ കാണാമായിരുന്നെങ്കിലും അതവളെ അസുഖക്കാരിയായി തോന്നിപ്പിച്ചില്ല. അതിനു വിപരീതമായി അവളെ അടുത്തു പരിശോധിച്ചാൽ അവൾ പ്രായത്തിനുമേൽ കരുത്തും ഉറപ്പുമുള്ളവളാണെന്ന് അറിയാൻ കഴിയുമായിരുന്നു. കടന്നുപോകുന്ന വഴിയിലെ ആളുകളെ നിശ്ശബ്ദരാക്കുന്നതരത്തിൽ മനോഹരമായി രൂപപ്പെട്ടുകൊണ്ടിരിക്കുന്ന വടിവുകളില്ലായിരുന്നെങ്കിൽ അവളൊരു ആൺകുട്ടിയാണെന്നുപോലും തോന്നിയേനെ. നിലാവുള്ള രാത്രികളിൽ അവളുടെ രൂപം വിശുദ്ധമായി തോന്നിച്ചിരുന്നു. പ്രകാശമാണ് അവളെ നന്നായി വിശേഷിപ്പിക്കുന്ന സ്വഭാവം. അവളുടെ കണ്ണുകൾ, മുടി, മുഖഭാവം, തൊലി എന്തിന് അവളുടെ ചെരിപ്പുകൾപോലും എപ്പോഴും തിളങ്ങിയിരുന്നു. തേജസ്, പ്രത്യേകിച്ച് അവളുടെ ചിരിയിൽ. വളരെക്കുറച്ചുമാത്രമേ അവൾ ചിരിക്കാറുണ്ടായിരുന്നുള്ളുവെങ്കിലും. എന്നാൽ വിധി ഒരിക്കലും എന്തെങ്കിലും തിരികെ ആവശ്യപ്പെടാതെ ആനുകൂല്യങ്ങൾ നൽകാറില്ല. ബാബെറ്റിൽ ആകർഷകവും വശ്യവുമായി ഉണ്ടായിരുന്നവയൊക്കെത്തന്നെ അവളുടെ സർവ്വനാശത്തിനു വഴിയൊരുക്കി. അവളുടെ ഇടതുകവിളിലെ മറുക് ഒരുപക്ഷേ, വരാൻ പോകുന്നതിനെപ്പറ്റിയുള്ള മുൻസൂചനപോലെ കട്ടിയായിപ്പോയ ഒരു കണ്ണുനീർത്തുള്ളിയാവാം.

വായിക്കുന്നതിനിടെ ലൂഷ്യോ ഡെസ്കിനെ വലംവച്ചു. റെമിഗിയോ കൈകെട്ടി തളർന്ന് കലുഷിതമായ ഒരു തരം താൽപര്യത്തോടെ ശ്രദ്ധിച്ചു കേൾക്കാൻ തുടങ്ങി. വാക്കുകൾ ചുറ്റും നിറയവേ അവയെ വീട്ടിലുള്ള പെൺകുട്ടിയോട് ഉപമിക്കാതിരിക്കുക അസാധ്യമാവുകയായിരുന്നു. നോവലുകളിൽ പെൺകുട്ടികൾ മോഹിക്കപ്പെടാനും പീഡിപ്പിക്കപ്പെടാനും കൊലപ്പെടാനും വേണ്ടിമാത്രമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. 'ബാബെറ്റിന്റെ മരണ'മല്ലാതെ മറ്റനേകം പുസ്തകങ്ങളിലേക്ക് ലൂഷ്യോ വിരൽ ചൂണ്ടി. 'പിങ്ക് സ്റ്റോക്കിങ്സ്,' 'കുട്ടികളില്ലാത്ത നഗരം', 'നിഷ്കളങ്കരുടെ അനാഥാലയം,' 'ടെലഗ്രാഫറുടെ മക്കൾ' അങ്ങനെ പലതും. തീർച്ചയായും ഞാൻ പുരുഷന്മാർ എഴുതിയ നോവലുകളെപ്പറ്റി മാത്രമാണ് പറയുന്നത്. സ്ത്രീയെഴുത്തുകാർ പെൺകുട്ടികളെ വളരാനനുവദിക്കുകയും അവരുടെ ഹൃദയം തകരാനനുവദിക്കുകയും ചെയ്യുന്നു. ബാബെറ്റിനെന്തു സംഭവിക്കും? ഇരുട്ടായിത്തുടങ്ങി. ലൂഷ്യോ കതകിനടുത്തുചെന്ന് തെരുവ് വിജനമാണെന്നു കണ്ട് തരികെവന്നു. "കഥ നടക്കുന്നത് പാരീസിലാണ്. 1789 ജൂലൈ 14. അതെന്തുകൊണ്ട് ഒരു പ്രധാനപ്പെട്ട തീയതിയാണെന്നത് ഞാൻ വിശദീകരിക്കാൻ പോകുന്നില്ല. എങ്കിലും തെരുവിൽ അക്രമാസക്തരായ ഒരു ജനക്കൂട്ടമുണ്ടായിരുന്നു. അവളുടെ വർഗത്തിൽപ്പെട്ട ആളുകളല്ലായിരുന്നതിനാൽ ഇതിനിടയിൽ പെട്ടുപോയ ബാബെറ്റ് അമ്പരന്നുപോയി. അത്ര മനോഹരമായ

വേഷത്തിൽ അവളെ കണ്ടവരിൽ ചിലർ അവളുടെ പിന്നാലെ കൂടി. നീ പറഞ്ഞതുപോലുള്ള പാർട്ടിവേഷം. അവരുടെ പക്കൽ കമ്പുകളും വടികളും ആയുധങ്ങളുമുണ്ടായിരുന്നു. ബാബെറ്റ് കരഞ്ഞുകൊണ്ട് ഒരു വാതിലിൽ ചെന്ന് മണിയടിച്ചു. കൃത്യസമയത്തുതന്നെ കതകു തുറന്നെങ്കിലും ബാബെറ്റിനെ പിന്നെയാരും കണ്ടിട്ടില്ല." "എന്നിട്ടെന്തു ണ്ടായി?" റെമിഗിയോ നിരാശനായി. ഈ കഥ അവനോട് ഒന്നും തന്നെ പറയുന്നില്ല. ഇത് കേൾക്കുന്നത് വായിക്കുന്നതുപോലെയല്ല. ബാബെറ്റ് മണിമുഴക്കിയതിനും അവരുടെ സ്വതന്ത്ര്യത്തിനുമൊക്കെ പിന്നിൽ പ്രതീകാത്മകബന്ധങ്ങളുണ്ട്. "എഴുത്തുകാരൻ രാജവാഴ്ചയെ പിന്തുണച്ചിരുന്നവനാണെന്നതിൽ സംശയമില്ല. അയാൾ ഉദ്ദേശിച്ചത്..." എന്നാൽ റെമിഗിയോ ഇടയ്ക്കുകയറി. "ബാബെറ്റിന് എന്തു സംഭ വിക്കും?" "നോവൽ അവിടെ അവസാനിക്കുകയാണ്. അവസാനവാചകം പറയുന്നത്..." ലൂഷ്യോ ബുക്ക് തുറന്ന് വായിക്കുന്നതിനുമുൻപ് ഉള്ള ടക്കം നോക്കി. ചെറിയ മണികൾ, അട്ടഹാസങ്ങൾ, പിന്നെ വലിയ മണി കൾ, ഉള്ളിലെ അലർച്ചകൾ, കൂടുതൽ മണികൾ, പാവം ബാബെറ്റ്, പാവം മണികൾ, കൂടുതൽ മണികൾ സ്വതന്ത്രമാണെന്നു വിശ്വസി ക്കുന്ന ഒരു രാജ്യം, വിശ്വാസങ്ങളേയില്ലാത്ത ഒരു പെൺകുട്ടി.

"ഒരു കഥയ്ക്ക് അങ്ങനെ അവസാനിക്കാൻ പറ്റില്ല." റെമിഗിയോ പ്രതികരിച്ചു. "തീർച്ചയായും പറ്റും. അതിന്റെ അവസാനത്തെപ്പറ്റി ഒരു സംശയവുമില്ല. പിയർ ലാഫിയറ്റ് തലക്കെട്ടിൽത്തന്നെ ഒരുവട്ടം അത് പറഞ്ഞിരിക്കുന്നതുകൊണ്ട് കഥയിൽ അത് ആവർത്തിക്കുന്നില്ല. പ്രധാനപ്പെട്ട സംഗതിയെന്താണെന്നുവെച്ചാൽ മറ്റു വായനക്കാരെ ക്കാൾ നിനക്കും എനിക്കും അല്പം കൂടുതലറിയാം. ബാബെറ്റ് ഒരു കിണറ്റിൽ ചെന്നാണ് അവസാനിക്കുക. എന്നാൽ ഞാൻ എവിടെച്ചെന്ന് അവസാനിക്കും? നിങ്ങളുടെ പുസ്തകങ്ങൾ അത് പറയുന്നുണ്ടോ? ഞാൻ ഇന്നൊരു പുസ്തകം വായിക്കുകയായിരുന്നു. കുതിരപ്പുറത്തി രിക്കുന്ന രണ്ടുപേർ മറ്റൊരുത്തനെ നടത്തിക്കൊണ്ട് പോവുകയാണ്. അവന്റെ കൈകൾ കെട്ടിയിട്ടുണ്ട്. കഴുത്തിൽ കെട്ടിയ ഒരു കയർ അവർ വലിക്കുന്നുണ്ട്. നീ ഇവിടെനിന്നും വില്ലാ ദ ഗാർസ്യയിലേക്ക് അങ്ങനെ പോകുന്നത് എനിക്ക് സങ്കല്പിക്കാൻ കഴിയുന്നുണ്ട്. നീ പറയുകയുണ്ടാകും ഞാനവളെ കൊന്നില്ല എന്നൊക്കെ. അപ്പോൾ ഒരാൾ നിന്നെ ഭീരുവെന്ന് വിളിക്കും. ആ വഴിയിൽ പാലങ്ങളൊന്നുമില്ല. എന്നാൽ ബാബെറ്റിനെ കയറ്റി അടച്ച ആ കതകുപോലെ അവളെ വിഴുങ്ങാൻ പോന്ന ഒരു കുഴി നീ കുത്തുന്നതും എനിക്ക് സങ്കല്പി ക്കാൻ കഴിയും. ഞാനും അവളെ മറവുചെയ്യുന്നതിനെപ്പറ്റി ആലോ ചിക്കാതിരുന്നില്ല. എന്നാൽ ഭൂമി ഇത്ര വരണ്ടതായതുകൊണ്ട് ആ കുഴി പൂർണ്ണമായും മറയ്ക്കാൻ നിനക്കു കഴിയില്ല. അതൊരു മുറിവു പോലെ തിരിച്ചറിയപ്പെടും. മറ്റൊരു മാർഗം പാതിരാവരെ കാത്തിരുന്ന്

അവളെ ദൂരെ ഏതെങ്കിലും കുന്നിന്റെ പിറകിൽ വന്യജന്തുക്കൾക്ക് എറിഞ്ഞുകൊടുക്കുകയാണ്. എന്നാൽ ഈ നഗരത്തിൽ എപ്പോഴും ആരെങ്കിലും കണ്ണുതുറന്നിരിപ്പുണ്ടാവും. പ്രത്യേകിച്ച് ഇപ്പോൾ ആ പെണ്ണിനെ എന്റെ കിണറ്റിൽ കൊണ്ടിട്ടവൻ ശ്രദ്ധിക്കുന്നുണ്ടാവും. ഞാനൊരു അബദ്ധം കാണിക്കാൻവേണ്ടി അവൻ നോക്കിയിരിക്കുകയാവും. ഇന്നല്ലെങ്കിൽ നാളെ അവൻ പ്രശ്നം ഉണ്ടാക്കുകതന്നെചെയ്യും. ഞാനൊരു ഉപദേശം തരാം." ലൂഷ്യോ പറഞ്ഞുതുടങ്ങിയപ്പോൾതന്നെ റെമിഗിയോ തടഞ്ഞു: "ഞാനിവിടെ ഉപദേശം തേടി വന്നതല്ല. ആ പെണ്ണിനെപ്പറ്റി ഞാൻ പറഞ്ഞതെന്തിനാണെന്നോ? എപ്പോഴെങ്കിലും കാര്യങ്ങൾ കൈവിട്ടുപോയാൽ നിങ്ങൾ എന്റെ കൂടെ നിൽക്കണം. എനിക്കിതിൽ ഒരു ബന്ധവുമില്ലെന്ന് ആൾക്കാരോട് പറയണം." അയാൾ ആലോചിച്ചുനോക്കിയപ്പോൾ റെമിഗിയോ പറഞ്ഞതുപോലെ ചെയ്യുകയെന്നാൽ ആ കുറ്റം സ്വയമേൽക്കുകയെന്നാണർത്ഥം. "മോനേ നീ ശരി ചെയ്താലും തെറ്റു ചെയ്താലും ഞാൻ കൂടെയുണ്ട്." അയാൾ പറഞ്ഞു. പറഞ്ഞപ്പോൾത്തന്നെ തന്റെ വാക്കുകളുടെ ആത്മാർത്ഥതക്കുറവിൽ അയാൾ പശ്ചാത്തപിച്ചു. കൊളറാഡോ നദിയിലേക്ക് എറിയപ്പെടാൻപോകുന്ന ഒരു കറുത്തവർഗ്ഗക്കാരന്റെയത്രപോലും വിലയില്ല അതിന്.

നിലാവെളിച്ചത്തിൽ തെളിയുന്ന 'ബിബ്ലിയോത്തെക്ക' ബോർഡിനെ ഷ്പറ്റി ലൂഷ്യോ ചിന്തിച്ചു. പ്ലാസ്റ്ററിന്റെ ഒരു ഭാഗം അടർന്നുപോയിരുന്നു. അതിനാൽ 'ബിബ്ലിയോത്തെ' എന്നു മാത്രമേ വായിക്കാനാവൂ. ഒരു സാധാരണരാത്രിയുടെ ഒടുവിൽ കാലവും അവഗണനയുമല്ലാത്ത മറ്റേതൊരു ശക്തിയുടെയും ഇടപെടലില്ലാതെയാണ് ആ അക്ഷരങ്ങൾ പൊടിഞ്ഞുവീണത്. പുസ്തകങ്ങളുടെ ആദ്യത്തെ കെട്ടു വന്ന ദിവസം അയാൾതന്നെയാണ് അത് എഴുതിയത്. 507 വാല്യങ്ങൾ. അതിൽ 130 എണ്ണം മാത്രമാണ് ഷെൽഫുകളിലെത്തിയത്. ബാക്കിയുള്ളവ WITHDRAWN സ്റ്റാമ്പ് പതിപ്പിക്കപ്പെട്ടു.

അക്കൂട്ടത്തിലെ 'ഭൂമിയിലെ മത്സ്യങ്ങൾ' എന്ന നോവൽ അയാളെ പ്രത്യേകമായി അത്ഭുതപ്പെടുത്തി. എഴുത്തുകാരനായിത്തീർന്ന പ്രശസ്ത ജർമ്മൻ പരിസ്ഥിതിവാദി ക്ലോസ് ഹാസ്ലിംഗറാണ് അതെഴുതിയത്. താമസിക്കാൻ സ്ഥലം അന്വേഷിച്ചു നടക്കുന്ന ഫ്രിറ്റ്സ്-പെട്ര ദമ്പതികളുടെ ആ കഥ ലൂഷ്യോയെ ആകർഷിച്ചതേയില്ല. ഭൂമിയെപ്പറ്റിയും ചെടികളെപ്പറ്റിയും മൃഗങ്ങളെപ്പറ്റിയും അവയുടെ വിളിപ്പേരുകളെപ്പറ്റിയും ശാസ്ത്രീയനാമങ്ങളും ചില ലാറ്റിൻ പേരുകളുമെല്ലാം ഉൾപ്പെടുത്താനായി ഹാസ്ലിംഗർ ചെയ്ത ഒരു വിദ്യയാണീ കഥ എന്നു വേണം കരുതാൻ. എന്നാൽ അയാൾ വായന അവസാനിപ്പിക്കാൻ തുടങ്ങവേ ദമ്പതികൾ ഇക്കാമോളെന്ന് നിസ്സംശയം തോന്നുന്ന ഒരിടത്തെത്തി ആവേശഭരിതനായ ഫ്രിറ്റ്സ് പെട്രോയുടെ കൈ പിടിച്ചു ഞെരിച്ചു. "എനിക്കു വേദനിക്കുന്നു." അവൾ പറഞ്ഞു. "നോക്ക് പെട്രാ, നമ്മുടെ ഏദൻ." അവൻ പറഞ്ഞു. ആ ചെറിയ താഴ്‌വരയിലേക്ക് ഇറങ്ങിയ ഉടൻതന്നെ അവർ തങ്ങൾ മറ്റൊരു ലോകത്തിലാണെന്നവർക്ക് തോന്നി. മണ്ണുവഴി ഓരോ ചുവടിലും ഫലപുഷ്ടിയുള്ളതായി മാറി; പ്രതലത്തിൽ കിടക്കുന്ന ഒച്ചുകളെയും ശംഖുകളെയും ഫോസിലുകളെയും മറ്റും കാണാൻ അവർക്ക് താഴേക്കു നോക്കുക മാത്രമേ വേണ്ടിവന്നുള്ളൂ. അവിടത്തെ ചെടികളും വിചിത്രങ്ങളായിരുന്നു. തഴച്ചുവളർന്ന് ആകാശത്തേക്കുയർന്ന് കാറ്റിലുലയുന്ന മെലിഞ്ഞ ചെടികൾ കണ്ടാൽ വെള്ളത്തിന്റെ പ്രതലത്തിലേക്ക് പടർന്നുവളരുന്ന കടൽച്ചെടികളെപ്പോലെ അവിടവിടെ കാണുന്ന കല്ലുകളാവട്ടെ വെള്ളത്തിന്റെ ഒഴുക്കിൽ വന്നുചേർന്നതുപോലെയും കിടന്നിരുന്നു. മുന്നിലുള്ള രണ്ടു കുന്നുക

ളിലേക്ക് ഫ്രിറ്റ്സ് വിരൽ ചൂണ്ടി. ഒരെണ്ണം കുത്തനെയുള്ളതും ഒന്ന് അല്പം ചെരിഞ്ഞതും. എന്നാൽ രണ്ടിനും ഒരേ ഭാഗത്തുതന്നെ കുഴിവുണ്ടായിരുന്നു. അതിലേക്കു ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു: "അവിടെയാവണം തിരയടിച്ചിരിക്കുക. രണ്ടാൾക്കും ഭൂമിയുടെ വെള്ളത്തിനടിയിലുള്ള ഭൂതകാലത്തെപ്പറ്റി അറിയുമായിരുന്നെങ്കിലും ഈ സ്ഥലം നിമിഷങ്ങൾക്കു മുൻപ് മാത്രം കടൽ ഇല്ലാതായതുപോലെയാണ് തോന്നിച്ചത്." സൂക്ഷിച്ചുനോക്കിയാൽ ശ്വാസം കിട്ടാതെ ചെകിളകിളക്കി പിടയ്ക്കുന്ന മീനിനെ കാണാൻ പറ്റുമെന്ന് പെട്രയ്ക്കു തോന്നി. എന്നാൽ അവൾക്കു തോന്നിയകാര്യം അവൾ പറഞ്ഞില്ല. കാരണം, അവളുടെ മനസ്സിൽ ഉണ്ടായിരുന്നത് ബാർബസ് ബാർബസ് എന്ന ശുദ്ധജലമത്സ്യമായിരുന്നു. അവർ കുന്നിറങ്ങി താഴെയുള്ള ഗ്രാമത്തിലേക്കു പോയി. "നമ്മുടെ അന്വേഷണം അവസാനിച്ചു." ഫ്രിറ്റ്സ് പറഞ്ഞു: "ഇവിടെയാണ് നമ്മൾ താമസിക്കുക." "അതെ." പെട്രാ ശരിവച്ചു. "നമുക്ക് കടലിന്റെ അടിത്തട്ടിൽ താമസിക്കാം." ഗ്രാമത്തോടടുക്കവേ അതിന്റെ രൂപം അത്ര ലളിതമല്ലായിരുന്നെങ്കിൽ ആ ഗ്രാമം അറ്റ്ലാന്റിസ് ആണെന്നു തോന്നിയേനെ എന്ന് ഫ്രിറ്റ്സ് പറഞ്ഞു.

ഇക്കാമോളിനെ അറ്റ്ലാന്റിസിനോടുപമിക്കുന്നത് മണ്ടത്തരമായി ലൂഷ്യോയ്ക്ക് തോന്നി. ഫ്രിറ്റ്സിന്റെയോ ഹാസ്‌ലിംഗറുടെയോ വിഡ്ഢിത്തമാവാം. അയാൾക്ക് ബാർബസ് ബാർബസിനെപ്പറ്റി അറിയാനും പാടില്ലായിരുന്നു. എന്നിട്ടുമയാൾ വായന തുടർന്നു. ഫ്രിറ്റ്സിന്റെയും പെട്രായുടെയും കഥ മോശമായാണ് അവസാനിച്ചത്. അവർക്ക് നാട്ടാചാരങ്ങളോടു ചേർന്നുപോകാൻ കഴിഞ്ഞില്ല. വ്യത്യസ്തഭാഷയും സംസ്കാരവും പഠിക്കുന്നതിനെക്കാൾ പഠിപ്പിക്കാനുള്ള താൽപര്യവുമായി വന്ന പുതിയ ആൾക്കാരെ ഒരു ഭീഷണിയായിക്കണ്ട് നാട്ടുകാർ അവരെ പുറത്താക്കാൻ തീരുമാനിച്ചു. വന്നതുപോലെതന്നെ കൈകൾ കോർത്ത് അവർ ആ താഴ്‌വര വിട്ടപ്പോൾ ആരോ എറിഞ്ഞ കല്ല് ഫ്രിറ്റ്സിന്റെ തലയിൽ കൊണ്ടു. തല മുറിഞ്ഞ് ചോര വന്നെങ്കിലും അത്ര ഗുരുതരമായിരുന്നില്ല. അയാൾ കുനിഞ്ഞ് ആ കല്ലെടുത്തപ്പോൾ അതിലൊരു ഫോസിൽ ട്രിലോബൈറ്റിന്റെ രൂപമുണ്ടെന്ന് ശ്രദ്ധിച്ചു. ആദ്യമതെടുത്ത് പോക്കറ്റിലിട്ടതിനുശേഷം രണ്ടാമതൊന്നാലോചിച്ചിട്ട് തിരിച്ചത് മണ്ണിലേക്കെറിഞ്ഞു. അവർ അവിടെ താമസിച്ചുവന്നിരുന്നതിന്റെ കാണത്തക്കതായ തെളിവുകളൊന്നും അയാൾക്കു വേണ്ടിയിരുന്നില്ല. നല്ല ഓർമ്മകളിലായിരുന്നു അയാൾക്ക് താൽപര്യം. നടത്തം തുടർന്നുകൊണ്ട് അയാൾ പറഞ്ഞു: "നമുക്ക് മീനാകാൻ കഴിയുന്നില്ലെങ്കിൽ ഉരഗങ്ങളാകണം." അവസാനം മനസ്സിലാക്കാൻ ലൂഷ്യോ മെനക്കെട്ടതേയില്ല. അയാളെ ആകെ ആകർഷിച്ചത് ആ ദമ്പതികൾ ഇക്കാമോളിൽ എത്തിച്ചേർന്ന ഭാഗത്തിന്റെ വിവരണം മാത്രമായിരുന്നു.

അയാളുടെ താൽപര്യം മറ്റാരും പങ്കിട്ടില്ല. "ഇവിടെ ഒരു ജർമ്മൻകാരനും വന്നിട്ടില്ല" അവർ അവനോടു പറഞ്ഞു: "ആ സ്ഥലം ഇക്കാമോൾ പോലെയാണ്. എന്നാൽ അത് ഇക്കാമോളല്ല, ആവുകയുമില്ല." ലൂഷ്യോയുടെ നിർബന്ധം അയാൾക്കെതിരായി ഭവിക്കുകയുംചെയ്തു. ലൈബ്രറിയുടെ ഉദ്ഘാടനദിവസമെത്തിയപ്പോൾ ആളുകൾ പുസ്തകങ്ങൾക്കെതിരെയുള്ള ആരോപണങ്ങൾ ധാരാളം നിരത്തി. പുസ്തകങ്ങൾ നിലവിലില്ലാത്ത കാര്യങ്ങളെപ്പറ്റിയാണ്. അവ നുണകളാണ്. "ഞാൻ എന്റെ കൈ തീയിൽ കാണിച്ചാൽ കൈപൊള്ളും." ഒരാൾ പറഞ്ഞു: "കത്തികൊണ്ടു മുറിച്ചാൽ രക്തമൊലിക്കും. ടെക്കീല കുടിച്ചാൽ ഉന്മത്തനാകും. എന്നാൽ എന്റെ മുഖത്തെറിഞ്ഞാലല്ലാതെ ഒരു പുസ്തകം കൊണ്ട് എനിക്കൊന്നും സംഭവിക്കുന്നില്ല." മറ്റുള്ളർ ഇതു കേട്ട് ചിരിച്ചു. ആ വിഷയം അങ്ങനെ അവസാനിച്ചതായി കരുതപ്പെട്ടു. എന്തൊക്കെയായാലും ലൂഷ്യോ ലൈബ്രറിക്ക് ക്ലോസ് ഹാസ്‌ലിംഗറിന്റെ ബഹുമാനാർത്ഥം ആ പേര് കൊടുക്കാൻ തീരുമാനിക്കുകയും അത് കതകിന്റെ ഒരു വശത്ത് എഴുതിച്ചേർക്കുകയുംചെയ്തു.

സമയം കടന്നുപോയി, ലൂഷ്യോയ്ക്കു പരാതിപ്പെടാൻ കാരണങ്ങളൊന്നുമില്ല: ശമ്പളക്കാരൻ ഓരോ രണ്ടാഴ്ച കഴിയുമ്പോഴും വരും; ഇടയ്ക്കിടെ വില്ലാ ദ ഗാർസ്യയിൽനിന്ന് പുസ്തകക്കെട്ടുകളും. മാത്രമല്ല, പകൽ മുഴുവൻ തടസ്സങ്ങളൊന്നുമില്ലാതെ അയാൾക്കു വായിക്കുകയുംചെയ്യാം. എന്നാൽ പുതിയ ഗവൺമെന്റ് വന്നപ്പോൾ ഉടൻതന്നെ അതിന്റെ സാന്നിധ്യം പ്രകടമാക്കി. ആദ്യംതന്നെ ഫ്രാക്കാസിൽ വെച്ചു കൊല്ലപ്പെട്ട അവരുടെ നേതാവും അധ്യാപകനുമായ ഫിഡെൻഷ്യോ അരിയാഗയുടെ പേര് ലൈബ്രറിക്ക് കൊടുക്കാനുള്ള ഉത്തരവ് വരികയും ഹാസ്‌ലിംഗറുടെ പേരിന്റെ സ്ഥാനത്ത് തൂക്കാനുള്ള ലോഹത്തകിട് എത്തിച്ചേരുകയുംചെയ്തു. പിന്നീട് പണത്തിന്റെ ചെലവുകൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടി ലൈബ്രേറിയന്മാർ സന്ദർശകരുടെയും നഷ്ടമായ പുസ്തകങ്ങളുടെയും കടമെടുത്ത പുസ്തകങ്ങളുടെയും എൻസൈക്ലോപീഡിയകളുടെയും സ്കൂൾപുസ്തകങ്ങളുടെയും കണക്കുൾപ്പെടുത്തിയ ഒരു റിപ്പോർട്ട് സമർപ്പിക്കാനും ഉത്തരവുണ്ടായി. ലൂഷ്യോയ്ക്ക് റിപ്പോർട്ടെഴുതാൻ കണക്ക് വെക്കേണ്ട കാര്യമൊന്നുമുണ്ടായിരുന്നില്ല. സന്ദർശകർ ആഴ്ചയിൽ ശരാശരി മൂന്നുപേർ. എല്ലാവരും ഇക്കാമോൾ സ്കൂൾവിദ്യാർത്ഥികൾ. വരുന്നത് എൻസൈക്ലോപീഡിയ നോക്കാനും. എൻസൈക്ലോപീഡിയ അയാൾ സ്കൂളിനു നൽകിയതിനുശേഷം ആരെങ്കിലും പുസ്തകമന്വേഷിച്ചുവരുന്നത് ഒരു അത്ഭുതമായി മാറി.

മൂന്നാമത്തെ റിപ്പോർട്ട് നൽകിക്കഴിഞ്ഞപ്പോൾ ഫിഡെൻഷ്യോ അരിയാഗ ലൈബ്രറി അനിശ്ചിതകാലത്തേക്ക് അടച്ചിടാനും അതുകൊണ്ടുതന്നെ അപ്പോൾ മുതൽ പുസ്തകങ്ങളോ സാമ്പത്തികസഹായമോ

ലഭിക്കില്ലെന്നും ലൂഷ്യോയെ ഔദ്യോഗികമായി അറിയിച്ചു. ലൂഷ്യോ അസ്വസ്ഥത പ്രകടിപ്പിച്ചുകൊണ്ട് അധികാരികൾക്ക് കത്തെഴുതി. മരുഭൂമിയിൽ വെള്ളവും രോഗമുള്ളിടത്ത് മരുന്നെന്നപോലെ ആരും വായിക്കാത്തിടത്ത് പുസ്തകങ്ങൾ അത്യന്താപേക്ഷിതമാണെന്നയാൾ വാദിച്ചു. ഒപ്പം ലൈബ്രറി തന്റെ സ്വന്തം സ്ഥലത്താണെന്നും തന്റെ വീടിന്റെ വാതിലടയ്ക്കാൻ ആവശ്യപ്പെടാൻ ആർക്കും അധികാരമില്ലെന്നും അയാൾ പ്രസ്താവിച്ചു. അതിനു മറുപടിയൊന്നും ഉണ്ടായില്ല. ശമ്പളം നൽകുന്നയാൾ പിന്നീടയാളെ സന്ദർശിച്ചതുമില്ല.

പെൺകുട്ടിയെ ആ രാത്രി മറവുചെയ്യുന്നത് ബുദ്ധിയല്ലെന്ന് പിക്ക് ആക്സിന്റെ ആദ്യത്തെ വെട്ടിൽതന്നെ റെമിഗിയോക്കു മുന്നറിയിപ്പു കിട്ടി. ശക്തമായ കാറ്റ് ഉണ്ടെങ്കിലും അതിൽ ഉലഞ്ഞു ചില്ലകൾ ഒടിക്കാൻ മരങ്ങളോ ഇലയനക്കം കേൾപ്പിക്കാൻ ഇലകളോ അടുത്തെങ്ങുമില്ല. ആകെയുള്ളത് അവോക്കാഡോ മരത്തിന്റെ നേർത്ത മർമ്മരങ്ങൾമാത്രം. ഇത്ര ഉറച്ചുകിടക്കുന്ന മണ്ണ് കുഴിക്കുന്ന ശബ്ദം മറച്ചുവയ്ക്കുക അസാധ്യം. ഈ നിലം നിങ്ങൾ കുഴിക്കുകയല്ല. പൊട്ടിച്ചെടുക്കുകയാണെന്ന് ഇക്കാമോൾകാർ പറയും. 1876–ൽ നടന്ന ഒരു ചരിത്രസംഭവം അവിടെ കൂടുതൽ ഖനനങ്ങൾ സാധ്യമല്ലാതാക്കി. പുനർതിരഞ്ഞെടുപ്പ് ഒഴിവാക്കാനുള്ള ടക്സ്റ്റെ പെക് പ്ലാൻ പ്രഖ്യാപിച്ചതിനുശേഷം പ്രസിഡന്റ് ലെഡോ ദേ തെജാദയെ്ക്കതിരേ പോർഫിരിയോ ദിയസ് ആയുധമെടുത്തു. അയാളുടെ സൈനിക നീക്കം കിഴക്കൻ പ്രവിശ്യയിലാണ് ആരംഭിച്ചത്. മോൺടറി കീഴടക്കൽ അസാധ്യമെന്നു കണ്ട ദിയസ് ഇക്കാമോൾ മരുഭൂമിവരെ പുറപ്പെട്ടുപോയി. അവിടെ ഫെഡറൽസർക്കാരിനോട് വിശ്വസ്തത പുലർത്തുന്ന ശക്തികളെയാണ് നേരിടേണ്ടിവന്നത്. ദിയസിന് ദയനീയമായി പരാജയപ്പെടേണ്ടി വന്നു. കൂർത്തതും ഉരുണ്ടതുമായ കല്ലുകൾ നിറഞ്ഞ സമുദ്രത്തട്ടിൽ കാലുറപ്പിക്കാൻ കഴിയാതെ യോദ്ധാക്കൾ ബുദ്ധിമുട്ടി. തോറ്റ പടയാളികൾ പലതരം മുൾപ്പടർപ്പുകളിൽ തട്ടിവീണു. ചില ചരിത്രകാരന്മാർ പറയുന്നത്. പല ശരീരങ്ങളിലും വെടികൊണ്ട മുറിവുകൾ തലയ്ക്കുപിന്നിലും പിൻകഴുത്തിലുമാണെന്നാണ്. പോർഫിരിയോ ദിയസ് അയാളുടെ സേനയുടെ അന്ത്യത്തിൽ വിലപിച്ചുവെന്നും "ഇക്കാമോളിലെ വിലാപകാരൻ" എന്ന വിളിപ്പേര് അയാൾക്ക് ലഭിച്ചുവെന്നുംകൂടി അവർ പറയുന്നു. ഈ തമാശ വർഷാവർഷം ആവർത്തിക്കുന്നതിൽ ആളുകൾ ആനന്ദം കണ്ടെത്തിയിരുന്നു. കാരണം വിലാപകാരൻ മറ്റാരെക്കൊണ്ടും സാധിക്കാത്തവിധത്തിൽ അയാളുടെ ശക്തി വീണ്ടെടുക്കുകയും എതിരാളികളെ തകർക്കുകയും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എന്തായാലും രാജ്യത്തിന്റെ ചരിത്രത്തിലെ ഒരധ്യായമായ ഈ സംഭവം ഇക്കാമോളിന്റെ വർത്തമാനകാലത്തിലും ഏറെ പ്രസക്തമായി നിലകൊള്ളുന്നു. മരിച്ച ഓരോ പടയാളിയെയും അയാൾ വീണിടത്തുതന്നെയാണ് മറവുചെയ്തത്. കുരിശോ

കല്ലറയോ ബയനറ്റോ കൊടിയോ പൂക്കളോ കല്ലുകളോ കുറ്റിച്ചൂലോ കള്ളിമുൾച്ചെടിയോ അമ്മയ്ക്കുള്ള കത്തോ സ്വർണ്ണപ്പല്ലോ പളുങ്കു കണ്ണോ മരണ അറിയിപ്പോ അനുശോചനമോ ഒന്നുമുണ്ടായില്ല. ഇക്കാമോളിൽ ഒരിടത്തും ഒരു ചിഹ്നവുമുണ്ടായില്ല. ഒരു സെപ്റ്റിക്ടാങ്കിനോ അടിത്തറയ്ക്കോ കിണറിനോ വേണ്ടി കുഴിക്കുമ്പോഴാവും ആ താൽക്കാലികകുഴിമാടം കണ്ടെത്തുക. പിന്നെ പാതിരിയെ വിളിക്കേണ്ടി വരും. സ്ഥല ഉടമയുടെ ചെലവിൽ 'വില്ലാ ദ ഗാർസ്യ' ശവപ്പറമ്പിൽ കൊണ്ടു പോയി രണ്ടാമത് ശവമടക്കി കല്ലറ തീർക്കേണ്ടിവരും. അതുകൊണ്ടു തന്നെ 1876 നു ശേഷം ഇക്കാമോളിൽ കൃത്യമായ ശവമടക്കുകൾ ഉണ്ടായിട്ടില്ല. ആ പാരമ്പര്യമാണ് റെമിഗിയോ മറികടക്കാൻ പോകുന്നത്.

പിക്ക്ആക്സ് കൊണ്ട് വെട്ടുന്നത് അവൻ നിറുത്തി. ഇപ്പോൾ മൺ നിരപ്പിൽ ചുരണ്ടി മണ്ണ് അടർത്താൻ ശ്രമിക്കുകയാണ്. എന്തായാലും ആ ശബ്ദം കേൾക്കാമെന്ന് മാത്രമല്ല ഏറെ ദുരൂഹവുമാണ്. ആ ശബ്ദം കാലൊച്ചകളും സംഭാഷണങ്ങളും പാത്രങ്ങളുടെ ചിലമ്പലുകളും ഒക്കെയായി കലർന്നുപോകുന്നതിനായി പുലരുന്നതുവരെ കാക്കാൻ റെമിഗിയോ തീരുമാനിച്ചു. ശരീരം പുറത്തെടുക്കുമ്പോൾ തടിയൻ ആന്റുനെ ഇടയ്ക്ക് വരാറുള്ളതുപോലെ അവോക്കാഡോ ചോദിച്ച് ചെക്കൻമാരൊന്നും മതിലിനു മേലെ തല പൊക്കാതിരുന്നാൽ മതി.

അവന് വീട്ടിൽ തിരിച്ചുകയറിപ്പോകാൻ തോന്നിയില്ല. തീരെ ഉറക്കം വന്നിരുന്നില്ല. മാത്രമല്ല, മരിച്ച പെൺകുട്ടിയുള്ള മേൽക്കൂരയ്ക്കു കീഴെയിരുന്നു മണിക്കൂറുകൾ തള്ളിനീക്കാൻ അവൻ ഇഷ്ടപ്പെട്ടിരുന്നുമില്ല. രാത്രി ഉണർന്നുതന്നെ ഇരിക്കുന്നതാണ് ഭേദം. ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ മതിലുചാടി വരുന്നുണ്ടോ എന്നൊക്കെ നോക്കുകയുമാവാം. ബാബെറ്റ് ജീവനോടെയിരുന്ന് അവളുടെ കാലുകൾ പ്രദർശിപ്പിച്ചിരുന്നെങ്കിൽ അവളുടെ ദേഹം എങ്ങനെയുണ്ടാകുമായിരുന്നു എന്നവൻ സങ്കല്പിച്ചു നോക്കി. അവളുടെ അടിയുടുപ്പ് തിരിച്ചായിരുന്നു ധരിച്ചിരുന്നതെങ്കിൽ അത് നേരയാക്കാനായി ശ്രമിക്കുമ്പോൾ ആ ചെറിയ നിതംബത്തിൽ അറിയാതെ തൊട്ടുപോകുന്നത് അവൻ സങ്കല്പിച്ചു നോക്കി. ഇല്ല ബാബെറ്റ്, നീ അതു തെറ്റിച്ചാണ് ഇട്ടിരിക്കുന്നത്. ഇനിയിപ്പോൾ ഞാൻ അത് അഴിച്ചെടുത്ത് നേരെ ഉടുപ്പിക്കണം. പക്ഷേ, ക്ഷമിക്കണം. എനിക്കാണ് തെറ്റു പറ്റിയതെന്ന് തോന്നുന്നു. ആദ്യം അവ നേരെയായിരുന്നു. ഇപ്പോഴാണ് അത് തിരിഞ്ഞുപോയത്.

അവൻ മരത്തിനടുത്തെത്തി. ഇരുട്ടിൽ അവോക്കാഡോകളെ തൊട്ടു നോക്കി അതിൽ ഏറ്റവും മിനുസമാർന്നതു കണ്ടുപിടിച്ചു. പിന്നെ അതിനെ തഴുകി. ബാബെറ്റ്, വിഷാദം നിറഞ്ഞ മിഴികൾ. ഒരിക്കൽ തെളിഞ്ഞിരുന്ന ചിരി. നീ ഇനി ചിരിക്കുകയേ ഇല്ല. അവൻ അതു പറിച്ചെടുത്ത് കിണറിനടുത്തേക്കു നടന്ന് ശക്തിയിൽ അത് കിണറ്റി

ലേക്കു വലിച്ചെറിഞ്ഞു. അതു ചെന്നുപതിക്കുന്ന ശബ്ദവും ഒപ്പം ഒരു കുഞ്ഞൊച്ചയിൽ ഇതാ റെമിഗിയോ, ഞാൻ നിനക്കായി കാത്തിരിക്കുന്നു എന്നും കേൾക്കാനായി കാതോർത്തു.

ആരോ കതകിൽ മുട്ടുന്നത് റെമിഗിയോ കേട്ടപ്പോൾ സമയം പാതിരാ കഴിഞ്ഞിരുന്നു. എന്തെങ്കിലും ചോദിക്കുന്നതിനുമുമ്പ് അവൻ അരിവാൾ കൈയിലെടുത്തു. "ആരാണവിടെ?" അവൻ ചോദിച്ചു. മെല്ലെയാണ് പറയുന്നതെങ്കിലും ലൂഷ്യോയുടെ ശബ്ദം തിരിച്ചറിയാൻ കഴിയും. "നിങ്ങൾക്കു വട്ടാണോ? ഈ രാത്രി എന്താണ് ചെയ്യുന്നത്?" വേഗം കയറിവരാനുള്ള ആംഗ്യത്തോടെ റെമിഗിയോ കതക് തുറന്നു. ലൂഷ്യോ കൈയിലുണ്ടായിരുന്ന പുസ്തകം റെമിഗിയോയ്ക്ക് കൊടുത്തു. "ഇതെടുക്ക്. ഇതിനുള്ളിൽ ഉത്തരമുണ്ട്." റെമിഗിയോ പുറംചട്ട നോക്കി. 'ആപ്പിൾമരം.' ആൽബർട്ടോ സാന്റിൻ ഒരു ബൾബ് തെളിച്ചിട്ടിരിക്കുന്ന അടുക്കളയിൽനിന്നും വെളിച്ചം വീഴുന്നുണ്ടായിരുന്നു. അവൻ പുസ്തകത്തിന്റെ പിൻചട്ട നോക്കി. നാലാം എഡിഷൻ. താൻ ചെയ്ത ഒരു കുറ്റകൃത്യം മറച്ചുവെക്കാനായി ഒരു മനുഷ്യൻ തന്നാലാവുന്നതെല്ലാം ചെയ്യുന്നു. എന്നാൽ ഇര അയാളിൽ കുറ്റമാരോപിക്കാനായി മറുലോകത്തുനിന്നും തിരിച്ചെത്തുന്നത് അയാളെ അത്ഭുതപ്പെടുത്തുന്നു. റെമിഗിയോ പുസ്തകം ഊണുമേശയിൽ വെച്ചു "എനിക്ക് മറയ്ക്കാനുള്ളത് ഒരു കുറ്റകൃത്യമല്ല, ഒരു ശരീരമാണ്."

അതിനുശേഷം രണ്ടുപേരും കുറെനേരം പരസ്പരം നോക്കി നിന്നു. റെമിഗിയോയുടെ നോട്ടം താൻ നിരപരാധിയാണെന്നു പറയുന്നു. എന്നാൽ ലൂഷ്യോയുടെ നോട്ടം ഉറച്ചതും ഒന്നും വിട്ടുപറയാത്തതുമാണ്. "നീ വായിക്കേണ്ട പേജിൽ ഞാൻ ഒരു ബുക്മാർക്ക് വെച്ചിട്ടുണ്ട്. ആകെയുള്ള മുന്നൂറു പേജിൽ ഒന്നു മാത്രം വായിക്കാനാണ് ഞാൻ ആവശ്യപ്പെടുന്നത്." "അതൊരു നല്ല ആനുകൂല്യമാണ്." "ശരി, എങ്കിൽ തോട്ടത്തിലേക്കു പോകാം." പോകും വഴിക്ക് മുമ്പ് താൻ കിണറ്റിൽ ഇറക്കിനോക്കിയ മണ്ണെണ്ണവിളക്ക് റെമിഗിയോ കൈയിലെടുത്തു. "ഞാനാണങ്കിൽ ഈ പുസ്തകം ഉപേക്ഷിച്ചുകളയാൻ ഒരുങ്ങുകയായിരുന്നു." ലൂഷ്യോ പറഞ്ഞു. "ആകെ ഒരു വാചകം കാരണമാണ് ഈ പുസ്തകം രക്ഷപ്പെട്ടത്. ഇതിൽ നായകന്റെ ലിംഗം ചെറുതാണെന്നു പറയുന്നുണ്ട്. അതു വളരെ സവിശേഷമായ ഒരു പ്രയോഗമാണ്. കാരണം എഴുത്തുകാർ പൊതുവേ കഥാപാത്രങ്ങളിൽ തങ്ങളെത്തന്നെ കാണുന്നവരാണ്. അവരുടെ കഥാപാത്രങ്ങൾക്കാവട്ടെ വലിയ അവയവങ്ങളും മികച്ച കാമുകിമാരും ഭയങ്കരമായ ഉദ്ധാരണവുമാണ് ഉണ്ടാവുക." "എനിക്കതെല്ലാം ഒരേപോലെയാണ്," റെമിഗിയോ പറഞ്ഞു. പിന്നെ ബുക്മാർക്ക് വെച്ച ഭാഗം തുറന്നു. "ഇവിടെ തുടങ്ങൂ," ലൂഷ്യോ ആ പേജിന്റെ രണ്ടാം ഖണ്ഡികയിലേക്ക് വിരൽ ചൂണ്ടി. ശവശരീരം ഇല്ലാതെ കുറ്റകൃത്യം ഉണ്ടാകില്ലെന്ന് അയാൾക്കറിയുമായിരുന്നു.

അപ്പോൾ കുറ്റമാരോപിക്കാൻ ഇരയോ വേരാക്രൂസ് ജയിലിലെ ഭീകര ജീവിതമോ ജയിൽപ്പുള്ളിയോ ഉണ്ടാകില്ല. അയാൾക്ക് അനുതപിക്കേണ്ടിയും വരില്ല. ശിക്ഷകൾ കടുത്തതും ന്യായാധിപൻമാർ വിട്ടുവീഴ്ചയില്ലാത്തവരും കൊലകൾ ദൈവനാമത്തിലും അടങ്ങിയിരുന്നു. അക്കാലത്തെ ജയിൽ ഇടനാഴികളിൽനിന്ന് എന്നോട് കനിയണേ. ദയ തോന്നണേ എന്നുള്ള കരച്ചിലുകൾ കേൾക്കേണ്ടിയും വരില്ല." റെമിഗിയോ പുസ്തകത്തിൽനിന്ന് മുഖമുയർത്തി ലൂഷ്യോയെ നോക്കി. "എന്നെ പേടിപ്പിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിൽ ശ്രമം വിജയിക്കുന്നുണ്ട്." "അതു ശ്രദ്ധിക്കേണ്ട." "കുറച്ചുകൂടി കഴിഞ്ഞു വായിക്കാൻ തുടങ്ങിയാൽ മതിയായിരുന്നു. നിങ്ങൾക്കെന്നെ അറിയാമല്ലോ. ഇതിൽ പള്ളിയെ കുറ്റം പറയുന്നത് എനിക്കിഷ്ടപ്പെട്ടു." "തുടർന്നു വായിക്ക്." അയാൾ ആ ചെറിയ ശരീരത്തെ ബൂട്ടിന്റെ അറ്റംകൊണ്ട് തള്ളിയ ശേഷം തൃപ്തിയോടെ തുടർന്നു: "ഒരു ശവശരീരവും അവശേഷിക്കാൻ പോകുന്നില്ല. ഒരിക്കലും. പിന്നീട് അയാൾ ചിരിച്ച ചിരി ആരെങ്കിലും കണ്ടാൽ അത് ലൂസിഫറിന്റെ ചിരിയാണെന്നു പറഞ്ഞേനേ." ഒരിക്കൽക്കൂടി റെമിഗിയോ വായന നിറുത്തി. "ബാബെറ്റും അടുക്കളയിൽ കിടക്കുന്ന പെൺകുട്ടിയും ഒരാൾ ആണെന്ന് അംഗീകരിക്കാൻ ഞാൻ ഒരുക്കമാണ്. എന്നാൽ ഇപ്പോളവർ ആ മനുഷ്യനെ പിശാചിനോട് ഉപമിക്കുകയാണ്. ഓ അത് സാന്റിന്റെ മണ്ടത്തരമാണ്. ആർക്കും അത് ഉറപ്പിച്ചുപറയാൻ കഴിയില്ല. കാരണം, ആരും പിശാച് ചിരിക്കുന്നതോ ചിരിക്കാതിരിക്കുന്നതോ കണ്ടിട്ടില്ല. അതൊരു പ്രയോജനമില്ലാത്ത നാടകീയതയാണ് അതിനു നീയുമായി ഒരു ബന്ധവുമില്ല. ക്ഷമയോടെ വായിക്കൂ. അവൻ ആ ശരീരത്തെ മുടിയിൽ പിടിച്ചുവലിച്ച് ആപ്പിൾ മരത്തിന്റെ കീഴിൽ ഇട്ടു. പിന്നെ അവൻ കുനിഞ്ഞ് മരത്തിന്റെ വേരുകൾ അവ ഭൂമിക്കിടയിൽ എങ്ങനെയാവും എന്നു മനസ്സിലാക്കാൻ ശ്രമിച്ചു. തടിയിൽനിന്ന് രണ്ടുമീറ്റർ അകലെ ഒരിടത്ത് അയാൾ കുഴിച്ചുതുടങ്ങി. ആഴമുള്ള ഒരു കുഴിയിൽനിന്നും അയാൾ ആപ്പിൾമരത്തിന് കീഴേക്ക് ഒരു തുരങ്കം തീർക്കാൻ തുടങ്ങി. പിന്നീട് അവൻ കുട്ടിയുടെ ശരീരം ആപ്പിൾമരത്തിന്റെ ദാഹിച്ചു വരണ്ട വേരുകൾക്കിടയിലേക്കു തള്ളിയിട്ടു. വേരുകൾ അവനെ ഈച്ചകളെപ്പോലെ പൊതിഞ്ഞ് ശരീരത്തിന്റെ ഓരോ അംശത്തെയും കാട്ടിലെ വന്യമൃഗങ്ങളെക്കാൾ ആർത്തിയോടെ തിന്നാൻ തുടങ്ങും. "അതൊരു ചെറുക്കനാണ്." ആ വാക്കിന് പ്രാധാന്യം കൊടുത്ത് റെമിഗിയോ പറഞ്ഞു. "എനിക്കറിയാം ഇതൊരു അവോക്കാഡോ മരവുമാണ്." ലൂഷ്യോ മറുപടി പറഞ്ഞു.

രാവിലെ രണ്ട് പോലീസുകാർ വന്നു. അവർ അവിടെയുമിവിടെയുമൊക്കെ ചില ചോദ്യങ്ങളൊക്കെ ചോദിച്ചെങ്കിലും അതൊന്നും ഒരു ഔദ്യോഗിക അന്വേഷണംപോലെ തോന്നിച്ചില്ല. ചിലപ്പോൾ അവരുടെ കാക്കിക്കുപ്പായവും കനത്ത ബെൽറ്റുകളിൽ പ്രദർശിപ്പിച്ചിരിക്കുന്ന തിളങ്ങുന്ന 45 തോക്കുകളും കാണിച്ച് ആളുകളെ ചകിതരാക്കാൻ വേണ്ടിയാവണം അവർ വന്നത്. രണ്ടാളും കഴുത്തിൽ ഓരോ തൂവാല ചുറ്റിയിരുന്നത് ഇടയ്ക്കിടെ പുറത്തെടുത്ത് നെറ്റിയിലെ വിയർപ്പൊപ്പിയിരുന്നു. അവരുടെ തലയിലെ കൗബോയ്തൊപ്പികൾ വൃദ്ധരോട് സംസാരിക്കുമ്പോൾപോലും എടുത്തുമാറ്റിയിരുന്നില്ല. ഇവിടെ ഒരു പെൺകുട്ടിയെ കണ്ടവരുണ്ടോ? സംശയാസ്പദമായെന്തെങ്കിലും? അപരിചിതരാരെങ്കിലും? രാത്രി കരച്ചിലോ മറ്റോ? കനമുള്ള ശബ്ദത്തിൽ ചോദിക്കപ്പെട്ട ചോദ്യങ്ങൾക്ക് ഇക്കാമോളിലെ പേടിച്ചരണ്ട ആൾക്കാർ ഇല്ലെന്ന് മറുപടി പറഞ്ഞു. പോലീസുകാർ കതകുകളിലൊന്നും മുട്ടിയില്ല, തെരുവിൽ ഇറങ്ങിവന്നവരെമാത്രം ചോദ്യം ചെയ്തു. ആരും അവർക്ക് തിന്നാനും കുടിക്കാനും ഒന്നും നൽകാതിരുന്നതുകൊണ്ട് അവർ ചോദ്യംചെയ്യൽ അവസാനിപ്പിച്ചു. “ഞങ്ങൾ തിരിച്ചുവരും.” അവർ കടമ തീർക്കാൻ വേണ്ടിയും തെളിവൊന്നും കിട്ടാത്തതിന്റെ നാണക്കേട് മറയ്ക്കാൻ വേണ്ടിയുമൊക്കെയായി പറഞ്ഞു. ശരിയായ ഒരു അന്വേഷണം നടത്തേണ്ടതെങ്ങനെയെന്നുപോലും അവർക്കറിയുമായിരുന്നില്ല. അവരുടെ കാക്കിയുടുപ്പുകളുടെ അതേ നിറമുള്ള ഒരു പിക്ക്അപ്പ് ട്രക്കിൽ, വഴിയിലെ എറുമ്പുകൾക്കു മാത്രം ഉപകരിക്കുന്ന ഒരു സൈറൺ വെറുതേ പുറപ്പെടുവിച്ചുകൊണ്ട് അവർ ഓടിച്ചുപോയി.

പ്രത്യേകമായ ഒരു ഊർജ്ജത്തോടെ ചുവന്ന എറുമ്പുകളും പാറ്റകളും പെരുകാൻ തുടങ്ങി. വരൾച്ചയാണ് കാരണമെന്ന് ചിലർ പറഞ്ഞു; അവറ്റ എപ്പോഴും ഭൂമിക്കടിയിൽ ഉണ്ടായിരുന്നെന്നും രാത്രി മാത്ര മാണ് പുറത്തിറങ്ങിയിരുന്നതെന്നും ഇപ്പോൾ ഭക്ഷണത്തിനുവേണ്ടി ആൾക്കാരുടെ ചവിട്ടും സൂര്യതാപവും ഒക്കെയുണ്ടായിട്ടും അവർ പുറത്തുവരുന്നതാണെന്നുമായി മറ്റു ചിലർ. സ്വന്തമായൊരിടം ഉണ്ടാ ക്കാനുള്ള എറുമ്പുകളുടെ കഴിവിനെ ലൂഷ്യോ ബഹുമാനിച്ചിരുന്നു; എന്നാൽ ഏതു കിടങ്ങിലും കോട്ടയിലും ഗർത്തങ്ങളിലും, എന്തിന് പുസ്തകക്കൂമ്പാരത്തിൽപോലും, നാശം വിതയ്ക്കുന്ന പാറ്റകളുടെ സ്വാർത്ഥതയെ അയാൾ വെറുത്തിരുന്നു. എന്നാൽ അതേ വെറുപ്പോടെ തന്നെയാണ് അടുത്ത മുറിയിൽ WITHDRAWN പുസ്തകങ്ങളുടെ യിടയിൽ അയാൾ പാറ്റകളെ തീറ്റിവളർത്തുകയും പെറ്റുപെരുകാന നുവദിക്കുകയുംചെയ്യുന്നത്; കാരണം, ആ പുസ്തകങ്ങൾ അർഹി ക്കുന്ന ഏറ്റവും അന്തിമമായ പരിഹാസമാവും അത്. കത്തിച്ചുകളയൽ അയാളെ സംബന്ധിച്ച് ശരിയായ ഒരു ശിക്ഷാനടപടിയല്ല. കാരണം, അതുവഴി അത്ര മോശമായ ഒരു പുസ്തകം ചൂട് പകരാനും വെളിച്ചം പുറപ്പെടുവിക്കാനും ഉപയോഗിക്കപ്പെടും. ഏറ്റവും പതിയെ മാത്രം നശിപ്പിക്കപ്പെടുന്നതാവും ശരിക്കും നരകം. മെല്ലെ മെല്ലെ ഇല്ലാതാ വുന്ന പുറംചട്ടകൾ, എഴുത്തുകാരന്മാരുടെ ബുദ്ധിജീവി ഫോട്ടോകൾ, എഴുത്തുകാരികളുടെ മോഹനചിത്രങ്ങൾ. കീടങ്ങൾ അരിച്ചുതിന്നു തീർക്കേണ്ടത് പുരസ്കാരങ്ങളും അംഗീകാരങ്ങളും പ്രത്യേകിച്ച് അർത്ഥ മില്ലാത്ത പ്രശംസാവാചകങ്ങളുമാണ്. ഓരോ പുസ്തകത്തെയും മനോജ്ഞമായ ഗദ്യത്തിന്റെ അവസാനവാക്കായും മികച്ച കലാസൃഷ്ടി യായും സാഹിത്യമേന്മയുടെ മകുടോദാഹരണമായും അക്ഷരലോ കത്തെ മഹാവിസ്മയമായും മഹാസാഹിത്യകാരൻമാരുടെ നിരയിലേക്ക് ഈ എഴുത്തുകാരൻ പ്രവേശിക്കുന്നതായും അങ്ങനെ സ്വന്തമായി ചലിക്കാൻ ശേഷിയില്ലാത്ത പുസ്തകങ്ങളെ ഉന്തിക്കയറ്റുന്ന വരികളൊ ക്കെയാണ് അവറ്റ ആഹരിക്കുക. ഒരു പാറ്റ അതിന്റെ തീരെച്ചെറിയ തവിട്ട് അരിപ്പക്കാലുകൾ സൊലെദാദ് അർത്തീഗാസ് "അവളെപ്പോലെ പ്രേമം നിറഞ്ഞ, എന്നാൽ നിഷ്ഫലമായ ശരീരമുള്ള ഒരു സ്ത്രീയെ സ്വീകരിച്ചേക്കാവുന്ന ഒരു ഗ്രഹത്തിൽ വന്നു വീണ ഉൽക്കപോലെ യാണ് ആ മാർഗരീത്ത തോന്നിപ്പിച്ചത്' എന്നൊക്കെ എഴുതിവെച്ചതിനെ

അരിക്കുന്നതോർത്തപ്പോൾ; അല്ലെങ്കിൽ പാറ്റ അതിന്റെ കൊച്ചു കാഷ്ഠ ങ്ങൾ റൗൾ സറാബിയയെപ്പോലുള്ള കഥാപാത്രങ്ങളുടെമേൽ നിക്ഷേ പിക്കുമ്പോൾ ഒക്കെ അയാളുടെ മനസ് സന്തുഷ്ടമായി. റൗൾ സറാബി യയൊക്കെ ജോസഫ് ട്രോവിച്ചിന്റെയോ ബസോൾഡോ ഫോർനെസി ന്റെയോ അന്തസ്സോടെ മരിക്കുകയില്ല. മറിച്ച്, ചരിത്രവും വേദാന്തവും മെക്സിക്കോയിലെ വിശുദ്ധമായ പ്രേമത്തെപ്പറ്റിയുമെല്ലാം പറഞ്ഞ് അന്തരിച്ചുപോവുകയാണ് ചെയ്യുക. അയാൾക്ക് ആ നോവൽ പെട്ടെന്ന് അടച്ച് ആ പാവം പാറ്റയെ ഞെരിച്ച് അതിന്റെ 'മഞ്ഞച്ചോര' ചില മനോഹര വാചകങ്ങൾക്കുമേൽ പുരളാൻ വിടണമെന്നു തോന്നി. ഇങ്ങനെയൊക്കെയുള്ള വാചകങ്ങൾ, 'നിങ്ങൾ എന്നെ അനുവദിക്കു മെങ്കിൽ, ലിസെൻഷ്യാഡോ സറാബിയ, ഞാൻ പറയാം, സെനോറിറ്റ കാരിങ്റ്റണിലുള്ള നിങ്ങളുടെ താൽപര്യം നിലവിലുണ്ടെങ്കിലും അതിനു വിപരീതമായി നിങ്ങളുടെ കടമ ഇദംപ്രഥമമായും നിങ്ങളുടെ ജന്മ നാടിനോടാണ് എന്നുള്ളത് നിങ്ങൾ മനസ്സിലാക്കുകയും നിസ്സംശയം അംഗീകരിക്കുകയും... ' അങ്ങനെ ആ കീടത്തിന്റെ മരണം അത്തരം വാക്പ്രയോഗഅഭംഗികൾക്കിടയിൽ ഒരു കലാരൂപമായി അവശേ ഷിക്കും. കുറച്ചുനാൾ മുമ്പ് ലൂഷ്യോ ഒരു പരീക്ഷണം നടത്തി: ഉറക്ക മില്ലാത്ത കണ്ണുകൾ വായിക്കുന്നതിനിടെ ചെറിയ ബ്രഷ്കൊണ്ട് വാചക ങ്ങളെ സങ്കീർണ്ണമാക്കാൻവേണ്ടി എഴുത്തുകാർ ഉപയോഗിക്കുന്ന ചിഹ്നങ്ങളിലൊക്കെ തേൻ പുരട്ടി. ലൂഷ്യോയുടെ അഭിപ്രായത്തിൽ മിനുസമാർന്ന വാചകങ്ങൾ മെനഞ്ഞെടുക്കാൻ കഴിവില്ലാത്ത എഴുത്തു കാർക്ക് വ്യാകരണം നൽകുന്ന സൗജന്യമാണ് അത്തരം ചിഹ്നങ്ങൾ. അയാൾ പുസ്തകത്തിന്റെ നട്ടെല്ലിൽ ഒരു സൂചിയടിച്ചു കയറ്റി അതിനെ കെട്ടി ആ നരകത്തിലേക്ക് താഴ്ത്തി. ഒരു മാസം കഴിഞ്ഞ് അതുയർത്തി. അയാളെ നിരാശനാക്കിക്കൊണ്ട് ചിഹ്നമെന്നോ നല്ല വാചകമെന്നോ മോശം വാചകമെന്നോ ഭേദമില്ലാതെയാണ് പാറ്റകൾ പുസ്തകത്തെ കാർന്നു തിന്നത്. പൊതുവായനക്കാർ വേർതിരിക്കാത്തതൊന്നും പാറ്റ കൾക്കും വേർതിരിക്കേണ്ട ആവശ്യമില്ലെന്നു മനസ്സിലാക്കിയ ലൂഷ്യോ അതിനെ ഒരു സ്വാഭാവികകാര്യമായി സ്വീകരിച്ചു.

ഇന്ന് ലൂഷ്യോയുടെ പക്കൽ നരകത്തിലേക്കയയ്ക്കാനായി മറ്റൊരു പുസ്തകമുണ്ട്: റിക്കാർഡോ് അൻദ്രേർ ബെറെൻഗ്വറിന്റെ 'കമിതാക്ക ളെപ്പറ്റിയുള്ള സത്യം.' വിമർശകനും പത്രപ്രവർത്തകനും സംഗീതജ്ഞാ നിയുമൊക്കെയായ എഴുത്തുകാരൻ കമിതാക്കളെപ്പറ്റിയുള്ള സത്യം പറയുന്നതിനെക്കാൾ കഥാപാത്രം ആഷ്ട്രേയിലേക്ക് സിഗരറ്റ് നീട്ടുന്ന രീതിയെപ്പറ്റിയും പുക ചുരുളുകളായുയരുന്നതിനെപ്പറ്റിയും പിന്നിൽ കേൾക്കുന്ന ജാസ് സംഗീതത്തെപ്പറ്റിയുമൊക്കെ പറയുന്നതിനാണ് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. അയാൾ കതകിനടുത്തെത്തി ആ ചെറിയ കർട്ടൻ നീക്കി. പാറ്റകൾ കടലാസു ചവയ്ക്കുന്ന ശബ്ദ ത്തിന് കാതോർത്തു.

റെമിഗിയോ ഒരു കൂട നിറയെ അവോക്കാഡോകൾ കൊണ്ടുവന്ന് നിലത്തുവച്ചു. ചിലതു മൂത്തതാണ്, ചിലതു മൂക്കാതെ പറിച്ചവയും. വെറുതെ ഓരോന്ന് സങ്കല്പിച്ചെടുക്കുകയും അതു തെറ്റായി സങ്കല്പിച്ചെടുക്കുകയും ചെയ്ത ഒരു വിഡ്ഢിയാണ് ആൽബർട്ടോ സാന്റിൻ; അയാൾ ജീവിതത്തിൽ ഇന്നുവരെ ഒരു കുഴിയോ ടണലോ കുത്തിയിട്ടില്ല. ഒരാളെപ്പോലും കുഴിച്ചിട്ടില്ലെന്നത് ഉറപ്പാണ്. അയാൾ പറയുന്നതു കേട്ടാൽ എന്തൊരെളുപ്പമാണ്: കുഴി കുത്തുക, ടണൽ ഉണ്ടാക്കുക, ചെറുക്കനെ അകത്തിടുക, പണി കഴിഞ്ഞു. എന്നാൽ ഇടുങ്ങിയ ഒരു ടണലിനുള്ളിൽ ഒരു പെൺകുട്ടിയെ കയറ്റുന്നത്ര ബുദ്ധിമുട്ടുള്ള മറ്റൊന്നുംതന്നെയില്ല. കാലിൽ പിടിച്ച് തള്ളിയാൽ മുട്ട് മടങ്ങും, തിരിച്ച് തലയിൽ പിടിച്ച് ഉന്തിയാൽ മറ്റെല്ലാം മടങ്ങും. ഞാനവളെ ഒരു പലകയിൽ കിടത്തി മെല്ലെമെല്ലെയാണ് ഉന്തിക്കയറ്റിയത്. ടണൽ ഇടിയുന്നതിന്റെ ലക്ഷണങ്ങളും കാണിച്ചുതുടങ്ങിയിരുന്നു. പലക പുറത്തെടുക്കുന്നതായിരുന്നു അടുത്ത ജോലി, അത് വേഗം വലിച്ചെടുത്താൽ കൂടെ പെൺകുട്ടിയും പോരും. കുറെ നേരം മുന്നോട്ടും പിറകോട്ടും ഉന്തിയും തള്ളിയും ഒരുതരത്തിൽ ഒടുവിൽ പെൺകുട്ടി അകത്തും പലക പുറത്തുമായി. ചിലപ്പോൾ അവളുടെ ശരീരത്തിൽ പലകക്കഷണങ്ങൾ കയറിയിട്ടുണ്ടാവണം, എന്തായാലും ഒടുവിൽ പെൺകുട്ടി അവോക്കാഡോ മരത്തിന്റെ വേരുകൾക്കിടയിൽ കുടുങ്ങി. ടണലിനുള്ളിലേക്ക് വെട്ടമടിച്ചു നോക്കിയെങ്കിലും എനിക്ക് അധികമൊന്നും കാണാൻ കഴിഞ്ഞില്ല: ഒരു ഷൂവിന്റെ അടിഭാഗം, ഉപ്പൂറ്റിവരെ ഊർന്നുപോയ ഒരു സോക്സിട്ട കാൽ, ഉയർന്നുപൊങ്ങിപ്പോയ പാവാട, അവളുടെ ഇടതുകൈ. ഇനിയെന്താ? ഇങ്ങനെയൊരു ടണൽ അടയ്ക്കുന്നതെങ്ങനെയെന്ന് സാന്റിൻ പറയുമെന്ന് തോന്നുന്നുണ്ടോ? ഇല്ല, ആ അധ്യായം അവിടെ അവസാനിച്ചു. പിന്നെ മറ്റുകാര്യങ്ങളാണ്. ഇനി ടണൽ മൂടുന്നതിനെപ്പറ്റി ചിന്തിച്ചുനോക്ക്. ആദ്യം ഞാൻ കൈ നിറയെ മണ്ണെടുത്ത് എറിയാവുന്നത്ര ദൂരത്തേക്കെറിയാൻ തുടങ്ങി. പിന്നെ ഞാൻ അടുക്കളയിൽനിന്നൊരു തവി എടുത്തുകൊണ്ടുവന്ന് അത് ചൂലിന്റെ അറ്റത്തുകെട്ടി അതിൽ ചെളിനിറച്ച് ആകാവുന്നത്ര ഉള്ളിലേക്ക് കടത്തി നിറച്ചു. ഇത് ഞാനൊരു ആയിരം തവണ ആവർത്തിച്ചിട്ടുണ്ടാവും, എങ്കിലും മണ്ണ് ഉറച്ചിട്ടുണ്ടാകുമോ എന്നെനിക്കുറപ്പില്ല: കുഴിയിൽ

നിന്ന് വേരുകളിലേക്ക് ഏതു സമയത്തുവേണമെങ്കിലും മണ്ണിടിഞ്ഞു വീഴാം. കുഴിയടച്ചു കഴിഞ്ഞപ്പോൾ നിരവധി ബക്കറ്റ് മണ്ണ് മിച്ചം വന്നു. അതു ഞാൻ തോട്ടത്തിൽ വിതറി. സാന്റിന്റെ കൊച്ചുമൃതദേഹം എങ്ങനെയായിരുന്നു? നോവൽ വായിച്ചാൽ നിനക്കു മനസ്സിലാകും. ഞാൻ വായിക്കാം, പക്ഷേ, ഇപ്പോൾ തൽക്കാലം അതെങ്ങനെയായിരുന്നുവെന്ന് പറ! പതിമൂന്ന് വയസ്, ഇരുണ്ട നിറം, അനാഥൻ, സ്കൂൾ യൂണിഫോറം, പറ്റെ വെട്ടിയ മുടി. എന്റെ പെൺകുട്ടി അതിസുന്ദരിയായിരുന്നു, അവൾ വലതുകണ്ണടച്ചതേയില്ല, ഞാൻ ആദ്യത്തെ തവി മണ്ണ് കോരിയെറിഞ്ഞപ്പോൾപോലും. ഞാനിതൊന്നും ഒരിക്കലും എഴുതാനൊന്നും പോകുന്നില്ലെങ്കിലും എനിക്ക് സങ്കല്പിക്കാൻ കഴിയുന്നുണ്ട്. കുറെ തവി നിറയെ മണ്ണ് അവളുടെ തുറന്നകണ്ണിലെ റെറ്റിനയിൽ പതിയുന്നത്, പിന്നെ മൂക്കിലും പാതിതുറന്ന വായിലും കയറുന്നത്. ആൽബർട്ടോ സാന്റിൻ എപ്പോഴും അങ്ങനെയാണെന്ന് ലൂഷ്യോയും സ്ഥിരീകരിച്ചു. ഭൂമിയുടെ അടിയിൽ ഒരു പെൺകുട്ടിയുടെ ശരീരം അയാൾക്ക് സങ്കല്പിക്കാൻ കഴിയില്ല. കടലിന്റെ അടിത്തട്ടിൽ എന്നതുപോലെയാണ്, ചിപ്പികൾക്കും ഒച്ചുകൾക്കും മീനുകൾക്കുമിടയിൽ, അവളുടെ കാലുകളെ താലോലിക്കുന്ന ജെല്ലിമീനുകൾ, അവളെ നിന്റെ അവോക്കാഡോ വേരുകളിൽനിന്നും പറിച്ചെടുത്ത് ഒരു നീരാളിക്കോട്ടയിലെത്തിക്കുന്ന ജലപാതകൾ, അവിടെ അവളുടെ അമ്മപോലും പുണരാത്ത രീതിയിൽ അവൾ ആശ്വസിപ്പിക്കപ്പെടും, ചേർത്തു പിടിക്കപ്പെടും. അതൊന്നും എനിക്ക് പ്രശ്നമില്ല; എനിക്കാകെ പറയാനുള്ളത് അടുത്ത തവണ നോവലിനുപകരം നിങ്ങൾ എനിക്കൊരു കുഴിവെട്ടുകാരന്റെ കൈപ്പുസ്തകം കൊണ്ടുവന്നു തരണം. നീ കൊണ്ടുവന്ന അവോക്കാഡോകൾ വച്ചു നോക്കുമ്പോൾ, സാന്റിൻ അത്ര മോശമായിരുന്നെന്ന് തോന്നുന്നു. ചെറുക്കനെ കുഴിച്ചിട്ട ഉടൻതന്നെ അയാളുടെ കഥാപാത്രം ആപ്പിളുകളെല്ലാം പറിച്ചെടുക്കുന്നു: റെമിഗിയോയുടെ മുഖത്തെ ചോദ്യഭാവം കണ്ട് ലൂഷ്യോ തുടർന്നു: എന്നിട്ടോ? റെമിഗിയോ ചോദിച്ചു. പിൻകവർ പറയുന്നത് പിന്നീടയാൾക്ക് ദൗർഭാഗ്യം ഉണ്ടായെന്നാണ്. അതെ, പിന്നീട് ആ മരത്തിലുണ്ടായ ആപ്പിളുകൾക്കെല്ലാം ആ ചെറുക്കന്റെ മുഖമായിരുന്നു; കൊലയാളി അവ പറിച്ചെടുത്ത് കഴുതകളെ തീറ്റി. എന്നാൽ ആപ്പിളുകൾ അതിവേഗം കായ്ച്ചുകൊണ്ടിരുന്നു. ഒരു ദിവസം മരം ശൂന്യമായാൽ അടുത്തദിവസം അതിൽ നിറയെ മൂത്തുപഴുത്ത, കുറ്റപ്പെടുത്തുന്ന ആപ്പിളുകൾ. എന്നെ വെറുതെ വിടൂ എസ്തബാൻ എന്ന് കൊലയാളി അലറി വിളിച്ചു, എന്നാൽ എസ്തബാൻ എന്ന ചെറുക്കൻ ആപ്പിളുകളുടെ രൂപത്തിൽ തിരികെവന്നുകൊണ്ടേയിരുന്നു. ആപ്പിളുകൾ വ്യത്യസ്തഭാവങ്ങളിലായിരുന്നു. സന്തോഷം മുതൽ കോപവും സങ്കടവുംവരെ. ഒരു രാത്രി അയാൾ അതിലൊരു ആപ്പിൾ തിന്നാൻ തീരുമാനിച്ചു. അല്പം ഗൗരവത്തോടെ കണ്ണുകൾ

പാതിയടച്ചിരിക്കുന്ന ഒരു ആപ്പിൾ അയാൾ തെരഞ്ഞെടുത്തു. കുറെ നേരം അതിൽ നോക്കിയിരുന്ന ശേഷം ആദ്യത്തെ കടിയെടുക്കാനുള്ള ധൈര്യം അയാൾ സംഭരിച്ചു. ഇല്ല, അയാൾക്ക് കഴിയുന്നില്ല. അയാൾ ആ ആപ്പിളുമായി ഒരു ബാറിൽ ചെന്ന് നന്നായി മദ്യപിച്ചശേഷം അതിനോടു സംസാരിക്കാൻ തുടങ്ങി. വിചിത്രനായ മനുഷ്യൻ ഒരു പഴത്തോട് സംസാരിക്കുന്നതു കേട്ട് മറ്റുള്ളവർ നിശ്ശബ്ദരായി. എന്നോട് ക്ഷമിക്കൂ, എസ്തബാൻ, നീ എന്നെ വെറുതേവിടണമെങ്കിൽ ഞാൻ എന്തു ചെയ്യണം? അയാൾ ഒരു ഗ്ലാസ് മദ്യം കൂടി ഒഴിച്ച് ആപ്പിളിനെ ചെവിയോടു ചേർത്തു. ഇനി ഒരു പത്തുപേജ് വരുന്ന രംഗമാണ്. അതിൽ ചെറുക്കന്റെ കുട്ടിക്കാലവും ബാർജോലിക്കാരന്റെ വീക്ഷണവും ഒക്കെ വിശകലനം ചെയ്യുന്നുണ്ട്. ആ അധ്യായത്തിന്റെ ഏകദേശം അവസാനഭാഗത്ത് അയാൾ അലറിക്കരയുന്നുണ്ട്, 'ഞാനാണ് എസ്തബാൻ സിഫുവെൻതസിനെ കൊന്നത് ഞാനാണ്. അവന്റെ വീട്ടുകാരെ അറിയിക്ക്; പോലീസിനെ വിളിക്ക്, ഒരു അച്ചനെയും. ഞാൻ കുമ്പസാരിക്കാൻ പോവുകയാണ്.' അത്രയും പറഞ്ഞ് അയാൾ വന്യമായി ചിരിച്ചു. അതു പൈശാചികമായ ചിരിയല്ല, മറിച്ച്, സമനിലതെറ്റിയ ചിരിയാണെന്നാണ് സാന്റിൻ പറയുന്നത്. റെമിഗിയോ പെട്ടെന്ന് ശബ്ദമുയർത്തി, "പിന്നെ നിങ്ങളെന്തിനാണ് എന്നോട് അങ്ങനെ ചെയ്യാൻ പറഞ്ഞത്? സാന്റിന്റെ മണ്ടത്തരങ്ങൾ; തുറന്ന കണ്ണുള്ള അവോക്കാഡോകളിൽ നീ വിശ്വസിക്കുകയില്ലെന്ന് എനിക്കറിയാം." ലൂഷ്യോ കൊട്ടയിൽനിന്ന് ഒരെണ്ണമെടുത്തു കടിച്ചു. സാന്റിൻ ആ ചെറുക്കനെ ഒരു കഠാര വച്ചാണ് കൊന്നത്; അയാൾ അവന്റെ മുഖത്തെ പേടിയെപ്പറ്റിയും ഒരു പാത്രത്തോളം വലിപ്പം വന്ന അവന്റെ കണ്ണുകളെപ്പറ്റിയും പറയുന്നുണ്ട്. സാധാരണ എഴുത്തുകാർ വിവരിക്കുന്നതുപോലെതന്നെയാണ് അയാൾ രക്തത്തെപ്പറ്റിയും കൊലയെപ്പറ്റിയും പറയുന്നത്; രക്തവും ഭീകരതയും; നിങ്ങൾ അതു രണ്ടും ശ്രദ്ധിച്ചെന്നുവരില്ല, അതിനാണവർ വിശേഷണങ്ങൾ വച്ചുകെട്ടുന്നത്. ലൂഷ്യോ ശബ്ദമുയർത്തി ഒരാൾക്കൂട്ടത്തോടെന്നപോലെ പറഞ്ഞു: "ഈ എഴുത്തുകാരെവിടെനിന്നാണ് കൊല്ലാനും മരിക്കാനും പഠിക്കുന്നത്? സിനിമകളിലൊന്നും മനുഷ്യൻ മരിക്കുന്നതുപോലെ കഥാപാത്രങ്ങൾ മരിക്കാറേയില്ല. അവരാരെങ്കിലും ഇക്കാമോളിൽ വന്നാൽ ഒരു ആടിനെപിടിച്ചുകൊടുത്ത് ഒരു കത്തി വച്ച് കൊല്ലാൻ പറയാം; വെറുതെ വാചകങ്ങളിൽ ഭീതിയുടെയും വേവലാതിയുടെയും വേദനയുടെയും പര്യായങ്ങൾ ചേർത്തു വച്ചല്ലാതെ ശരിക്കും കൊല്ലുന്നതെങ്ങനെയെന്ന് അപ്പോൾ മനസ്സിലാകും. ലൂഷ്യോ അവോക്കാഡോയുടെ കുരു കതകിനു വെളിയിലേക്കു തെറ്റിച്ചുവിട്ടു. അതുകൊണ്ട്, ശരിക്കും പറയാനറിയില്ലെങ്കിൽ മരണത്തെപ്പറ്റി പറയൽ ഒഴിവാക്കുന്നതാവും ഭംഗി, 'ബാബെറ്റിന്റെ മരണ'ത്തിലെപ്പോലെ. ലാഫിറ്റ് നാട്യങ്ങൾ നിറഞ്ഞ വിവരണങ്ങൾ ഒഴിവാ

ക്കിയിരിക്കുന്നു. അതുകൊണ്ടുതന്നെ അതു കൂടുതൽ യഥാർത്ഥമായി തോന്നിപ്പിക്കുന്നുണ്ട്. ഇപ്പോൾ നീ മൃതദേഹമൊഴിവാക്കിയതിനെപ്പറ്റി പറഞ്ഞപ്പോൾ സാന്റിന് സ്വപ്നംപോലും കാണാൻ കഴിയുന്നതിനെക്കാൾ മികച്ച സാഹിത്യമാണ് നീയുണ്ടാക്കിയത്. ഞാൻ നിന്റെ എഡിറ്ററായിരുന്നെങ്കിൽ ഞാൻ ആകെ ഒരു മാറ്റമേ വരുത്തൂ. റെറ്റിനയിൽ മണൽ പതിയില്ല എന്നു ഞാൻ പറഞ്ഞേനെ, കാരണം റെറ്റിന കണ്ണിന്റെ പിറകിലാണ്. കൃഷ്ണമണിക്കുചുറ്റും എന്നു പറയാം. പക്ഷേ, ഇതൊരു ചെറിയ മാറ്റം മാത്രമാണ്. എനിക്ക് നിന്റെ വിവരണം നന്നായിഷ്ടപ്പെട്ടു. ഞാനതേപ്പറ്റി ദീർഘനേരം ഇനി ആലോചിക്കും. റെമിഗിയോ ഒന്നു മൂക്കുചീറ്റി കൈകെട്ടി ഇരുന്നു. എന്നെ സംബന്ധിച്ച് അതൊരു കഥയല്ല, യഥാർത്ഥ ജീവിതമാണ്, ഒരു നിമിഷത്തെ മാത്രം കാര്യവുമല്ലത്. ആ പെണ്ണിനെ അടക്കം ചെയ്തത് ഞാനെന്റെ ജീവിതകാലം മുഴുവൻ ഓർമ്മിക്കും. ലൂഷ്യോ അവന്റെ ചുമലിൽ കൈ വച്ചു. "റെറ്റിന എന്നത് വെട്ടിമാറ്റണം, പിന്നെ നീ അവസാനം പറഞ്ഞത് വളരെ പരുക്കനാണ്. കൈ കെട്ടിയിരുന്ന് മൂക്കുചീറ്റുന്നത് ദേഷ്യം പ്രകടിപ്പിക്കാനുള്ള തീരെ ക്രിയാത്മകമല്ലാത്ത ഒരു മാർഗ്ഗമാണ്. നീ മറ്റുകാര്യങ്ങളെപ്പറ്റി പറയുന്നതാണ് നല്ലത്, ഉദാഹരണത്തിന്, ബാബെറ്റിന്റെ ഫോട്ടോയുമായി പോലീസ് വന്ന് ഇവളെ കണ്ടിട്ടുണ്ടോ എന്ന് ചോദിക്കുകയോ അടക്കിയതിനുമുകളിൽ ഒരു പുതിയ ചിതൽപ്പുറ്റുണ്ടാവുകയോ ചെയ്താൽ നീ എന്തു ചെയ്യും?"

അയാൾക്ക് കൂടുതൽ ആശയങ്ങളുണ്ടായിരുന്നെങ്കിലും പ്രസംഗം ചുരുക്കി. റെമിഗിയോ സ്ഥലം കാലിയാക്കിയിരുന്നു.

വരൾച്ച അസഹനീയമായ ഒരു അവസ്ഥയിലെത്തിയിരുന്നു. തിന്നാൻ കഴിയുന്നതായ ഒന്നുംതന്നെ ജീവനോടെ അവശേഷിച്ചിരുന്നില്ല: ഉണങ്ങിയ ചെടികളില്ല, പാമ്പുകളില്ല, പിടിക്കാൻ കഴിയുന്ന ഒരു ജന്തുവുമില്ല, പറക്കുന്ന പക്ഷികളില്ല. അല്ലെങ്കിൽതന്നെ ഏതു വിഡ്ഢി ജന്തുവാണ് ഇവിടെ കൂട് കൂട്ടുകയും വീടുകെട്ടുകയുമൊക്കെ ചെയ്യുക? ഒന്നെങ്കിൽ കീടങ്ങളെ തിന്നുക; അല്ലെങ്കിൽ സ്ഥലം വിട്ടുപോവുക, അത്തരമൊരു സമയം വന്നുകഴിഞ്ഞിരിക്കുന്നു. "വെള്ളത്തിന് ഈ സ്ഥലത്തിനുമേൽ വിശ്വാസമില്ലെങ്കിൽപ്പിന്നെ നമുക്കതുണ്ടായിട്ടു കാര്യമില്ല," ഫാദർ പാസ്ക്കൽ പറഞ്ഞു: "ദാഹമെന്ന പീഡ അനുഭവിക്കുന്നതിനെക്കാൾ ഭേദം വേരുകളില്ലാതെ അലയൽതന്നെയാണ്. "മറ്റുള്ള ഇടങ്ങളിൽ ഇളംകാറ്റിനെ വരവേൽക്കാനായി ആളുകൾ ജനാലകൾ തുറന്നിടുമ്പോൾ പൊടിയെ പ്രതിരോധിക്കാൻ നമുക്കത് അടച്ചിടേണ്ടിവരുന്നുവെന്നത് കഷ്ടംതന്നെയാണ്. ചിലർ ഇവിടെ രണ്ടുകാലിൽ നടന്നുവന്നതാണ്, വേറെ ചിലർ ഇവിടെ ജനിച്ചുവീണവരും. എന്നാൽ ആർക്കുംതന്നെ ഇവിടെ മരിച്ചുവീഴേണ്ട കാര്യമില്ല. സാധനങ്ങളെടുക്കൂ. ആവശ്യമുള്ളതു മാത്രം. നമ്മൾ ഇവിടം വിട്ട് പോവുകയാണ്. ദൈവം പോയി താമസിച്ചുകൊള്ളാൻ പറഞ്ഞ സ്ഥലം ഇതായിരിക്കില്ല. എല്ലാവരും വേഗം കവലയിൽ ഒത്തുകൂടി. ഫാദർ പാസ്ക്കൽ പലായനം തുടങ്ങുന്നതിന് നിർദേശം കൊടുത്തു. ഗ്രാമത്തിലെ ജീവനുള്ള ഏക ജീവിയായ തന്റെ പശുവിനെയുംകൊണ്ടു വന്ന ഡോൺ മെൽക്കോറിനോട് ഫാദർ പാസ്ക്കൽ പറഞ്ഞു, "നിൽക്ക്, മറ്റുള്ളവരുടെ പക്കൽനിന്നെല്ലാം എടുക്കപ്പെട്ടത് നീ മാത്രം സൂക്ഷിക്കണമെന്ന് ദൈവം ആവശ്യപ്പെടുന്നില്ല. അവളെ ഇവിടെ വിട്, നിന്റെ വീടിനുള്ളിൽ പൂട്ടിയിട്, അവളുടെ കരച്ചിൽ കേൾക്കാത്തതുപോലെ നടക്ക്." ഡോൺ മെൽക്കോർ അതിനോട് യോജിച്ചില്ല, എങ്കിലും അയാൾ അനുസരിച്ചു. പശുവിനെ മുൻവാതിലിലൂടെ കയറ്റി, വർഷങ്ങളോളം ജീവിക്കുകയും ഒരു കുടുംബമുണ്ടാക്കുകയും ചെയ്ത ആ മൂന്നു മുറികളെ ഒരു വട്ടം കൂടി നോക്കി. ഒരു പശുവിനെ ഉപേക്ഷിച്ചപ്പോൾ മറ്റെന്തെങ്കിലും എടുക്കാൻ അയാളുടെ കൈ ഒഴിവായി; മരിച്ചുപോയ ഭാര്യയുടെ ചിത്രത്തിന്റെയും ഫാത്തിമാ മാതാവിന്റെ പ്രതിമയുടെയും ഇടയിൽ അയാൾ ശങ്കിച്ചു നിന്നു. അയാൾ മാതാവിനു മുന്നിൽ കുരിശുവരച്ചു. "ദേഷ്യപ്പെട

രുത്, കാര്യമെന്താണെന്നു വച്ചാൽ ഇങ്ങനെയൊരു പ്രതിമ എനിക്ക് എവിടെ വേണമെങ്കിലും വാങ്ങാൻ കിട്ടും. എന്നാൽ എന്റെ ഭാര്യയുടെ പടം ഇനിയെവിടെയും കിട്ടില്ല." പിന്നെ അയാൾ മറ്റുള്ളവർക്കൊപ്പമെത്താനായി ധൃതിയിൽ നടന്നു. ഒരു ജനറൽ തന്റെ പട നയിക്കുന്നതുപോലെ ഫാദർ പാസ്ക്കൽ അവരെ നയിച്ചു. "മുന്നോട്ട്," അദ്ദേഹം പറഞ്ഞു, തിരിഞ്ഞുനോക്കരുത്, കരുത്തർ അവശരെയും സ്ത്രീകൾ കുട്ടികളെയും സഹായിക്കട്ടെ. ഒടുവിൽ പശുവിന്റെ അമറലല്ലാത്ത മറ്റൊരു ശബ്ദം കേൾക്കാതായി. ഫാദർ പാസ്ക്കൽ കണ്ണുകളുയർത്തി പറഞ്ഞു, "അതെ, ദൈവമേ, നീ ഞങ്ങളെ നിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു, തുല്യതയിലല്ല, നീ സ്വയം ചെവികൾ സൃഷ്ടിക്കാതെ വെറുതെ ഞങ്ങൾക്ക് ശബ്ദം തന്നു. ഞങ്ങൾ പോകുന്നു. ദൈവമേ, നിനക്കായി ഞങ്ങൾ ഇവിടെ നിർമിച്ച ആരാധനാലയവും കുരിശും അൾത്താരയും കുമ്പസാരക്കൂടും മാമ്മോദീസാത്തൊട്ടിയും ഉപേക്ഷിച്ചു പോകുന്നു, കാരണം, ഞങ്ങളല്ല ഉടമ്പടി തെറ്റിച്ചത്." സൈമൺ മരിച്ചപ്പോൾ ശവപ്പെട്ടിയുമായി പോയ ജാഥപോലെ ആളുകൾ യാത്ര തുടങ്ങി. ഇത്തവണ പക്ഷേ, ശവപ്പെട്ടി ഇല്ലായിരുന്നെങ്കിലും എല്ലാവരും മരിച്ചതുപോലെയിരുന്നു. ഫാദർ പാസ്ക്കൽ കുപ്പായമുയർത്തി അയാളുടെ വരണ്ട ശരീരം അനുവദിക്കുന്നത്ര കഷ്ടപ്പെട്ട് മൂത്രമൊഴിച്ചു. അത് പൊടിപിടിച്ച തെരുവിലേക്ക് ഒഴുകി. അതൊരിക്കലും ഉണ്ടായതേയില്ല എന്നു തോന്നുംവിധം ഉണങ്ങിപ്പോയി. ആ ഭൂമി സ്വീകരിക്കുന്ന അവസാനത്തെ വെള്ളമായിരുന്നു അത്.

ലൂഷ്യോ പുറത്ത് കാൽപ്പെരുമാറ്റം കേട്ട് വായന നിറുത്തി. വാ തുറന്നുവച്ച് എന്തുകൊണ്ട് ചവച്ചുകൂടാ എന്ന് ഒരു സ്ത്രീ മകന് വിശദീകരിച്ചുകൊടുക്കുകയാണ്.

"നിങ്ങൾ ഇപ്പോഴും ഇവിടെ എന്തു ചെയ്യുകയാണ്?" അയാൾ അവരുടെ നേരേ ഒച്ചയെടുത്തു. "നിങ്ങൾ ഫാദർ പാസ്ക്കലിന്റെ കൂടെ പോയില്ലേ?" ആ സ്ത്രീ അത്ഭുതത്തോടെയും പയ്യൻ പേടിച്ചും അയാളെ നോക്കി. അവർ പോകാനായി തിരിഞ്ഞു. അയാൾക്കും ലൈബ്രറിക്കും എതിരെ തിരിഞ്ഞയുടൻ അവർക്ക് ചിരി പൊട്ടി.

പോലീസുകാർ ഇത്തവണ ഒരു മേലധികാരിയെയും കൂട്ടി അതേ പിക്ക് അപ്പ് ട്രക്കിൽ വന്നു. മെൽക്വസിദെക്ക് സ്ഥിരമായി വണ്ടി നിറുത്തുന്നയിടത്ത് അവരുടെ വണ്ടി നിറുത്തിയിട്ടു. അന്വേഷണം തുടങ്ങിയാലോ എന്ന് അവർ തീരുമാനിക്കുന്നതിനുമുമ്പുതന്നെ ഡോണാ റൊസാരിയോ എന്ന കിഴവിത്തള്ള അവർക്കുനേരേ ഒരു ഒഴിഞ്ഞ പാത്രം നീട്ടി. ഒരു വാക്കുപോലും മിണ്ടുന്നതിനുമുമ്പ് തന്റെ തെറ്റു മനസ്സിലാക്കി അവർ നടന്നുമാറി.

ഓരോ വീട്ടിലും പോലീസിന്റെ നടപടി ഒന്നുതന്നെയായിരുന്നു; ചീഫ് ഒരു വലിയ ചിരിയോടെ ലെഫ്റ്റനന്റ് അഗ്വിലാർ എന്നു സ്വയം പരിചയപ്പെടുത്തി. ഓരോ സ്വീകരണമുറിയിലും അടുക്കളയിലും ചില ഒറ്റമുറിവീടുകളുടെ കാര്യത്തിൽ കിടപ്പുമുറിയിലും കയറിച്ചെല്ലും. ആളുകളുടെ പരിഭ്രമം അളക്കാനല്ലാതെ മറ്റു യാതൊരു പ്രയോജനവുമില്ലാത്ത ഒരു കൂട്ടം ചോദ്യങ്ങൾ അയാൾ ചോദിക്കും. ആരും എന്തായാലും അതെ, അതു ഞാനാണ്, അവൾ എന്റെ പാൻട്രിയിലുണ്ട് എന്നു പറയാൻ പോകുന്നില്ല. ഏറ്റവും പ്രധാന താൽപര്യം പെൺകുട്ടിയുടെ ചിത്രം കാണിക്കുമ്പോൾ ആളുകളിലുണ്ടാകുന്ന ഭാവമാറ്റങ്ങൾ അളക്കലാണ്. പുറത്തുനിൽക്കുന്ന മറ്റുരണ്ട് പോലീസുകാർ ജനലിലൂടെയോ കതകിലൂടെയോ ഉള്ളിലേക്കു നോക്കുകയോ മിനുക്കാനെന്ന വ്യാജേന തങ്ങളുടെ 45 തോക്കുകൾ പുറത്തെടുക്കുകയോ ചെയ്തിരുന്നു. ഒരുത്തൻ പറയും, "ഹിഷോലിത്തോ, എന്റേതിന് അല്പം പണി കിട്ടിയിരുന്നെങ്കിൽ എന്നുണ്ട്." ഒരു പെൺകുട്ടി കടന്നുപോയാൽ രണ്ടുപേരും ചിരിച്ച് തൊപ്പിയുയർത്തും. ചിലപ്പോൾ സംതൃപ്തനായ ചീഫ് ഇറങ്ങി വന്നു പറയും, നമുക്ക് അടുത്ത വീട്ടിലേക്കു പോകാം; ചിലപ്പോൾ കൂടുതൽ സംതൃപ്തനായ ചീഫ് വന്ന് ഒരു തിരച്ചിലിന് ഓർഡറിടും. അങ്ങനെയാണെങ്കിൽ പ്രതിഷേധശബ്ദങ്ങളും വീട്ടുസാമാനങ്ങൾ നിരക്കുന്ന ഒച്ചയും, ഒരു പ്ലേറ്റോ ഗ്ലാസോ പൊട്ടുന്നതും കേൾക്കാം. ഒരു തിരച്ചിലും വീടിന്റെ ഉൾവശവും മുറ്റവും സൂക്ഷിപ്പുമുറിയുമെല്ലാം തലകീഴ് മറിക്കുന്നതും തമ്മിൽ വ്യത്യാസമില്ലാത്ത പോലീസുകാർ. അവർ കയറി ചവിട്ടുന്നതിനുമുമ്പ് ചിതറിയോടുന്ന കോഴിക്കുഞ്ഞുങ്ങൾ, യാതൊരു ഭാവമാറ്റവുമില്ലാതെ നോക്കുന്ന ആടുകൾ.

തിരച്ചിലിന്റെ രീതികളിതൊക്കെയാണെന്ന് മനസ്സിലാക്കിയ റെമിഗിയോ പറമ്പിലേക്ക് ഓടി. ഒരു നേർവരയിലാണ് പോലീസിന്റെ ചോദ്യം ചെയ്യലെങ്കിൽ അവന്റെ ഊഴം ഏറ്റവും അവസാനമായിരിക്കും. അവന്റെ വീട് ഇക്കാമോളിന്റെ ഏറ്റവും ഒടുവിലാണ്. എന്നാൽ സന്ദർശകരുടെ ഭൂമിശാസ്ത്ര കൃത്യതയെപ്പറ്റി അവനത്ര മതിപ്പ് പോരായിരുന്നു. പോലീസിന്റെ അന്വേഷണത്തെപ്പറ്റി ആലോചിക്കാൻ ലൂഷ്യോ നേരത്തെ തന്നെ അവനോടു പറഞ്ഞിരുന്നു. പോലീസിന്റെ മുന്നിലുള്ള ഒരു രംഗം അവൻ നേരത്തെതന്നെ സങ്കല്പിച്ചിരുന്നു. പെൺകുട്ടിയുടെ ഫോട്ടോ കാണുമ്പോൾ അവൻ വിക്കുകയും വിറയ്ക്കുകയും അസ്വസ്ഥനാവുകയുംചെയ്യും. അവർ വീട് പരിശോധിക്കുകയും പറമ്പിലിറങ്ങി കിണറ്റിൽ നോക്കുകയും ചെയ്തു പറയും: ഞാൻ കരുതി ഇവിടെയാർക്കും വെള്ളമില്ലെന്ന്. വിവരം നാട്ടിൽ പരന്ന്, ആളുകൾ അവനെ അപമാനിക്കും, ചതിയനെന്നു വിളിക്കും. ചിലപ്പോൾ വെള്ളമുള്ള കിണർ പോലീസിന്റെ ശ്രദ്ധയാകർഷിക്കും, അവരതിലേക്ക് ഒരാളെ ഇറക്കി നോക്കും. മറ്റേ ഷൂ എവിടെയാണെന്ന് എനിക്ക് യാതൊരു രൂപവുമില്ല. നിങ്ങൾ ശരീരം കണ്ടെത്തിയോ? ലഫ്റ്റനന്റ് കിണറിനടിയിലേക്ക് വിളിച്ചുചോദിക്കും. ഇല്ല ചീഫ്, പക്ഷേ, ഇവിടെ നിങ്ങൾ പരിശോധിക്കേണ്ട മറ്റൊരു സംഗതിയുണ്ട്. അയാൾ ഒരു നിമിഷം ഒന്ന് ശാന്തനാകും; പോലീസുകാർക്ക് സ്വതവേ കിണറ്റിലിറങ്ങാൻ കഴിയുന്നതിനെക്കാൾ തടിയുണ്ട്, എന്നാൽ അവർ സങ്കല്പിക്കുന്നത് അവർക്ക് യാതൊരു സമാധാനവും കൊടുക്കുന്നുണ്ടായിരുന്നില്ല. കിണറ്റിലിറങ്ങാൻ സന്നദ്ധത കാണിച്ച ചെറുക്കനെ അയാളോർത്തു; തടിയൻ ആന്റുനെ അയാളുടെ നേർക്ക് വിരൽ ചൂണ്ടുന്നതും. രണ്ടുപോലീസുകാരിൽ ആരെങ്കിലുമൊരാൾ അവോക്കാഡോ മരത്തിനരികിൽ നിൽക്കുന്നതും അയാൾ സങ്കല്പിച്ചു; ഭാരംകൊണ്ട് നിലത്ത് ഒരു പൊട്ടലുണ്ടായി. ഇവിടെയാരോ കുഴിച്ചതുപോലെയുണ്ടല്ലോ, ലഫ്റ്റനന്റ് തമാശ പറയും, റെമിഗിയോ കൈവിലങ്ങുകളണിഞ്ഞ് പോലീസ് പട്രോൾകാറിന്റെ അകമ്പടിയോടെ പെൺകുട്ടിയെപ്പറ്റിയുള്ള ഓരോ ചോദ്യത്തിനും എനിക്കറിയില്ല എന്നുത്തരം പറഞ്ഞ് മുന്നോട്ടു പോകുന്നതും സങ്കല്പിച്ചു നോക്കി.

വെള്ളത്തിന്റെ അടയാളങ്ങൾ നീക്കിക്കളയുന്നത് ലളിതമാണ്, എന്നാൽ ഏറെ പണിപ്പെടേണ്ടി വരും. അതു ബക്കറ്റിൽ കോരിയെടുത്ത് ഒച്ചയുണ്ടാക്കാതെ മണ്ണിലെ ഏതെങ്കിലും ദാഹിച്ചുവലഞ്ഞയിടത്ത് ഒഴിച്ചുകളയണം. മണ്ണ് ഈർപ്പത്തിന്റെ നേരിയ ലക്ഷണങ്ങൾ പോലും അതിവേഗം വലിച്ചെടുക്കും. ഒരു നൂറ്–നൂറ്റമ്പതു തവണ ഈ പ്രവൃത്തി ആവർത്തിക്കേണ്ടി വന്നേക്കുമെന്ന് റെമിഗിയോയ്ക്കു തോന്നി. ഓരോ ബക്കറ്റിലും കാണാതായ ഷൂവോ വളയോ അതുപോലെ അയാളെ കുറ്റക്കാരനാക്കിയേക്കാവുന്ന മറ്റെന്തെങ്കിലുമോ ഉണ്ടോയെന്ന് നോക്കുകയും വേണം.

അയാൾ മണിക്കൂറുകളോളം ആ ജോലി തുടർന്നു. ആദ്യമൊക്കെ വെപ്രാളപ്പെട്ടിരുന്നെങ്കിലും നിമിഷങ്ങൾ കഴിയവേ അയാൾ സമാധാനപ്പെട്ടു. ജലനിരപ്പ് താണുതുടങ്ങി, ആരും കതകിൽ മുട്ടിയതുമില്ല. അവോക്കാഡോ മരത്തിനരികിൽ ഒന്നുരണ്ട് ബക്കറ്റ് വെള്ളമൊഴിച്ച് ചടങ്ങില്ലാതെ അടക്കിയ സ്ഥലം ഒന്നു ചവിട്ടിയുറപ്പിക്കാനുംകൂടി അവന് സമയമുണ്ട്. കുടിക്ക് ബാബെറ്റ്, നീ ഇക്കാമോൾപോലെ ഉണങ്ങിപ്പോകരുത്. അവസാനത്തെ ഒന്നുരണ്ടു തവണ ബക്കറ്റിൽ ഒന്നുരണ്ടിറക്ക് വെള്ളമേ ഉണ്ടായിരുന്നുള്ളൂ; മുഴുവനായി കിണർ വറ്റിക്കൽ അസാധ്യമാണ്, എന്നാൽ ഇപ്പോൾ അത് ഉപയോഗശൂന്യമായി കെട്ടിക്കിടക്കുന്ന അല്പം വെള്ളമാണെന്ന് അവനു വാദിക്കാൻ കഴിഞ്ഞേക്കും.

തളർന്നവശനായി അയാൾ അവസാനതുള്ളി വെള്ളം തന്റെ തലയിലൊഴിച്ച് അവോക്കാഡോകളില്ലാത്ത മരത്തിന്റെ തണലിൽ നിന്നു. ഒരു കുട്ട നിറയെ പഴങ്ങൾ ലൂഷ്യോയ്ക്ക് കൊണ്ടുക്കൊടുത്തതിൽ അവന് പശ്ചാത്താപം തോന്നി. അവന്റെ മരത്തിലെ പഴത്തിന്റെ തൊലിയിൽ തൊട്ടുനോക്കാൻ അവനിഷ്ടമായിരുന്നു; അങ്ങനെ തൊലിയുള്ള ഒരു സ്ത്രീയെ അവന് വേണമായിരുന്നു; തിളങ്ങുന്നതും മിനുസമേറിയതും; നക്കിനോക്കാൻ തോന്നുന്നതുപോലുള്ള തൊലി. വളരെക്കൂടുതൽ സൂര്യപ്രകാശവും വരണ്ട കാറ്റുകളും പണിത്തിരക്കുകളുമുള്ള ഇക്കാമോളിൽ അത് അസാധ്യമാണ്. ഇക്കാമോളിൽ മയമുള്ള കൈകളും ചെറിയ കാലുകളുമൊന്നും കാണാനില്ല. ബാബെറ്റിന്റെ സ്പർശം ഉണർത്തിയ വികാരങ്ങൾ ഉണർത്താൻ കഴിയുന്ന ഒരു പെണ്ണുപോലും ആ നാട്ടിലില്ല. ചിലപ്പോൾ അയാൾ സെനോര റോബിൾസിന്റെ കാലിന്റെ രൂപം ആലോചിച്ചു നോക്കും: തടിച്ച് പരുക്കനായ തുടകളും രോമം നിറഞ്ഞ കണങ്കാലുകളും. ചിലപ്പോഴൊക്കെ അയാൾ എൻകാർനയുടെ മുലകളെപ്പറ്റി ആലോചിക്കും: നിറഞ്ഞു തിങ്ങിയ ചാട്ടക്കാരാണെങ്കിലും മുലഞെട്ടുകൾ വല്ലാതെ പരുക്കനും കൂർത്തവയും ആയിരുന്നു, വലിയ ചോക്ലേറ്റ് ചതുരങ്ങൾപോലെ. അവന്റെ അവോക്കാഡോകൾപോലെ മിനുസമാർന്ന മറ്റൊന്നുമില്ല, അതുകൊണ്ടുതന്നെ ചില രാത്രികളിൽ അവൻ കുറേ പഴങ്ങൾ കിടക്കയിൽ വിതറി അവയുടെ കൂടെ കിടക്കാറുണ്ട്. അവനവയെ താലോലിച്ച് പുകഴ്ത്താറുണ്ട്. മിനുത്ത കൈകളും ചെറുതായി കടിക്കാൻ കഴിയുന്ന മുലകളുമുള്ള കാമുകിമാരാണവർ. ഉപയോഗശേഷം എറിഞ്ഞുകളയാം, പേരില്ല, കടമകളില്ല, ഭാവിയില്ല, പ്രേമത്തിനുവേണ്ടി എല്ലാം ത്യജിച്ചശേഷം കിടക്കയിൽ ഞെരിഞ്ഞുചേർന്ന വിധമാണ് പിന്നെയവരെ കാണാൻ കഴിയുക. അവോക്കാഡോ പ്രലോഭനത്തിന്റെ പഴമാണെന്നതിൽ സംശയമൊന്നുമില്ല; ആളുകൾ അത് ആപ്പിളാണെന്ന് കരുതുമെങ്കിലും. മിനുത്തതൊലിയും ഉറച്ച ശരീരവുമുള്ള ഒട്ടിപ്പിടിക്കുന്ന, കടിക്കുമ്പോൾ രഹസ്യങ്ങളൊന്നുമില്ലാത്ത, എന്നാൽ പഴകിയാൽ ഉടൻതന്നെ ഈച്ചയാർക്കുന്ന

തരം വേശ്യയാണ് ആപ്പിൾ. ആ പെൺകുട്ടി ആപ്പിൾ മരത്തിനടിയിൽ കിടക്കുന്ന സാന്റിന്റെ പയ്യനേക്കാൾ നല്ല നിലയിലായിരിക്കും. തന്റെ അവോക്കാഡോ മരത്തിനിടയിൽ എന്നവന് ഉറപ്പായിരുന്നു. അവനത് ലൂഷ്യോയോട് പറഞ്ഞില്ലെന്നേയുള്ളൂ, എന്നാൽ ആ പയ്യനെ ഒന്നോമ നിക്കാതെ മറവുചെയ്ത ആൽബർട്ടോ സാന്റിൻ ഒരു വിഡ്ഢി തന്നെ. റെമിഗിയോയുടെ കാര്യത്തിലാവട്ടെ ഓരോ തവണ പെൺകുട്ടിയെ വേരുകൾക്കിടയിലേക്ക് ഉന്തിക്കയറ്റിയപ്പോഴും അവൻ പെൺകുട്ടി യോട് കൂടുതലടുക്കുകയാണ് ചെയ്തത്. അവളുടെ ഉടുപ്പ് പൊങ്ങി പ്പോയപ്പോൾ, കഴുത്ത് നേരെയാക്കേണ്ടിവന്നപ്പോൾ, മടങ്ങിപ്പോകാതെ കാൽമുട്ട് നേരെ പിടിക്കേണ്ടിവന്നപ്പോൾ, അരക്കെട്ട് നേരെ പിടിക്കേ ണ്ടിവന്നപ്പോൾ, നെറുകയിലെ പൊടി തട്ടിക്കളഞ്ഞപ്പോൾ കുട്ടിയുടെ മുഖമുള്ള ആപ്പിളുകളുടെ കഥ പറയുന്നതിനിടെ സാന്റിൻ പറയാൻ വിട്ടുപോയതൊന്നുണ്ട്; ഒരു കുട്ടിയുടെ മൃതദേഹം മറവുചെയ്യുന്ന ഒരാൾ ആ കുട്ടിയുമായി പ്രേമത്തിലാകുമെന്ന്. ഭൂമിക്കടിയിലായ ആ ശരീരത്തെ കെട്ടിപ്പിടിക്കാതെ, ചുംബിക്കാതെ, അതിനോട് സംസാരി ക്കാതെ, ദുഃഖം മാറ്റാൻ പാട്ടുകൾ പാടിക്കൊടുക്കാതെയിരിക്കാൻ ഞാൻ വല്ലാതെ കഷ്ടപ്പെടേണ്ടി വന്നു. ആൽബർട്ടോ സാന്റിൻ ഇതി നെപ്പറ്റിയൊന്നും അറിയാനേ പോകുന്നില്ല, കാരണം എഴുതുന്നതു പോലെയോ വായിക്കുന്നതുപോലെയോ അല്ല ജീവിക്കുന്നത്.

റെമിഗിയോ മരമുപേക്ഷിച്ച് കിടപ്പുമുറിയിലെത്തി വിയർത്തൊ ലിച്ചുകൊണ്ട് കിടക്കയിലേക്കു വീണു.

അയാൾ പോലീസുകാരനെപ്പറ്റി പിന്നെ ആലോചിച്ചതേയില്ല. അവോ ക്കാഡോകളുടെ അടുത്ത വിളവിനായി അക്ഷമനായി കാത്തു. ഷീറ്റി നുള്ളിൽ കൈ വഴുതി നീങ്ങിയപ്പോൾ അവൻ ബാബെറ്റിന്റെ പേര് വിളിച്ചു.

പോലീസുകാരുടെ ചോദ്യം ചെയ്യൽ ലൂഷ്യോ ജനലിലൂടെ നോക്കിക്കണ്ടു. റെമിഗിയെപ്പോലെ അയാളും ഏതുനിമിഷവും കതകിലൊരു മുട്ട് പ്രതീക്ഷിക്കുന്നുണ്ട്. ചടങ്ങുകളും മര്യാദകളും ഒഴിവാക്കാനായി അയാൾ കതക് മലർക്കെ തുറന്നിട്ടിരുന്നു. ഇതൊരു പൊതു ഇടമാണ്, അയാൾ സ്വയം പറഞ്ഞു. അവർക്കെപ്പോൾ വേണമെങ്കിലും കയറി വരാം. അവർ ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരവാദിത്വം അവരുടേതാണ്. വായിക്കാനാണവർ വന്നതെങ്കിൽ നിർദേശങ്ങൾ ഞാൻ കൊടുക്കും: ഇരിക്കൂ, നിശ്ശബ്ദത പാലിക്കൂ, ഗം ചവയ്ക്കാൻ പാടില്ല; പുസ്തകത്താളിൽ അടിവരയിടാൻ പാടില്ല; താൾ മറിക്കാൻ വിരൽ നനയ്ക്കാൻ പാടില്ല, താൾ കീറിയെടുക്കാൻ ശ്രമിക്കരുത്, അറ്റം മടക്കി വയ്ക്കരുത്, ഒരു ബുക്ക് മാർക്ക് ഉപയോഗിക്കൂ. വർഷങ്ങൾക്കുമുമ്പ് ലൂഷ്യോ മൊൺടെറിയിൽ ലൈബ്രേറിയൻമാരുടെ ഒരു സമ്മേളനത്തിൽ പങ്കെടുത്തു. അവിടെ വച്ച് പുസ്തകത്താളുകൾക്കിടയിൽ കണ്ടെത്താൻ കഴിയുന്ന വസ്തുക്കളെപ്പറ്റി അയാൾ മനസ്സിലാക്കി: ഉണങ്ങിയ പൂക്കൾ, ചിത്രശലഭങ്ങൾ, കടിച്ചുതുപ്പിയ കൈനഖക്കഷണങ്ങൾ, കത്തുകൾ, പ്രേമലേഖനങ്ങൾ, മേൽവിലാസങ്ങൾ, ഭക്ഷണം: സോഡ വീണ പാടുകൾ, എണ്ണമെഴുക്ക്, ബ്രഡ് കഷണങ്ങൾ, മയൊണെയ്സ് സോസുകൾ; മൂക്കട്ട. അതു നീക്കം ചെയ്യുന്നതിന് ചെറിയ ഒരു കരണ്ടി ഉപയോഗിക്കാനാണ് ആ സമ്മേളനം അനുശാസിച്ചത്. ചിലതരം രതിപുസ്തകങ്ങളിൽ അപൂർവ്വമായി ബീജവും കണ്ടെത്തിയിരുന്നത്രേ. പുസ്തകങ്ങൾക്കു വരുത്തിയ കേടുപാടുകൾക്ക് വായനക്കാരോട് പണം വാങ്ങണമെന്നു ചിലരും അതു വായനയുടെ ഭാഗമായിക്കരുതണമെന്ന് മറ്റു ചിലരും പറഞ്ഞു. തീരുമാനത്തിലൊന്നുമെത്തിയില്ലെങ്കിലും ഒരു സ്ത്രീയോട് The Sealed Window വായിച്ചു കരഞ്ഞ് പേജു നനയ്ക്കരുതെന്ന് എങ്ങനെ ആവശ്യപ്പെടുമെന്ന് ഒരു മുതിർന്ന ലൈബ്രേറിയൻ ചോദിച്ചതോടെ ചർച്ച അവസാനിച്ചു. ലൂഷ്യോ മുഴുവൻനേരവും നിശ്ശബ്ദനായിരുന്നു; അയാളുടെ പ്രധാന പ്രശ്നം പൊടിയും സമയം പോകാത്തതുമായിരുന്നു. അല്ലാതെ നിലവിലില്ലാത്ത വായനക്കാരല്ല.

അയാൾ ബുക്ഷെൽഫിൽനിന്നും 'കുട്ടികളില്ലാത്ത നഗരം' എടുത്തു. പൗലോ ലൂസറെല്ലി മറ്റേതോ നൂറ്റാണ്ടിലേതെന്ന മട്ടിൽ പറയുന്ന പള്ളികളും കോട്ടകളും ചുറ്റുമതിലുമുള്ള ആ പുരാതന നഗരത്തിന്റെ കഥ

അയാൾക്കിഷ്ടമാണ്. ഏതോ പഴയ കാലത്തിലെ കഥയാണതെങ്കിലും മറ്റേതൊരു പുതിയ കാല എഴുത്തിനെക്കാളും അത് ഇക്കാമോളിനോട് ചേർന്നുനിൽക്കുമെന്ന് അയാൾക്കു തോന്നിയിരുന്നു. സാധാരണ മനുഷ്യരെ വിശേഷിപ്പിച്ചിരുന്ന വാക്കുകൾ അയാൾക്കിഷ്ടപ്പെട്ടിരുന്നു: കുതിരപ്പുറത്തേറിയവർ, വണ്ടി വലിക്കുന്നവർ, ചെരിപ്പില്ലാതെ നടക്കുന്നവർ, സ്വന്തം കൈകൊണ്ട് ഭക്ഷണമുണ്ടാക്കുന്നവർ, കോഴിയുടെ കഴുത്ത് ഞെരിച്ചിടുന്നവർ. വേഷം വ്യത്യസ്തമാണ്. ഇക്കാമോളിൽ കൊട്ടാരങ്ങളുമില്ല. എന്നാൽ ഇന്നത്തെ എഴുത്തുകാർ ഭീതിദമായോ ധൈര്യം വേണ്ടുന്നതായോ ആയി ചിത്രീകരിക്കുന്ന കാര്യങ്ങളെ, ഒരു തടി വെട്ടുന്നതോ തുറസ്സായൊരിടത്തു കിടന്നുറങ്ങുന്നതോ പോലുള്ള കാര്യങ്ങളെ ലൂസറെല്ലി ഒരു സാധാരണത്വത്തോടെ അവതരിപ്പിച്ചുരുന്നു. മാത്രമല്ല, അയാൾക്ക് മൺമറഞ്ഞ എഴുത്തുകാരെ വായിക്കലായിരുന്നു കൂടുതലിഷ്ടം. കാരണം അവർ വായനക്കാരെ പ്പറ്റിയൊന്നും കാര്യമായി ചിന്തിക്കാതെ കാര്യങ്ങൾ വിശദീകരിച്ചിരുന്നു. ഒരു വാചകം: പുറത്തിറങ്ങുന്നതിമുമ്പ് റോബർട്ട് എമിലിക്കു പ്രിയപ്പെട്ട കറുത്ത 'ജോർജിയോ ബെല്ലി' എടുത്തണിഞ്ഞു എന്നു വായിച്ചതു മാത്രം മതിയായിരുന്നു ലൂഷ്യോയ്ക്ക് *Mirrors of life* പിൻവലിക്കാൻ. റോബർട്ട് എടുത്തണിഞ്ഞത് ഒരു തൊപ്പിയാണോ അതോ ജാക്കറ്റാണോ എന്നുപോലും അന്വേഷിക്കാൻ ലൂഷ്യോ മെനക്കെട്ടില്ല. ഒരു എഴുത്തുകാരൻ നോവലിൽ കഥാപാത്രം ഇട്ടിരിക്കുന്ന ട്രൗസറിനെപ്പറ്റി പറയുകയോ കക്കൂസിലെ വെള്ളത്തെപ്പറ്റിയോ കണ്ണാടിയെപ്പറ്റിയോ ടൈയെപ്പറ്റിയോ അയാൾ ഏതോ റസ്റ്റോറന്റിൽ വച്ച് കുടിച്ച ഫ്രഞ്ച് വൈനിനെ പറ്റിയോ ക്രെഡിറ്റ്കാർഡിനെപ്പറ്റിയോ വണ്ടിയെപ്പറ്റിയോ ടിവിയെപറ്റിയോ ഒക്കെ പറയുന്നതിനെക്കാൾ ഭേദം വായനക്കാരൻ പുസ്തകം തുറന്ന് അതിനു മുകളിൽ വച്ച് ഭക്ഷണം കഴിക്കുന്നതാണ്. അയാൾക്ക് വണ്ടികളോട് ദേഷ്യം തോന്നാൻ കാരണം ഡിറ്റക്റ്റീവ് കാസ്റ്റെല്ലിയാണ്. ഓഫീസിൽനിന്ന് കുറ്റം നടന്നയിടത്തേക്ക് വണ്ടിയോടിച്ചു പോകുന്നതിനു പകരം അയാൾ ട്രാഫിക്കിനെപ്പറ്റിയും വിളക്കുകളെപ്പറ്റിയും വഴിയിലെ കടകളെപ്പറ്റിയും റേഡിയോയിലെ പാട്ടുകളെപ്പറ്റിയും പറയും. ട്രാഫിക്‌ലൈറ്റ് മാറാൻ കാത്തുനിൽക്കുന്നതിനിടെ കാസ്റ്റെല്ലി അടുത്തുള്ള നെടുങ്കൻ ബിൽബോർഡിൽ നോക്കുകയും താൻ തലേരാത്രി ബാറിൽ വച്ച് കണ്ട സ്ത്രീയെ ഓർക്കുകയും ചെയ്യും. ആക്സിലറേറ്ററിൽ കാൽ ചവിട്ടുമ്പോഴേക്കും അയാൾക്ക് അതിഭയങ്കരമായ ഉദ്ധാരണമുണ്ടായിക്കഴിഞ്ഞിരിക്കും. അതുകൊണ്ടാണ് മെൽക്വസിദെക്കിന്റെ വണ്ടി നിൽക്കേണ്ടിയിരുന്നിടത്ത് പോലീസുകാരുടെ വണ്ടിവന്നുനിന്നത്. ഇക്കാമോളിനുമേൽ ഒരു കറ പുരണ്ടതു പോലെയാണെന്ന് ലൂഷ്യോയ്ക്ക് തോന്നിയത്; ആ വണ്ടി എത്തരത്തിലുള്ളതാണെന്നും അതിന് റേഡിയോയും സൺറൂഫും ഉണ്ടെന്നും,

ഒരു പ്രത്യേക ഡിസൈനിലുള്ള കണ്ണടകൾ ഉള്ളിലിരിക്കുന്നവർ ധരിച്ചിട്ടുണ്ടെന്നുള്ളതും ശ്രദ്ധിക്കേണ്ടത് അനിവാര്യമായിത്തീർന്നിരുന്നു.

അയാൾ ഒരു മണിക്കൂർകൂടി കാത്തിരുന്നു. അതിനിടെ കുട്ടികളില്ലാത്ത നഗരത്തിൽനിന്നും കഥയിൽ പ്രധാനപ്പെട്ടതെന്നു തോന്നുന്ന ഭാഗങ്ങൾ അടിവരയിട്ട് അതുമാത്രം വായിച്ചുകൊണ്ടിരുന്നു. വിശേഷോടെ പലവട്ടം റെമിഗിയോയുടെ അവോക്കാഡോ കൊട്ടയിലേക്ക് നോക്കി; പക്ഷേ, അയാൾ പുസ്തകത്തിനടിവരയിട്ടുകൊണ്ടിരുന്നതിനാൽ തീൻമേശയിലിരുന്ന് വായിക്കുന്ന കൗമാരക്കാരനെപ്പോലെ പുസ്തകം ചീത്തയാക്കാൻ ആഗ്രഹിച്ചില്ല.

ലഫ്റ്റനന്റ് അഗ്വിലാർ ഉച്ചതിരിഞ്ഞ് അല്പം വൈകിയാണെത്തിയത്. ബുക്ക്ഷെൽഫുകളിൽ ചെറുതായൊന്നു പരതിനോക്കി നിശ്ശബ്ദനായി നിന്നപ്പോൾ അയാളുടെ ചെരിപ്പിനടിയിൽനിന്നും സാന്റ് പേപ്പറിന്റെ പോലുള്ള ശബ്ദം കേട്ടു. മുറിയാകെയൊന്ന് കണ്ണോടിച്ച് അയാൾ പറഞ്ഞു; "ഈ നാട്ടിൽ ഒരു ബിബ്ലിയോത്തെക്കയോ?" പിന്നീടൊരു ചിരിയോടെ അതോ ബിബ്ലിയോത്തെയോ എന്നു തിരുത്തി. അയാളെ അസ്വസ്ഥനാക്കാനായേക്കുമെന്ന് പ്രതീക്ഷിച്ച് ലൂഷ്യോ അർത്ഥമില്ലാത്തൊരു നോട്ടം നോക്കി. നിങ്ങൾക്ക് ക്ലിനിക്കില്ല, എന്നാൽ പുസ്തകങ്ങളുണ്ട്. ഈ ഗവൺമെന്റിനെ ആർക്കു മനസ്സിലാക്കാനാകും? പുറത്തു കടക്ക്, നിങ്ങൾകാരണം ഞാനൊരു നിയമം തെറ്റിച്ച് പുസ്തകത്തിൽ അടിവരയിട്ടു എന്നു പറയാനാണ് തോന്നിയതെങ്കിലും ലൂഷ്യോ അയാളുടെ ഡെസ്ക്കിലിരുന്ന് ഒരു ചിരി വരുത്താൻ ശ്രമിച്ചു. എണീറ്റയാളെ വന്ദിക്കേണ്ടെന്ന് ലൂഷ്യോ തീരുമാനിച്ചു, കാരണം അയാളുടെ കാഴ്ചപ്പാടിൽ ഒരു ലൈബ്രേറിയൻ ഒരു നിയമപാലകനെക്കാൾ മേലെയായിരുന്നു. പോലീസുകാരൻ ദേഷ്യവും അലോസരവും നിറച്ച മുഖത്തോടെ പലവട്ടം പ്രദർശിപ്പിച്ചു കഴിഞ്ഞ ഫോട്ടോ എടുത്തുയർത്തി. ഇക്കാമോളിലെ പകുതിയാളുകളോടുപോലും സംസാരിച്ചു കഴിഞ്ഞിട്ടില്ല, രാത്രി അവിടെ തങ്ങേണ്ടിയും വരും. വേറെ നിവൃത്തിയില്ല; *വില്ലാ ദ് ഗാർസ്യ*യിൽ തിരികെച്ചെന്നാൽ മേലധികാരിയുടെ ശാസനയാവും കാത്തുനിൽക്കുക. "വിഡ്ഢി, നീയെല്ലാവരെയും വിവരമറിയിച്ചുകഴിഞ്ഞു. അവർ ഈ രാത്രിതന്നെ പെൺകുട്ടിയെ മാറ്റും, ഏതെങ്കിലും കുന്നിൻമുകളിലോ മരുഭൂമിയിലോ അവളെ ഉപേക്ഷിക്കും, തീർച്ച. ഇവളെ അറിയാമോ?" ലൂഷ്യോ ഒന്ന് മുന്നോട്ടാഞ്ഞ് കണ്ണുകൾ ആ ചിത്രത്തിനുമേലുറപ്പിച്ചു. അറിയാം, അവളുടെ പേര് ബാബെറ്റ് എന്നാണ്. ലഫ്റ്റനന്റ് അഗ്വിലാർ ഒരു കസേര വലിച്ചിട്ട് ഇരുന്നു. "ഇല്ല സെനോർ, അവളുടെ പേര് അനാമാരി എന്നാണ്, ഞങ്ങൾ അവളെ തിരഞ്ഞുനടക്കുകയാണ്." ലൂഷ്യോ തോൾ കുലുക്കി മുകളിലേക്കു നോക്കി, അനാമാരി, ബാബെറ്റ്, വെറും പേരുകൾ ലഫ്റ്റനന്റ് ഒരു നോട്ടുബുക്കെടുത്ത് വാബെറ്റ് എന്നെഴുതി. അല്ല, ലൂഷ്യോ പ്രതികരിച്ചു.

'ബറോ' എന്നതിലെ ബി, ഡബിൾ റ്റി, ഇ. ലഫ്നന്റ് അത് വെട്ടിത്തിരുത്തി വീണ്ടുമെഴുതി ശരിയാണോ എന്നു ചോദിച്ചു. ലൂഷ്യോ നോട്ട്ബുക്ക് എത്തിപ്പിടിച്ചു. ആ ദിവസത്തെ കാര്യങ്ങൾ മുഴുവൻ ഓടിച്ചുനോക്കണ മെന്ന് അയാൾക്കുണ്ടായിരുന്നുവെങ്കിലും ആകെ മുന്നിലുള്ള പേജിൽ നിന്ന് പടർന്നിറങ്ങിയ സെനോര ഉർദനേതയുടെ പേരു മാത്രമേ അയാൾക്കു കാണാൻ കഴിഞ്ഞുള്ളൂ. രണ്ടു പോലീസുകാരുടെയും ശബ്ദം വെളിയിൽ കേൾക്കാം, ഒരാൾ ചുമയ്ക്കുകയും മറ്റെയാൾ തുപ്പുകയും. നിങ്ങൾക്ക് ഇവളെപ്പറ്റി എന്തെങ്കിലും വിവരമറിയാമോ? അഗ്വിലാർ മുറിയാകെ പരതിനോക്കി, അയാളുടെ കണ്ണ് തുരുമ്പിച്ച ഇരുമ്പ് താഴിൽ ഒരു നിമിഷം ഉടക്കിനിന്നു. അയാൾ ഇനി കാത്തു നിന്നിട്ടു കാര്യമൊന്നുമില്ലെന്ന് ലൂഷ്യോയ്ക്കറിയാം. കാര്യങ്ങൾ മനസ്സി ലാക്കാനുള്ള ലഫ്റ്റനന്റിന്റെ കഴിവിൽ ലൂഷ്യോയ്ക്ക് വലിയ വിശ്വാസ മൊന്നുമില്ലായിരുന്നു. എങ്കിലും ഒന്ന് പരീക്ഷിക്കാൻ തീരുമാനിച്ച് അയാൾ അടിവരയിട്ട ഭാഗങ്ങൾ ഉറക്കെ വായിക്കാൻ തീരുമാനിച്ചു. അയാളെ പ്പറ്റി ആർക്കും ഒന്നുമറിയില്ല. അർണോയിലെ അവസാനത്തെ വെള്ള പ്പൊക്കത്തിൽ മരിച്ചുപോയ ഗ്വിഡോ ബൂണഫലാസിന്റെ വീട്ടിലാണ് അയാൾ താമസിച്ചിരുന്നത്. അനധികൃതമായാണോ അയാൾ താമസി ക്കുന്നത് അതോ ആ ചെറിയ വീട് അയാൾക്ക് എഴുതിക്കിട്ടിയതാണോ എന്നൊന്നും ആരും അന്വേഷിച്ചില്ല. അയാളുടെ വൃത്തിയില്ലാത്ത രൂപവും ആഴമേറിയ ചുളിവുകളും വാർദ്ധക്യത്തിന്റെ ഭംഗികേടു കളും കുട്ടികളെ ഭയപ്പെടുത്തുകയോ വെറുപ്പിക്കുകയോ ചെയ്തി രുന്നു. കുട്ടികളിൽ ചിലർ അയാളെപ്പറ്റി ഒരു കഥ മെനഞ്ഞെടുത്തു: അർണോയുടെ തീരത്തെ ചെളിയുടെയും അഴുക്കിന്റെയുംകൂടെ വന്നുചേർന്നതാണ് അയാളും; അയാൾക്ക് ജലത്തിനുമേൽ ശക്തിക ളുണ്ട്; പ്രകോപിതനായാൽ അയാൾക്ക് മറ്റൊരു പ്രളയം സൃഷ്ടിക്കാൻ കഴിയും. ലൂഷ്യോ ചുണ്ട് പൂട്ടി. വയസന്റെ വൃത്തിയില്ലാത്ത രൂപത്തെ പ്പറ്റിമാത്രം വായിച്ചാൽ മതിയായിരുന്നു, ഈ മരുഭൂമിയിൽ പ്രളയത്തെ പ്പറ്റി വായിക്കുന്നത് ലഫ്നന്റ് അഗ്വിലാറിനെ കുഴക്കുകയേയുള്ളൂ. അവർ സൃഷ്ടിച്ച കഥ കുട്ടികൾ ഒരിക്കലും വിശ്വസിച്ചില്ലെങ്കിലും അത വർക്കൊരു നേരമ്പോക്ക് നൽകി. അയാൾ വീടിനുപുറത്തിറങ്ങിയ പ്പോഴെല്ലാം അവർ കൂക്കിവിളിച്ചുകൊണ്ട് ഓടിനടന്നു. കാലം കഴിഞ്ഞ പ്പോൾ കളി കാര്യമായിത്തുടങ്ങി; എതിരിടാനും നശിപ്പിക്കാനും ഒരു ശത്രുവുണ്ടല്ലോ. അങ്ങനെ കിളവന് തെറിവിളികളും ഭീഷണികളും ചെളിയേറുകളുമില്ലാതെ സെനോർ ബൂണഫലാസിന്റെ വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയായി. അയാൾ നാലുപേജ് ഒഴി വാക്കി അടിവരയിട്ട അടുത്തഭാഗം വായിച്ചു. കിഴവന് ഭ്രാന്തായെന്ന് ആളുകൾ പറഞ്ഞുതുടങ്ങി. അയാൾ ഒരു വലിയ പെട്ടി നിറയെ ചെളി നിറച്ച് വണ്ടിയിൽ കയറ്റി ദൂരെ അർണോയിൽ ഏറ്റവും ഒഴുക്കുള്ളി

ടത്ത് കൊണ്ടുപോയി കളയാൻ തുടങ്ങി. നഗര കവാടമെത്തുമ്പോൾ പടയാളികൾ കുന്തംകൊണ്ട് ചെളിയിൽ കുത്തി പരിശോധിച്ച് തളർന്നു. നിങ്ങളുടെ ചെളിക്കൂമ്പാരംകൊണ്ട് ഞങ്ങളുടെ സമയം മെനക്കെടുത്താതിരിക്ക് കിളവാ; അവരും പയ്യന്മാരുടെ കളിയാക്കൽ ഏറ്റുപിടിച്ചു, ചെളിനിറച്ച് അടുത്ത വെള്ളപ്പൊക്കമുണ്ടാക്കാൻ പോകുവാണോ? വീണ്ടും നദിയെപ്പറ്റി പറച്ചിൽ, പക്ഷേ, ഞാനെന്തു ചെയ്യാനാണ്? *'പിങ്ക് സ്റ്റോക്കിങ്സ്'* ബാലവേലയെപ്പറ്റിയാണ്. *'ടെലഗ്രാഫറുടെ മകൾ വായിച്ചിരുന്നെങ്കിൽ* അത് നെരെ റെമിഗിയോയിൽ എത്തിച്ചേനെ. അയാൾ പേജുകൾ മറിച്ചു. നിങ്ങൾക്ക് ഭ്രാന്താണ്, അവർ കിളവനോട് പറഞ്ഞു, ഇതുപോലെ ഒരു കോടി പെട്ടിനിറയെ ചെളി എറിഞ്ഞാലും പ്രളയം വരില്ല. രണ്ടു പേജു കൂടി മറിച്ച് അയാൾ തുടർന്നു. ഒരു ദിവസം സ്പാഡാസിന്റെ മകൾ ബെൻഡെറ്റയെ കാണാതായി; അടുത്തദിവസം ബേക്കറിയിൽ പണിയെടുത്തിരുന്ന ലൂയി. ഒടുവിൽ മരീനയുടെ അമ്മ എന്റെ മകളെവിടെയെന്ന് കരഞ്ഞുകൊണ്ട് തെരുവിലൂടെ ഓടിനടന്നപ്പോൾ ഒരു തിരച്ചിൽ സംഘമിറങ്ങി. ഒരാളും ഗേറ്റുകടന്ന് പോയിട്ടില്ലെന്ന് കാവൽക്കാർ സാക്ഷ്യപ്പെടുത്തി. ഒരാഴ്ച കഴിഞ്ഞപ്പോൾ രണ്ടുകുട്ടികളെക്കൂടി കാണാതായി. സുരക്ഷ ഉറപ്പാക്കാൻ കഴിയാതായപ്പോൾ മുതിർന്നവരുടെ അകമ്പടിയില്ലാതെ കുട്ടികളാരും വീട്ടിൽനിന്നും തനിയെ പുറത്തിറങ്ങാൻ പാടില്ലെന്ന് ഉത്തരവിറക്കി. ഇത് അയാളുടെ വിശപ്പ് കൂട്ടുകയാണ് ചെയ്തത്. അവസാന വരി വായിക്കേണ്ടിയിരുന്നില്ല; അത് ലഫ്റ്റനന്റ് അഗ്വിലാറിനെ വഴിതെറ്റിക്കുകയേയുള്ളൂ. മർഡോക്കും ടോമും നീഗ്രോകളെ കെട്ടിയിട്ടതുപോലെ അരയ്ക്കു കെട്ടിയിട്ട കുട്ടികളെ സങ്കല്പിക്കാൻ മാത്രമേ അത് പ്രേരിപ്പിക്കൂ. എന്തായാലും ഇനിയാണ് അയാളുടെ പ്രിയപ്പെട്ട ഭാഗം വരിക: അരയിൽ കെട്ടിയിട്ട കുട്ടികളുമായി ജോലിക്കു പോകുന്ന അച്ഛനമ്മമാർ. ഭാര്യ മരിച്ച അന്റോനെല്ലി തന്റെ ഒൻപത് കുട്ടികളെ മാലയിലെ മുത്തുകൾ പോലെ കോർത്തെടുത്തു. സെനോര പെരാസി അവരുടെ പതിനഞ്ചുകാരി മകളെ അരയിൽ കെട്ടിയിട്ടു, അവൾ അവളുടെ കുഞ്ഞിനെ ശരീരത്തോട് ചേർത്തുകെട്ടിവച്ചു. ഈ നിയമം അനുസരിക്കേണ്ട പ്രായം കഴിഞ്ഞുപോയി തനിക്കെന്നു പറഞ്ഞ പെൺകുട്ടിയെ സെനോര പെരാസി മുഖത്തടിച്ച് അനുസരിപ്പിച്ചു, കുട്ടികൾ പുറത്തിറങ്ങുന്നത് അവസാനിപ്പിച്ചു, നഗരം വെളിച്ചമില്ലാത്ത വേദനത്താഴ്വരയായി മാറി. കിളവൻ ചെളിവണ്ടിയുമായുള്ള യാത്ര തുടർന്നു, 'പാവം ഭ്രാന്തൻ' എന്ന് അയാൾ കേൾക്കാതെ പറച്ചിൽ തുടർന്നു. ഇപ്പോൾ ആർക്കും അയാളെ കളിയാക്കണമെന്നില്ല; തിരിച്ചുവരാത്ത കുട്ടികൾ മരിച്ചു മണ്ണായെന്നും അത് ആർണോയിലെത്തുന്നുണ്ടെന്നും ഒരു ദിവസം പ്രളയം അവരെയെല്ലാം തൂത്തെറിയുമെന്നും അവർ വിശ്വസിച്ചു. ഒരു ഈച്ച വന്നിരുന്നെന്നിട്ടെന്നപോലെ വൻശബ്ദം കേൾപ്പിച്ച്

ലൂഷ്യോ പുസ്തകമടച്ചു. നിങ്ങൾ എന്താണ് പറയാൻ ശ്രമിക്കുന്നത്? ലഫ്റ്റനന്റ് എണീറ്റുനിന്നു. അയാളുടെ ശബ്ദം പുറത്തുനിന്ന പോലീസുകാരെക്കൂടി അകത്തെത്തിച്ചു. വെളിയിൽ കാത്തുനിൽക്കാൻ നിർദേശം കൊടുത്ത് അയാൾ കതക് പൂട്ടി. നിങ്ങൾ എന്താണ് പറയാനുദ്ദേശിക്കുന്നത്? ഒന്നുമില്ല സെനോർ, ഞാൻ വെറുതെ വായിച്ചെന്നു മാത്രം. പുസ്തകം അടഞ്ഞിരുന്നു. അതിന്റെ പേരും എഴുതിയാളുടെ പേരും ലൂഷ്യോയുടെ കൈകൾ മറച്ചുപിടിച്ചിരുന്നു. ലഫ്റ്റനന്റും ലൈബ്രേറിയനും പരസ്പരം നോക്കി, ഒരാൾ ഒരു വിറയലുണ്ടാകുന്നുണ്ടോയെന്നു ശ്രദ്ധിച്ചും മറ്റേയാൾ സന്ദർശകൻ കാര്യം മനസ്സിലാക്കി സ്ഥലം വിടണമെന്നും ആഗ്രഹിച്ചു. ആ നിമിഷം മെൽക്വിസെദെക്കിന്റെ മണി മുഴങ്ങി. ഇക്കാമോളിൽ വെള്ളം വന്നതാണ് ആളുകൾ കുടങ്ങളും പാത്രങ്ങളുമായി വണ്ടിയുടെ ചുറ്റും കൂടി. നിങ്ങൾ തന്ന വിവരം ശരിയാണെന്ന് പറഞ്ഞു; അല്ലെങ്കിൽ നിങ്ങളെത്തേടി ഞാൻ തിരികെ വരും. അയാൾ ലൈബ്രറിയിൽനിന്ന് പുറത്തിറങ്ങി പ്രകാശവുമായി കണ്ണ് പൊരുത്തപ്പെടാൻ ഒരു നിമിഷം നിന്നു; അയാൾ വണ്ടിയുടെ മണി ശബ്ദം ശ്രദ്ധിച്ച് വെള്ളം നിറച്ച വണ്ടിയുടെ അരികിലെത്തി. അയാളെ പിടിക്ക് എന്ന് മെൽക്വിസിദെക്കിനെ ചൂണ്ടി പോലീസുകാരോട് പറഞ്ഞു. അയാൾ വെള്ളം വിതരണം ചെയ്തുകഴിയുംവരെ അവർ കാത്തുനിന്നു. അപ്പോൾ മാത്രമാണ് തന്റെ വായന കിറുകൃത്യമായിരുന്നെന്ന് ലൂഷ്യോ തിരിച്ചറിഞ്ഞത്. മെൽക്വിസിദെക്കിന്റെ വണ്ടിയിൽ അർണോനദിയിലെ വെള്ളമായിരുന്നു.

1876 ലെ ഇക്കാമോൾ യുദ്ധം അവസാനിച്ചതിനുശേഷം പോർഫിരിയോ ഡിയാസ് കരഞ്ഞു. ആളുകളെ ഓടിച്ചുപിടിച്ചു കൊന്നതിനും അലറിയതിനും മുറിവേറ്റതിനും ഒക്കെ ശേഷം വിജയികളായ സേന പിന്മാറിയപ്പോൾ പുതിയതായി കീഴടക്കിയ ഇടത്തിൽ രണ്ടു കാവൽക്കാരെപോലും നിറുത്തേണ്ടതിന്റെ ആവശ്യമുണ്ടെന്ന് അവർക്കു തോന്നിയില്ല. എന്തിനുവേണ്ടി? ജനറൽ ഫ്യൂറോ ഒരു പട്ടാള റിപ്പോർട്ടിൽ എഴുതി: എന്റെ ധീരരായ പടയാളികളെ ഞാൻ വെറും കല്ലും കട്ടയും കുറ്റിച്ചെടികളുമുള്ള ഈ തരിശ് സംരക്ഷിക്കാൻ ഉപയോഗിക്കണമെന്നോ? വെടിമരുന്നിന്റെ മണം അന്തരീക്ഷത്തിൽനിന്ന് മായുന്നതുവരെ ഇക്കാമോളുകാർ തല പുറത്തിട്ടില്ല. മെയ്മാസത്തിലെ ഏതൊരു അസ്തമയവുംപോലെ ആ ദിവസവും ഒടുങ്ങിയപ്പോൾ എന്താണ് സംഭവിച്ചതെന്ന് അവർ സ്വയം ചോദിച്ചു. കിഴക്കുനിന്ന് പടിഞ്ഞാറേക്ക് പൊടിപാറുന്നതു കണ്ടപ്പോൾ ചിലർ മറ്റൊരു പൊടിക്കാറ്റ് അവരെക്കടന്നുപോയതാവും എന്ന് അനുമാനിച്ചു. രണ്ടു സേനകൾ തമ്മിലുള്ള യുദ്ധമാണെന്ന് ചിന്തിക്കാൻ ബുദ്ധിമുട്ടായിരുന്നു. കാരണം അങ്ങനെയാകുമ്പോൾ ആണും പെണ്ണും കുട്ടികളും ആടുകളും കോഴികളും കഴുതകളും അടങ്ങുന്ന സംഘം ദേശഭക്തിയെക്കാൾ ആവേശം നിറഞ്ഞുനിൽക്കുന്ന ഒരു പട്ടാളക്കാരന് വെറുതെയുതിർക്കുന്ന വെടിയുണ്ടയിൽനിന്ന് രക്ഷപ്പെടേണ്ടി വന്നേനെ. ഭീരുത്വംകൊണ്ടല്ല ഇക്കാമോളിലെ ആണുങ്ങൾ കട്ടിലിനടിയിലും അലമാരയ്ക്കുള്ളിലും ഒക്കെ ഒളിച്ചിരുന്നതെന്ന് വിശദീകരിക്കാൻ അവർ ഒരുങ്ങി. എന്തിനാണ് യുദ്ധം ചെയ്യുന്നതെന്ന് വിശദീകരിക്കാത്ത രണ്ടു സംഘങ്ങൾക്കിടയിൽ ആരുടെ പക്ഷം പിടിക്കും എന്നു തീരുമാനിക്കുന്നത് ബുദ്ധിമുട്ടായതുകൊണ്ടാണ് അവർ ഒളിച്ചത്. ഗ്രാമം യുദ്ധത്തിന്റെ കേന്ദ്രമൊന്നുമല്ലായിരുന്നതുകൊണ്ട് അവർക്ക് വലിയ നാശനഷ്ടങ്ങളൊന്നും ഉണ്ടായില്ല. പരിഭ്രാന്തരായ മൃഗങ്ങൾ ഭിത്തിയിൽ തൊഴിക്കുന്നതൊഴിച്ചാൽ, വിജയികളായ സേന ഭക്ഷണമോ താമസമോ ആവശ്യപ്പെട്ടതായും പരാതികൾ ഉണ്ടായിരുന്നില്ല. സേന വളരെ സംസ്കാരത്തോടെയാണ് പെരുമാറിയത്. അവർ ആകെ വീണുപോയ സൈനികരുടെ ആയുധങ്ങളും ബൂട്ടുകളും സ്വകാര്യവസ്തുക്കളും തിരിച്ചെടുത്തതേയുള്ളൂ. അവർ വീടുകൾ കൊള്ളയടിച്ചില്ല. സ്ത്രീകളെ അപമാനിച്ചില്ല. ചിലർ അതിൽ സന്തോ

ഷിക്കുകയും ചിലർ നിരാശരാവുകയും ചെയ്തു. ഇതുപോലെയുള്ള സ്ത്രീകളാവുമ്പോൾ ആർക്കതിനുതോന്നുമെന്ന് ഒരു നൂറുകൊല്ലം കഴിഞ്ഞ് ലൂഷ്യോ ചോദിക്കുന്നു. എന്നാൽ പോർഫിരിയോ ഡിയാസിനെ ഷോലെ കണ്ണീരുകൊണ്ടല്ല മറിച്ച് പല്ലും നഖവുമുപയോഗിച്ച് എതിർത്തു നിന്ന അമ്മൂമ്മമാരുടെയും കന്യകമാരുടെയും വിശ്വസ്ത ഭാര്യമാരുടെയും കഥകൾ ഇക്കാമോളിലെ സ്ത്രീകൾ പറഞ്ഞുകൊണ്ടേയിരുന്നു. കാലം കഴിഞ്ഞപ്പോൾ പല കഥകൾ കൂട്ടിച്ചേർക്കപ്പെട്ടു. യുദ്ധത്തിന്റെ പല വശങ്ങളും മാറി അത് മറ്റൊരു കഥതന്നെയായി.

പിന്നീടുള്ള ദിവസങ്ങൾ കഠിനപരിശ്രമത്തിന്റേതായിരുന്നു. ഡസൻ കണക്കിനായി മരിച്ചുവീണവരെ മറവുചെയ്യേണ്ടി വന്നു. പുരുഷന്മാർ കുഴികൾ കുഴിച്ചപ്പോൾ സ്ത്രീകൾ മൃതദേഹങ്ങൾക്കായി തിരഞ്ഞു. പുരുഷന്മാരുടെ ജോലിക്ക് കൂടുതൽ സമയമെടുത്തതിനാൽ ശരീരങ്ങൾ മുഴുവൻ മറവുചെയ്യാൻ അഞ്ചുദിവസം വേണ്ടിവരുമെന്ന് അവർ പറഞ്ഞു. ഒരു ശരീരം കണ്ടെത്തിയപ്പോൾ ശവം തിന്നാൻ വരുന്ന ജീവികളെ അകറ്റിനിറുത്താൻ വേണ്ടി സ്ത്രീകൾ അതിനുമേൽ ആട്ടിൻ കാഷ്ഠം വിതറി.

ഓരോ മരിച്ച പടയാളിക്കും അവർ ഒരേ കർമ്മങ്ങൾ ആവർത്തിച്ചു. കക്ഷത്തിലും കാലിലും പിടിച്ച് ആട്ടിൻകാഷ്ഠം കുടഞ്ഞുകളഞ്ഞ് കുഴിയിൽ വെച്ച് ആരെങ്കിലും ഒരു 'സ്വർഗസ്ഥനായ പിതാവേ' ചൊല്ലിക്കഴിഞ്ഞു കുഴിമൂടി അവർ അടുത്തതിലേക്കു നീങ്ങി.

കൃത്യം അഞ്ചാം ദിവസം ജോലി കഴിഞ്ഞുവെന്നു തോന്നിത്തുടങ്ങിയപ്പോൾ കുന്നിൻചെരിവിൽ കുറെ ഈച്ചകളെ കണ്ടുവെന്ന് ഒരു സ്ത്രീ അറിയിച്ചു. അവിടെ എറുമ്പരിച്ച് പുറത്ത് മുറിവേൽപ്പിച്ച ഒരു വെടിയുണ്ടയുമായി ഒരു പടയാളിയുടെ ശരീരം കിടന്നിരുന്നു. ജനറൽ ഫ്യൂരോയുടെ ആളുകൾ അവനെ കണ്ടെന്നു തോന്നുന്നില്ല. കാരണം അവന്റെ തോക്ക് അവന്റെ ഇടതുവശത്തുണ്ടായിരുന്നു. അവൻ യൂണിഫോമും ബൂട്ടുകളും ധരിച്ചിരുന്നു. മാത്രമല്ല ശരീരം കണ്ടെത്തിയവരിൽ ഒരാൾ പറഞ്ഞു അവൻ മരിച്ചിട്ട് അഞ്ചുദിവസമായിട്ടില്ലെന്ന്. ചിലപ്പോൾ ഒരു ദിവസം. അതിൽ കൂടില്ല. ഞാൻ ആ ബൂട്ടുകൾ എടുക്കും, ഒരാൾ പറഞ്ഞു. ബാക്കിയുള്ളവർ അയാളെ ദേഷ്യത്തോടെ നോക്കി.

അവനെ തിരിച്ചുകിടത്തിയപ്പോൾ കണ്ണുകളൊഴികെ ബാക്കി മുഖം ജീവനുള്ളതുപോലെ തോന്നിച്ചു. ചുവന്ന ഉറുമ്പുകൾ അവന്റെ കണ്ണുകൾ തിന്നുതീർത്തിരുന്നു. മൂക്കിലൂടെ അവ കയറുകയും ഇറങ്ങുകയും ചെയ്യുന്നതിന്റെ വേഗത കണ്ടാൽത്തന്നെ മനസ്സിലാകും അവർ ആ ശരീരത്തിനുള്ളിൽ താമസമാക്കിക്കഴിഞ്ഞുവെന്ന്. അവന്റെ പോക്കറ്റിൽ ഇവാഞ്ചലീനയ്ക്ക് എഴുതിയ ഒരു കത്തുണ്ടായിരുന്നു. അതിൽ അവൻ അവളോടുള്ള പ്രേമം പ്രഖ്യാപിച്ചിരുന്നു. നട്ടെല്ലിൽ ഒരു വെടിയുണ്ട തറച്ചതിന്റെ വേദനയെപ്പറ്റി എഴുതിയിരുന്നു. മെക്സിക്കക്കാർ

ഇക്കാമോൾ യുദ്ധത്തെ നൂറ്റാണ്ടുകളോളം ഓർമ്മിക്കുമെന്നും മെയ് ഇരുപത് കലണ്ടറുകളിൽ ചുവന്ന അക്കത്തിൽ പ്രത്യക്ഷപ്പെടുമെന്നും മരിച്ചുപോയവർ ദേശീയധീരരായി കരുതപ്പെടുമെന്നും അവൻ അതിൽ എഴുതിയിരിക്കുന്നു. വർഷങ്ങൾ കഴിഞ്ഞാൽ ചരിത്രപുസ്തകങ്ങൾ അതിനെപ്പറ്റി പറയുകപോലുമില്ലെന്നും ഇനി പറഞ്ഞാൽ തന്റെതന്നെ പ്രത്യേകിച്ച് പ്രാധാന്യമൊന്നുമില്ലാത്ത ഒരു യുദ്ധമായിരുന്നു അതെന്നു പറയുമെന്നും എന്തായാലും ഇക്കാമോളുകാർ ഒരിക്കലും വായിക്കില്ലെന്നും അവനു സങ്കല്പിക്കാൻപോലും കഴിയുമായിരുന്നുവെന്നു തോന്നുന്നില്ല.

കത്തിനൊടുവിൽ *പെദ്രോ മൊണ്ടസ്* എന്ന ഒപ്പുണ്ടായിരുന്നെങ്കിലും ഇവാഞ്ചലീനയ്ക്ക് കത്തെങ്ങനെ എത്തിക്കുമെന്ന് ഒരു സൂചനയും ഉണ്ടായിരുന്നില്ല; തിരഞ്ഞിട്ടു കാര്യവുമുണ്ടായിരുന്നില്ല, കാരണം മരിച്ച മനുഷ്യന്റെ പക്കൽ മറ്റു രേഖകളൊന്നും ഉണ്ടായിരുന്നില്ല. കത്ത് ഇല്ലാതെ മൊണ്ടസ് പടയാളിയെ മറവുചെയ്തു. ഇവാഞ്ചലീന എന്നെങ്കിലും അന്വേഷിച്ചുവന്നെങ്കിലോ എന്നു കരുതി അവന്റെ കുഴിമാടത്തിൽ മാത്രം ഒരു കുരിശുരൂപം സ്ഥാപിച്ചു. കുറച്ചുനാളുകൾക്കുള്ളിൽ കത്ത് ഒരു വിശുദ്ധ വസ്തുവായി കരുതപ്പെട്ടു. അതിൽ മൂന്നിടത്ത് സ്നേഹം എന്നു പറഞ്ഞിരിക്കുന്നതിൽ രണ്ട് ദൈവസ്നേഹത്തെപ്പറ്റിയും ഒന്ന് ഗബ്രിയേൽ ദൈവദൂതനോടുള്ള സ്നേഹത്തെപ്പറ്റിയുമായി കരുതപ്പെട്ടു. മാത്രമല്ല കത്തിൽ നിനക്കും നമ്മുടെ കുട്ടികൾക്കും ഞാൻ തരാൻ കരുതിയിരുന്ന സ്നേഹം, കാരണം എനിക്കറിയാം സ്വർഗത്തിൽ നമ്മൾ വീണ്ടും ഒരുമിക്കും, നീയാണെന്നെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത്. ഇപ്പോൾ ജീവിതം അവസാനിക്കുമ്പോൾ അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ പ്രാർത്ഥിക്കാൻ മാത്രമേ എനിക്കു കഴിയുന്നുള്ളൂ എന്നീ വരികൾ ഉണ്ടായിരുന്നു. അതുകൊണ്ടു വർഷങ്ങൾ കഴിഞ്ഞപ്പോൾ കുരിശ് ഒരു കുരിശടിയായി മാറുകയും കൂടുതൽ വർഷങ്ങൾ കഴിഞ്ഞപ്പോൾ ഒരു ചാപ്പലായി മാറുകയും ചെയ്തു. ഇക്കാമോളുകാർക്ക് ഒരു പള്ളിയെപ്പോലെ എന്തെങ്കിലും ഉള്ളത് അതുമാത്രമാണ്. ഗബ്രിയേൽ ദൈവദൂതന്റെ കപ്പേള, അവിടെ ആ കത്ത് ഒരു ചില്ലുകൂട്ടിൽ വെച്ചിരുന്നു, ആ വൈകുന്നേരം. മാസത്തിലെ എല്ലാ വൈകുന്നേരങ്ങളിലെയും പോലെ ധാരാളമാളുകൾ മഴ കിട്ടാനായി പ്രാർത്ഥിക്കാൻ വന്നിരുന്നു.

ഇപ്പോൾ ഒരുമിച്ചുകൂടുന്നതിനു രണ്ടു ലക്ഷ്യങ്ങളുണ്ട്. പോലീസുകാരുമായി മെൽക്വിസിദെക്കിനുള്ള പ്രശ്നം പൂർണ്ണമായി അവസാനിച്ച് *വില്ലാ ദ ഗാർസ്യ*യിൽനിന്ന് ഇക്കാമോളിലേക്ക് വെള്ളം കൊണ്ടുവരാൻ അയാൾക്കു കഴിയണം. അതിന് പെദ്രോ മൊണ്ടസിന്റെ മാധ്യസ്ഥ്യം വേണം.

നിലത്ത് തന്റെ ഷൂസിന്റെ അറ്റംകൊണ്ട് കുറെ കുഴിച്ച് പുരാതനമായ ഒരു ഒച്ചിൻതോട് കണ്ടെത്തിയശേഷം ലൂഷ്യോ അതെടുത്ത് ആവുന്നത്ര ദൂരേക്ക് വലിച്ചെറിഞ്ഞു. റെമിഗിയോ ഒരു ഉത്തരം കാത്ത് അക്ഷമനായി അയാളെ നോക്കിനിന്നിരുന്നു. കണ്ണെത്താത്ത ഒരിടത്ത് ആ തോട് ചെന്നുവീണുകഴിഞ്ഞപ്പോൾ ലൂഷ്യോ പറഞ്ഞു: "പേടിക്കേണ്ട, മെൽക്വിസിദെക്ക് നിന്നെയോ നിന്റെ കിണറിനെയോ ഇതിൽ ഉൾപ്പെടുത്തില്ല." ഹാസ്‌ലിംഗേർസ് പീക്ക് എന്ന് ലൂഷ്യോ വിളിക്കുന്ന ഇക്കാമോളിന് തെക്കുള്ള ഒരു കുന്നിൻമുകളിലായിരുന്നു അവർ. ഫ്രിറ്റ്സും പെഡ്രയും ഗ്രാമത്തിലെത്തിയപ്പോൾ ആദ്യം നിന്ന സ്ഥലത്തെ അനുസ്മരിപ്പിച്ചിരുന്നു അവിടം. "നിങ്ങൾക്ക് വലിയ ആത്മവിശ്വാസം ഉള്ളതുപോലെ തോന്നുന്നു." റെമിഗിയോ പറഞ്ഞു: 'എന്നാൽ ആ പോലീസുകാർ പെരുമാറുന്നതു കണ്ടില്ലേ? അയാളുടെ അവസാനശ്വാസം എത്തുന്നതുവരെ അവർ അയാളുടെ ഉള്ളിലുള്ള സകലതും വലിച്ചു പുറത്തിടും, ഒന്നുരണ്ട് മണിക്കൂറിൽ കൂടുതൽ അയാൾക്കു പിടിച്ചു നിൽക്കാൻ കഴിയില്ല. അവർ ആദ്യം കപടസൗഹൃദത്തിൽ ചോദിച്ചു തുടങ്ങും, സുഹൃത്തേ എന്നൊക്കെ വിളിക്കും. പുറത്തോ കാലിലോ ഒക്കെ മെല്ലെ തട്ടി ഈ കൈ അല്പം കഴിഞ്ഞാൽ കുറച്ചുകൂടി ശക്തിയിൽ വീഴാം എന്നു ധ്വനിപ്പിച്ച്... എന്തു പറയുന്നു സുഹൃത്തേ, നിങ്ങൾ കഥ മുഴുവൻ പറയാൻ പോവുകയാണ്, അല്ലേ? അവർ അയാളെ കൊണ്ടുപോയ പിക്ക് അപ് ട്രക്ക് ചിലപ്പോൾ *വില്ല ദ ഗാർസ്യയിൽ* പോവുകപോലുമില്ല; ചിലപ്പോൾ അത് വഴിയിലെവിടെയെങ്കിലും നിറുത്തും. ഇത്തരം വണ്ടികളിൽ ചുറ്റിക, പ്ലയർ, സ്ക്രൂഡ്രൈവർ, കേബിൾ ഇവയൊക്കെ കാണും. ഇതൊന്നും ഇല്ലെങ്കിൽതന്നെ വഴിയിൽ കല്ലുകളുണ്ട്, കള്ളിമുൾച്ചെടികളുണ്ട്. മുള്ളും മുരിക്കുമുണ്ട്. ഈ പോലീസുകാർക്ക് എതിരെ പിടിച്ചുനിൽക്കാൻ മെൽക്വിസെദക്കിനു കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. സംസ്ഥാന പോലീസിനെക്കാൾ മോശമാണ് ഈ ഗ്രാമത്തിലെത്തുന്നവർ. എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾക്ക് കൃത്യമായി പറയാൻ പറ്റില്ല. ഇതെല്ലാം ഊഹാപോഹങ്ങളാണ്. എങ്കിലും ആ കിളവൻ തുറന്നുപറഞ്ഞുകഴിഞ്ഞാൽ പിന്നെ എന്റെ കിണറിന്റെ അടിത്തട്ടിലേക്ക് തിരിച്ചുവെച്ച വലിയ തിരച്ചിൽവിളക്കുകൾ ഉണ്ടാകും. താഴേക്കു നോക്കി അവർ പറയും, "ഇല്ല ഇവിടെ

ഒന്നുമില്ല." അപ്പോൾ താൻ ഇവിടെത്തന്നെയാണ് ശവശരീരം വലിച്ചെറിഞ്ഞതെന്ന് മെൽക്വിസിദെക്ക് ആണയിടും. ഏതു കിണറാണെന്ന് മാറിപ്പോയോ കിളവാ? ഇല്ല സാറന്മാരെ, ഇതുതന്നെയാണ്, റെമിഗിയോയുടെ കിണറ്റിലാണ് ഞാൻ ഇട്ടത്, അപ്പോൾ അവർ എന്റെ നേർക്ക് നോക്കും. ചോദ്യം ചെയ്യൽ തുടങ്ങും. പിന്നെ The Apple Tree യിലേതു പോലെ ചോദ്യം ചെയ്യൽ തുടങ്ങും. അവോക്കാഡോകൾ പെണ്ണിന്റെ മുഖവുമായി വായ്ച്ചില്ലെങ്കിലും ഞാൻ കുടുങ്ങും. "നീ അതു വായിക്കാൻ തുടങ്ങിയോ?" "പകുതിയായി." റെമിഗിയോ പ്രഖ്യാപിച്ചു. എനിക്കതത്ര നന്നായി തോന്നിയില്ല. ഒരു വളവ് രേഖപ്പെടുത്തിയിരിക്കുന്ന കല്ല് ലൂഷ്യോ എടുത്തു. ഇതു കണ്ടോ? കോടിക്കണക്കിനു വർഷം മുമ്പ് മരിച്ച ഒരു അമോണൈറ്റ് ആണിത്. എന്നാൽ ഇപ്പോഴും നമ്മൾ അതിനെ നോക്കിക്കൊണ്ടിരിക്കുന്നു. അതിനെ വേട്ടയാടുന്നവയിൽ നിന്ന് രക്ഷപ്പെടാനായി അതു സ്വയം തിരയിലും ചുഴിയിലുമായി ഒഴുകിപ്പോയപ്പോഴത്തെ അതേ രൂപത്തിൽതന്നെയാണ് അതിപ്പോഴും. ബാബെറ്റിന്റെ പരിണാമം തുടങ്ങിക്കഴിഞ്ഞു. അവളുടെ ശരീരത്തിൽ നിന്ന് വലിച്ചെടുക്കുന്ന പത്തുമുപ്പത് ലിറ്റർ വെള്ളംകൊണ്ട് നിന്റെ അവോക്കാഡോ ഉടൻതന്നെ പച്ചപിടിച്ചുതുടങ്ങും. അധികം വൈകാതെതന്നെ ഇറച്ചിയും എല്ലുകളും കുപ്പായവും പല്ലുകളും കണ്ണുകളും നഖങ്ങളും എല്ലാം വലിച്ചെടുക്കപ്പെടും. ഒരു കടലിനോ മരുഭൂവിനോ നൂറ്റാണ്ടുകൾ വേണ്ടിവരുമായിരുന്ന ജോലി അല്പനാളുകൊണ്ട് തീർത്തുകളയും. നാളെയോ മറ്റന്നാളോ അല്ലെങ്കിൽ അടുത്ത മാസമോ ഒക്കെ ബാബെറ്റ് ഒരു അമോണൈറ്റ് ആയി മാറും. അവളെ കണ്ടെത്തുന്ന കുട്ടി ചിലപ്പോൾ അവൻ കണ്ടെത്തിയ മറ്റു കല്ലുകളോടൊപ്പം അവളെയും ഹൈവേയിൽ കൊണ്ടുപോയി വിൽക്കും. അതു വാങ്ങുന്നയാൾ അയാളുടെ കുട്ടികളോട് ഭൂമിയുടെ പരിണാമത്തെപ്പറ്റിയും സമുദ്രത്തെ പറ്റിയുമെല്ലാം പറയും. അയാൾ ബാബെറ്റ് എന്ന പേര് പറയാൻ സാധ്യതയില്ല. പോലീസുകാർ അവളെ കണ്ടെത്താനും സാധ്യതയില്ല. കാരണം, മെൽക്വിസിദെക്കിന് അവൾ എവിടെയാണെന്ന് കാട്ടിക്കൊടുക്കാൻ കഴിയില്ല, ശ്രമിച്ചാൽതന്നെ അയാൾ അയാൾക്കു വായിൽ തോന്നുന്നതാവും പറയുക. അവൾ കുന്നിൻപുറത്താണെന്നോ ഗുഹയ്ക്കുള്ളിലാണെന്നോ കഴുകന്മാരുടെ ചേക്കയിലാണെന്നോ മറ്റോ ഒക്കെ അയാൾ പറയും. പ്ലയറുകൾ അയാളുടെ വൃഷണങ്ങളെ ഞെരിച്ചുതുടങ്ങുമ്പോൾ അയാൾ പറയും അവൾ അയാളുടെ കട്ടിലിന്റെ അടിയിലുണ്ടെന്ന്. അവളെ അലമാരയിൽ പൂട്ടിവച്ചിരിക്കുന്നുവെന്ന്. എണ്ണയും ഉള്ളിയും സഹിതം അവളെ പൊരിച്ചുതിന്നെന്ന്, അവളെ ചൂതുകളിയിൽ പണയം വച്ച് നഷ്ടപ്പെട്ടുപോയെന്ന്. നിങ്ങൾ പറ, മെൽക്വിസിദെക്ക് അവരോട് കെഞ്ചിപ്പറയും, നിങ്ങൾതന്നെ പറ ഞാൻ അവളെ എന്തു ചെയ്തെന്ന്.

കുന്നിനു താഴെയുള്ള ചാപ്പലിൽ കുറച്ചാളുകൾ ഒത്തുചേർന്നിരുന്നു. ലൂഷ്യോ നേരേ വിരൽ ചൂണ്ടി. അവർ മഴയ്ക്കു വേണ്ടി പ്രാർത്ഥിക്കും. എന്നാൽ പെയ്യില്ല. അവർ മെൽക്വിസിദെക്കിനുവേണ്ടി പ്രാർത്ഥിക്കും, എന്നാൽ പോലീസുകാർ കുറച്ചുകൂടി ശക്തിയിൽ ഞെക്കും. ഇതിലും ഭേദം അവർ വാ മൂടി എല്ലാം കെട്ടിപ്പൊതിഞ്ഞ് ഇക്കാമോൾ വിട്ടു പോകുന്നതാണ്. രണ്ടാളും തിരികെ വീട്ടിലേക്കു യാത്ര തുടങ്ങും. ലൂഷ്യോ പറഞ്ഞു, "പേടിക്കേണ്ട. സിംബ്രോസ്കിയുടെ അച്ഛൻ നിന്നെ ഒറ്റിക്കൊടുത്തില്ലെങ്കിൽ പിന്നെ വേറെയാരും ഒന്നും ചെയ്യില്ല." ലൈബ്രറിയുടെ മുന്നിൽ എത്തിയപ്പോൾ അവർ തല കുലുക്കി പിരിഞ്ഞു പോയി.

കറുത്ത വേഷവും ഇരുണ്ട കണ്ണടയും ധരിച്ച ഒരു സ്ത്രീ കയറിവന്നു. ചെറിയ കാൽവയ്പ്പുകളിൽ ചെരിപ്പിന്റെ ശബ്ദം ലേശവും കേൾപ്പിക്കാതെ അവർ ലൈബ്രറി മുഴുവൻ ചുറ്റിനടന്നു. ചൂടുകാലമായിരുന്നിട്ടും അവർ സ്റ്റോക്കിങ്സ് ധരിച്ചിരുന്നു; തലമുടി ബോബ് ചെയ്തിരുന്നു. കയ്യിൽ തുകലോ വിനൈലോ എന്ന് ലൂഷ്യോയ്ക്കു തിട്ടമില്ലാത്ത ഒരു ബാഗും ഉണ്ടായിരുന്നു, എന്നാൽ കാഴ്ചയിൽ അവർ തുകൽ മാത്രമേ ഉപയോഗിക്കൂ എന്നു തോന്നും. താൻ രണ്ടാംകിടക്കാരനല്ല, മറിച്ച് സാഹിത്യത്തിലായാലും ഹാൻഡ്ബാഗുകളിലായാലും ഫാഷനെപ്പറ്റി ഉത്തമബോധ്യമുള്ള ഒരു ഒന്നാന്തരം എഴുത്തുകാരനാണ് താനെന്ന് തെളിയിക്കാൻ ഒരാൾ പുസ്തകത്തിൽ അതു വാങ്ങിയ കടയുടെ പേര് പ്രത്യേകം എടുത്തുപറയുമെന്ന് ലൂഷ്യോയ്ക്കു തോന്നി. ആ സ്ത്രീ ഒരു ബുക്ഷെൽഫിനുമുന്നിൽ കൈകൾ പുറകിൽ കെട്ടി നിന്നു. പുസ്തകത്തിന്റെയും എഴുത്തുകാരന്റെയും പേര് താഴെനിന്ന് മുകളിലേക്ക് എഴുതിയിരിക്കുമ്പോൾ ഇടത്തേക്കും മുകളിൽനിന്ന് താഴേക്ക് എഴുതിയിരിക്കുമ്പോൾ വലത്തേക്കും തല ചെരിച്ചു. ലൈബ്രറിയിൽ അധികം വെളിച്ചമില്ല. കറുത്ത കണ്ണടയിലൂടെ അവർക്ക് എന്തെങ്കിലും വായിക്കാൻ പറ്റുമോ എന്ന് ലൂഷ്യോയ്ക്ക് സംശയം തോന്നി. ഒന്നുകിൽ അവർ ബുദ്ധിജീവിയാണെന്ന് നടിക്കുകയാണ്. അങ്ങനെയെങ്കിൽ ലൂഷ്യോയ്ക്ക് കൂടുതൽ പ്രിയം പല്ലിളിച്ച് പുസ്തകങ്ങളോട് തങ്ങൾക്കുള്ള വിരോധം പ്രകടിപ്പിക്കുന്ന നിഷ്കളങ്കരായ ഇക്കാമോൾ സ്ത്രീകളെയാണ്. ലൂഷ്യോ എണീറ്റു, പിന്നെയും ഇരുന്നു, താൻ ഏതെങ്കിലും പറയേണ്ടതുണ്ടെന്ന് ലൂഷ്യോയ്ക്കു തോന്നി. ഒരു ആശംസ, അല്ലെങ്കിൽ എന്തെങ്കിലും പുസ്തകം തിരയുകയാണോ എന്ന ചോദ്യം, എന്നാൽ അവളുടെ പുറകുവശം ഇങ്ങനെയിരുന്ന് കാണാൻ പറ്റുന്ന സമയം കുറച്ചുകളയാൻ ലൂഷ്യോയ്ക്കു തോന്നിയില്ല. ലോലമായ കഴുത്തിൽ അവളുടെ തല അനങ്ങുന്നത്, എല്ലുകൾ തെളിഞ്ഞുകാണാവുന്ന അവളുടെ കൈകൾ, ഒരു കാലിൽനിന്ന് മറ്റേക്കാലിലേക്ക് ഇടയ്ക്കിടെ ശരീരഭാരം മാറ്റുന്നത്, കാൽമുട്ടിൽനിന്നുണ്ടാകുന്ന നേർത്ത ശബ്ദംപോലും. അവളെ മുന്നിൽനിന്ന് കാണാനുള്ള അവസരവും വരും, മുലകൾ പരിശോധിക്കാനും വയർ വീർത്തതാണോ ഒട്ടിയതാണോ എന്നറിയാനും അപ്പോൾ കഴിയും. ഏറ്റവും താഴെയുള്ള ഷെൽഫിലെ പുസ്തകങ്ങൾ നോക്കാനായി അവൾ

കുനിഞ്ഞപ്പോൾ രാത്രി മുഴുവൻ താൻ എന്തായിരിക്കും ചിന്തിക്കുക എന്ന് ലൂഷ്യോയ്ക്ക് ഉറപ്പായി. ഈ കുഗ്രാമത്തിൽ ഇത്തരം സൗന്ദര്യമെത്തിയത് അയാളോടുള്ള നീതികേടാണ്. ജനലിലൂടെ അരച്ചിറങ്ങുന്ന നിലാവെളിച്ചത്തിൽ വേരിക്കോസ് ഞരമ്പില്ലാത്ത കാലുകളിൽനിന്ന് ഊർന്നുവീഴുന്ന സ്റ്റോക്കിങ്സും കഴുത്തിന്റെ ഇളക്കവും സങ്കൽപ്പിക്കാനായി വിളക്കണയ്ക്കേണ്ടി വരുന്ന ഒരു മനുഷ്യനോട് ചെയ്യുന്ന നീതികേട്. ഒടുവിൽ കുറേസമയം കിടക്കയിൽ തിരിഞ്ഞുമറിഞ്ഞു കിടന്നതിനുശേഷം 'വൈകുന്നേരങ്ങളിൽ റബേക്ക' എന്ന പുസ്തകത്തിലെ ഏതാനും ചില വരികൾകൊണ്ട് അയാൾ തൃപ്തിപ്പെടും. സ്റ്റോക്കിങ്സ് മാത്രം ധരിച്ചുകൊണ്ട് അവൾ പുതപ്പിനടിയിൽ കയറുന്നത് സങ്കല്പിക്കും. നിങ്ങൾ എന്നെ ജീവിതകാലം മുഴുവൻ സ്നേഹിക്കുമോ? റെബേക്ക ചോദിക്കും. കണ്ണടയ്ക്കാനും പിറ്റേന്ന് പുലരും വരെ തുറക്കാതിരിക്കാനും തീരുമാനിച്ച ലൂഷ്യോ പറയും, അതെളുപ്പാണ് റെബേക്ക, നമുക്ക് വളരെക്കുറച്ച് ജീവിതമല്ലേയുള്ളൂ.

സ്ത്രീ അവരുടെ കണ്ണട നീക്കി, അത് ബാഗിനുള്ളിലിട്ടശേഷം ലൈബ്രേറിയന്റെ അടുത്തെത്തി. "നിങ്ങൾ പോലീസിനോട് ബാബെറ്റിന്റെ പേര് പറഞ്ഞു." തടിച്ചികളും നിരക്ഷരകളുമായ സ്ത്രീകളോട് ഇടപെട്ടാണ് ലൂഷ്യോയുടെ പരിചയം. ഇത്തരം നേർത്ത കൈകളുള്ള ഒരു സ്ത്രീക്ക് എങ്ങനെ മറുപടി നൽകണമെന്ന് അയാൾക്കറിയില്ലായിരുന്നു. അയാൾക്ക് അവരുടെ കൈകൾ എടുത്തുനോക്കാൻ തോന്നി. "ഞാൻ അനാമാരിയുടെ അമ്മയാണ്, നിങ്ങൾ ബാബെറ്റ് എന്നുവിളിച്ച പെൺകുട്ടിയുടെ അമ്മ." നിങ്ങൾ അയാളുടെ അക്ഷരപ്പിശക് തിരുത്തിയെന്ന് ലഫ്റ്റനന്റ് അഗ്വിലാർ എന്നോടു പറഞ്ഞു. അതേ സെനോര... ലൂഷ്യോ അയാളുടെ വാക്യങ്ങൾ നിർമിച്ചു തുടങ്ങി. ഈ വിചിത്രസ്ത്രീയുടെ കറുത്ത ഉടുപ്പിനെപ്പറ്റി അയാൾ ചിന്തിച്ചു. അവർ വിധവയാണെന്ന് അയാൾ കേട്ടിരുന്നു, എന്നാൽ ഭർത്താവ് മരിച്ചതുകൊണ്ടാണോ മകൾ മരിച്ചതുകൊണ്ടാണോ അതോ ആ നിറം ഇഷ്ടമായതുകൊണ്ടാണോ അവർ ആ ഉടുപ്പ് ധരിച്ചിരിക്കുന്നതെന്ന് അയാൾക്കു മനസ്സിലായില്ല. നിങ്ങൾ വിശദീകരിക്കേണ്ട കാര്യമില്ല, അവർ പറഞ്ഞു. "എനിക്ക് പിയർ ലാഫിയറ്റിന്റെ നോവൽ പരിചയമുണ്ട്. അതെന്റെ പ്രിയപ്പെട്ട നോവലാണ്. രൂപത്തിൽ മാത്രമല്ല മറ്റു പല കാര്യങ്ങളിലും എന്റെ മകൾക്ക് ബാബെറ്റുമായുള്ള സാമ്യം എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ആന്ദ്രേ അമ്മാവൻ കുട സമ്മാനിക്കുന്നത് നിങ്ങൾക്കോർമ്മയുണ്ടോ?" "തീർച്ചയായും," ലൂഷ്യോ പറഞ്ഞു. "ബാബെറ്റ് അത് നിരസിച്ച് പറയും, നനയണമെന്നില്ലാത്തവർ വീട്ടിത്തന്നെയിരിക്കണം, പുറത്തുപോകുന്നവർ... നന്ദി ആന്ദ്രേ അമ്മാവാ," ഓർമ്മിച്ചെടുത്ത് സ്ത്രീ അത് പൂരിപ്പിച്ചു. വീട്ടിലിരിക്കുമ്പോൾ മേൽക്കൂര മഴയിൽനിന്ന് സംരക്ഷിക്കുന്നു. എന്നാൽ മേൽക്കൂര ആകാശമാകുമ്പോൾ നനയുന്നതാണ് നല്ലത്. ലൂഷ്യോ

'ബാബെറ്റിന്റെ മരണം' എടുക്കാനായി ഷെൽഫിലേക്കു തിരക്കിട്ടു നടന്നു. നിങ്ങളെ സംശയമുണ്ടായിട്ടല്ല, അയാൾ പറഞ്ഞു, ഇപ്പോൾ കേട്ടത് കാണുന്നതിന്റെ ആനന്ദം എനിക്കറിയണം. ഒന്നുരണ്ടു നിമിഷങ്ങൾകൊണ്ടുതന്നെ ബാബെറ്റ് ആന്ദ്രേ അമ്മാവനോട് പറഞ്ഞ വാക്കുകൾ ലൂഷ്യോ കണ്ടെത്തി. അവരുടെ വാക്കുകൾ പ്രതിധ്വനിച്ചാലെന്ന പോലെ ലൂഷ്യോ അത് വായിച്ചു. "ആകാശം മേൽക്കൂരയെങ്കിൽ," ലൂഷ്യോ മന്ത്രിച്ചു. ബാക്കിയുള്ള ഭാഗങ്ങൾ വായിക്കേണ്ട ആവശ്യമേയില്ല; അമ്മാവനും മരുമകളുംകൂടി സെയ്നിനു കുറുകെയുള്ള പാലത്തിൽ ചെല്ലുന്നു, കൂട നിവർക്കുന്നു. എറിഞ്ഞുകളയുന്നു. കുറച്ചു നിമിഷങ്ങൾ പൊന്തിനിന്നതിനുശേഷം അത് നോത്ര്ദാം കത്തീഡ്രലിന്റെ ദിശയിലേക്ക് ഒഴുകിപ്പോകുന്നു. "അനാമാരിയും ഇങ്ങനെതന്നെയാണു ചിന്തിക്കുന്നത്," അവർ പറഞ്ഞു. പേമാരിയുള്ള ദിവസങ്ങളിൽ അവൾ നനഞ്ഞുകുതിർന്നാണ് വീട്ടിലെത്താറുണ്ടായിരുന്നത്. ഇനിയും പല ചേർച്ചകളുമുണ്ടായിരുന്നു. പെട്ടെന്ന് അവരുടെ ശബ്ദത്തിലെ ആവേശം ദുഃഖമായി മാറി: ചൂണ്ടുവിരൽകൊണ്ട് തലമുടിയിൽ ചെറുകെട്ടുകളിടുമായിരുന്നു അനാമാരി, ഉറക്കത്തിൽ പല്ലുകടിച്ചിരുന്നു, പഞ്ചസാര ചേർത്ത് പാൽ കുടിച്ചിരുന്നു. മറുക് വ്യത്യസ്തമായിരുന്നെന്ന് പറയാൻ കഴിയില്ല: അനാമാരിയുടേത് ഒരു പൊട്ടുപോലെയായിരുന്നു, ഘനീഭവിച്ച കണ്ണീർത്തുള്ളിപോലെയായിരുന്നില്ല; വേറൊരു കാഴ്ചപ്പാടാവാമത്, ലാഫിയറ്റിന്റെ ഒരു അനുകമ്പയോ മറ്റോ. ആ സ്ത്രീ ഭൂതകാലത്തിലാണ് സംസാരിക്കുന്നതെന്ന് ലൂഷ്യോ ശ്രദ്ധിച്ചു. "അവൾ തിരിച്ചുവരുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നില്ല," ഉവ്വോ? ആ സ്ത്രീ തട്ടും തടവുമില്ലാതെ മെല്ലെ ശ്വസിച്ചുകൊണ്ടിരുന്നു. "ബാബെറ്റ് തിരിച്ചുവന്നില്ല, അല്ലേ?" ലൂഷ്യോ തലകുലുക്കികൊണ്ട് പറഞ്ഞു, "പാവം ബാബെറ്റ്, പാവം മണികൾ, കൂടുതൽ മണികൾ, സ്വതന്ത്രമെന്ന് വിശ്വസിക്കുന്ന ഒരു രാജ്യം, വിശ്വാസങ്ങളേതുമില്ലാത്തൊരു പെൺകുട്ടി;" അവസാനം പറഞ്ഞുപോയതിലയാൾക്ക് വ്യസനം തോന്നി. അയാൾക്കും ഓർമ്മയിൽനിന്ന് വാക്യങ്ങൾ ഉദ്ധരിക്കാൻ കഴിവുണ്ടെന്ന് ഒന്നറിയിക്കണമെന്നേ ഞാൻ കരുതിയുള്ളൂ. ഇത്തരം സന്ദർഭങ്ങളിലാണ് ലൂഷ്യോ ഒരു യഥാർത്ഥ വായനക്കാരനെ/വായനക്കാരിയെ തിരിച്ചറിയുക. "സ്കൂൾകുട്ടികൾ മനഃപാഠമാക്കാറുള്ളതുപോലെ കവിത ഓർത്തു ചൊല്ലാൻ എളുപ്പമാണ്; വരികൾ മനസ്സിൽ പതിഞ്ഞുപോകുന്നതിനാൽ ഇരുപതോ അമ്പതോ വർഷം കഴിഞ്ഞാലും ഒരവസരം കിട്ടിയാൽ പഴയ വിദ്യാർത്ഥി ചൊല്ലിത്തുടങ്ങും, അത് ബാറിലായാലും കുടുംബസമ്മേളനത്തിലായാലും. പക്ഷേ, അത് സാഹിത്യമല്ല," ലൂഷ്യോ തറപ്പിച്ചു പറഞ്ഞു, "അത് വെറും ഓർമ്മപ്രദർശനം മാത്രമാണ്. എന്റെ മുൻവിധി ക്ഷമിക്കുക," അയാൾ പറഞ്ഞു, "നിങ്ങളുടെ മകൾക്ക് എന്തു സംഭവിച്ചെന്ന് അനുമാനിക്കുകയായിരുന്നില്ല." ആ സ്ത്രീ അവരുടെ

വിരൽത്തുമ്പുകൾകൊണ്ട് നെറ്റിയിൽ വിരലോടിച്ചു. "അനാമാരി ബാബെറ്റായി മാറിയപ്പോൾമുതൽ ആ വാക്കുകൾ എന്റെ മനസ്സിൽ പുളഞ്ഞിരുന്നു, ആ സമയമെത്ര കഠിനമായിരുന്നുവെന്ന് നിങ്ങൾക്കറിയില്ല, ഏതോ ഒരു കതകിന്റെ മറുപുറത്തേക്ക് എനിക്കവളെ നഷ്ടപ്പെട്ടുപോകുമെന്ന് ഞാനെപ്പോഴും ഭയന്നിരുന്നു. ഒരു കൈ അവളെ പിടിച്ചുകൊണ്ടുപോകുമെന്നും. ഞാൻ മണിയൊച്ചകൾ വെറുത്തു, ആൾക്കൂട്ടങ്ങളെയും. അവളറിഞ്ഞിരുന്നില്ലെങ്കിലും ഞാനവളെ എല്ലായിടത്തും പിന്തുടർന്നു. അനാമാരി വീടുവിട്ടിറങ്ങിയാൽ അല്പനേരത്തിനുള്ളിൽ ഞാനവളെ പിൻതുടരാൻ തുടങ്ങും; രാത്രിയിൽ രണ്ടുമൂന്നുവട്ടമെങ്കിലും ഞാനുണർന്ന് അവൾ കട്ടിലിൽതന്നെ ഉറങ്ങുന്നുവെന്നുറപ്പുവരുത്തും. ഞാൻ വിളിച്ചുകൊണ്ടുപോകാൻ വന്നാലല്ലാതെ അവളെ പുറത്തുവിടരുതെന്ന് ഞാൻ അവളുടെ ടീച്ചറോടു പറഞ്ഞു. ഇതെല്ലാം എന്തിനായിരുന്നു? ഞങ്ങൾ വില്ലാ ദ് ഗാർസ്യയിൽ ഒരാഴ്ച ചെലവിടാൻ വന്നതായിരുന്നു. നഗരങ്ങളിലുള്ളതുപോലെ ദുഷ്ട മനുഷ്യൻ ഇത്തരം ടൗണുകളിലില്ലെന്നു കരുതി എനിക്കാരല്പം സുരക്ഷിതത്വം തോന്നിപ്പോയി. വിട അനാമാരി, വിട ബാബെറ്റ്." അവർ തല കുനിച്ച് പുസ്തകം കൈയിലെടുത്തു. "എന്റെ കൈയിലുള്ളതും ഇതേ എഡിഷൻതന്നെയാണ്. ദയവായി നാലാം അധ്യായത്തിലെ ആദ്യത്തെ വരി വായിക്കൂ." പുസ്തകം അവർ പറഞ്ഞ ഭാഗത്തായി ലൂഷ്യോയുടെ കൈയിൽ തിരിച്ചെത്തി. "ബാബെറ്റിന് തോട്ടത്തിലൂടെ കണ്ണടച്ച് നടക്കാനാവുമായിരുന്നു. കല്ലുപാകിയ പാത അവൾക്ക് നല്ല പരിചയമായിരുന്നു, റോസാച്ചെടികളും ഗ്ലാഡിയോലകളും വളർന്നിരുന്ന കൃത്യസ്ഥലം അവൾക്കറിയുമായിരുന്നു..." "അല്ല, അതല്ല, അതു കഴിഞ്ഞുള്ള ഭാഗം വായിക്കൂ," ആ സ്ത്രീ അയാളോടു പറഞ്ഞു. "അവൾ അമ്മയുടെ അടുത്തെത്തി അവരെ ചുംബിച്ചു. ബാബെറ്റിന്റെ മറ്റു പ്രവൃത്തികളെന്നപോലെ അവളുടെ ഉമ്മയും തണുത്തതായിരുന്നു. അവളുടെ ചിരി, രൂപം തുറന്ന പ്രകൃതം, എല്ലാത്തിനുമുപരി അവളുടെ ചാരക്കണ്ണുകൾ എല്ലാവരുടെയും പ്രീതി സമ്പാദിച്ചു. എന്തെങ്കിലുമൊക്കെ നേടുന്നതിനായി അവൾക്കൊന്നുംതന്നെ തിരികെചെയ്യേണ്ടി വന്നില്ല. സ്നേഹപ്രകടനങ്ങൾ യാന്ത്രികപ്രവൃത്തികൾപോലെയായിരുന്നു." മതി എന്നു പറഞ്ഞ് ആ സ്ത്രീ അവരുടെ വിരലുകൾകൊണ്ട് പേജ് മൂടി. "ഞാൻ അനാമാരിയെ സ്നേഹിച്ചിരുന്നു," അവരുടെ ശബ്ദം ബാബെറ്റിന്റെ ഉമ്മപോലെ തണുത്തു; "അവൾ എന്റെ മകളായിരുന്നു, എനിക്ക് അവളെ സ്നേഹിക്കാതെ തരമില്ലായിരുന്നു. എന്നാൽ നിങ്ങൾക്കൊരു കാര്യമറിയണോ? അവർ മറുപടി പ്രതീക്ഷിക്കുന്നില്ലെന്ന് ലൂഷ്യോയ്ക്ക് തോന്നിയെങ്കിലും അവർ തീക്ഷ്ണതയോടെ അയാളെ നോക്കിയിരുന്നു. "പറയൂ സെനോര." അവർ ഹാൻഡ്ബാഗ് തുറന്ന് ഒരു പെട്ടി വെളുത്ത ഗുളികകൾ പുറത്തെടുത്തു. മുത്തുകൾപോലെയെന്ന് റിക്കാർഡോ

ആന്ദ്രേദ് ബെറെൻഗ്വർ പറഞ്ഞേതനെ, ഒരിക്കലും എത്തിച്ചേരാത്ത സ്നേഹം തേടിയുള്ള എന്റെ ജീവിതംപോലെയെന്ന് സൊലെദാദ് ആർട്ടിഗാസ് പറഞ്ഞേതനെ. ലൂഷ്യോ എണീറ്റ് അവർക്ക് ഒരു ഗ്ലാസ് വെള്ളമെടുത്തുകൊടുത്തു; ഡസ്കിലെ സൂര്യപ്രകാശമുള്ളിടത്ത് അതുവച്ചപ്പോൾ വെള്ളത്തിൽ ഒഴുകി നടക്കുന്ന കണികകൾ കണ്ടു. "എന്റെ മകൻ അവോക്കാഡോകൾ കൊണ്ടുവന്നിരുന്നു. ഞാൻ കുറച്ചെടുക്കട്ടെ." ആ സ്ത്രീ ആരും കേൾക്കാതെതന്നെ നെടുവീർപ്പിട്ടു. ഒരു ശൂന്യത നികത്താൻ വേണ്ടി മാത്രം പറഞ്ഞ ഒരു വാചകത്തിനുള്ള ഏറ്റവും മികച്ച മറുപടിയാണെതെന്ന് ലൂഷ്യോയ്ക്കു തോന്നി. അവർ രണ്ടു ഗുളികകളെടുത്ത് വായിലിട്ട് രണ്ടിറക്ക് വെള്ളം കുടിച്ചു. ഖരവും ദ്രാവകവും തൊണ്ടയിലൂടെ കടന്നുപോകുന്നത് കൃത്യമായി അറിയാൻ കഴിഞ്ഞു. "നിങ്ങൾക്കു മാത്രം മനസ്സിലായേക്കാവുന്ന ഒരു കാര്യമാണ് ഞാൻ പറയാൻ പോകുന്നത്." സമയം കളയാനെന്നോണം വളരെ പതിയെ അവർ മരുന്നുപെട്ടി അടച്ചു: അവർ ഒരു കളിപ്പാട്ടമെന്നപോലെ പെട്ടി കൈയിൽ വച്ച് കുലുക്കിയതിനുശേഷം അത് തിരികെ ബാഗിൽ വച്ചു. അവർ വേഗം സംസാരിച്ചു തുടങ്ങിയില്ലെങ്കിലും മൂക്കിൽനിന്നും ഒരു ചൂളംവിളിയായും നെഞ്ചിന്റെ ഉയർച്ച താഴ്ചകളായും ശ്വാസമറിയാൻ കഴിഞ്ഞിരുന്നു. സ്ത്രീയുടെ ഭാഗത്തുനിന്നുള്ള അത്തരമൊരാമുഖം ലൂഷ്യോയെ അത്ഭുതപ്പെടുത്തി. കമിതാക്കളെപ്പറ്റിയുള്ള സത്യം വെളിപ്പെടുത്തുന്നതിനുമുമ്പ് ദീർഘനേരം കഥാപാത്രത്തിന്റെ സിഗരറ്റുള്ള കൈ ആഷ്ട്രേയിലേക്ക് ഉയർന്നതിനെപ്പറ്റിയും പുകച്ചുരുളുകളായി ഉയർന്നതിനെപ്പറ്റിയും പിന്നിൽ വായിച്ചിരുന്ന ജാസ് സംഗീതത്തെപ്പറ്റിയുമൊക്കെ പറഞ്ഞിരുന്ന സ്പാനിഷ് എഴുത്തുകാരനെയാണ് അയാൾക്കോർമ്മ വന്നത്.

കിഴക്ക് പൊടിയുടെ ഒരു മേഘം കണ്ടപ്പോൾതന്നെ പോലീസുകാരുടെ വണ്ടി വരുന്നതാവാമെന്ന് ആളുകൾ ഊഹിച്ചു. സൂര്യന്റെ പ്രഭാത വെളിച്ചത്തിൽ ചാരമേഘങ്ങൾ കണ്ടാലേ ഉറപ്പിക്കാം അത് അതിവേഗ ത്തിൽ സഞ്ചരിക്കുന്ന ഏതോ വണ്ടിയുടേതാവുമെന്ന്. "നിരപരാധി യായ ഒരുത്തനെ തിരിച്ചുകൊണ്ടുവന്ന് വിടാനാണെങ്കിൽ ഇത്ര വേഗം കാണില്ല," സെനോർ ഫെർണാണ്ടസ് പറഞ്ഞു. "അവർക്കത്ര ദാക്ഷിണ്യ മൊന്നുമുണ്ടാകില്ല," സെനോര ട്രവിനോ കൂട്ടിച്ചേർത്തു, അവർ പുറ ത്തൊരു തട്ടും കൊടുത്ത്, ക്ഷമിക്കണം, ആ, നടന്നോ എന്ന് പറയുക യേയുള്ളൂ. പോലീസ് വരുന്നെന്ന് അലറിക്കൊണ്ടോടിയ കുറച്ചുകുട്ടികൾ റെമിഗിയോയുടെ ശ്രദ്ധയിൽ പെടുകയും അയാളും കാഴ്ചക്കാരുടെ ഒപ്പം ചേരുകയും ചെയ്തു. പൊടിമേഘത്തിന്റെ ദൂരം നോക്കി അവർ അല്പനിമിഷത്തിനുള്ളിൽ എത്തിച്ചേരുമെന്നവൻ അനുമാനിച്ചു. ഓടി യൊളിക്കാനുള്ള നേരമില്ല. എങ്ങോട്ട് ഓടാനാണ്? അങ്ങനെ നോക്കി യാൽ ട്രിലോബൈറ്റുകളുടെ കാലംമുതൽ ഇക്കാമോളിന് വലിയ വ്യത്യാ സമൊന്നുമുണ്ടായിട്ടില്ല; കടലിലായാലും മരുഭൂമിയിലായാലും രക്ഷ പ്പെടൽ അസാധ്യംതന്നെ. അവർ ആരെയോ തിരഞ്ഞാണ് വരുന്നത്, ഒരു സ്ത്രീ പറഞ്ഞു: "അവർ എന്റെ അഡോൾഫോയെ കൊണ്ടു പോകല്ലേ ദൈവമേ," മറ്റൊരു സ്ത്രീ പറഞ്ഞു: "അവനൊരാത്മാവിനെ പ്പോലും നോവിച്ചിട്ടില്ല." അവരുടെ നേർക്ക് കുറെ വാക്കുകൾ അലറി ത്തുപ്പാനുണ്ടായ തോന്നലിനെ റെമിഗിയോ അടക്കി. നിന്റെ അഡോൾ ഫോയെ കൊണ്ടുപോകട്ടെ. കൈയിലും കാലിലും കൂച്ചുവിലങ്ങുക ളിട്ട് തല ഒരു സഞ്ചികൊണ്ടുമൂടി ഷർട്ടില്ലാത്ത അവനെ വണ്ടിയിലേ ക്കെറിയട്ടെ, ഒരു പന്നിയെ അറക്കാൻ കൊണ്ടുപോകുന്നതുപോലെ അവനെ കൊണ്ടുപോകട്ടെ. അഡോൾഫോയെ കണ്ടപ്പോൾ റെമിഗി യോയുടെ പേടി ദേഷ്യമായി രൂപാന്തരപ്പെട്ടിരുന്നു. വലിയ നഗ്നമായ വയറുമായി കണ്ണിലെ പീള തിരുമ്മിക്കളഞ്ഞുകൊണ്ട് അപ്പോൾ ഉണർന്ന തേയുണ്ടായിരുന്നുള്ളൂ അവൻ. ആ മടിയൻ അഡോൾഫോയെ അവർ കൊണ്ടുപോകണമേ ദൈവമേ.

ഒരു കിലോമീറ്റർ അകലെയെത്തിയപ്പോൾ വണ്ടി കാണാമെന്നായി. ഇക്കാമോളിലേക്കുള്ള ഇറക്കത്തിൽ വഴി ചെളിയിൽനിന്ന് പൂഴിയായി മാറിത്തുടങ്ങിയിരുന്നു. മെൽക്വസിദെക്കിന്റെ വണ്ടിയുടെ അടുത്ത്

കൊണ്ടുവന്നുനിറുത്താനായി ഡ്രൈവർ വേഗം കുറച്ചു തുടങ്ങി. വണ്ടിയിൽ കെട്ടിയിരുന്ന കഴുതകളാവട്ടെ വിശ്വസ്തതകൊണ്ടോ ഒരു ദിവസത്തെ വിശ്രമം കിട്ടിയതുകൊണ്ടോ എന്നറിയില്ല, കെട്ടിയിട്ടിരുന്നിടത്തുതന്നെ നിന്നിരുന്നു. രണ്ടുപേർ വണ്ടിയിൽനിന്നിറങ്ങി ആൾക്കൂട്ടത്തിനു നേരേ നടന്നുതുടങ്ങിയപ്പോൾ റെമിഗിയോ പിന്നോട്ടു മാറി. സെനോർ മാരോക്വിന്റെ വീടേതാണ്? അവരിലൊരാൾ ചോദിച്ചു. 45 തോക്കുകളുമായെത്തിയ അതേ പോലീസുകാർതന്നെയായിരുന്നു അത്. പോലീസുകാരുടെ ധൃതിയിൽ അലോസരപ്പെട്ട് ഉത്തരമൊന്നും പറയാതെ ആളുകൾ പരസ്പരം നോക്കി. മെൽക്വിസിദെക്കിനെയാണോ ഉദ്ദേശിച്ചത്? എല്ലാ വീടുകളും പോലെതന്നെ വെള്ളച്ചായമടിച്ചിരുന്ന ഒരു കെട്ടിടത്തിലേക്കു വിരൽചൂണ്ടിക്കൊണ്ട് സെനോര ഉർദനേത ചോദിച്ചു. കൈയിലോരോ സഞ്ചിയുമായി അവർ അങ്ങോട്ടു കയറിപ്പോയി. അവരെ വേർതിരിച്ചറിയുക പ്രയാസമാണ്: രണ്ടും ഉയരമുള്ള തടിയന്മാരാണ്; രണ്ടു പേരുടെയും കാക്കി യൂണിഫോമുകൾ പൊട്ടാറായിരുന്നു. വർഷങ്ങൾ പരിപാലിച്ചു വളർത്തിയ കപ്പടാമീശ രണ്ടുപേർക്കുമുണ്ടായിരുന്നു. അതിലൊരാൾ കതകിന്റെ പിടിയിലൊന്ന് തിരിച്ചശേഷം അത് ചവിട്ടിത്തുറന്നു. ഇവിടെയാരും നോക്കി നിൽക്കേണ്ട എന്നു പറഞ്ഞ് രണ്ടാമൻ ആളുകളെ കൈകൊണ്ട് ആട്ടിയോടിച്ചു. ജനക്കൂട്ടം കുറച്ചടി പിന്നോട്ടുമാറിയെങ്കിലും പിരിഞ്ഞുപോയില്ല.

ഇക്കാമോളിലെ ആളുകൾക്ക് മറ്റുള്ളവരുടെ വീടുകളിൽ പോകുന്ന സ്വഭാവമില്ല. സന്ദർശനങ്ങളെല്ലാം വീടിനുപുറത്ത് തെരുവിലായിരുന്നു. കസേരകളും മേശകളും പുറത്തിട്ട് വർത്തമാനവും പാട്ടും നിശ്ശബ്ദതയുമെല്ലാം വെളിയിലാണ് നടന്നിരുന്നത്. റെമിഗിയോ ഒരിക്കലും മെൽക്വിസിദെക്കിന്റെ വീടിനുള്ളിൽ കയറിയിട്ടില്ല. എങ്കിലും ചില രാത്രികളിൽ അതുവഴി നടക്കുമ്പോൾ ഉള്ളിലെ വെളിച്ചത്തിൽ അവന് പൊട്ടിയ കണ്ണാടിയുള്ള ഒരലമാരയും പ്ലാസ്റ്റിക് മൂടിയുള്ള ഒരു കസേരയും പുരാതനമായ ഓട്ടുകട്ടിലിൽ കിടന്നിരുന്ന കിഴവനെയും കാണാൻ കഴിഞ്ഞിരുന്നു; നിലത്ത് പാത്രങ്ങൾ, ഗ്ലാസുകൾ തുണികൾ, പണിസാധനങ്ങൾ, മറ്റുവകകൾ. റെമിഗിയോ അയാളോട് വളരെക്കുറച്ചേ സംസാരിച്ചിട്ടുള്ളൂ; മിക്കപ്പോഴും അത് ദൂരെ മോൺടെറിയിൽ പണ്ട് താമസിച്ചിരുന്ന കുടുംബത്തെപ്പറ്റിയും അവിടത്തെ വഴികളെപ്പറ്റിയും നഗരചത്വരങ്ങളെപ്പറ്റിയുമായിരുന്നു. ആ കിഴവൻ എങ്ങനെ ആ നശിച്ച ഗ്രാമത്തിലെത്തിപ്പെട്ടു എന്നയാൾ പറഞ്ഞതേയില്ല. "അതേ ചങ്ങാതി," മെൽക്വിസിദെക്ക് അവനോട് ഒരു വൈകുന്നേരം പറഞ്ഞു: "എന്റെ അമ്മ അതിസുന്ദരിയായിരുന്നു. എന്റെ കൈയിൽ എവിടെയോ ഒരു ഫോട്ടോയുണ്ട്. ഞാനപ്പോൾ കുട്ടിയായിരുന്നു, ഞങ്ങൾ ഒരു പാർക്കിൽ നിൽക്കുകയായിരുന്നു. അമ്മ എന്റെ കൈ പിടിച്ച് ഞെരിച്ചതും ചിരിക്ക്, പേടിക്കേണ്ട എന്നു പറഞ്ഞതും എനിക്കോർമ്മയുണ്ട്. ഫോട്ടോയിൽ

അമ്മ ചിരിച്ചു, ഞാൻ ചിരിച്ചില്ല." അയാൾ ചിരിക്കാത്തത് സ്വാഭാവികമായേ റെമിഗിയോയ്ക്ക് തോന്നിയുള്ളൂ; മെൽക്വിസിദെക്ക് എന്നു പേരുള്ള ഒരു ചെറിയ കുട്ടിക്ക് എങ്ങനെ സന്തോഷിക്കാൻ കഴിയും.

നിറഞ്ഞ സഞ്ചികളുമായാണ് പോലീസുകാർ ഇറങ്ങിവന്നത്. ഒരു കിലുക്കത്തോടെ അവരത് വണ്ടിയിലേക്കെറിഞ്ഞു. അതിനുള്ളിൽ ആ പെൺകുട്ടിയുണ്ടെന്ന് ചിലർക്കു തോന്നി. "അയാൾക്ക് വേറേ വീടുണ്ടോ? ഒരു സൂക്ഷിപ്പുപുരയോ മറ്റോ?" തൂവാലകൊണ്ട് നെറ്റിയൊപ്പിക്കൊണ്ട് ഒരു പോലീസുകാരൻ ചോദിച്ചു. "ഇല്ല സെനോർ" എന്നാരോ മറുപടി പറഞ്ഞു, അയാൾക്കയാളുടെ കഴുതകളല്ലാതെ മറ്റൊന്നുമില്ല. രണ്ട് പോലീസുകാരും വണ്ടിയിൽ കയറി പൊടിപറത്തിക്കൊണ്ട് ഓടിച്ചു പോയി. ആരാണിനി നമുക്ക് വെള്ളം കൊണ്ടുത്തരിക? ഒരു സ്ത്രീ ചോദിച്ചു. ആരും ഉത്തരം പറയാതെ സ്വന്തം ജോലി നോക്കിപ്പോയി.

മെൽക്വസിദെക്കിന്റെ വീട്ടിലെ കതക് തുറന്നുകിടന്നു. ആ രാത്രി കാറ്റ് അത് കൊട്ടിയടച്ചുകൊണ്ടേയിരിക്കും.

ഇന്നല്ലെങ്കിൽ നാളെ മഴ പെയ്യുകതന്നെ ചെയ്യുമെന്നാണ് ലൂഷ്യോ പറയുന്നത്. അന്തരീക്ഷ ഊഷ്മാവും കാറ്റുകളും മർദവുമൊക്കെ മാറി ഒടുവിൽ സന്ന്യാസിക്കുന്നും കടന്ന് വില്ലാ ദ് ഗാർസ്യയിൽ തീരെ പെയ്യാതെ ഇവിടെ എത്തുകതന്നെചെയ്യും. മാസങ്ങൾ നീണ്ട അവഗണനയെപ്പറ്റി കുറ്റം പറയാതെ ആളുകൾ തമ്പുരാന്റെ കൃപാകടാക്ഷത്തെപ്പറ്റി പറയും. എന്നാൽ വൈകിത്തന്നെയാവും മഴയെത്തുക. അപ്പോഴേക്കും കാത്തിരുന്നു മടുത്ത ഗ്രാമവാസികൾ മേഘങ്ങളും മെൽക്വിസിദെക്കും ഇല്ലാത്തതിനാൽ സാധനങ്ങളെല്ലാമെടുത്ത് യാത്ര തുടങ്ങിയിട്ടുണ്ടാവും. എല്ലാ വർഷവും ഒരേ കാര്യത്തിനുവേണ്ടി അപേക്ഷിച്ച് അവർ മടുത്തിരിക്കും. നീയും ഈ ദിവസങ്ങളിലൊന്നിൽതന്നെ പോകും, കാരണം നിന്റെ അവോക്കാഡോ മരം അടുത്തുതന്നെ കരിയും. ഒടുവിൽ ഞാൻ മാത്രം തനിച്ചാകുമ്പോൾ സമുദ്രത്തിന്റെ അടിത്തട്ടിൽ മുങ്ങാനായി ഞാനെന്റെ ലൈബ്രറിക്കുള്ളിലടച്ച് കാത്തിരിക്കും.

അവോക്കാഡോ മരമിപ്പോൾ കൂടുതൽ പച്ചയായിട്ടുണ്ട്. റെമിഗിയോ പറയും, എനിക്ക് ഇക്കാമോൾ വിടാൻ ഉദ്ദേശ്യവുമില്ല. ഇക്കാമോളിലുള്ള ഏക രണ്ടുനില കെട്ടിടം ലൂഷ്യോയുടെതാണ്. താഴത്തെ നില ലൈബ്രറിയാണ്. അയാൾ താമസിക്കുന്ന മുകൾനിലയിൽ കിടപ്പുമുറിയും അടുക്കളയുമെല്ലാമായി ഒരു മുറി മാത്രം. അതിൽ കൂടുതലൊന്നും അയാൾക്കാവശ്യവുമില്ല. രണ്ടാം നില പണിതുകഴിഞ്ഞപ്പോൾ രണ്ടു നിലകളെ ബന്ധിപ്പിച്ച ഗോവണിയുണ്ടായിരുന്നത് WITHDRAWN പുസ്തകങ്ങൾ പൂട്ടിയിട്ടിരിക്കുന്ന ആ മുറിയിലാണ്. എന്നാൽ ആ മുറി പൂട്ടിയതിനുശേഷം അയാൾ പുറത്ത് കല്ലുകൊണ്ട് പടികൾ കെട്ടി. ലൈബ്രറിയും വീടും രണ്ടാക്കി നിലനിർത്താനും രാവിലെ വീടു പൂട്ടുമ്പോൾ താക്കോൽ കിലുക്കി ഇറങ്ങാനുമായിരുന്നു അയാൾക്കിഷ്ടം. വിട പറഞ്ഞിറങ്ങാൻ അയാൾക്കിപ്പോൾ ഭാര്യയില്ലെങ്കിലും പലപ്പോഴും മനസ്സിലും ചിലപ്പോഴെക്കെ ഉറക്കെയും അയാൾ പറയും, 'ശരി ഹെർലിൻഡ ഞാനിറങ്ങുന്നു.'

ലൂഷ്യോയും റെമിഗിയോയും രണ്ടു പടികളിലായിരുന്ന് ആളുകൾ ബസിൽ കയറുന്നത് നോക്കി. വില്ലാ ദ് ഗാർസ്യയിലെ പള്ളിയും ടൗൺഷിപ്പും എല്ലാ ഞായറാഴ്ചയും അയച്ചിരുന്നതാണത്; ഒന്ന് വിശ്വാസികളെ ആകർഷിക്കാനും അടുത്തത് വോട്ടർമാരെ ആകർഷിക്കാനും

കൂടുംബങ്ങളുടെ പക്കൽ വിഴുപ്പു ഭാണ്ഡങ്ങളും അവർക്ക് ചന്തയിൽ കൊണ്ടുപോയി വിൽക്കാനും കഴിയുന്ന വസ്തുവകളുമായിരിക്കും, മിക്കവാറും മുട്ടകളും കോഴികളും ആടുകളും. ഇപ്പോൾ അവർ ഒഴിഞ്ഞ വെള്ളക്കുടങ്ങളും കൂടി എടുക്കാറുണ്ട്.

ഒൻപതേകാലിന് വിടുന്ന ബസ് ഇക്കാമോളിനെ പ്രതിരോധരഹിത യായി അവശേഷിപ്പിക്കുന്നു, പക്ഷേ, എന്താണിവിടെ പ്രതിരോധിച്ചു നിർത്താനുള്ളത്?

ലൂഷ്യോ പടിക്കെട്ടിറങ്ങി തെരുവിൽ ചെന്നുനിന്നു. മോട്ടോറുകളുടെ മുരൾച്ച അവസാനിച്ചിരുന്നതുകൊണ്ട് ഇനി ശബ്ദമുയർത്തി സംസാ രിക്കേണ്ട കാര്യമില്ല. ആ സ്ത്രീ എന്തോ ഗുളിക കഴിച്ചിരുന്നു. ധൈര്യം നിലനിർത്താനാവാം, അവർ കരഞ്ഞതേയില്ലെന്നാണ് എന്നോടു പറ ഞ്ഞത്. അവർക്ക് സങ്കടമായെന്നല്ല മറിച്ച് ആശ്വാസമായെന്നാണ് പറ ഞ്ഞത്. നിങ്ങളിതെന്താ പറയുന്നത്? റെമിഗിയോ ചോദിച്ചു. ലൂഷ്യോ ദേഷ്യത്തോടെ അവനെ നോക്കി. നിങ്ങളിതെന്താ പറയുന്നത്? എന്ന ചോദ്യത്തോട് അയാൾക്കു വെറുപ്പായിരുന്നു. പ്രത്യേകിച്ചൊന്നും ചോദി ക്കാതെ നിശ്ശബ്ദത പാലിക്കേണ്ട സന്ദർഭങ്ങളിൽ ചില എഴുത്തുകാർ എടുത്തുപയോഗിക്കുന്ന ഒരു പ്രയോഗമാണത്. നിങ്ങളെന്താ പറയു ന്നത് എന്ന് പെർക്കിൻസ് പറഞ്ഞുകഴിയുമ്പോഴാണ് ഇൻസ്പെക്ടർ ഫിറ്റ്സ് പാട്രിക് വായനക്കാർക്കവേണ്ടി, പെർക്കിൻസിനു വേണ്ടിയല്ല, സംഗതികൾ വിശദീകരിക്കുന്നത്; അയാൾ വിരലടയാളവും തെളിവു കളും ഉപയോഗിച്ചതെങ്ങനെ എന്നിങ്ങനെ പല വിവരങ്ങൾ. മാഡം ടർസ്റ്റെൻ ലോക്കറ്റിനെപ്പറ്റി പറഞ്ഞിരുന്നു, ഫിറ്റ്സ് പാട്രിക് പറയും, അപ്പോഴെനിക്കു തോന്നി അവർ കൊലപാതകിയല്ലെങ്കിൽ കുറഞ്ഞ പക്ഷം സാക്ഷിയെങ്കിലുമായിരിക്കും. “ഞാനെന്താണ് പറയുന്നതെന്ന് നിനക്കു നന്നായറിയാം,” ലൂഷ്യോ പറഞ്ഞു: “എന്റെ ലൈബ്രറിയിലെ ത്തിയ സ്ത്രീയെ എല്ലാവരും കാണുകയും അതേപ്പറ്റി പിറുപിറുക്കു കയും ചെയ്തുകഴിഞ്ഞതാണ്. അവർ തിരികെ കാറിൽ കയറി ഓടിച്ചുപോകുംവരെ ആരും കണ്ണെടുത്തതേയില്ല. “അതു നേരാണ്.” റെമിഗിയോ സമ്മതിച്ചു, എന്നാൽ ആളുകൾ പറയുന്നത് അവർ നിങ്ങളെ സഹായിക്കാൻ വന്നതാണെന്നാണ്. അവർ പുസ്തകങ്ങൾ കൊണ്ടു വരുമെന്നും നിങ്ങൾക്ക് ശമ്പളം തരുമെന്നും ലൈബ്രറിയുടെ മുൻവശം പെയിന്റടിക്കുമെന്നുമൊക്കയാണ് സംസാരം; ആരും ഗുളികകളെപ്പ റ്റിയോ കരയാതിരിക്കുന്നതിനെപ്പറ്റിയോ ഒന്നും പറഞ്ഞില്ല. അവർ വണ്ടിയെടുക്കുന്നതിനുമുമ്പ് സെനോര ഉർദ്ദനേത അവരോടു സംസാ രിച്ചിരുന്നു. ഇക്കാമോളിന് കൂടുതൽ പുസ്തകങ്ങളല്ല മറിച്ച് മരുന്നും വെള്ളവുമാണ് ആവശ്യമെന്നാണ് അവർ പറഞ്ഞത്. സെനോര ഉർദ്ദ നേതയെപ്പോലൊരു സ്ത്രീ അതു പറയുന്നത് എനിക്കു മനസ്സിലാക്കാം; അവരുടെ മക്കൾക്ക് കൃമിശല്യമുള്ളതുകൊണ്ടാണ് അവർ മരുന്നിനെ

ഷറ്റി പറയുന്നത്. എന്നാൽ ഞാൻ നിന്നിൽനിന്ന് കൂടുതൽ പ്രതീക്ഷിച്ചു; നിന്റെ മനസ്സിൽ കൂടുതലെന്തോ, ഇല്ലേ? റെമിഗിയോയും തെരുവിലേക്കിറങ്ങി. എന്തെങ്കിലും സംസാരിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ അവൻ അല്പനിമിഷമെടുത്തു. അവർക്ക് മകളെ നഷ്ടപ്പെട്ടിട്ടും ഒന്നും സംഭവിക്കാത്തതുപോലെ പെരുമാറിയെന്നോ? "അതെന്റെ വാക്കുകളല്ല, അവരുടേതുമല്ല," ലൂഷ്യോ പറഞ്ഞു. പെൺകുട്ടിയെ കാണാതായതല്ല അവൾ മരിച്ചുവെന്ന് അവർക്കറിയാം. അവർ ആ ദുഃഖത്തിൽ കഴിയാൻ തുടങ്ങിയിട്ടേറെയായി; അതുകൊണ്ടാണ് അവർക്ക് ആശ്വാസമായത്. അനാമാരി എന്നെല്ലാവരും വിളിക്കുന്ന അവരുടെ ബാബെറ്റ് ഒരു കതകിനു പിന്നിലേക്ക് അജ്ഞാതമായ കൈയിലേക്കു പോകുമെന്ന് അവർക്കറിയാം. ഒരു കുട്ടി മരിക്കുമ്പോൾ ആരും ആശ്വസിക്കാറില്ല," റെമിഗിയോ പ്രസ്താവിച്ചു. "ഞാൻ നാളെ അവോക്കാഡോ മരത്തിൽ തൂങ്ങിമരിച്ചാൽ നിങ്ങൾ ആശ്വസിക്കുമോ? പോലീസുകാർ എന്നെത്തിരക്കി വന്നാൽ അതു നിങ്ങളെ സന്തോഷിഷിക്കുമോ?" ലൂഷ്യോ പൊട്ടിച്ചിരിച്ചു. "നീ ഗ്രിൻഗോ നോവലുകൾ വായിക്കാറുണ്ടെന്നേ ആരും പറയൂ. നീ അതിലെ കഥാപാത്രത്തിലൊരാളെ ഷോലെയാണ് സംസാരിക്കുന്നത്. ഫോൾസം മരിച്ചപ്പോൾമുതൽ ഗ്രിൻഗോകൾ ഇത്തരം വൈകാരിക കഥകൾ എഴുതാൻ തുടങ്ങിയതാണ്; സ്വന്തം കാര്യംനോക്കികളോ ലഹരി അടിമകളോ ഒക്കെയായ മാതാപിതാക്കളെയും അതിന്റെ ഫലമനുഭവിക്കുന്ന മക്കളെയും പറ്റി. മാതാപിതാക്കളെ താറടിച്ചെഴുതുന്ന എഴുത്തുകാരുടെ തലമുറ. ഒരു മനുഷ്യനെഷോലെ ചിന്തിക്ക്, റെമിഗിയോ. നീ ഇക്കാമോളിലാണ് ജീവിക്കുന്നത്, ഇംഗ്ലിഷ് സംസാരിക്കുന്ന പട്ടണപ്രാന്തത്തിലല്ല. അടുത്തവാചകം വഴക്കാവുമോ സമാധാനമാവുമോ എന്നുറപ്പില്ലാതെ അവർ അല്പനേരം തമ്മിൽ നോക്കി. ഒന്ന് തോളിൽ തട്ടിയാൽ മതി റെമിഗിയോ ശാന്തനാകാൻ. "എന്റെ കൂടെ വാ," ലൂഷ്യോ പറഞ്ഞു, "ഞാൻ ചെയ്യണമെന്ന് കുറച്ചായി വിചാരിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമുണ്ട്" എന്നു പറഞ്ഞ് ലൂഷ്യോ അവനെക്കൂട്ടി ഗബ്രിയേൽ ദൈവദൂതന്റെ കഷേളയിലേക്കു നടന്നു.

"നമ്മൾ ഒരുമിച്ച് ഇവിടെ ആദ്യമായാണ് വരുന്നത്," റെമിഗിയോ പറഞ്ഞു. ലൂഷ്യോ ചിരിച്ചുകൊണ്ട് ഒരു ഇരുമ്പുകസേരയ്ക്കു നേരേ വിരൽ ചൂണ്ടി. "നീ ഒരു സെന്റിമെന്റൽ മൂഡിലായതിനാൽ തൽക്കാലം ഇവിടെയിരിക്ക്." റെമിഗിയോ അതനുസരിച്ചശേഷം ചോദ്യഭാവത്തിൽ നോക്കി. "ഇത് നിന്റെ അമ്മയുടെ കസേരയായിരുന്നു," ലൂഷ്യോ വിശദീകരിച്ചു, "ഇതിലിരുന്നാണ് അവൾ തുന്നിയത്, സംസാരിച്ചത്, ഉറങ്ങിയത്, നേരം കളഞ്ഞത്. അതിലിരിക്കാൻ സുഖമാണോ?" റെമിഗിയോ മറുപടി പറഞ്ഞില്ല; അവനത് ശരിയായി കേട്ടില്ലെന്നാണു കരുതിയത്.

കപ്പേളയിൽ ഇരിപ്പിടങ്ങൾ പണിയാൻ ആശാരിയെ വിളിച്ചില്ല. ഇട വകാംഗങ്ങൾ, പ്രത്യേകിച്ചു സ്ത്രീകൾ അവരുടെ ചടങ്ങുകളുള്ളപ്പോൾ സ്വന്തം കസേര കൊണ്ടുവന്നിരുന്നു. ഇടയ്ക്കിടെ കൊന്തയോ മഴ യ്ക്കായുള്ള പ്രാർത്ഥനയോ വിശുദ്ധന്റെ തിരുനാളോ വർഷത്തിലൊ രിക്കൽ അയൽഗ്രാമത്തിൽനിന്ന് അച്ചൻ വന്നു നടത്തുന്ന കുർബാ നയോ ഒക്കെ മുറയ്ക്കു നടന്നിരുന്നു. കസേര ചുമന്ന് അങ്ങോട്ടുമി ങ്ങോട്ടും നടക്കാൻ മടിച്ച് സ്ത്രീകൾ കസേരകൾ പള്ളിയിൽത്തന്നെ വയ്ക്കാൻ തുടങ്ങി. അങ്ങനെയാണ് ഇത്തരത്തിൽ വ്യത്യസ്തങ്ങളായ കസേരകളുണ്ടായത്. ഇരുമ്പിന്റെ, പ്ലാസ്റ്റിക്കിന്റെ, ചൂരലിന്റെ, മടക്കാവു ന്നവ, നേരെയുള്ളവ, പലനിറത്തിലുള്ളവ, നിറം മങ്ങിയവ. ഒരു വശത്ത് ഗ്വാദലുപ്പ് ഗീതങ്ങൾ എന്ന നോവലിന്റെ കവർ തൂക്കിയിരുന്നു. ചാപ്പൽ പരിഷ്കരിക്കാൻ സംഭാവന ചോദിച്ചെത്തിയ ഒരു വികാരി ലൂഷ്യോ യുടെ മേശയിൽനിന്നും എടുത്തുകൊണ്ടു പോയതാണത്. അത് തിരിച്ചെടുക്കാൻ അയാൾ ഉദ്ദേശിക്കുന്നില്ല, കാരണം എന്തായാലും WITHDRAWN സ്റ്റാമ്പ് വീഴേണ്ടിയിരുന്ന പുസ്തകങ്ങളിലൊന്നാണ് അത്. ആരും അത് വായിക്കാൻ മെനക്കെടാത്തതിൽ അയാൾക്കു സന്തോഷം തോന്നി, കാരണം അത് ദൈവനിന്ദ നിറഞ്ഞ ഒരു പുസ്തകമായിരുന്നു. കന്യാമറിയത്തെ ആരാധനയോടെ നോക്കി നിൽക്കുന്ന ജുവാൻ ഡിയേ ഗൊയെ ഉദ്ധരിച്ച ലിംഗത്തോടെയാണ് പുറംചട്ടയിൽ വരച്ചു ചേർത്തി രിക്കുന്നത്. ഭിത്തിയുടെ ഇടതുവശത്താണ് പെഡ്രോ മൊണ്ടസ് എന്ന പട്ടാളക്കാരന്റെ കത്ത് സ്ഥാപിച്ചിരിക്കുന്ന ഭരണി. അതിനുചുറ്റും നാലു മെഴുകുതിരികളുണ്ടായിരുന്നു,ഒരെണ്ണം കത്തിച്ചതും മൂന്നെണ്ണം കത്തി ക്കാത്തതും. ഭരണി ചില്ലുകൊണ്ടുള്ളതാണ്, മുകളിൽ കനം കുറഞ്ഞതും അടിഭാഗം കട്ടി കൂടിയതും. ലൂഷ്യോയും റെമിഗിയോയും അതിനടു ത്തെത്തി. പഞ്ചസാരലായനിയിലിട്ട പീച്ചുപഴങ്ങളാണ് ശരിക്കും ഇതി നകത്തുണ്ടാവേണ്ടത്, ലൂഷ്യോ പറഞ്ഞു. ഇവാഞ്ജലീനയുടെ കത്ത് ആദ്യാവസാനം വായിക്കാൻ പാകത്തിൽ ഉള്ളിൽനിന്നും ഭരണിയുടെ ചില്ലിൽ അത് ഒട്ടിച്ചുവച്ചിരിക്കുകയാണ്. ഒരിക്കൽ അതിന്റെ മൂടി തുറ ക്കാൻ ഞാൻ ശ്രമിച്ചതാണ്. പക്ഷേ, കഴിഞ്ഞില്ല, ലൂഷ്യോ പറഞ്ഞു. പെഡ്രോ മൊണ്ടസ് Faithful എന്ന വാക്ക് രണ്ട് 'l' ചേർത്താണ് എഴുതി യിരിക്കുന്നത്. എന്നാൽ ആരും അത് ഇതേവരെ ശ്രദ്ധിച്ചിട്ടില്ല. പോക്ക റ്റിൽനിന്ന് ഒരു ചുവന്ന മഷിപ്പേനയെടുത്തുകൊണ്ട് ലൂഷ്യോ ഇപ്പോൾ തെറ്റുതിരുത്താനുള്ള സമയമാണെന്ന് പറഞ്ഞു. "ഞാൻ സഹായിക്കു മെന്ന് കരുതേണ്ട," റെമിഗിയോ ഒരടി പിന്നോട്ടു വെച്ചു; "അത് ഇക്കാമോളിലെ ഏറ്റവും വിലയേറിയ പുരാതന സ്വത്താണ്, നിങ്ങൾക്കത് തിരുത്താൻ അവകാശമില്ല." ലൂഷ്യോ തലകുലുക്കികൊണ്ട് ഒരു കസേര യിലിരുന്ന് കൈ അരികിലുള്ള വേറൊരു കസേരയിൽ പിടിച്ചു. ഇത് നിന്റെ അമ്മയുടെ കസേരയെക്കാൾ സുഖമുള്ളതാണ്. റെമിഗിയോ

അതിനടുത്തെത്തി. അവന് അമ്മ കസേരയിലോ മറ്റെവിടെയെങ്കിലുമോ ഇരിക്കുന്നത് ഓർമ്മയില്ല. അവനവരെപ്പറ്റി ഓർക്കുമ്പോഴെല്ലാം അവനു പുറംതിരിഞ്ഞ് നിൽക്കുന്ന ഒരു രൂപമാണ് മനസ്സിൽ വരിക. ലൂഷ്യോ കണ്ണടച്ച് വികാരവായ്പൊന്നുമില്ലാതെ സംസാരിച്ചു. നീയൊരു ഗ്രിൻഗോ നോവലിസ്റ്റാണെങ്കിൽ നിനക്ക് പുറപ്പെട്ടുപോകാനുള്ള സമയമാണിത്: ഒരു കുറ്റകൃത്യത്തിൽ പങ്കുചേരാൻ എന്റെ അച്ഛൻ എന്നോടാവശ്യപ്പെട്ട ദിവസം; എന്നെപ്പറ്റി പരിഹസിച്ചെഴുതാൻ നിനക്ക് ആവശ്യത്തിന് പേജുകൾ ലഭിക്കും, എന്നെ നിന്റെ വായനക്കാരുടെ മുന്നിൽ ഒരു പാവം പിശാചായി അവതരിപ്പിക്കാം. നീ ഒരു നല്ല മനുഷ്യനായതുകൊണ്ടു മാത്രം എന്റെ കുറവുകൾക്കുമുപരിയായി നീ എന്നെ സ്നേഹിക്കുന്നതായി പറയാം. റെമിഗിയോ ഒരു ആജ്ഞാനുവർത്തിയുടെ ഭാവത്തിൽ എണീറ്റുനിന്ന് കൈകൾ രണ്ടും പോക്കറ്റിൽ തിരുകി.

അവർ ഭരണിക്കരികിലെത്തി, ലൂഷ്യോ അത് കൈയിൽ ഉറപ്പിച്ചു പിടിച്ചപ്പോൾ റെമിഗിയോ സർവ്വശക്തിയുമെടുത്ത് അടപ്പ് തുറക്കാൻ ശ്രമിച്ചു. ആദ്യശ്രമം പരാജയപ്പെട്ടു. ഡോൺ പൊർഫിറിയോയുടെ കാലംമുതൽ അതിനുള്ളിൽ കുടുങ്ങിക്കിടക്കുകയാണ് വായു. പട്ടാളക്കാരൻ മരിക്കും മുമ്പ് കത്തിലുമ്മവച്ച തുപ്പൽ, പിന്നെ വേറെയെന്തെങ്കിലുമുണ്ടോ? നിങ്ങളാണ് കഥാകാരൻ, റെമിഗിയോ പറഞ്ഞു, എനിക്കാകെ അറിയാവുന്നത് വിശുദ്ധ വസ്തുക്കളോട് ഇത്തരത്തിൽ പെരുമാറുന്നവർ കുഴപ്പത്തിലാകുമെന്നു മാത്രമാണ്. ലൂഷ്യോ കൈയിലെ വിയർപ്പ് ട്രൗസറിന്റെ വശത്ത് തുടച്ചു. നമ്മൾ നേരത്തേതന്നെ കുഴപ്പത്തിലായിക്കഴിഞ്ഞു. അതിന്റെ കടം വീട്ടുന്നുവെന്നു മാത്രം. അവർ ഒരു വട്ടംകൂടി ശ്രമിച്ചു. ഇത്തവണ ലൂഷ്യോ ഭരണിയെ കക്ഷത്തിൽ ചേർത്തു പിടിച്ചിരുന്നു. ഒരു ഒച്ചയോടെ അടപ്പ് തുറന്നു. റെമിഗിയോ അത് മെല്ലെ തിരിച്ചു. ലൂഷ്യോ കടലാസെടുത്ത് ഒരു വരി വീണ്ടും വായിച്ചു: 'നീ എന്നെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു, ഇപ്പോൾ എന്റെ ജീവിതമവസാനിക്കുമ്പോൾ വിശ്വസ്തനായ ഒരു കുട്ടിയെപ്പോലെ പ്രാർത്ഥിക്കാൻ മാത്രമേ എനിക്കാവുന്നുള്ളൂ. അയാൾ രണ്ട് 'l' നു ചുറ്റും ഒരു ചുവന്ന വട്ടം വരച്ചു. അതേ മഷികൊണ്ട് ബ്രായ്ക്കറ്റിൽ എഴുതി: Faithful-ന് ഒരു 'l' മാത്രമേയുള്ളൂ; നമ്മൾ Full of Faith ആയിരിക്കണമെങ്കിലും. അയാൾ കത്ത് തിരികെവച്ച് അടച്ച് റെമിഗിയോയോട് മുറുക്കി അടയ്ക്കാൻ പറഞ്ഞു. 'മരിച്ച പെൺകുട്ടിയുടെ കാര്യത്തിൽ നിനക്കൊരു സഹായി വേണമായിരുന്നു, ഈ കത്തിന്റെ കാര്യത്തിൽ എനിക്ക് നിന്നെ വേണം." അയാൾ ഭരണി ഷെൽഫിൽ തിരികെ വച്ച് ഒരു തീപ്പെട്ടിയെടുത്ത് മൂന്ന് മെഴുകുതിരികൾകൂടി കത്തിച്ചു. ഇതൊരു നിന്ദയായി നീ കരുതരുത്; മറിച്ച്, മൊണ്ടസിനെ ഞാൻ ബഹുമാനിക്കുന്നു. കാരണം മരിക്കാൻ കിടന്നിട്ടുകൂടി അയാൾ ഒരക്ഷരം മാത്രമാണ് തെറ്റിച്ചത്. ജീവിച്ചിരുന്നെങ്കിൽ അയാൾ ഒരെഴുത്തു

കാരനാകുമായിരുന്നെന്ന് സംശയമില്ല. ലൈബ്രറിയിലെ നിത്യസന്ദർശകനും എന്റെ സുഹൃത്തുമായിത്തീരുമായിരുന്നു അയാൾ.

അവർ ചാപ്പലിൽനിന്നിറങ്ങി വീട്ടിലേക്കു പോകാൻ കുന്നിറങ്ങി. “നിങ്ങൾ ഗ്രിൻഗോ നോവലുകളെപ്പറ്റിയൊക്കെ പറഞ്ഞുകൊണ്ടിരുന്നാലും ആ സ്ത്രീ വിചിത്രയാണെന്നുതന്നെ ഞാൻ പറയും, റെമിഗിയോ പറഞ്ഞു. അവർ ഇരുണ്ട് നിശ്ശബ്ദമായ ഒരു കാറാണോടിക്കുന്നത്; ചിലപ്പോൾ അവർതന്നെയായിരിക്കും പെൺകുട്ടിയെ കൊന്നത്.” “അത് സാധ്യമാണ്,” ലൂഷ്യോ മറുപടി പറഞ്ഞു, “എങ്കിലും ഞാനവരെ കുറ്റപ്പെടുത്തില്ല. കുട്ടിയെ പുറത്തെടുക്കാനും കിണറ്റിലെറിയാനും ഞാൻ സഹായിക്കുകപോലും ചെയ്തേനെ. എന്നാൽ അവർ കാറിലല്ല, ഒരു കുതിരപ്പുറത്ത് കുട്ടിയെ കൊണ്ടുവന്നിരുന്നെങ്കിൽ എന്നാണെന്റെ ആഗ്രഹം.”

ലൂഷ്യോയ്ക്ക് അവർ പുറംതിരിഞ്ഞു നിൽക്കുന്ന, ഗബ്രിയേൽ ദൈവ ദൂതന്റെ കപ്പേളയിൽ കസേര കൊണ്ടുപോയിട്ട സ്ത്രീ മാത്രമല്ല; അവൾ ഒരു പേരായിരുന്നു, ഹെർലിൻഡ. അവൾക്ക് മാടിവിളിക്കുന്ന തൊലി യായിരുന്നു; ഇരുട്ടിൽ പ്രത്യേകതരത്തിൽ അവൾ അയാളെ നോക്കി യിരുന്നു; അയാൾ ചേർത്തുപിടിക്കുമ്പോൾ അവളുടെ ശബ്ദം മൃദു വാകുമായിരുന്നു. ഒരു സ്ത്രീയിൽ ഏറ്റവും പ്രധാനം തൊലിയായി രുന്നു ലൂഷ്യോയ്ക്ക്, മാക് അലിസ്റ്ററുടെ നോവലിലെപ്പോലെ നിറമല്ല, മറിച്ച് തൊലിയുടെ മിനുപ്പ്. അതുകൊണ്ടാണയാൾ ഹെർലിൻഡ ഒരു കുട്ടിയായിരുന്നപ്പോൾത്തന്നെ അവളെ കല്യാണം കഴിച്ചതും വെയി ലത്തിറങ്ങരുതെന്നും കഠിനജോലികൾ ചെയ്യരുതെന്നും അവളോടു പറഞ്ഞതും. ആണുങ്ങളെപ്പോലെ പരുക്കനായ കൈകളും തുകൽ പോലെ കട്ടിയുള്ള തൊലിയുമായി ഒരു ഇക്കാമോൾ സ്ത്രീയായി അവൾ മാറാതിരിക്കാൻ അയാൾ ശ്രദ്ധിച്ചു. മിനുസമുള്ള തൊലിയെ കെട്ടിപ്പിടിച്ചു കിടക്കാൻ കഴിയുന്ന രാത്രികൾപോലെ വേറൊന്നുമല്ല ലോകത്തിൽ. ഹെർലിൻഡയെക്കുറിച്ചുള്ള ഓർമ്മകൾ പലപ്പോഴുമു ണ്ടാകാറുണ്ട്, എന്നാൽ അവർ രണ്ടാളും ഒരു മേശയ്ക്കിരുപുറവുമി രുന്ന് പച്ചക്കറിസൂപ്പ് തിന്നാൻ പോകുന്നതിന്റെ ഓർമ്മയാണ് ഏറ്റവും കൂടുതലായുണ്ടാകുന്നത് എന്നോർത്തയാൾക്ക് വ്യസനം തോന്നി. അവൾ ആദ്യം രുചിച്ചുനോക്കി. മുഖം കോട്ടിക്കൊണ്ട് കൂടുതൽ ഉപ്പി ട്ടുപോയി എന്നു പറഞ്ഞു. അയാൾ ഒരു സ്പൂൺ കഴിച്ചു നോക്കി, നേരാണ്, അത് കഴിക്കാൻ കൊള്ളാത്തതുതന്നെ. എന്നാൽ യാതൊരു ഭാവവ്യത്യാസവും കാണിക്കാതെ അയാളതു കഴിച്ചുതുടങ്ങി: അതാണ് അവൾക്കുവേണ്ടി ചെയ്യാൻ കഴിയുന്ന ഏറ്റവും ചെറിയ കാര്യം. എനിക്ക് കുഴപ്പമൊന്നും തോന്നുന്നില്ല എന്നു പറഞ്ഞ് അവൾക്ക് സംശയം തോന്നാതിരിക്കാനായി മുഴുവനും കഴിച്ച് വീണ്ടും പാത്രം നിറച്ചു. അതൊരു പ്രത്യേക നിമിഷവുമല്ല, ആ ഓർമ്മ യാതൊരു വികാരവും ജനിപ്പിക്കുന്നില്ല; എങ്കിൽ ഹെർലിൻഡ മരിച്ചപ്പോൾ മുതൽ എപ്പോ ഴെല്ലാം ഒരു ഉപ്പുപാത്രം കൈയിലെടുത്താലും ഈ ഓർമ്മ വിസ്തരിച്ച് അയാളുടെ മുന്നിലെത്തും: വെള്ളത്തിൽ ഒഴുകി നടക്കുന്ന കാരറ്റ്-വെള്ളരിക്കഷണങ്ങൾ, ചതുര ഡിസൈനിലുള്ള പ്ലാസ്റ്റിക്ക് മേശവിരി,

പിറകിലെ ഭിത്തിയിൽ മാർച്ച്മാസത്തെ കലണ്ടർ. പച്ച വേഷമിട്ട് കൈകൾ കെട്ടി നശിച്ചുപോയ പച്ചക്കറികളെപ്പറ്റി പതം പറഞ്ഞിരിക്കുന്ന ഗർഭിണിയായ ഹെർലിൻഡ. ഇത് ആട് തിന്നുമോ? ചില രാത്രികളിൽ അയാൾ ഹെർലിൻഡയെ നഗ്നയായി ഓർമ്മിച്ചെടുക്കും, എന്നാൽ ആഗ്രഹവും നൊസ്റ്റാൾജിയയും കൂട്ടിക്കുഴയ്ക്കാൻ ഇഷ്ടപ്പെടാത്ത ലൂഷ്യോ ഉടൻതന്നെ ഭാര്യയുടെ രൂപത്തെ 'വൈകുന്നേരങ്ങളിൽ റബേക്ക'യിലെ നായികയുമായി വച്ചുമാറും. അയാൾ റബേക്കയോടുള്ള പ്രേമം പ്രഖ്യാപിക്കുമെങ്കിലും ഡോക്ടർ അമുൻഡറേയോടൊത്തുള്ള ദിനജീവിതത്തിലേക്ക് അവൾ തിരിച്ചുപോകുമെന്നയാൾ സ്വയം ഓർമ്മപ്പെടുത്തിയിരുന്നു. റെബേക്ക ഹെർലിൻഡയിൽനിന്ന് വ്യത്യസ്തയാണ്; എന്നാൽ ലൂഷ്യോയ്ക്ക് അവളുടെ കൂട്ട് ഇഷ്ടമാണ്, അവളുടെ ചെറിയ വാചകങ്ങൾ, സ്റ്റോക്കിങ്സ് മാത്രമിട്ട് വീടിനുള്ളിൽ നടക്കുന്നത്, ആഗ്രഹമവസാനിച്ചാലുടൻ അവൾ തിരികെപ്പോകുന്നത്. ആഗ്രഹമവസാനിച്ചാലുടൻ അവൾ തിരികെപ്പോകുന്നത്. റബേക്ക കൂർക്കം വലിക്കില്ല, പുതപ്പ് വലിച്ചെടുക്കില്ല, അയാൾക്കുവേണ്ടി പച്ചക്കറിസൂപ്പുണ്ടാക്കുകയോ അയാളോടൊത്തുള്ള ഭാവിയെക്കുറിച്ചാലോചിക്കുകയോ ചെയ്യില്ല; ഇക്കാമോളിലെ ആളുകളോട് ഇടപഴകുകയുമില്ല. റബേക്ക ചില രാത്രികൾക്കുവേണ്ടി മാത്രമാണ്, ഹെർലിൻഡയെ ജീവിതകാലം മുഴുവനുമാണ് അയാൾക്കു വേണ്ടിയിരുന്നത്.

ഹെർലിൻഡയാണ് ആ വീട്ടിൽ ആദ്യത്തെ പുസ്തകം കൊണ്ടുവന്നത്: ആടുവളർത്തൽ സഹായി. അതിൽ ആടിനെ വളർത്തുന്നതും തീറ്റുന്നതും കൊല്ലുന്നതും സംബന്ധിച്ച എല്ലാ വിവരങ്ങളുമടങ്ങിയിരുന്നു. ആടുകൾക്ക് സന്തോഷമുള്ള ഒരു ചുറ്റുപാടു നൽകിയാൽ അവ കൂടുതൽ പാലും ഇറച്ചിയും ഉത്പാദിക്കുമെന്ന് ഗ്രന്ഥകർത്താവ് പറഞ്ഞിരുന്നു. അറക്കാനായുള്ള മൃഗങ്ങളെന്നല്ല, മറിച്ച് വളർത്തുമൃഗങ്ങളായി വേണം അവയെ കാണാൻ. ഇടയ്ക്കിടെ തൊട്ടുതലോടുകയും സാധിച്ചാൽ രണ്ടക്ഷരത്തിൽ ഒരു പേരുമിടണം. രാത്രിയിലെ വന്യമൃഗങ്ങളുടെ ആക്രമണത്തിലോ മുട്ടനാടുകൾ തമ്മിൽ വഴക്കുണ്ടാക്കുന്നതിലോ ഒക്കെ പേടി തട്ടാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം, കാരണം പേടിപോലെ ഇറച്ചിയുടെ രുചികെടുത്തിക്കളയുന്ന മറ്റൊന്നുമല്ല. പുൽമേടുകളിൽ കിട്ടുന്നത് മാത്രമല്ല, ഒരു സമീകൃതാഹാരം അവയ്ക്ക് നല്കുന്നതും നല്ലതാണ്. ലൂഷ്യോയ്ക്ക് ആ സമയത്ത് ആടുവളർത്തൽ ഉണ്ടായിരുന്നു. സമീപവാസികളെയും അത് പരിശീലിപ്പിച്ച് അവിടം ഒരു ആടുവളർത്തൽ കേന്ദ്രമാക്കണമെന്നായിരുന്നു ഹെർലിൻഡയ്ക്ക്. "പക്ഷേ, ഈ അവസ്ഥയിൽ അത് നടക്കില്ല, ഈ മരുഭൂമിയിൽ ഇതിൽക്കൂടുതൽ ആടുകളെ വളർത്തുക സാധ്യമല്ല;" അവൾ പറഞ്ഞു,

"അതുകൊണ്ടുതന്നെ ആദ്യം നമ്മൾ ചെയ്യേണ്ടത് ആ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതരം പോഷകാഹാരങ്ങളും മരുന്നുകളുമെല്ലാം വാങ്ങി സംഭരിക്കുകയാണ്." ലൂഷ്യോ കുറെനാൾ അതിനവധി വച്ചു, ഒടുവിൽ രണ്ടാം നില പണിതു കഴിഞ്ഞ് താഴെ ഒരു സ്റ്റോർ ഹൗസിനുള്ള സ്ഥലം ഉണ്ടായിക്കഴിഞ്ഞപ്പോഴേക്കും ഹെർലിൻഡ മരിച്ച് അനേകം വർഷങ്ങൾ കഴിഞ്ഞിരുന്നു. ഒരു ദിവസം അവൾക്കെണീക്കാൻ തോന്നുന്നില്ലെന്നും കാൽ വേദനിക്കുന്നെന്നും പറഞ്ഞു. ലൂഷ്യോ ജോലിക്കു പോയി അത്താഴസമയത്ത് തിരിച്ചെത്തിയപ്പോൾ അവൾ ചലനമറ്റു കിടക്കുന്നതാണ് കണ്ടത്. അവളെ തൊട്ടുനോക്കിയപ്പോൾതന്നെ അയാൾ പുതപ്പെടുത്ത് അവളുടെ മുഖം മറച്ചു. അയാൾ പ്രാർത്ഥിക്കുകയോ ആത്മാവിനെപ്പറ്റി ചിന്തിക്കുകയോ പുനർജന്മത്തെപ്പറ്റി ആലോചിക്കുകയോചെയ്തില്ല. ആ ശരീരത്തിന്റെ രൂപം കണ്ടപ്പോൾ കഴിഞ്ഞരാത്രി അവളെ പ്രാപിക്കാഞ്ഞതിൽ അയാൾക്ക് ഖേദം തോന്നി. പിന്നെ അയാൾ വാതിൽക്കൽ ചെന്ന് റെമിഗിയോ സ്കൂൾ വിട്ടുവരാൻ കാത്തുനിന്നു. വന്നയുടൻ വിവരം പറയാൻ കഴിയില്ലെന്നു തോന്നിയതിനാൽ അവൻ വാതിൽക്കലെത്തിയപ്പോഴേ അയാൾ 'അത്താഴം ഞാനുണ്ടാക്കാം' എന്നു പറഞ്ഞു. കാര്യങ്ങൾ മുറപോലെ നടന്നു, ഒരു കുർബാനയും ശവമടക്കും വില്ലാ ദ് ഗാർസ്യയിൽ ഉണ്ടായിരുന്നു. റെമിഗിയോ ഉറങ്ങുന്നതുവരെ കാത്തിരുന്ന് അയാൾ ഇരുന്നു കരഞ്ഞു.

മരണകാരണം വ്യക്തമല്ലായിരുന്നതിനാൽ തേൾ കുത്തിയതാവാമെന്ന് ഇക്കാമോളുകാർ പറഞ്ഞു. അങ്ങനെയാണ് ഒടുവിൽ ലൂഷ്യോ രണ്ടാംനില പണിഞ്ഞുതുടങ്ങിയത്. ഒരു ഓർമ്മദിനത്തിൽ ലൂഷ്യോ റെമിഗിയോയോട് നിർമിക്കാൻ കഴിയാതെ പോയ സ്റ്റോർഹൗസിനെപ്പറ്റി പറഞ്ഞു. "അതൊരു നല്ല ബിസിനസ്സാവുമെന്ന് നിനക്കു തോന്നുന്നുണ്ടോ?" "എനിക്കറിയില്ല," റെമിഗിയോ മറുപടി പറഞ്ഞു. എന്തായാലും തേൾ രണ്ടാം നിലവരെ കയറിവരുമായിരുന്നില്ല.

പണിതുടങ്ങാനായി ലൂഷ്യോ ആടുകളെ വിറ്റു. ഹെർലിൻഡയുടെ ഓർമ്മയ്ക്കായാണ് അത് പണിതതെങ്കിലും ആടുവളർത്തൽ സഹായിയിൽ പറയുന്ന പോഷകാഹാരം വാങ്ങിവയ്ക്കാൻ ഒരു പൈസ പോലും അവശേഷിച്ചിരുന്നില്ല.

സർക്കാർ പ്രതിനിധി ഒരു വണ്ടി നിറയെ പുസ്തകങ്ങളുമായി സ്ഥലമന്വേഷിച്ചു വന്നപ്പോൾ ആളുകൾ അയാളെ ലൂഷ്യോയുടെ അടുത്തെത്തിച്ചു. പ്രാവർത്തികമാകാതെ കിടന്നിരുന്ന സ്റ്റോർ ഹൗസ് കണ്ട് അയാൾ തലകുലുക്കി. ധാരാളം സ്ഥലമുണ്ട് എന്നു പറഞ്ഞ് ബുക്ക് ഷെൽഫുകളും മേശയും വായനമുറിയും ഒരുക്കേണ്ടിടത്തേക്ക് അയാൾ വിരൽ ചൂണ്ടി. ലൂഷ്യോയുടെ മടിക്കുമേൽ അയാൾ ശമ്പളമവതരിപ്പിച്ചു. ഇക്കാമോളിലെ ഏക സർക്കാർ ജോലിക്കാരനായിത്തീരും

ലൂഷ്യോ. പ്രതിനിധി പെട്ടിയിൽനിന്ന് കടലാസുകളെടുത്ത് നീട്ടി. ലൂഷ്യോ കൈ നീട്ടിയപ്പോൾ അയാൾ കൈ പിൻവലിച്ചു, "വായിക്കാനറിയാമോ?" ശൂന്യമായ വീട്ടിൽ ആ ശബ്ദം പ്രതിധ്വനിച്ചു. ലൂഷ്യോയ്ക്ക് നാണക്കേടൊന്നും തോന്നാഞ്ഞതിനാൽ വെറുതേ തല കുലുക്കി. ഉടമ്പടിയുടെ അസൽപ്പതിപ്പിലും മൂന്നു കോപ്പികളിലും ഒപ്പുവയ്ക്കവേ അവളുടെ പദ്ധതി ഉപേക്ഷിച്ചതിന് അയാൾ ഹെർലിൻഡയോട് മാപ്പ് ചോദിച്ചു.

കൈകൾ കാലിനോട് ചേർത്ത് നഗ്നനായി കിടക്കയിൽ എണീറ്റിരുന്നപ്പോൾ റെമിഗിയോ തലയുയർത്തി തനിക്കിങ്ങനെ രാത്രി ചെലവിടേണ്ടയെന്ന് സ്വയം പറഞ്ഞു. ഏകാന്തത ഒരിക്കലും അയാൾക്കൊരു പ്രശ്നമായിരുന്നില്ല. എന്നാൽ ബാബെറ്റ് മരത്തിനടിയിൽ വന്നുകഴിഞ്ഞപ്പോൾമുതൽ അയാൾക്ക് ഉറക്കം നഷ്ടപ്പെട്ടു. ജീവനോടെയാണ് അവളെ കിണറ്റിൽ കണ്ടിരുന്നതെങ്കിൽ ഉറപ്പായും അവളെ രക്ഷിക്കുമായിരുന്നു. ആ കയറിൽ പിടിക്കൂ കുട്ടി, പേടിക്കേണ്ട വെള്ളത്തിനു പുറത്തെത്തിയാലുടൻ ദേഹം തുടയ്ക്കാനെന്തെങ്കിലും കൊടുത്തേനെ. ഇതാ തോർത്ത്. വേഷം മാറ്റിക്കോളൂ, ഞാനൊരു ഷർട്ട് തരാം. ശരീരമുണക്കി അവൾ ഇറങ്ങിവരുംവരെ അയാൾ തോട്ടത്തിൽ കാത്തുനിന്നേനെ, പിന്നെ അവളുടെ കൈപിടിച്ച് അവളുടെ അമ്മയെ തിരഞ്ഞേനെ. പക്ഷേ, അവൻ കണ്ടെത്തിയപ്പോൾ അവൾ മരിച്ചിരുന്നു, അന്നുമുതൽ അവന്റെ മനസ് ഓരോന്ന് മെനഞ്ഞെടുക്കാൻ തുടങ്ങിയിരുന്നു: കറുത്ത തലമുടി, അടയ്ക്കാൻ കഴിയാത്ത ഒരു കണ്ണ്, കൃത്യമായ സ്ഥലത്ത് ലേബലുള്ള അടിയുടുപ്പ്, മണിയടിച്ചയുടൻ ബാബെറ്റിനെ വലിച്ചെടുത്ത കൈ, വെളുത്ത തൊലി, വെളുത്ത തുടകൾ, മെലിഞ്ഞ വയറ്, പാതി തുറന്ന ചുണ്ടുകൾ. അയാളിപ്പോൾ പഴയതുപോലെയൊന്നുമല്ല. പോലീസുകാർ അവളുടെ ഫോട്ടോതന്നെ കാണിക്കാതിരുന്നത് നന്നായെന്നയാൾക്കു തോന്നി. ജീവനുള്ള ആ ചാരക്കണ്ണുകളുടെ നോട്ടം അയാൾക്ക് താങ്ങാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ കിണറിനടുത്തു ചെന്ന് ആ പെൺകുട്ടിയെ ജീവനോടെ കണ്ടെത്തിയാൽ അവളെ അയാൾ തിരിച്ചുകൊടുക്കില്ലെന്ന് അയാൾക്കുറപ്പായിരുന്നു; അല്പം ബലപ്രയോഗം വേണ്ടിവന്നാലും ഒന്നോ രണ്ടോ മിനിറ്റുകൊണ്ട് അവളെ കട്ടിലിൽ കിടത്താൻ കഴിഞ്ഞേക്കും. "പേടിക്കേണ്ട, കുട്ടി, പേടിക്കേണ്ട. നിന്റെ അമ്മ നിന്നെ കാണാതായതായും തട്ടിക്കൊണ്ടുപോകപ്പെട്ടതായും മരിച്ചതായും കണക്കുകൂട്ടിക്കഴിഞ്ഞു. പേരിൽതന്നെ ഒടുക്കമുള്ള ഒരു നോവലോ ഒരു പൂർണ്ണവിരാമത്തിലേക്ക് ഒടുങ്ങുന്ന ഏതാനും പേജുകളോ ആയിത്തീർന്നിരിക്കുന്നു നീ. എന്നാൽ എഴുതപ്പെടാതിരിക്കുന്ന കഥകൾക്കും ഒരു തുടർച്ചയുണ്ട്. നിന്റെ കഥയിൽ ഇനിയെന്തുണ്ടാകും? കതകടഞ്ഞശേഷം എന്ത്? മണിമുഴങ്ങിയശേഷം എന്ത്? പേടിക്കാതെ മറുപടി പറയൂ. എന്താണിനി, ബാബെറ്റ്? നിനക്ക് കിണറ്റിനുള്ളിലെ മരിച്ച പെൺകുട്ടിയുടെ കഥ ഇഷ്ടമാണോ? അതോ ആരെങ്കിലും

കൃത്യസമയത്ത് നിന്നെ രക്ഷപ്പെടുത്തുന്നത് നിനക്കിഷ്ടമാകുമോ? നല്ലവനായ റെമിഗിയോ നിന്നെ രക്ഷപ്പെടുത്തിയെങ്കിലോ?

ട്രൗസറെടുത്തിട്ട് ചെരുപ്പോ ഷർട്ടോ ഇല്ലാതെ അയാൾ പുറത്തിറങ്ങി. ആദ്യം മെൽക്വിസിദെക്കിന്റെ കതകിനു മുന്നിലാണ് നിന്നത്. കാറ്റില്ലെങ്കിലും അത് തുറന്ന് കൊട്ടിയടയ്ക്കാതിരിക്കാൻ ഒരു കല്ലെടുത്തു വച്ചു. ഇരുട്ടിൽ അയാൾ കരുതലോടെയിരുന്നു. പോലീസുകാരുടെ വിശേഷണങ്ങൾക്ക് യോജിക്കുന്ന പ്രതിയായി സ്വയം സങ്കൽപ്പിച്ചു നോക്കി. മെൽക്വിസിദെക്കിനെക്കാൾ ചേർച്ച താൻതന്നെയാണ്. അയാൾക്കുവേണ്ടി അവർക്കൊരു കഥ മെനയേണ്ടി വന്നു. അതിലവർ വില്ലാ ദ് ഗാർസ്യയിൽനിന്നുള്ള കൃത്യമായ വരവുകളും സാഹചര്യങ്ങളും സാക്ഷികളും ആടു മണിമുഴക്കിക്കൊണ്ട് കയറിവരുന്ന പഴഞ്ചൻ വണ്ടിയും ഉൾപ്പെടുത്തി. ഒരു കാവൽക്കാരനെ നിരീക്ഷിക്കാൻ നിറുത്തിയശേഷം ഇയാളെ പാതിരാത്രി വഴിയിൽ കണ്ടു എന്നു മാത്രം പറഞ്ഞാൽ മതിയായിരുന്നു റെമിഗിയോ ആയിരുന്നെങ്കിൽ. അയാൾ മെൽക്വസിദെക്കിന്റെ വീടിനുള്ളിൽ കയറി. പിന്നെ ചോദ്യംചെയ്യൽ ആരംഭിക്കും. എന്ത് ചെയ്യുകയായിരുന്നു? തെളിവ് നശിപ്പിക്കുകയായിരുന്നോ? എവിടെയാണ് പെൺകുട്ടി. എവിടെ? പീഡനമുറകൾ തുടങ്ങും മുമ്പേതന്നെ റെമിഗിയോ സത്യം പറയും. വിതുമ്പലുകൾക്കിടയിൽ താൻ അവളെ മറവുചെയ്ത കാര്യം അവൻ പറയും. പറഞ്ഞിട്ട് പ്രത്യേകിച്ച് കാര്യമൊന്നുമില്ലെങ്കിലും താനല്ല അവളെ കൊന്നത് എന്നവൻ പറയും. അവളെ നിങ്ങളെല്ലാം ആഗ്രഹിക്കുന്ന വിധത്തിൽ താൻ തൊട്ടതേയില്ലെന്ന് പറയും. ഒരു ഇരുമ്പ് കസേരയിൽ ഷർട്ടുപോലുമില്ലാതെ ഇരിക്കുമ്പോൾ അവൻ സ്വയം പഴിക്കും. ഒരു ഗ്രിൻഗോ നോവലിസ്റ്റിനെപ്പോലെ തനിക്ക് നല്ല മാതൃക കാട്ടാഞ്ഞതിന് ലൂഷ്യോയെയും. ഒരു രഹസ്യപ്രവൃത്തിയിൽ തന്നെ പങ്കുചേർക്കാൻ അച്ഛൻ ഒരുങ്ങിയപ്പോൾ വ്യതിചലിച്ചു നടന്നവനാണ് താനെന്ന് അയാൾ പോലീസുകാരോടു പറയും.

അയാൾ ലൂഷ്യോയുടെ വീട്ടിലേക്കുള്ള നടകൾ കയറി ജനാലയിൽ ഒരു കല്ലുകൊണ്ട് മെല്ലെ തട്ടി. അയാൾ പത്തുവരെയെണ്ണി ഉള്ളിൽ നിന്ന് അനക്കമൊന്നും കേൾക്കുന്നില്ലെന്നായപ്പോൾ കൂടുതലുറക്കെ മുട്ടി, ലൂഷ്യോ കതകു തുറന്നു. അയാൾ ഒരു ഷീറ്റ് ഉടുത്തിട്ടുണ്ട്. എന്താ വേണ്ടത്? നേരെമെത്രയായി? റെമിഗിയോ ഉത്തരമൊന്നും പറയാതെ അകത്തുകയറി ലൈറ്റിട്ടു. അയാൾ തലകുലുക്കിക്കൊണ്ട് മുറിമുഴുവൻ നോക്കി. അവോക്കാഡോകളെവിടെ? ആ സ്ത്രീക്ക് കൊടുത്തെന്ന് പറയരുത്. എനിക്കവ തിരിച്ചുവേണം. ലൂഷ്യോ തിരികെപ്പോയിക്കിടന്ന് കണ്ണടച്ചു. "ഞാനിപ്പോൾ നിന്നെ പുറത്തെറിയാത്തത് ഖാർത്തുക്കോവിന്റെ മാതിരിയുള്ള നിന്റെ വന്യവും ഭീതിദവുമായ രീതി എനിക്കിഷ്ടമായതുകൊണ്ടാണ്; എന്നാൽ സെന്റ് പീറ്റേഴ്സ്ബർഗിന്റെ ശൈത്യത്തിൽ നിനക്കിങ്ങനെ ഷർട്ടിടാതെയിരിക്കാൻ പറ്റില്ല. അവോക്കാഡോകൾ," റെമിഗിയോ തുടർന്നു: "അവയെനിക്കു താ."

തന്റെ ലൈബ്രറിയിലെത്തിയ മൂന്നു സ്ത്രീകളെയും രണ്ടു പുരുഷന്മാരെയും കണ്ട് ലൂഷ്യോ നിരാശനായി. മെൽക്വിസിദെക്കിന് എന്തു സംഭവിച്ചുവെന്നറിയാൻ കൂടുതലാളുകൾക്ക് താൽപര്യമുണ്ടാകുമെന്നാണ് കരുതിയത്. എന്നാൽ അയാളുടെ വെള്ളത്തെപ്പോലെ ആളെക്കൂട്ടാൻ അയാളുടെ ജീവിതത്തിനോ വിധിക്കോ കഴിയുന്നില്ല. നാലിന്റെ മൂന്ന് നിരകളായി പന്ത്രണ്ട് കസേരകൾ നിരത്തിയിരുന്ന ലൂഷ്യോയ്ക്ക് പകുതിയൊഴിഞ്ഞ മുറി ഒരു പരാജയപ്പെട്ട സമ്മേളനത്തെ ധ്വനിപ്പിക്കുന്നത് ഇഷ്ടമായില്ല. മാത്രമല്ല, എത്തിയ അഞ്ചുപേരും അമ്പതു കഴിഞ്ഞവരാണ്; അവരുടെ മനസ് വാക്കുകൾ സ്വീകരിക്കാൻ മാത്രം ഉണർന്നിരിക്കുന്ന കാര്യം സംശയമാണ്.

ഉച്ചയായപ്പോൾ ലൂഷ്യോ ഇക്കാമോളിലെ ആളുകളെ വിവരമറിയിച്ച് എല്ലാ വീട്ടിലും കയറിയിരുന്നു. മെൽക്വിസിദെക്കിന് എന്ത് സംഭവിച്ചുവെന്ന് അറിയണമെന്നുണ്ടെങ്കിൽ നാലുമണിക്ക് എത്തുക, ഞാൻ നിങ്ങളെ പ്രതീക്ഷിക്കും. ഒരു ചോദ്യം ചോദിക്കുകയല്ല, മറിച്ച് ഒരു ക്ഷണം നൽകുകയായിരുന്നതുകൊണ്ട് അയാൾ ഉത്തരം കാത്തുനിന്നില്ല. ആളുകളുടെ ആകാംക്ഷയിലും വെള്ളം കൊണ്ടുവരുന്ന ആളെന്ന നിലയിൽ മെൽക്വിസിദെക്കിനോടുള്ള സ്നേഹത്തിലും അയാൾക്ക് വിശ്വാസമുണ്ടായിരുന്നു. വെള്ളം എത്തിക്കുമ്പോൾ ആളുകൾ അയാൾക്കു നന്ദിപറയുന്ന രീതി കണ്ട് പന്ത്രണ്ട് കസേരകൾ മതിയാകുമോ എന്ന് അയാൾ സംശയിച്ചു. എന്നാൽ പള്ളിയിൽ ഒരു മീറ്റിങ് വിളിച്ചുകൂട്ടാൻ അയാൾക്ക് താൽപര്യമുണ്ടായിരുന്നില്ല. "നാലേകാലായി," അയാൾ പറഞ്ഞു, "നമുക്ക് തുടങ്ങാം." തൊണ്ടയിൽ ഒരു ഇക്കിളി പോലെ തോന്നിയെങ്കിലും തൊണ്ടനേരേയാക്കുന്നതിൽനിന്ന് അയാൾ പിടിച്ചുനിന്നു. കാരണം, ചില മൂന്നാംകിട നോവലുകളിലെ കഥാപാത്രങ്ങളാണ് വായിക്കാൻ തുടങ്ങുംമുമ്പ് തൊണ്ട നേരേയാക്കാറുള്ളത്.

അവർ അയാളുടെ ഷർട്ട് തലയ്ക്കുമീതെയിട്ട് ഷർട്ടിന്റെ കൈകൾ കണ്ണിനുകുറുകെ ഇറുക്കിക്കെട്ടിയിരുന്നു. ശ്വാസമെടുക്കാനായിരുന്നെങ്കിലും തല മൂടിയിരുന്നതിനെക്കാൾ ചൂടു കാരണമാണ് മെൽക്വിസിദെക്കിന് ശ്വാസംമുട്ടിയത്. മൺവഴിയിലൂടെ വണ്ടി വേഗത്തിലാണ് പോയിരുന്നതെങ്കിലും രണ്ടു പോലീസുകാരുടെ നടുവിലായിരുന്നതുകൊണ്ട് ഒരു കാറ്റുപോലും അയാൾക്കു കിട്ടിയില്ല. കണ്ണുകെട്ടിയിരു

ന്നതുകൊണ്ട് അവർ തന്നെ കൊന്നേക്കില്ല എന്നോർത്ത് അയാൾക്ക് ആശ്വാസവും തോന്നി. മരിക്കാൻ പോകുന്ന ഒരുവനിൽനിന്ന് വഴിയും ലക്ഷ്യസ്ഥാനവുമെല്ലാം എന്തിനു മറച്ചുവയ്ക്കണം? ഡ്രൈവർ വണ്ടി നിറുത്തി. “നമ്മൾ എത്തി,” അവരിലൊരാൾ പറഞ്ഞു. “എവിടെ?” മെൽക്വിസിദെക്ക് പതറിയ ശബ്ദത്തിൽ ചോദിച്ചു. വണ്ടിക്കു പുറത്തി റക്കി നിലത്തെ കരിങ്കൽത്തറയിൽ നിറുത്തലായിരുന്നു അതിനു ലഭിച്ച ഉത്തരം. ഉള്ളിയുടെ നാറ്റം ശ്വാസത്തിലുള്ള പോലീസുകാരൻ അയാ ളുടെ കണ്ണിലെ കെട്ടഴിച്ചു. ഉച്ചകഴിഞ്ഞിരുന്നു. കണ്ണഞ്ചിക്കുന്ന വെളിച്ച ത്തോട് മെൽക്വിസിദെക്കിന്റെ കണ്ണുകൾ പൊരുത്തപ്പെടാൻ ശ്രമിച്ചു. നമ്മൾ എവിടെയാണ്? “നീ അങ്ങോട്ട് ഓടിക്കോ,” കവിളിൽ മുറിപ്പാ ടുള്ളയാൾ വിരൽചൂണ്ടിക്കൊണ്ട് പറഞ്ഞു, “ആ കുന്നുകടന്നാൽ നീ സ്വതന്ത്രനായി. പിന്നെ നിനക്ക് വീട്ടിൽ പോകാം.” മെൽക്വിസിദെക്ക് ഒന്നമ്പരന്നു. ‘ലേ ഫുഗ’യെപ്പറ്റി അയാൾ കേട്ടിട്ടുണ്ടായിരുന്നു. അത നുസരിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്ന ഒരു കുറ്റവാളിയെ വെടിവെക്കാൻ പോലീസിന് അവകാശമുണ്ട്. എന്നാൽ അത് മെക്സിക്കോയുടെ കാടൻ ഭൂതകാലമാണെന്നായിരുന്നു അയാൾ ധരിച്ചിരുന്നത്. അവരുടെ വെടി യുണ്ടകൾക്ക് ഉന്നംതെറ്റുമെന്ന് പ്രതീക്ഷിക്കുക വയ്യ. കുന്ന് ഏകദേശം 200 മീറ്റർ അകലെയാണ്. മെൽക്വിസിദെക്കിന്റെ വൃദ്ധവും ഭീതിദവു മായ കാലുകൾ പ്രതികരിക്കാൻ വിസമ്മതിച്ചു. പുറകിൽ തറച്ച രണ്ട് ബുള്ളറ്റുകളാൽ കൊല്ലപ്പെട്ട് പിക്അപ് ട്രക്കിൽ ടൗണിലെത്തുന്നത് അയാൾ സങ്കല്പിച്ചുനോക്കി. പോലീസുകാരിലൊരാൾ ചീഫിനോട് സംസാരിക്കുന്നത് അയാൾക്ക് കേൾക്കാമായിരുന്നു: അവൻ രക്ഷ പെടാൻ ശ്രമിച്ചു, ഞങ്ങൾക്കു വെടിവെക്കേണ്ടി വന്നു. ശരി എന്നയാൾ മറുപടി പറയും, ഇപ്പോഴും ശ്വാസമുണ്ട്, ഒരു വെടികൂടി വച്ചേരെ. “ഇല്ല സെനോർമാരേ,” മെൽക്വിസിദെക്ക് സംസാരിക്കാനുള്ള ധൈര്യം സംഭ രിച്ചു പറഞ്ഞു, “ആ സൗകര്യം ഞാൻ നിങ്ങൾക്കു ചെയ്തുതരില്ല.” അയാൾ പുറംതിരിഞ്ഞ് നെഞ്ച് പോലീസുകാർക്കു നേരേ തിരിച്ച് പിന്നോട്ടു നടന്നുതുടങ്ങി. “കിളവൻ മോശമില്ലല്ലോ,” അവരിലൊരാൾ പറഞ്ഞു. “ഇങ്ങനെതന്നെ വെടിവച്ചിട്ടാലോ?” “വേണ്ട,” അപരൻ പിറു പിറുത്തു, “എനിക്കൊരു നല്ല ബുദ്ധി തോന്നുന്നു.” അയാൾ ശബ്ദമു യർത്തി പറഞ്ഞു, “നിങ്ങൾ ജയിച്ചു, വാ പോകാം. അവർ വണ്ടിയിൽ കയറി തിരികെ യാത്ര തുടങ്ങി. ഇരിപ്പിന്റെ ക്രമം മാത്രം മാറിയിരുന്നു. ടൗണിലേക്ക് തിരിച്ചുള്ള വഴിയിൽ മെൽക്വിസിദെക്കായിരുന്നു കത കിനരികിൽ. വണ്ടി നൂറിൽ കൂടുതൽ വേഗത്തിലോടിയിരുന്നു. കാറ്റ് അതിശക്തമായി അയാളുടെ മുഖത്ത് പതിച്ചു. ഒരു കണ്ണിറുക്കലിനു ത്തരമായി കവിളിൽ മുറിവുള്ള പോലീസുകാരൻ കതകുതുറന്ന് മെൽക്വി സിദെക്കിനെ പുറത്തേക്ക് ഉന്താൻ തുടങ്ങി. അയാൾ കിളവനെ പുറ ത്തേക്കു തൊഴിച്ചുകളയാൻ ശ്രമിച്ചു. കിളവനാകട്ടെ ഹൈവേയിൽ

അത്തരമൊരു രാത്രിയിൽ കിട്ടാൻ സാധ്യതയില്ലാത്ത ഒരു കാരുണ്യം അപേക്ഷിച്ചുകൊണ്ടിരുന്നു. ദയ തോന്നണേ, കരുണ തോന്നണേ, ഞാൻ ഒരു കുറ്റവും ചെയ്തതല്ല. അയാളുടെ അവസാനവാക്ക് ഒരു നിലവിളിപോലെ നീണ്ടുപോയി. പോലീസുകാർക്ക് അപ്പോൾ കതകിൽ പിടിച്ചിരുന്ന കൈ മാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. അടച്ചാലോ? ഒരുവൻ ചോദിച്ചു. ഇല്ല, നിൽക്ക്, എത്രനേരം പിടിച്ചുനിൽക്കുമെന്ന് കാണാമല്ലോ. നിമിഷങ്ങൾക്കുള്ളിൽ വയസൻ ഓരോ വിരലായി പിടിവിട്ടു. അയാൾ നിലവിളിച്ചതുമില്ല.

"ഇത് നിങ്ങളെങ്ങനെ അറിഞ്ഞു?" സ്ത്രീകളിലൊരാൾ ചോദിച്ചു. ലൂഷ്യോ തലയുയർത്തി നോക്കി: കാർ പിറകോട്ടെടുത്ത് പോലീസുകാർ മെൽക്വിസിദെക്ക് മരിച്ചെന്ന് ഉറപ്പുവരുത്തുംവരെ വായിക്കണമെന്നായിരുന്നു ലൂഷ്യോ കരുതിയിരുന്നത്; എന്തായാലും അതിനി വായിക്കേണ്ട ആവശ്യമില്ല. അയാൾ പുസ്തകമടച്ച് കാണികൾക്കു മുന്നിൽ ഉയർത്തിപ്പിടിച്ചു. "എനിക്കറിയാം, കാരണം അത് എഴുതിപ്പെട്ടിരിക്കുന്നു." അയാളോട് ചോദ്യം ചോദിച്ച സ്ത്രീ മുന്നോട്ടുവന്ന് പുസ്തകം, പരിശോധിച്ചു, 'രക്തത്തിന്റെ നിയമങ്ങൾ,' ഒരു പഴയ പുസ്തകമാണ്, താളുകൾ മഞ്ഞയായിത്തുടങ്ങിയിരുന്നു. അപ്പോൾ ഇതൊരു കെട്ട് നുണകളാണ്, താനിരുന്നിടത്തേക്ക് തിരിച്ചുപോകവേ അവർ പറഞ്ഞു.

"അല്ല," ലൂഷ്യോ പുസ്തകം പ്രദർശിപ്പിച്ചു. "യുസ്താഷ്യോ എന്നാണ് ഈ നോവലിലെ കഥാപാത്രത്തിന്റെ പേര്. ഞാനാകെ ചെയ്തത് ആ പേര് മെൽക്വിസിദെക്ക് എന്നാക്കി മാറ്റുക മാത്രം; ബാക്കിയുള്ളതെല്ലാം സത്യമാണ്." കാണികളുടെയിടയിൽനിന്ന് രണ്ടു പുരുഷന്മാരെണീറ്റ് ശുഭരാത്രി പറഞ്ഞ് സ്ഥലം കാലിയാക്കി; മൂന്നു സ്ത്രീകളും നിശ്ശബ്ദരായി ഇരുന്നു. പോലീസ് അറസ്റ്റ് ചെയ്ത ഒരാളിന് എന്തു സംഭവിച്ചുവെന്നറിയാൻ ലൈബ്രറിയിൽ ഒത്തുകൂടിയ ഗ്രാമവാസികളുടെ കഥയും എന്റെ കൈയിലുണ്ട്. ഒരു സ്ത്രീ കതകിനടുത്തേക്കു നീങ്ങി. അതിൽനിന്നാവും ഞങ്ങളെ വിളിച്ചുകൂട്ടാനുള്ള ആശയം തനിക്ക് കിട്ടിയത്. "ഈ ദിവസങ്ങളിലൊന്നിൽ ഒരു പോലീസുവണ്ടിയിൽനിന്നു വീണ് മെൽക്വിസിദെക്ക് കൊല്ലപ്പെട്ടുവെന്ന് നിങ്ങളറിയും. നിങ്ങളുടെ ഭർത്താക്കന്മാർ ആർക്കുവേണ്ടിയാണ് നിങ്ങളെ വഞ്ചിക്കുന്നതെന്നും നിങ്ങളുടെ കുട്ടികൾ എന്നാണ് ഇക്കാമോൾ വിട്ടുപോകുന്നതെന്നും അതിർത്തി കടന്നുപോയവർ വരാത്തതെന്തുകൊണ്ടാണെന്നും നിങ്ങളുടെ പെൺമക്കൾ ഇപ്പോഴും കന്യകമാരാണോയെന്നും തടിയൻ ആന്റുനെ അവരെ ഗർഭിണികളാക്കിയിട്ടുണ്ടോയെന്നും ഒക്കെയറിയാനായി. അപ്പോൾ നിങ്ങൾ പുസ്തകങ്ങൾ തിരക്കി വരും. സെനോര വർഗാസിനോട് പറയണ്ട, എങ്കിലും *'കറുത്ത അതിർത്തി'* യിൽ ഞാൻ വായിച്ചത് തിരിച്ചറിയൽരേഖകളില്ലാതെ റിയോ ഗ്രാന്റെയിൽ മുങ്ങി മരിച്ചതുകൊണ്ടാണ് അവരുടെ ഭർത്താവ് ചിക്കാഗോയിലെത്താഞ്ഞത്

എന്നാണ്; അതുകൊണ്ടാണ് അയാളെ കണ്ടെത്തിയവർ അവന്റെ ഉടുപ്പുകളുരിഞ്ഞെടുത്തശേഷം അവനെ തിരികെ വെള്ളത്തിലേക്കെറിഞ്ഞു കളഞ്ഞത്. അല്ല, ഇനി നിങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ അവരോട് അയാളെ കാത്തിരിക്കേണ്ട എന്നു പറയാം. കേൾക്ക് ലൂഷ്യോ, നിങ്ങളുടെ പുസ്തകത്തിലൊന്നും നോക്കാതെതന്നെ ഞങ്ങൾക്കറിയാം നിങ്ങളുടെ ലൈബ്രറിയിൽനിന്നിറങ്ങിയ ഉടനെ പോലീസ് മെൽക്വിസിദെക്കിനെ പിടിച്ചുവെന്ന്. ആ പെണ്ണിനോട് അയാൾ കുറ്റമെന്തെങ്കിലും ചെയ്തെങ്കിൽ അയാൾ തുറുങ്കിൽ കിടന്ന് പുഴുക്കട്ടെ, പക്ഷേ, ശരിക്കും ഒരു കാരണമുള്ളതുകൊണ്ടായിരിക്കട്ടെ അത്. അല്ലാതെ ഏതോ നോവലിൽ എന്തോ കണ്ടതുകൊണ്ടാകാതിരിക്കട്ടെ." അവരുടെ വാക്കുകളിൽ തൃപ്തയായ അവർ പോകാമെന്ന് കൂട്ടുകാരികളോട് ആംഗ്യം കാട്ടി.

ഈ വഴി മുടക്കം എന്നെഴുതിയ ഒരു പലകയ്ക്കുകീഴെയാണ് യുസ്താഷ്യോ മരിച്ചുകിടന്നത്. ഒരു കന്നുകാലിച്ചിഹ്നത്തിനുകീഴെയെങ്കിലും മെൽക്വിസിദെക്കും കിടപ്പുണ്ടാവണേയെന്ന് ലൂഷ്യോ പ്രതീക്ഷിച്ചു.

മെൽക്വിസിദെക്കിന്റെ വീട് ആകെ തകർന്നിരുന്നു. പോലീസുകാർ രണ്ടു ചാക്ക് നിറയെ എന്തൊക്കെയോ വാരിയെടുത്തെങ്കിലും അത് വലിയ മാറ്റമൊന്നുമുണ്ടാക്കിയില്ല. ഒരു ചില്ല് സ്പൂണിലോ കുഴിഞ്ഞ പാത്രത്തിലോ മറിഞ്ഞുകിടക്കുന്ന കസേരയിലോ ചവിട്ടാതെയും തട്ടാതെയുമിരിക്കാൻ പ്രത്യേക ശ്രദ്ധ വേണ്ടിയിരുന്നു. തുറന്നുമലർത്തിയ കതകുണ്ടായിരുന്നിട്ടും മുറിക്കുള്ളിൽ ശ്വാസംമുട്ടി. റെമിഗിയോ കിടപ്പുമുറിക്കുള്ളിൽ കടന്നു. ഒരു കട്ടിലും ഒരു അലമാരയും ഉൾക്കൊള്ളാനുള്ള സ്ഥലമേയുള്ളൂ ആ മുറിയിൽ. മുറിയിലെ ഒരു ജനലിലൂടെ നോക്കിയാൽ തെരുവും മറ്റേ ജനലിലൂടെ നോക്കിയാൽ ഒരു ജലസംഭരണിയും കെട്ടിയിട്ടിരിക്കുന്ന കഴുതകളെയും കാണാം. അലമാരിയിലെ രണ്ടു കള്ളികൾ തുറന്നുകിടന്നിരുന്നു: മുകളിലത്തേതിൽ ഒരു ജോഡി സോക്സ്, ഒരു പെട്ടി ടൂത്ത് പിക്കുകൾ, ഒരു നഖംവെട്ടി, രണ്ട് ജോഡി അടിവസ്ത്രങ്ങൾ. പോലീസെന്തായാലും അടിവസ്ത്രത്തിൽ തൊട്ടിട്ടുണ്ടാകില്ല. മൂന്നിന്റെ ഇടവേളകളിലാണ് വയസൻ അടിയുടുപ്പ് അലക്കിയിരുന്നതെന്ന് റെമിഗിയോയ്ക്കു തോന്നി: മൂന്നാഴ്ചയാവാം, മൂന്നുദിവസമാവാം. ഒരെണ്ണം ചുവന്നതും മറ്റേതു നീലയുമാണ്. രണ്ടും ഒരേ തരം, ഇടത്തരം വലിപ്പം, ഉറപ്പായും മൂന്നിന്റെ ഒരു പായ്ക്കറ്റായി വാങ്ങിയതാവണം അയാൾ. അയാളെ പോലീസ് പിടിച്ചപ്പോൾ അയാൾ പച്ചയായിരിക്കണം ധരിച്ചിരുന്നിരിക്കുക. പോലീസിനിപ്പോൾ അതിന്റെ നിറം കൃത്യമായറിയാം, സ്വയം പറഞ്ഞുകൊണ്ട് അവൻ കട്ടിലിലെ കമ്പിളിപ്പുതപ്പിനുമേൽ ഇരുന്നു. താഴെത്തേതിലെ വസ്തുവകകൾ പരിശോധിക്കാനായി അവൻ മുകളിലത്തെ കള്ളി അടച്ചു. ട്രൗസറുകൾ, ഒരു കുപ്പി ഓയിന്റ്മെന്റ്, ഒരു ബെൽറ്റ്, പിന്നെ നൂൽകൊണ്ട് കെട്ടിയ ഒരു കടലാസുകവർ. ഞാനായിരുന്നു പോലീസെങ്കിൽ ഉറപ്പായും ആ കവർ കൂടി എടുത്തേനെ, കുറഞ്ഞപക്ഷം അത് തുറക്കുകയെങ്കിലും ചെയ്തേനെ. അവർ അത് അവഗണിച്ചതാണോ? അതോ മെൽക്വിസിദെക്ക് മരണപ്പെട്ടുകഴിഞ്ഞോ? ഒരു ഔദ്യോഗിക തിരച്ചിൽ നടന്നെന്നു തോന്നിക്കാൻ അവർ വെറുതേ തിരഞ്ഞതാണോ? അയാൾ ആ കവറെടുത്ത് നൂൽ കടിച്ചുപൊട്ടിക്കാൻ ശ്രമിച്ചു: അപ്പോഴാണ് അയാൾക്ക് അതിനുള്ളിൽതന്നെ തെളിവുണ്ടാകുമെന്നും

പോലീസുകാർതന്നെ അതവിടെ വച്ചിട്ടു പോയതാവാമെന്നും ഇനി വരുമ്പോൾ അവരത് കണ്ടെടുക്കുമെന്നും തോന്നിയത്. നൂൽ മുറിയും വരെ അവനതിൽ കടിച്ചു. അതിൽ നിറം മങ്ങിയ ഫോട്ടോകൾ കണ്ട് എന്താണെന്നു നോക്കാതെ അവ ബൽറ്റിനിടയിൽ തിരുകി. കതകിന ടുത്തെത്തി അവൻ പുറത്തേക്കെത്തി നോക്കി. പുറത്താരുമില്ല. എങ്കിലും പോകുന്നതിനുമുമ്പ് അവൻ അലമാരയ്ക്കടുത്തുചെന്ന് ടൂത്ത് പിക്കിന്റെ പെട്ടി പോക്കറ്റിലാക്കി.

മോൺടെറിയിലെ പരിചയക്കാർ എന്നെ വിളിച്ച് ഖേദം പ്രകടിപ്പിക്കുകയും അനാമാരിയെ കണ്ടുകിട്ടുന്നതിനായി പ്രാർത്ഥിക്കാം എന്നു പറയുകയുമൊക്കെ ചെയ്യുന്നുണ്ട്. വില്ലാ ദ് ഗാർസ്യയിലെ ആളുകൾ എന്നോടു സംസാരിക്കാറില്ല. ചിലർ സഹതാപത്തോടെ നോക്കും, മറ്റു ചിലർ നന്നായി, അവർക്കങ്ങനെതന്നെ വരണം എന്ന സംതൃപ്തിയിലും. പോലീസുകാർ വന്ന് പഴയ ചോദ്യങ്ങൾ ആവർത്തിക്കും: എവിടെയാണ് അവസാനമായി അവളെ കണ്ടത്? നിങ്ങൾക്ക് അവളുമായി എന്തെങ്കിലും പ്രശ്നം? അവൾക്ക് കാമുകനുണ്ടായിരുന്നതായി അറിയാമോ? ആരെയെങ്കിലും സംശയമുണ്ടോ? നിങ്ങളോട് ആരെങ്കിലും വിടുതൽപ്പണം ആവശ്യപ്പെട്ടോ? തെളിവു തിരക്കുന്നതിനു പകരം അവർ എന്റെ കാലിൽ തുറിച്ചുനോക്കും. ഞാൻ എനിക്കൊന്നുമറിയില്ലെന്ന് പറയും. ബാബെറ്റിനെപ്പറ്റിയും പാരീസിനെപ്പറ്റിയും മണികളെപ്പറ്റിയുമെല്ലാം അവരോടു പറഞ്ഞിട്ടെന്തു പ്രയോജനം. എനിക്കൊന്നുമറിയില്ലെന്നുതന്നെ ഞാൻ പറയും. കാരണം, നിങ്ങൾ വീട്ടിൽ പൊയ്ക്കോളൂ. തിരച്ചിൽ അവസാനിപ്പിച്ചോളൂ, അനാമാരി ഇനി തിരിച്ചുവരില്ല എന്നു പറഞ്ഞാൽ അവർ എന്നെ സംശയിക്കും. വീട്ടിൽനിന്നടർത്തിയെടുക്കപ്പെട്ട ഒരു കുട്ടിയായല്ല, ഒരു സമ്മാനമായാണ് അവർ എന്റെ മകളെ കണ്ടിരിക്കുന്നത്; മത്സരിക്കുന്നതു മാത്രമാണ് അവർക്കു പ്രധാനം. സ്റ്റേറ്റ് പോലീസ് കണ്ടെത്തുമോ അതോ നാടൻ പോലീസോ? എല്ലാ ചോദ്യം ചെയ്യലുകൾക്കുമൊടുവിൽ എവിടെ തുടങ്ങണമെന്നറിയാതെ അവർ കച്ചിത്തുറുവിൽ സൂചിപോയതുപോലെ എന്നൊരു ഒഴികഴിവ് പറയും. ഇന്നുവരെ ആരെങ്കിലും കച്ചിത്തുറുവിൽ ഒരു സൂചികൊണ്ടുപോയി കളഞ്ഞിട്ടുണ്ടോ? എന്തായാലും കച്ചിത്തുറുവിന് തീയിട്ടാൽ ചാരത്തിനിടയിൽനിന്ന് തിളങ്ങുന്ന സൂചി പുറത്തുവരില്ലേ? അല്ലെങ്കിൽ കാന്തം ഉപയോഗിച്ച് സൂചി വലിച്ചെടുക്കാനാവില്ലേ? മരുഭൂമി മുഴുവൻ തീയിട്ട് എന്റെ മകളുടെ കണ്ണിലെ തിളക്കവും മുടിയിലെ കറുപ്പും പൊക്കിളിലെ വെളുപ്പും തിരിച്ചെടുക്കാനാണവർ ശ്രമിക്കുന്നത്. എന്നാലത് അവർ ചെയ്യുകയില്ല, അവർക്കതിനു കഴിയുകയില്ല, കാരണം അനാമാരിയെ കണ്ടുപിടിക്കൽ അതിലേറെ സങ്കീർണ്ണമാണ്; അവർ പിയർ ലാഫിയറ്റിനെ ചോദ്യംചെയ്ത് അയാളോട് 'ബാബെറ്റിന്റെ മരണ'ത്തിന് ഒരു രണ്ടാം ഭാഗമെഴുതാൻ പറയണം. കോട്ടയോ കൊട്ടാരമോ എവിടെ

നിന്നാണോ ആ കൈ പ്രത്യക്ഷപ്പെട്ടത്, അതിനുൾവശം വിശദീകരിക്കാനും പറയണം. എന്നാൽ അതൊരിക്കലും സാധ്യമല്ല, അയാൾ മോണ്ട് പർണ്ണാസ് സെമിത്തേരിയിൽ ഉറക്കമായിട്ട് വർഷങ്ങൾ കഴിഞ്ഞു.

"വിഷമിക്കേണ്ട," ലൂഷ്യോ പറഞ്ഞു, "ഞാൻ നിങ്ങളുടെ മകൾക്കു വേണ്ടി പ്രാർത്ഥിക്കുകയോ നിങ്ങളോടു സഹതപിക്കുകയോ എനിക്ക് ഖേദമുണ്ടെന്നു പറയുകയോ ചെയ്യില്ല. "അത് നന്നായി," ആ സ്ത്രീ പറഞ്ഞു. അവർ കറുത്തവേഷംതന്നെയാണ് ധരിച്ചിരിക്കുന്നതെങ്കിലും ഇത്തവണ അല്പം അയഞ്ഞ വേഷമാണ്. "നമുക്കൊരു പുസ്തകം വായിക്കാം. നിങ്ങളുടെ പക്കൽ 'സമ്മാനപ്പൊതി' എന്ന പുസ്തകമുണ്ടോ?" ലൂഷ്യോ തലകുലുക്കി. കഷ്ടം, അവർ പന്ത്രണ്ടിലൊരു കസേരയിലിരുന്നു. അവ ഇപ്പോഴും നാലിന്റെ മൂന്നുനിരകളായാണ് അടുക്കിയിരിക്കുന്നത്. "ആളുകൾ ഒരുമിക്കുകയും സ്നേഹിക്കുകയും വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന കുടുംബകഥകൾ വായിക്കാനാണ് എനിക്കിന്നു തോന്നുന്നത്. അതിൽ സസ്പെൻസ് നിലനിർത്തുന്നത് മൂത്ത മകൻ കാമുകിയെ വീട്ടിൽ കൊണ്ടുവരുമ്പോഴോ ഇളയമകൻ പനി പിടിച്ചെത്തുമ്പോഴോ മകൾ സിനിമാനടിയാകാൻ പോകുന്നുവെന്ന് പ്രഖ്യാപിക്കുമ്പോഴോ ഒക്കെയാണ്. അവളുടെ അച്ഛൻ പറയും, ഇല്ല, അതിന് നിനക്കു നഗരത്തിൽ പോകേണ്ടി വരും, അവിടെ എന്തെന്ത് അപകടങ്ങളാണ് പതിയിരിക്കുതെന്ന് എനിക്കറിയില്ല. അമ്മ നിശ്ശബ്ദമായി കരയുക മാത്രം ചെയ്യും. കാരണം, ഇരുപത് വർഷം മുൻപ് നടിയാകണമെന്ന് അവർക്ക് ആഗ്രഹമുണ്ടായപ്പോൾ അവരുടെ അച്ഛൻ ഇതേപോലെ അവരെ വിലക്കിയതാണ്, വേനലിനും ശൈത്യത്തിനുമിടയിലെ വർഷങ്ങളുടെ ജീവിതകഥ പറയുന്ന ഒരു നോവലാണെനിക്ക് വായിക്കേണ്ടത്, അത് നല്ല വിളവുകളെപ്പറ്റിയും പുഴുകുത്തിയവയെപ്പറ്റിയും പറയും. എല്ലാ മക്കളും നന്നായി വന്നുവെന്ന് അച്ഛൻ സംതൃപ്തനാകും. മകൾപോലും ഒരു ദിവസം ഒരു കുഞ്ഞിനെ കൊണ്ടുവന്നുകൊടുത്തശേഷം നഗരത്തിലേക്കു പോകുന്നത് തടഞ്ഞതിനു നന്ദി പറയും. ഈ കുഞ്ഞിനെ കൈയിൽ പിടിക്കുന്നതിനു പകരം ഏതെങ്കിലുമൊരു തെണ്ടിയുടെ കൈയിലെ കാബറെ നർത്തകിയായി മാറിയേനെ ഞാൻ, അവൾ പറയും. അപ്പോൾ അയാൾ ഭാര്യയെ കെട്ടിപ്പിടിച്ച് എപ്രകാരമാണ് സമയം പറക്കുന്നതെന്നും പറയും. അവർ അവരുടെ ജീവിതത്തിലാദ്യമായി നടിയാവുക എന്ന സ്വപ്നം മറക്കുകയും ഭർത്താവിന്റെ ആലിംഗനത്തിന് ഒരു ചുംബനമായി മറുപടി നൽകുകയുംചെയ്യും. എനിക്കാകെ ആ അവസാന ഭാഗം വായിച്ചാൽ മതി. ആലിംഗനബദ്ധരായ സ്ത്രീപുരുഷന്മാർ, പുറത്തെ കനത്ത മഞ്ഞ്, ഉള്ളിൽ കത്തുന്ന നെരിപ്പോട്. "ഇല്ല," ലൂഷ്യോ പറഞ്ഞു: "എന്റെ കയ്യിൽ അത്തരം കഥയൊന്നുമില്ല." ആലിംഗനബദ്ധരായ മനുഷ്യരുള്ള രണ്ടു നോവലുകൾ അയാൾ ഓർത്തെടുത്തു, പക്ഷേ, രണ്ടിലും മഞ്ഞില്ല,

കടൽത്തീരവും മുനമ്പുകളുമൊക്കെയുണ്ട്, ആ രണ്ടു പുസ്തകവും പാറ്റകൾ തീർത്തുകളയുകയുംചെയ്തു. അയാൾ ഒരു മൂലയിലെ കാർഡ്ബോർഡ് പെട്ടികളിലേക്കു ചൂണ്ടി. 'സമ്മാനപ്പൊതി' ചിലപ്പോൾ അതിലുണ്ടാകും. നോക്കണോ? സ്ത്രീ എണീറ്റുപോയി പെട്ടികൾ പരിശോധിച്ചു; പലതും എത്തിയിട്ട് അഞ്ചുവർഷം കഴിഞ്ഞെന്നാണ് തപാൽമുദ്ര സൂചിപ്പിക്കുന്നത്.

"ഞാൻ ഓരോന്നോരോന്നായി വായിച്ചശേഷമാണ് അത് ഷെൽഫിൽ വയ്ക്കണോ അതോ നരകത്തിലേക്കെറിയണോ എന്നു തീരുമാനിക്കുന്നത്. നിങ്ങളത് വിശദീകരിക്കേണ്ട കാര്യമില്ല," അവർ പറഞ്ഞു, "ജീവിതത്തെക്കാൾ കൂടുതൽ പുസ്തകങ്ങൾ ലോകത്തിലുണ്ട്. പത്തുവർഷം അച്ചടിശാലകൾ പണിമുടക്കിയാലും ആരുമറിയില്ല. അച്ചടിക്കപ്പെടുന്ന ഓരോ ഇരുപത്തിയെട്ടു പേജിലും ഒന്നുമാത്രമാണ് വായിക്കപ്പെടുകയെന്ന് നിങ്ങൾക്കറിയാമോ? കാരണം വായിക്കാത്ത ആളുകൾക്കാണ് പുസ്തകങ്ങൾ ലഭിക്കുക, ഉപയോഗിക്കാനാളില്ലാത്ത ലൈബ്രറികളിലാണ് അവ എത്തുക, ഒരു പുസ്തകയലമാര നിറയ്ക്കാനായാവും ചിലപ്പോൾ അവ വാങ്ങുക, ചിലപ്പോൾ എന്തെങ്കിലും വാങ്ങുമ്പോൾ വെറുതെകിട്ടുന്നതാവും അവ, ചിലപ്പോൾ ആദ്യ അധ്യായത്തിൽതന്നെ വായനക്കാരന് താൽപര്യം നഷ്ടപ്പെടും, അവ. ചിലപ്പോൾ അവ അച്ചടിശാലയുടെ സൂക്ഷിപ്പുമുറി കടന്ന് പുറത്തുപോവുകയേയില്ല, പലപ്പോഴും വായിക്കാനായല്ല പുസ്തകങ്ങൾ വാങ്ങപ്പെടുക. ഞാനിപ്പോൾ 'മാഡ്രിഡിലെ ശരത്കാലം' കൊണ്ടുപോയി കളഞ്ഞതേയുള്ളൂ, ലൂഷ്യോ പറഞ്ഞു. "ഞാൻ 63-ാം പേജിലായിരുന്നു, 208 പേജുകൾ ഞാൻ വായിച്ചതേയില്ല." "ഞാൻ 20-ാം പേജിനപ്പുറം കടന്നിട്ടില്ല," അവർ പറഞ്ഞു. "അത്തരമൊരു ബോറൻ പുസ്തകം ഇക്കാമോൾവരെയെത്തണമെങ്കിൽ എഴുത്തുകാരൻ എത്ര സാമർത്ഥ്യക്കാരനായിരിക്കണം. അയാൾ മാത്രമോ, പ്രൂഫ് റീഡർമാർ, എഡിറ്റർമാർ, പ്രിന്റർമാർ, പുസ്തകക്കച്ചവടക്കാർ, വായനക്കാർ, പിന്നെ അയാളുടെ ഭാര്യയും. അവരാണല്ലോ അയാളോട് 'അതെ പ്രിയനേ, നിങ്ങൾ നന്നായി എഴുതിയിരിക്കുന്നുവെന്നു പറഞ്ഞത്. ഒരു സംഘടിത കുറ്റകൃത്യംതന്നെ," അയാൾ പറഞ്ഞു. ചിരിച്ചുകൊണ്ട് അവർ പരസ്പരം നോക്കി. ഒരു മുപ്പതു വർഷം പൊഴിച്ചുകളയാൻ കഴിഞ്ഞിരുന്നെങ്കിൽ, അല്ലെങ്കിൽ കാര്യങ്ങൾ 'ഒളിവു ജീവിതങ്ങ'ളിലെപ്പോലെ ആയിരുന്നെങ്കിൽ. നിങ്ങൾ 'ഒളിവു ജീവിതങ്ങൾ' വായിച്ചിട്ടുണ്ടോ? അത്രയ്ക്കിഷ്ടമായില്ലെന്ന് അവർ പറയും. ആദ്യത്തെത്തവണ ഭർത്താവ് തല്ലിയപ്പോൾത്തന്നെ വീടുവിട്ട് പോകണമായിരുന്നുവെന്നാണ് ഞാൻ കരുതുന്നത്. അത്തരമൊരു സാന്മാർഗിക മുൻവിധിയുടെ പേരിൽ അവർ ഒരു മികച്ചകൃതിയെ പരിഗണിക്കാത്തത് ലൂഷ്യോയെ നിരാശനാക്കി; അവർക്കു വേണമെങ്കിൽ ഇരുന്ന് മിരാൻഡ ആ അടി അർഹിച്ചിരുന്നോ ഇല്ലയോ എന്ന് വാദിക്കാം, പക്ഷേ, അതു

കൊണ്ട് കാര്യമുണ്ടെന്നയാൾക്കു തോന്നിയില്ല. അവർ ഭർത്താവിന്റെ പീഡനങ്ങൾ സഹിക്കാൻ തീരുമാനിച്ചു.' അതുകൊണ്ട് നല്ല ഒരു നോവലുണ്ടായി. അത്രതന്നെ അതിൽ മനോജ്ഞമായ ഒരു രംഗമുണ്ട്, മിറാൻഡ കുളിമുറിയിൽ അടച്ചിരുന്ന് ഒരു സോപ്പ് ഒരു ലിംഗത്തിന്റെ ആകൃതിയിൽ മുറിച്ചെടുത്ത് നാഭിയോടു ചേർത്തുവച്ച് ശബ്ദം കനപ്പിച്ചു പറയും, രണ്ടാമതൊരു തവണകൂടി വിട്ടുകളയാനെനിക്കു കഴിയില്ല. അവൾ ഷവറിനടിയിൽ കയറി ദേഹം മുഴുവൻ ആ സോപ്പ് തേച്ച് അലിയിച്ചുകളഞ്ഞ ശേഷം വെള്ളത്തിനടിയിൽ കരഞ്ഞുതളർന്ന് ഭർത്താവുവരാൻ കാത്തുനിൽക്കും. എന്നാൽ സ്ത്രീകൾക്ക് മറ്റു സ്ത്രീകഥാപാത്രങ്ങളുമായി താദാത്മ്യപ്പെടാതെ വായിക്കാൻ കഴിയില്ലെന്ന് ലൂഷ്യോയ്ക്കറിയാം. "മിറാൻഡ അവരുടെ ഭർത്താവിനെ ഉപേക്ഷിക്കണമായിരുന്നെന്ന് നിങ്ങൾ കരുതുന്നു," ലൂഷ്യോ പറഞ്ഞു, "എന്നാൽ ബാബെറ്റ് ആ കതകിൽ മുട്ടുന്നതിനെ നിങ്ങൾ എതിർക്കാത്തതെന്താണ്?" "തീരുമാനവും വിധിയും ഒന്നല്ല," അവർ മറുപടി പറഞ്ഞു. "മിറാൻഡയ്ക്കു മുന്നിൽ പല വഴികളുണ്ടായിരുന്നു, എന്നാൽ ബാബെറ്റ് ആ ജനക്കൂട്ടത്തിലേക്ക് എത്തുമായിരുന്നു." ലൂഷ്യോ തലകുലുക്കി. "കൂടുതൽ മണിയൊച്ചകൾക്കുപകരം ഒരു ജനക്കൂട്ടം പ്രതിരോധങ്ങളില്ലാത്ത ഒരു പെൺകുട്ടിയെ പിച്ചിച്ചീന്തിയിരുന്നെങ്കിൽ 'ബാബെറ്റിന്റെ മരണം'തന്നെ ഒരു പരാജയമായേനെ. ബാബെറ്റ് ഒരു കതകിന്റെ അപ്പുറത്തേക്ക് എന്നെന്നേക്കുമായി ഇല്ലാതാവുകയല്ല ചെയ്തത്," ലൂഷ്യോ പറഞ്ഞു. പാറ്റകളുടെ നരകത്തിലേക്കു നീളുന്ന ആ കതകിലേക്കു ചൂണ്ടി ലൂഷ്യോ അതിന്റെ ഉപയോഗം അവർക്കു പറഞ്ഞുകൊടുത്തു. "ഞാനൊരു പുസ്തകമെറിയട്ടെ," അവർ പറഞ്ഞു. ലൂഷ്യോ ഡ്രോയറിൽനിന്ന് ഒരു ബ്ലേഡ് എടുത്ത് കാർഡ്ബോർഡ് പെട്ടികളുടെ അടുത്തെത്തി ചില കെട്ടുകൾ പൊട്ടിച്ചു. അവർ ഒരു പുസ്തകമെടുത്ത് കവറിൽ നോക്കി, പുറംചട്ട വായിച്ചു, എഴുത്തുകാരന്റെ ചിത്രം പരിശോധിച്ച് അയാളെ അറിയില്ലെന്നു പറഞ്ഞു: "*ചീഫിന്റെ മകൻ*. ഇത് മനോഹരമാണ്, വായിച്ചിട്ടുണ്ടോ?" ലൂഷ്യോ തലയിളക്കി. മൂന്നാമത്തേതും അവർക്കറിയാത്തതുതന്നെ. നാലാമത്തേതെത്തിയപ്പോൾ അവർ പറഞ്ഞു ഇത് നേരെ ഇരുട്ടിലേക്കെറിയേണ്ടതുതന്നെയാണ്. 'സർക്കസിന്റെ കന്യക'—കള്ളന്മാരെയും മീശയുള്ള സ്ത്രീകളെയും പറ്റി ഒരു സങ്കടക്കഥ. ഇതെറിയും മുമ്പ് എന്തെങ്കിലും ചടങ്ങുണ്ടോ? ഞാനത് വെറുതെ എറിയാറേയുള്ളൂ. അവർ കതകിനടുത്തേക്കു പോയി എറിയുന്നതുപോലെ ഒരു ആംഗ്യം കാണിച്ചു; തിരിഞ്ഞുനോക്കിയപ്പോൾ ലൂഷ്യോ അക്ഷമനായി കൈകെട്ടി നിൽക്കുന്നതു കണ്ട് അവർ അത് എറിഞ്ഞുകളഞ്ഞു. ശരി, പക്ഷേ, ഈ കതകിൽ ഒരു ചിഹ്നം വേണം, ഇത് കടന്നുപോകുന്നവരുടെ വിധിയെന്താണെന്നൊരു സൂചന. ഒരു വാഹനത്തിന്റെ ഒച്ച കേട്ട് പുറത്തെ കതകിനടുത്തേക്കു നീങ്ങിക്കൊണ്ട് ലൂഷ്യോ എനിക്കറിയില്ല എന്നു പറഞ്ഞു. ആകെ ആ സൂചന കാണുക ഞാൻ മാത്രമായിരിക്കും,

എനിക്കതിന്റെ ആവശ്യമില്ല, മെൽക്വിസിദെക്കിന്റെ ആട്ടു മണിയെക്കാൾ ആധികാരികതയോടെ ബ്രേക്ക് ചീറ്റി. ലൈബ്രറിയുടെ കവാടത്തിൽ നിന്ന് ലൂഷ്യോ വെള്ളട്രക്ക് കണ്ടാസ്വദിച്ചു: ഗവൺമെന്റ് വക, സൂക്ഷിക്കുക, 35,000 ലിറ്റർ. ഒരു മാസം കിഴവനും കഴുതകളും കൊണ്ടുവരുന്നതിനെക്കാൾ കൂടുതൽ വെള്ളം.

ആളുകൾ അവരുടെ പാത്രങ്ങളുമായി ചുറ്റും കൂടി. എന്നാൽ ഒരു മുന്നറിയിപ്പുമില്ലാതെ ഓപ്പറേറ്റർ ചുറ്റും കൂടിനിന്നവരെയെല്ലാം നനച്ചു. ആരും പരാതി പറഞ്ഞില്ല; ഇടിഞ്ഞ മുലകൾ വെളിപ്പെട്ട വൃദ്ധകളോ ആർത്തവമായിരുന്ന സ്ത്രീകളോപോലും. ഇടയ്ക്കിടെ താനൊരു മേഘമാണെന്ന് സങ്കൽപ്പിച്ച് ഓപ്പറേറ്റർ ആകാശത്തേക്കു കുഴൽ ചീറ്റിച്ച് ഒരു മഴയുണ്ടാക്കും, ഇടയ്ക്കിടെ താനൊരു ഏകാധിപതിയാണെന്ന് സങ്കല്പിച്ച് കുട്ടികളുടെയും മുതിർന്നവരുടെയും ഗ്രാമത്തിലെ ഗർഭിണിയായ ജോസഫീനയുടെയും നേർക്ക് ശക്തിയിൽ വെള്ളം ചീറ്റിക്കും. ചില നേരങ്ങളിൽ പെട്ടെന്ന് താനവിടെ വന്നതിന്റെ ഉദ്ദേശ്യം ഓർമ്മിച്ച് അയാൾ ഒന്നോ രണ്ടോ ബക്കറ്റ് നിറയ്ക്കും, പക്ഷേ, അത് അപൂർവ്വമായി മാത്രം, കാരണം, ആളുകൾ ഉടൻതന്നെ തങ്ങളുടെ നേർക്ക് വെള്ളം ചീറ്റിക്കാനാവശ്യപ്പെട്ട് ബഹളം തുടങ്ങും; എന്റെ വായിൽ വെള്ളമൊഴിക്ക്, വയറ്റിൽ, ചന്തിയിൽ, അതൊഴുകട്ടെ, നനയട്ടെ, മണ്ണ് കുതിരട്ടെ, വെള്ളം പാഴാക്കിക്കോളൂ, സാരമില്ല, അത് കളിക്കാനും വേണ്ടിയുള്ളതാണ്, സ്വപ്നം കാണാനും അലറാനും അതിനെ താലോലിക്കലറിയാനുമുള്ളതാണ്. വെള്ളമൊഴുക്കൂ, ചെളിയുണ്ടാകട്ടെ, ഞങ്ങളുടെ കാലുകൾ ചെളിയിൽ പുതഞ്ഞിട്ടെത്ര നാളുകളായി. "വിഡ്ഢികൾ," ലൂഷ്യോ പറഞ്ഞു, അവർ ദൈവത്തോട് പ്രാർത്ഥിച്ചപ്പോൾ പിശാചാണ് അത് കേട്ടതെന്നു തോന്നുന്നു. മഴപെയ്യുകയില്ല, പകരം നമ്മുടെ കടൽത്തട്ടിൽ കറവീഴ്ത്താൻ വെള്ളട്രക്ക് വന്നിരിക്കുന്നു. ഈ ഞായറാഴ്ച വില്ലാദ് ഗാർസ്യയിൽ ഇവർ നന്നായി പണിയെടുത്തിരിക്കണം. ആരോടാണവർ അപേക്ഷിച്ചത്? അതോ ബസുകൾ അവരെ മോൺടെറിവരെയും കൊണ്ടെത്തിച്ചോ? ദയ തോന്നണേ, സെനോർ ഗവർണർ, ഞങ്ങൾ ദാഹിച്ചു വലഞ്ഞിരിക്കുന്നു, ഞങ്ങളുടെ കുഞ്ഞുങ്ങളിൽ ജലാംശമില്ലാതാകുന്നു, ആടുകൾ ചത്തുവീഴുന്നു, വയസർക്ക് വിയർപ്പേ ഇല്ലാതായിരിക്കുന്നു.

സ്ത്രീ ലൂഷ്യോയുടെ അടുത്തെത്തി. "നിങ്ങൾക്കു വലിയ സന്തോഷമൊന്നും കാണുന്നില്ലല്ലോ," അവർ പറഞ്ഞു. അയാൾ നിലത്തിരുന്ന് മണലിൽ വിരലോടിച്ചു. "എല്ലാവരും ഒരു ശുഭാന്ത്യമാണ് തിരയുന്നത്," അയാൾ പറഞ്ഞു, അയാളുടെ മുഖം തിളങ്ങിയിരുന്നു; "എല്ലാവർക്കും വിധിയെ തകർക്കണം, വേദനകൾ ഒഴിവാക്കണം; അവർ പ്രയോജനരഹിതമായ സാധാരണത്വത്തിനു പിറകെ പോകും, നുരയ്ക്കും പെണ്ണിനും പിറകെ പോകും: അവർ സാഹിത്യം സൃഷ്ടിക്കാൻ വിസമ്മതിക്കും.

എന്തുകൊണ്ടാണ് ആ പേര്? പാർക്കിലെ തടിക്കുതിരയിലിരിക്കുന്ന മെൽക്വിസിദെക്കിന്റെയും അരികിൽ നിൽക്കുന്ന അമ്മയുടെയും ചിത്രത്തിൽ നോക്കി റെമിഗിയോ ആലോചിച്ചു. ആ കവറിനുള്ളിൽ റെമിഗിയോയ്ക്ക് പ്രത്യേകിച്ച് അർത്ഥമൊന്നും തോന്നാത്ത മറ്റു പതിനൊന്നു ഫോട്ടോകൾകൂടിയുണ്ട്: അമ്മായിമാർ, ചിലപ്പോൾ അകന്ന ബന്ധുക്കൾ, അച്ഛൻ അല്ലെങ്കിൽ മുത്തച്ഛൻ. അതുകൊണ്ടൊന്നും ഒരു പ്രയോജനവുമില്ല, കാരണം ചരിത്രമില്ലാത്ത ചിത്രങ്ങളാണവ. എന്നാൽ പാർക്കിലെ ആ വൈകുന്നേരത്തെപ്പറ്റി മെൽക്വിസിദെക്ക് അവനോടു പറഞ്ഞിരുന്നു. ചുരുങ്ങിയ വാക്കുകളിലാണത് പറഞ്ഞതെങ്കിലും അമ്മ ക്യാമറയിലേക്കു നോക്കാൻ പറയുന്നതും കുട്ടി നോക്കുന്നതും അമ്മ ചിരിക്കാനാവശ്യപ്പെടുന്നതും കുട്ടി ചിരിക്കാത്തതും സങ്കല്പിക്കാൻ റെമിഗിയോയ്ക്കു കഴിഞ്ഞിരുന്നു. അമ്മ സുന്ദരിയായിരുന്നു; മെൽക്വിസിദെക്ക് പറഞ്ഞതുപോലെതന്നെ. അവരുടെ ശബ്ദം പതിഞ്ഞതായിരിക്കും. ചിരിക്കുമ്പോൾ മാത്രം അവരുടെ ശബ്ദമുയരും. അവർക്ക് മകനെ മെൽക്വിസിദെക്ക് എന്നു വിളിക്കാൻ കഴിയില്ല. അവർ ഭർത്താവിനോട് നാണത്തോടെ പറഞ്ഞിരിക്കണം, വേണ്ട ജുവാൻ എന്നു വിളിക്കാം, അല്ലെങ്കിൽ കാർലോസ്, ഒക്ടാവിയോ. എന്നാൽ അപ്പോഴേക്കും മുഖത്തൊരടി വാങ്ങിയശേഷം അവരുടെ മുഖം വിധേയത്വത്തോടെ താഴ്ന്നിട്ടുണ്ടാവണം. ശരി, നിങ്ങൾ പറയുന്ന പേരുതന്നെയാവട്ടെ. അങ്ങനെയാണവർ ഇപ്പോൾ അവനെ ചിരിപ്പിക്കാൻ ശ്രമിക്കുന്നത്. നോക്കൂ മോനേ, ക്യാമറയിൽ നോക്കി ചിരിക്കൂ. നമ്മൾ ഒരുമിച്ചുണ്ടായിരുന്നെന്നും നമ്മൾ സമയത്തെ അനങ്ങാതെ നിറുത്താൻ ശ്രമിച്ചുവെന്നും നീ ഓർമ്മിക്കണം. അമ്മ മരിച്ചിട്ടുണ്ടാവണം, അതിൽ സംശയമില്ല, എന്നാൽ ആ പയ്യന്റെ വിധി അവന്റെ മുഖത്തെന്തിനു പ്രതിഫലിക്കണം? ഒരാൾ ഒരു പാർക്കിൽ പോകുന്നത് പഞ്ഞിമിഠായി തിന്നാനും ബലൂൺ പൊട്ടിക്കാനും ജലധാരയിൽ കൈയിടാനുമൊക്കെയാണ്. അല്ലാതെ എന്റെ അമ്മ മരിക്കാൻ പോവുകയാണെന്നും ഞാൻ മരിക്കാൻ പോവുകയാണെന്നും നാമെല്ലാം ഒരു ദിവസം മരിക്കുമെന്ന് ചിന്തിക്കുന്നതിനുംവേണ്ടിയല്ല. എന്തിന്, ആ തടിക്കുതിരയ്ക്കുപോലും ഇതിലും സന്തോഷമുണ്ട്. കിണറ്റിൽനിന്ന് പുറത്തെടുത്ത

യുടൻ ബാബെറ്റ്പോലും ഇത്ര മ്ലാനയായിരുന്നില്ല. ശരിക്കും അത്തര മൊരു കിഴവൻപേരുമായി ജീവിക്കുന്നത് ഒരു കുട്ടിക്ക് ഒരു ഭാരം തന്നെയായിരിക്കും. പശ്ചാത്തലത്തിലുള്ള കനത്ത മരങ്ങളെ അയാൾ ശ്രദ്ധിച്ചു, കടുത്ത പച്ച നിറമായിരിക്കണം. എന്നാൽ ഫോട്ടോയുടെ തവിട്ടുനിറം കാരണം അത് ഇക്കാമോൾ മരുഭൂമിയിലെ ചെമ്പുനിറമുള്ള മണൽപോലെ കാണപ്പെട്ടു. മെൽക്വിസിദെക്കിന്റെ സെല്ലിൽ വച്ച് ഒരു ചിത്രമെടുക്കാൻ അതും ഇങ്ങനെതന്നെയുണ്ടാകും, തവിട്ടുഫോട്ടോ യായതിനാൽ അയാളുടെ പച്ച അടിവസ്ത്രത്തിനും ശരീരത്തിന്റെ നിറംതന്നെയാവും, പിന്നിൽ പുതപ്പോ വിരിപ്പോ ഇല്ലാത്ത കട്ടിൽ, കുടിയന്മാരും കള്ളന്മാരും തെമ്മാടികളും എഴുതിക്കോറി വൃത്തികേ ടാക്കിയ ചുമര്, ഇത്രയുമായപ്പോഴേക്കും റെമിഗിയോയുടെ മന സ്സിൽ സംശയം തീരെയുണ്ടായിരുന്നില്ല: ബാബെറ്റുമായി മെൽക്വി സിദെക്കിന് യാതൊരു ബന്ധവുമില്ല; ഉണ്ടായിരുന്നെങ്കിൽ പണ്ടേ അയാൾ റെമിഗിയോയുടെ വീട്ടിലെ കിണറിനെപ്പറ്റി പറഞ്ഞേനെ. രാജ്യ ത്തിലെ ഏറ്റവും മിനുസമാർന്ന അവോക്കാഡോകൾ വളർത്തുന്ന ലൈബ്രേറിയന്റെ മകനെപ്പറ്റി പറഞ്ഞേനെ. ആ അവോക്കാഡോകൾ നിങ്ങൾക്ക് ഒരു പീച്ചുപഴംപോലെ മുഴുവനായി തിന്നാം, ഉപ്പുചേർത്തോ അല്ലാതെയോ തിന്നാം, ടാക്കോയാക്കിയോ ടോർട്ടില്ലയില്ലാതെയോ തിന്നാം; നേർത്ത, രുചികരമായ ആ അവോക്കാഡോകൾ മറ്റിടങ്ങളിലെ പാമ്പുതൊലിയുള്ളവപോലെയല്ല. റെമിഗിയോയോട് സംസാരിക്ക്, അവോക്കാഡോകളെപ്പറ്റി ചോദിക്ക്, അവ രുചിച്ചുനോക്കാതെ ഇക്കാ മോൾ വിട്ടുപോകരുത്. ഫോട്ടോയിലെ മരങ്ങൾക്കു പിന്നിൽ ഒരു പഴഞ്ചൻ കെട്ടിടവും അതിനു മുന്നിൽ രണ്ടു കാവൽക്കാരും നിൽക്കു ന്നുണ്ട്. പിന്നിൽ തൊപ്പിയും കോട്ടുമണിഞ്ഞ ഒരു മനുഷ്യനുമുണ്ട്. വളരെ വർഷങ്ങൾ കഴിഞ്ഞുപോയിരിക്കുന്നു, ആ മനുഷ്യനും കാവൽക്കാരും മരിച്ചിട്ടേറെയായിരിക്കണം. തടിക്കുതിരയ്ക്ക് എവി ടെയും പോവുക സാധ്യമല്ല; കുട്ടി അവന്റെ കുട്ടിക്കാലവും നഗരവു മുപേക്ഷിച്ച് മരുഭൂമിയിലേക്കു പോകും. റെമിഗിയോ ഫോട്ടോ കവറി നുള്ളിൽ തിരികെ വച്ചു. എന്തിന് മെൽക്വിസിദെക്ക്? ആളുകൾ ഓടി രക്ഷപ്പെടുന്ന സ്ഥലമാണ്, വന്നു ചേരുന്ന സ്ഥലമല്ല ഇക്കാമോൾ. ഒരു പാർക്കിലായിരുന്ന ഒരു മനുഷ്യൻ ഇത്തരമൊരു സ്ഥലത്തേക്ക് എന്തിനു വരണം? ഇവിടെ ബലൂണുകളോ പഞ്ഞിമിഠായിയോ ഇല്ലല്ലോ? ഒരാഴ്ചമുമ്പ് മെൽക്വിസിദെക്കിന് എന്തെങ്കിലും ആപത്തു പിണ ഞ്ഞിരുന്നെങ്കിൽ അത് അവനെ ബുദ്ധിമുട്ടിക്കില്ലായിരുന്നു. ഇപ്പോൾ എന്നാൽ അവർക്കിടയിൽ ഒരു സംഗതിയുണ്ട്. വ്യത്യസ്തമായ രീതി യിലാണെങ്കിലും ബാബെറ്റിന്റെ മരണം അവരെ കൂട്ടിച്ചേർത്തിരി ക്കുന്നു; അവന് അയാളെയോർത്ത് കഷ്ടം തോന്നിയെങ്കിലും

കിഴവന്റെ ദുർവിധി വച്ചുമാറാനൊന്നും റെമിഗിയോയ്ക്കു തോന്നിയില്ല.

വയസൻ നമുക്ക് കാര്യങ്ങൾ എളുപ്പമാക്കിയൊന്നുമില്ല, പോലീസുകാരിലൊരാൾ പറഞ്ഞു. ഇനിയധികം സമയം കളയണ്ട, ലഫ്റ്റനന്റ് ഓർഡറിട്ടു. സ്റ്റേറ്റ് പോലീസ് വെറൊരുത്തനെ നോട്ടമിട്ടിട്ടുണ്ട്, അവർ ഉടൻ നമ്മളെ മറികടക്കും. അവർ സെല്ലിന്റെ കതകു തുറന്നപ്പോൾ താൻ തടിക്കുതിരയുടെ മേലിരുന്ന് ഫോട്ടോഗ്രാഫറെ നോക്കിയ അതേ നോട്ടം മെൽക്വിസിദെക്ക് അവരെ നോക്കി.

ലൂഷ്യോയ്ക്കു വിശന്നു. അയാൾക്കു തിന്നാൻ കേക്കുകളല്ലാതെ വേറൊന്നുമില്ല. കാരണം, റെമിഗിയോ കാർത്തുക്കോവിനെപ്പോലെ വന്ന് അവോക്കാഡോ നിറച്ച കൂട എടുത്തുകൊണ്ടുപോയിരുന്നു. പേപ്പറും പശയും തുണിക്കെട്ടും പേപ്പർബാക്കുകളും കട്ടിപ്പുറന്തോടും താളുകളും കവിതയും കഥയുമെല്ലാം ഒരേപോലെ തിന്നാനുള്ള പാറ്റകളുടെ കഴിവിൽ അയാൾക്കസൂയ തോന്നി. എന്തൊക്കെയായാലും ഒന്നു നോക്കിയാൽ ഞാൻ ഹെർലിൻഡയുടെ പദ്ധതിക്ക് വലിയ മാറ്റമൊന്നും വരുത്തിയില്ല; ലൂഷ്യോ സ്വയം ആശ്വസിച്ചു: താഴത്തെ നില ഞാൻ സമീകൃതാഹാരം സംഭരിക്കാൻതന്നെയാണ് ഉപയോഗിച്ചത്. അയാൾ പുറത്തിറങ്ങി സെനോര റോബിൾസിന്റെ ജനാലയിൽനിന്നു വരുന്ന പാചകഗന്ധത്തിനു മൂക്കു ചേർത്തു, അവിടെത്തന്നെ അയാൾ ഒരു നിമിഷംകൂടി നിന്നു. മണത്തിൽ മയങ്ങിയല്ല മറിച്ച് പഴങ്ങളും പച്ചക്കറികളും മേശപ്പുറത്തിരിക്കുന്ന കോഴിയും അവളിട്ട മുട്ടകളുമടങ്ങുന്ന സമൃദ്ധമായ അടുക്കളരംഗം കണ്ടിട്ട്. ലൂഷ്യോ തുറന്ന കതകിനടുത്തേക്കു നീങ്ങിനിന്നു. കുടുംബത്തിലെ അഞ്ചുപേരും മേശയ്ക്കു ചുറ്റുമിരിക്കുന്നത് അയാൾക്കപ്പോൾ കാണാം. അവരെന്താണ് കഴിക്കുന്നതെന്ന് മനസ്സിലാക്കാൻ അയാൾക്കാവുന്നില്ല, എന്നാൽ ഗ്ലാസ്സുകളിൽ നാരങ്ങാവെള്ളം നിറഞ്ഞിരിക്കുന്നതു കാണാം. കുടുംബം അയാളെ തിരിച്ചറിഞ്ഞു. സെനോർ റോബിൾസ് അയാളെ ക്ഷണിച്ചു: “ഒരു ടാക്കോ കഴിക്കുന്നോ?” ഒരു നിമിഷം നിശബ്ദനായി നിന്നു. ഹെർലിൻഡയുടെ ഉപ്പ് സൂപ്പ് കുടിക്കാൻ മാത്രം വിശന്നുനിൽക്കുകയാണ് അയാൾ. എന്റെ കൈയിൽ കുറച്ച് സാഹസികകഥകളുണ്ട്, നിങ്ങളുടെ കുട്ടികൾക്കു വായിക്കാൻ പറ്റിയത്; അമരിഡുകൾ ടൊറാനിയോ രാജ്യം അക്രമിക്കാൻ പോകുന്നുവെന്നറിയുന്നത് അവർക്ക് താൽപര്യമായിരിക്കും. അയാൾ വേഗംതന്നെ സ്ഥലം കാലിയാക്കി പള്ളിക്കു പിന്നിലെ ഒരു ചാപ്പലിനു പിന്നിൽ നല്ല ആരോഗ്യവും നീരുമുള്ള നോപാൽച്ചെടി വളരുന്നിടത്തെത്തി. കത്തിയെടുത്ത് രണ്ടു തണ്ട് മുറിച്ചെടുത്തു. പ്രകൃതി ഏറ്റവും കഠിനമായി പെരുമാറുന്ന ഈ നാട്ടിൽപോലും ഭക്ഷണം കണ്ടെത്താനുള്ള തന്റെ കഴിവിൽ അയാൾ അഭിമാനിച്ചു. മോൺടെറിയിൽ ലൈബ്രേറിയന്മാരുടെ ഒരു സമ്മേളനത്തിനു പോയപ്പോൾ തിരക്കുള്ള വഴി മുറിച്ചുകടക്കാൻ അറിയില്ലെന്നും നഗരത്തിലെ

എസ്കലേറ്ററുകളിൽ തട്ടിവീഴാൻ പോയെന്നും ഒരു കാർ ടയർ പൊട്ടിയപ്പോൾ ചെവി പൊത്തിപ്പിടിച്ചെന്നും പറഞ്ഞ് ലൂഷ്യോയെ സഹപ്രവർത്തകർ വല്ലാതെ കളിയാക്കിയിരുന്നു. സമ്മേളനത്തിൽ ഇൻഡക്സിങ് രീതികളെപ്പറ്റിയും പുസ്തകസംരക്ഷണത്തെപ്പറ്റിയും പുസ്തകം കടം കൊടുത്തതിന്റെ മേൽനോട്ടത്തെപ്പറ്റിയും വായനക്കാരെ വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയുമെല്ലാം ചർച്ചകൾ നടന്നിരുന്നു. ഒടുവിൽ ലൈബ്രേറിയൻമാർ അവരുടെ ആവശ്യങ്ങളെപ്പറ്റി സംസാരിച്ചു. വേതന വർദ്ധനയും ശീതികരിച്ച മുറിയും വെളിച്ചസംവിധാനങ്ങളും ശൗചാലയ സൗകര്യങ്ങളുമൊക്കെയായിരുന്നു പൊതുവായ ആവശ്യങ്ങൾ. *Rue* എന്ന വാക്ക് വിവർത്തനം ചെയ്യണമെന്ന് ഫ്രഞ്ച് പരിഭാഷകരോട് ആവശ്യപ്പെടണമെന്നായിരുന്നു ലൂഷ്യോ ഉന്നയിച്ച കാര്യം. നീണ്ട ഒരു നിശ്ശബ്ദതയാണ് ആ ആശയത്തെ വരവേറ്റത്, എല്ലാവരുടെയും പേനകൾ എഴുത്തിന്റെ തിരക്കിലായിരുന്നു. ആ സമ്മേളനത്തിനിടയിൽ ഓരേയൊരു ലൈബ്രേറിയൻ മാത്രമാണ് ലൂഷ്യോയോടു സംസാരിക്കാനൊരുങ്ങിയത്. ഇക്കാമോളിലേക്കു തിരിച്ചു പോകുന്നതിന്റെ തലേദിവസമായിരുന്നു അത്. പല ബിയറുകൾ കഴിഞ്ഞപ്പോൾ തനിക്ക് താൽപര്യമുള്ള പുസ്തകങ്ങളെപ്പറ്റി സംസാരിക്കാൻ ലൂഷ്യോ തയ്യാറായി. ഒരു മറുപടിയും പറയാതെ ബിയർ കുടിച്ചുകൊണ്ടും കപ്പലണ്ടിപ്പരിപ്പ് തിന്നുകൊണ്ടും അയാൾ കേൾവിക്കാരനായി. ഏകദേശം പാതിരയായപ്പോൾ തന്റെ പല്ലിനിടയിൽ കുടുങ്ങിയ എന്തോ പുറത്തെടുത്ത് വലിയ ഗൗരവത്തിൽ അയാൾ വിലയിരുത്തൽ നടത്തി. ഒരു ചെറുപട്ടണക്കാരന്റെ മൂന്നു മുൻവിധികളാണ് നിങ്ങൾക്കുള്ളത്: സ്പാനിയർഡുകൾക്കെതിരെ, ഗ്രിൻഗോകൾക്കെതിരെ, സ്ത്രീകൾക്കെതിരെ. അയാൾ ബിയർ ഒരിറക്കുകൂടി കുടിച്ചതിനുശേഷം തുടർന്നു. നഗരത്തിൽ നമ്മൾ ആദ്യത്തെ രണ്ടിനെയും മറികടന്നുകഴിഞ്ഞു. ലൂഷ്യോ മേശപ്പുറത്ത് പണമെടുത്തു വച്ച് പുറത്തിറങ്ങി. ഇനിയൊരിക്കലും ഒരു സമ്മേളനത്തിനും പോവുകയില്ലെന്നും മോൺടെറിയിലോ മറ്റേതെങ്കിലും നഗരത്തിലോ പോവുകയില്ലെന്നും അയാൾ പ്രതിജ്ഞയെടുത്തു. ആലോചനയിൽ മുഴുകി അയാളുടെ വിരൽ ഒരു കള്ളിമുൾച്ചെടിയിൽ ചെന്നുതട്ടി. രക്തം വലിച്ചു കുടിക്കവേ അയാൾ സ്വയം പറഞ്ഞു; ആ ലൈബ്രേറിയൻമാരെ ഈ മരുഭൂമിയിലുപേക്ഷിക്കൽ ബഹുരസമായിരിക്കും; എത്ര നാൾ പിടിച്ചുനിൽക്കുമെന്നറിയാമല്ലോ. അവരുടെ വഴി മുറിച്ചുകടക്കാനുള്ള കഴിവും എസ്കലേറ്ററിലെ നിൽപ്പും കാർടയർ പൊട്ടുമ്പോൾ ഞെട്ടാതിരിക്കലുമെല്ലാം അവരെ എങ്ങനെ സഹായിക്കുമെന്ന് കാണാമല്ലോ. അവരുടെ ബുദ്ധി പാഴ്പ്പൊട്ടത്തരമായി മാറുന്നത് കാണാം, എന്റെ വിവേകം അറിവായി മാറുന്നതും കാണാം. ലൂഷ്യോ, ദയവായി പറയൂ, ഏതൊക്കെ ചെടികളാണ് തിന്നാവുന്നവ, എങ്ങനെയാണ് വെള്ളം

കിട്ടുക, എങ്ങനെയാണ് കഴുതപ്പുറത്തു കയറുക, പാമ്പുകൾക്കും നരികൾക്കുമിടയിൽ കിടന്ന് എങ്ങനെയാണ് ഉറങ്ങുക; സെനോർ റോബിൾസിന്റെ മുന്നിൽ അവർക്ക് അഭിമാനം നഷ്ടപ്പെടും: അതെ, ദയവുചെയ്ത് എനിക്കൊരു ടാക്കോ തരണേ, ഇക്കാമോളിൽ ലൂഷ്യോയ്ക്ക് സ്വന്തം ബുദ്ധിയിലുള്ള വിശ്വാസംമൂലം മോൺടെറിയിൽ പഠിച്ചതെല്ലാം അയാൾ മറന്നുകളഞ്ഞു. പുസ്തകം കടം കൊടുക്കുന്നത് നിയന്ത്രിക്കാനോ? ഞാനൊന്നും കടം കൊടുക്കാറില്ല. സംരക്ഷണമോ? എന്റെ പുസ്തകങ്ങൾ കുറച്ചുനാൾ നിലനിന്നാൽ മതി; ഞാൻ മരിച്ചുകഴിഞ്ഞാൽ അവയും നശിക്കട്ടെ. എന്തിനധികം, അയാൾക്ക് വിവരപ്പട്ടികകളോടുപോലും ഭയങ്കര വെറുപ്പുണ്ടായിരുന്നു. ഒരു വിദഗ്ധൻ പുസ്തകങ്ങളെ എപ്രകാരം വിഷയവും പ്രസിദ്ധീകരിപ്പെട്ട വർഷവും എഴുത്തുകാരന്റെ സ്വദേശവും മറ്റു ഘടകങ്ങളും നോക്കി തരംതിരിക്കുന്നതിനെപ്പറ്റിയും അക്കങ്ങളും അക്ഷരങ്ങളും ചേർത്ത് അടയാളപ്പെടുത്തുന്നതിനെപ്പറ്റിയും സംസാരിച്ചു. അയാൾ നല്ല പുസ്തകങ്ങളെയും ചീത്തപ്പുസ്തകങ്ങളെയും വേർതിരിക്കുന്നതിനെപ്പറ്റി പറഞ്ഞതേയില്ല. പുസ്തകങ്ങളെ കഥയും കഥേതരവുമായി തിരിക്കണമെന്നാണ് അയാൾ പറഞ്ഞത്. ആ വിദഗ്ധന്റെ വാക്കുകൾ കേട്ട് ലൂഷ്യോയ്ക്ക് ഭയങ്കരമായ ആശയസംഘർഷമുണ്ടായി. പുസ്തകങ്ങൾ അറിയുന്ന, അക്ഷരങ്ങളെ സ്നേഹിക്കുന്ന ആളുകളാണ് ഇത്തരം തരംതിരിവുകളുണ്ടാക്കിയതെന്ന് അയാൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരു വസ്തുവിനെ അതല്ലാത്ത ഒരു പേരു ചേർത്ത് വിളിക്കാൻ മാത്രം ഇവർക്ക് വാക്കുകൾക്കിത്ര ക്ഷാമമോ? ഒരു പ്രസിഡന്റിന്റെ ഓർമ്മക്കുറിപ്പുകൾ എവിടെയാണുൾപ്പെടുക? ചരിത്രനോവലോ? വിശുദ്ധരുടെ ജീവിതങ്ങളോ? ഒരു പട്ടാളക്കാരന്റെ ജീവിതം എവിടെപ്പോകും? രണ്ട് ചരിത്രപുസ്തകങ്ങളോ മതഗ്രന്ഥങ്ങളോ തമ്മിലൊരു സംഘർഷമുണ്ടായാൽ അതിലേതാണ് കെട്ടുകഥയെന്ന് ആര് നിർണ്ണയിക്കും? ലൂഷ്യോ അയാളുടെ നോട്ട്ബുക്ക് അടച്ചുവച്ച് ആ തട്ടിപ്പുകാരന് കാതോർക്കൽ നിറുത്തി. അയാളുടെ ആശയങ്ങൾക്ക് തെളിച്ചമുണ്ടായിരുന്നു. ഒരു ചരിത്രപുസ്തകം കഴിഞ്ഞുപോയ സംഭവങ്ങളെപ്പറ്റി പറയുമ്പോൾ ഒരു നോവൽ നടക്കുന്ന സംഭവങ്ങളെപ്പറ്റിയാണ് പറയുന്നത്. അത്തരത്തിൽ ചരിത്രത്തിലെ സമയം നോവലിലേതിൽനിന്ന് വ്യത്യസ്തമാണ്. ലൂഷ്യോ അതിനെയാണ് സ്ഥിരവർത്തമാനകാലമെന്നു പറയുന്നത്. അതിപ്പോൾ സംഭവിക്കുന്നതും യഥാർത്ഥവും തൊട്ടറിയാവുന്നതുമാണ്. ആ കാലത്തിലാണ് ബാബെറ്റ് നിലകൊള്ളുന്നത്. മറ്റു പ്രഗല്ഭരോടൊപ്പം മറവുചെയ്യപ്പെട്ട ഒരു ദേശീയ നായകനെക്കാൾ യഥാർത്ഥമാണ് ബാബെറ്റ്; അവളൊരിക്കലും കഥയെന്നു സൂചിപ്പിക്കുന്ന ഭാഗത്തിലുൾപ്പെടില്ല; ആ സ്ഥിര വർത്തമാനകാലത്തിൽ ഓരോ തവണ അവസാനതാൾ മറിയുമ്പോഴും ബാബെറ്റ് വീണ്ടും വീണ്ടും

ആ ദുരൂഹമായ കൈയിലേക്കു വഴുതും; പന്ത്രണ്ടാമധ്യായത്തിൽ അവൾ വീണ്ടും വീണ്ടും സീനിലേക്ക് കുട വലിച്ചെറിയും. ബാബെറ്റ് ഒരിക്കലും മണ്ണായി മാറില്ല.

വീട്ടിലെത്തി അയാൾ ഒരു കുടം വെള്ളത്തിലേക്ക് മുള്ളുനീക്കിയ നോപാൽ തണ്ടുകളിട്ടു. മുറി ചൂടാകുന്നത് ഒഴിവാക്കാനായി അയാൾ പടിക്കെട്ടിനടുത്തെത്തി ലൈബ്രറിയുടെ ഒരു വശത്തായി തീകൂട്ടി ഭക്ഷണം അതിൽ വേവാൻ വച്ചു. അവിടെയിരുന്നാൽ തന്റെ കുടത്തിൽ നിന്നുയരുന്ന വാസന വേറെയേതോ വീട്ടിൽനിന്നെത്തുന്നതാണെന്ന് അയാൾക്കു സങ്കല്പിക്കാൻ കഴിയും.

പോർഫിറിയോ ഡിയാസിന്റെ പട്ടാളം വന്നയിടത്ത് ഇടത്തേക്കും ഫെഡറലുകൾ വന്നയിടത്ത് വലത്തേക്കും ലൂഷ്യോ വിരൽ ചൂണ്ടി. "ഈ മണ്ണിന് ഒരു ചരിത്രവും പുരാവൃത്തവുമുണ്ട്. ഒരു ഇഷ്ത്യോസാർ മീൻ പിടിക്കാൻ വന്നതും അവിടെ നിന്നാണ്. ഒഴുക്കുകൾ ഏറ്റവും ശക്തമായതും പവിഴപ്പുറ്റുകൾ വളരുന്നതുമായ ഇവിടേക്കാണ് മെൽക്വിസിദെക്ക് ബാബെറ്റിനെയും കൊണ്ടുവന്നത്." സ്ത്രീ തലകുലുക്കി. ഇപ്പോൾ അവർ ഒരു വെളുത്ത ഉടുപ്പാണിട്ടിരിക്കുന്നത്. ദൂരത്തുനിന്ന് നോക്കിയാൽ ഉടുപ്പിന്റെ കൈ അവസാനിക്കുന്നതും അവരുടെ കൈ തുടങ്ങുന്നതും എവിടെ നിന്നാണെന്ന് മനസ്സിലാകില്ല. "എന്നാൽ ആളുകൾക്ക് ഇതിനെപ്പറ്റി ഒന്നുമറിയില്ല," ലൂഷ്യോ തുടർന്നു: "ഒരു സോറിയൻ പല്ലോ ഒരു ട്രിലോബൈറ്റിന്റെ ഫോസിലോ യുദ്ധത്തിൽനിന്നുള്ള വെടിയുണ്ടകളോ കണ്ടുകിട്ടിയാൽ അവർ അതുടൻ വഴിയരികിൽ കൊണ്ടുപോയി വച്ച് കച്ചവടം ചെയ്യും. ചരിത്രാതീതകാലത്തോട് ബഹുമാനമുള്ള ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ അവർ തോൾ കുലുക്കി മറുപടി പറയും: എനിക്കറിയില്ല സെനോർ, അതൊക്കെ വളരെപ്പണ്ടുണ്ടായിരുന്ന മൃഗങ്ങളാണ്. എന്നാലതിന് ചരിത്രവുമായെന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ അവർ വെറെ തരത്തിലാണ് പെരുമാറുക. വെടിയുണ്ടകളുടെ വില കൂട്ടാനായി അവർ ചില മാറ്റങ്ങളൊക്കെ വരുത്തിയിട്ടുണ്ട്. ഇത് പാൻചോ വില്ലയുടെ വെടിയുണ്ടകളാണ്, അവർ പറയും. കാരണം, ഒരു മെക്സിക്കൻ സങ്കല്പത്തിൽ പോർഫിറിയോ ഡിയാസിന് വലിയ വിലയൊന്നുമില്ല. ഒടുവിൽ അവർതന്നെ ആ കഥ വിശ്വസിക്കാനും തുടങ്ങിയിരിക്കുന്നു: 1876-ലെ യുദ്ധം ഓർമ്മയിൽ നിന്ന് മായ്ച്ചുകളയപ്പെട്ടിരിക്കുന്നു. നാല്പതു വർഷം കഴിഞ്ഞ് നടന്ന ഒരു യുദ്ധത്തിലാണ് അവർ വിശ്വസിക്കുന്നത്, കാരണം, പാൻചോ വില്ല കിഴക്കൻ പ്രദേശം മുഴുവൻ ചുറ്റി നടക്കുകയും അയാളുടെ പട്ടാളം സമതലങ്ങളിലെ, പെണ്ണുങ്ങളെയെല്ലാം ബലാത്സംഗം ചെയ്ത് ഗർഭിണികളാക്കുകയും ചെയ്തപ്പോൾ, ഇക്കാമോൾ സ്ത്രീകളെ തൊടാതെ പോയി. ഞങ്ങൾക്കും പാൻചോ വില്ലയുടെ കുട്ടികളെ വേണമെന്ന് അവർ അലറിക്കരഞ്ഞിരിക്കണം. ഇതാ ഞങ്ങളിവിടെ കാലുകൾ വിടർത്തിവച്ചിരിക്കുന്നു, ഞങ്ങളുടെ ഭർത്താക്കൻമാർ ഭീരുക്കളാണ്;

നിങ്ങൾ കുതിരപ്പുറത്തേറിയും ആകാശത്തേക്കു വെടിവച്ചും കൊല്ലാനുള്ള ആർത്തിയിലും വരിക; ഞങ്ങൾക്കു നിങ്ങളുടെ കണ്ണും വയറും ധൈര്യവും വൃഷണങ്ങളുമുള്ള മക്കളെയാണാവശ്യം. ഇക്കാമോളിലെ കരച്ചിലുകാരെപ്പോലെയോ, ഉത്തമനായ പട്ടാളക്കാരനെപ്പോലെയോ, മാന്യനെപ്പോലെയോ, പ്രസിഡന്റിനെപ്പോലെയോ തൊപ്പിയും കോട്ടും വച്ച സന്തതികളെ ഞങ്ങൾക്കു വേണ്ട. ഭാഗ്യത്തിന് ഇവാഞ്ചലീനയ്ക്കെഴുതിയ കത്തിൽ പെഡ്രോ മൊണ്ടസ് തീയതി ചേർക്കാൻ മറന്നുപോയിരുന്നു. മെയ്മാസത്തിൽ നടന്ന ഒരു യുദ്ധത്തെപ്പറ്റിയാണയാൾ പറഞ്ഞിരുന്നതെങ്കിലും വർഷമോ എതിരാളികളെപ്പറ്റിയോ പേരുകളോ കാരണങ്ങളോ പറയാതിരുന്നതിനാൽ നാല്പതുവർഷം കൂടിക്കഴിഞ്ഞാണ് അയാൾ മരിച്ചത് എന്ന രീതിയിൽ അയാളെ പൂജിക്കാൻ എളുപ്പമായിരുന്നു. പാൻചോ വില്ല നീണാൾ വാഴട്ടെ, നായിന്റെ മക്കളെ, ഗ്വാദലൂപ് കന്യകയും. അവർ രണ്ടുപേരെയും ആരാധിക്കുകയും സ്വന്തം നോവലുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഞാനോ നിങ്ങളോ ബാബെറ്റിൽ വിശ്വസിക്കുന്നതുപോലെയാണ് അവരുടെ വിശ്വാസവും. അവർ ഇവാഞ്ചലീനയുടെ കത്തിന്റെ ശക്തിയിലും ഗ്വാദലുപ്പ് ഗീതങ്ങളിലും വിശ്വസിക്കുന്നു. ഗ്വാദ്ലുപ് ഗീതങ്ങളുടെ പുറംചട്ടയല്ലാതെ മറ്റൊന്നും അവർ കണ്ടിട്ടുപോലുമില്ല. അവർ ബൈബിൾ കഥകളിലും ഉത്ഥാനത്തിലും മാലാഖമാരിലും കപ്പലുകളിലും ഭൂമിയിലെ സകല ചരാചരങ്ങളിലും നരകത്തിലും പറുദീസയിലും നിലയ്ക്കുന്ന സൂര്യനിലും സംസാരിക്കുന്ന പാമ്പിലും ഇടുങ്ങിയ താഴ്വരയിലേക്കു ചാടിപ്പോകുന്ന പന്നികളിലും മാലാഖമാരിലും സാത്താൻമാരിലും ക്രൂശിതനിലും ആരും കണ്ടിട്ടില്ലാത്തതും വാക്കുകളിലല്ലാതെ ഇനി കാണാൻ സാധ്യതയില്ലാത്തതുമായ ഒട്ടേറെക്കാര്യങ്ങളിൽ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ജീവിതവും കടലാസും തമ്മിലൊരു വിടവുണ്ടെന്നു പറഞ്ഞ് അവർ എന്റെ ലൈബ്രറിയെ എതിർക്കുന്നത് എനിക്കു മനസ്സിലാക്കാനാവുന്നില്ല.

അയാളുടെ കൈയിൽ പിടിച്ചപ്പോൾ ഒരു നഗരവാസിയുടേതിൽ നിന്ന് വ്യത്യസ്തമായി അവർ പരുപരുത്ത മരുഭൂമിത്തൊലി തിരിച്ചറിഞ്ഞു. എന്നാൽ അയാൾക്കാവട്ടെ ആ സ്പർശം ഹെർലിൻഡയുടേതുപോലെയായിരുന്നു. ഈ പ്രായവ്യത്യാസമില്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളുമായി പ്രേമത്തിലായേനെ. അയാൾ ഒരു നിമിഷം മിഴി താഴ്ത്തി കടലിന്റെ അടിത്തട്ടിൽ താമസിക്കാനുള്ള ആഗ്രഹത്തെ മറന്നുകളഞ്ഞു. ഈ സ്ത്രീ ശരിക്കും പറയുന്നതാണോ? അതോ യോഷിക്കാസുവിനെപ്പോലെ ഞാൻ മറുപടി പറയുന്നതിനുവേണ്ടി മൗസമിയെ ഉദ്ധരിക്കുന്നതാണോ? ലൂഷ്യോ മിണ്ടാതിരിക്കാൻ തീരുമാനിച്ചു. അയാളുടെ ആയുധമുപയോഗിച്ച് അനേകം ശത്രുക്കളെ തുരത്തിയതിനാൽ

യോഷിക്കാസുവിന് ഒരു കിഴവനാണെങ്കിലും ചില മേൽക്കൈകളുണ്ട്; എന്റെ പുസ്തകങ്ങൾ സംരക്ഷിച്ചതുകൊണ്ട് എനിക്ക് പ്രത്യേകിച്ച് എന്തു ഗുണമാണുള്ളത്. സ്ത്രീ തലകുനിച്ച് വന്ദിച്ച് കാറിൽ കയറി പ്പോയി. അവൾ കേൾക്കാനാവാത്തത്ര ദൂരയെത്തിയെന്നറിഞ്ഞിട്ടും ലൂഷ്യോ പറഞ്ഞു, “നിങ്ങളെന്നെ സ്നേഹിക്കണമെന്നില്ല. എന്നെ പരി പാലിച്ചാൽ മതി.” എയ്ച്ചിരോ ചക്രവർത്തിയുടെ ആളുകളെ പേടിപ്പി ക്കാനായി അയാൾ ആയുധമെടുത്ത് വീശി.

വെള്ളട്രക്ക് ഒരു തവണകൂടി ഇക്കാമോളിൽ വന്നു. ഇത്തവണ ജല ക്രീഡകളും ആളുകളെ നനയ്ക്കലുമൊന്നുമില്ല; വണ്ടി പഴയതുതന്നെ, എന്നാൽ പുതിയ ഡ്രൈവറാണ്. വണ്ടിയുടെ ജനലിലൂടെ ആദ്യം കണ്ടയാളോട് അയാൾ ചോദിച്ചു, നിങ്ങൾ എത്ര കുടുംബങ്ങളാണ്? സെനോര ഉർദനേത തലകുലുക്കി. അധികമില്ല, അവർ പറഞ്ഞു. ഓരോ വീടിനു മുന്നിലും വണ്ടി നിറുത്തി സംഭരിക്കാവുന്നത്ര വെള്ളം നിറച്ചു കൊടുക്കാനാണ് എനിക്കു കിട്ടിയിരിക്കുന്ന നിർദേശം. മൃഗങ്ങൾക്കായുള്ള വെള്ളത്തൊട്ടിയും ആരെങ്കിലുമാവശ്യപ്പെട്ടാൽ സെപ്റ്റിക് ടാങ്കും നിറയ്ക്കാൻ അറിയിപ്പുണ്ട്. വാർത്ത പരന്ന് ട്രക്ക് എല്ലാ വീട്ടിലുമെത്തിക്കഴിഞ്ഞപ്പോൾ ഈ ഡ്രൈവർ ഗൗരവക്കാരനാണെങ്കിലും സൗഹാർദമുള്ളവനാണെന്ന് എല്ലാവരും വിലയിരുത്തി. ഓരോ തവണ വെള്ളം നിറച്ചുകഴിയുമ്പോഴും പാഴാക്കിക്കളയാതിരിക്കാനായി അയാൾ ശ്രദ്ധാപൂർവ്വം ഹോസടച്ചിരുന്നു. എങ്കിലും ആളുകൾക്ക് മുമ്പുവന്ന ഓപ്പറേറ്ററോടായിരുന്നു താൽപര്യം. ആൺ-പെൺ പ്രായഭേദമില്ലാതെ നനഞ്ഞവർക്കെല്ലാം വെള്ളം വന്നത് ഗവൺമെന്റ് ട്രക്കിൽനിന്നല്ല. ദൈവം മഴപെയ്യിച്ചു തന്നതാണെന്നാണ് മനസ്സിൽ തോന്നിയത്.

വലിയ വണ്ടി വന്നതിന്റെ ശബ്ദവും ബഹളവും അലോസരപ്പെടുത്തിയെങ്കിലും ലൂഷ്യോ ആ തക്കത്തിന് സ്വന്തം ടാങ്കും നിറച്ചു. അയാൾക്ക് കുളിക്കുകയും മുഖം വടിക്കുകയും തുണികളും ഷീറ്റുകളും അലക്കുകയും ചെയ്യണമായിരുന്നു ബാബെറ്റിന്റെ അമ്മ അടുത്തുവരാതെ ശ്രദ്ധിച്ചത് അയാൾ അറിയാതെ പോയില്ല. നേരാണ്, പുസ്തകങ്ങൾ ഞങ്ങൾക്കിടയിലെ അകലം കുറച്ചിട്ടുണ്ട്, എന്നാൽ അകലം കൂട്ടുന്ന മറ്റു പല ഘടകങ്ങളുമുണ്ട്; ഒരു കുളിക്ക് കുറയ്ക്കാനാവുന്ന അകലം. ഞങ്ങൾക്കൊരുമിച്ചിരുന്ന് 'വൈകുന്നേരങ്ങളിൽ 'റബേക്ക' വായിക്കാൻ കഴിഞ്ഞേക്കും, പുസ്തകത്തിന്റെ ഒരു പാതി എന്റെ മടിയിലും മറുപാതി അവരുടെ മടിയിലും. ലൂഷ്യോ ട്രക്കിനെ ലൈബ്രറിയുടെ പിന്നിലുള്ള ടാങ്കിനടുത്തെത്തിച്ചു. "അതു നിറച്ചേക്കൂ," അയാൾ പറഞ്ഞു; ഒരു മനുഷ്യൻ ഇടയ്ക്കൊക്കെ കുളിക്കണം. ഡ്രൈവർ പ്രത്യേകിച്ചൊന്നും പറയാതെ വെള്ളം പൂട്ടി ഹോസ് ചുരുട്ടിയെടുക്കാൻ തുടങ്ങി. എന്താണ് വാർത്തകൾ? ലൂഷ്യോ ചോദിച്ചു. കുറച്ചുനിമിഷങ്ങൾ കഴിഞ്ഞിട്ടും ഉത്തരമൊന്നും കാണാഞ്ഞപ്പോൾ അയാൾ വീണ്ടും

ചോദിച്ചു: 'ഇടയ്ക്കിടെ വരുമോ?' അയാൾ തലകുലുക്കി. മഴ പെയ്യാത്തിടത്തോളം കാലം ഞാൻ വരുമെന്നു പറഞ്ഞ് അയാൾ ട്രക്കിൽ കയറി അടുത്ത വീട്ടിലേക്ക് നീങ്ങി. ലൂഷ്യോ മുഖവും കഴുത്തും നനച്ച് ലൈബ്രറിയിലേക്കു കയറി. അയാൾക്ക് ഉച്ചകഴിഞ്ഞ് വായിക്കാൻ നല്ലൊരു പുസ്തകം വേണം, പറ്റിയാലൊരു യാത്രികനെപ്പറ്റിയും സാഹസികതകളെപ്പറ്റിയും. അല്ലെങ്കിൽ ഫുട്ബോൾതാരമാവാൻ കൊതിക്കുന്ന ഒരു ചെറുപ്പക്കാരനെപ്പറ്റി, മരണം ഒരു പ്രതിപാദ്യവിഷയമേയല്ലാത്ത ഏതെങ്കിലുമൊരു നോവൽ. ആ സ്ത്രീക്കുവേണ്ടി തുറന്ന പെട്ടിയിൽ നിന്ന് അയാൾ ഒരു നോവലെടുത്തു: 'കയ്പ്.' പുറംചട്ടയിലെ ടെന്നീസ് റാക്കറ്റ് പിടിച്ച പെൺകുട്ടിയും പിന്നിലെ ക്യാംപസ് ബാക്ക്ഗൗണ്ടും മതി അതിന്റെ ഉള്ളടക്കം ഊഹിച്ചെടുക്കാൻ. ഏതെങ്കിലുമൊരു ഗ്രിൻഗോ യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ച് വിദ്യാർത്ഥിനിയുമായുള്ള പ്രേമം നോവലാക്കി മാറ്റിയ അധ്യാപകനാവണം എഴുത്തുകാരൻ. ഈ കഥ വ്യത്യസ്തമായിരിക്കുമോ? പെണ്ണിന്റെ പേര് എവ്ലിൻ എന്നായിരിക്കും. ഇത്തവണ അയാൾ സാഹിത്യത്തിനു പകരം സോഷ്യോളജി അധ്യാപകനായിരിക്കാം. ഒരു കുട്ടിപ്പാവാടയുമിട്ട് എവ്ലിൻ ഓഫീസ് മുറിയിലേക്ക് കയറി വരുന്നതുവരെ ചിട്ടയായി മാത്രം ജീവിച്ചിരുന്നിരിക്കണം അയാൾ. അപ്പോൾ മുതൽ കുറ്റബോധവും ഭ്രാന്തും നിറഞ്ഞ വിവരണങ്ങളാണ്. പ്രൊഫസറെ ഉത്തമപുരുഷസ്ഥാനത്താക്കിയുള്ള നീളൻ ഖണ്ഡികകൾ വായനക്കാരിൽ സഹതാപം ജനിപ്പിക്കും. അവൾക്ക് പത്തൊൻപതും അയാൾക്ക് അമ്പതിനുമേലെയുമാണ് പ്രായം. അവളുടെ മുന്നിൽ ലോകം മുഴുവനുണ്ട്. അയാൾക്ക് സംരക്ഷിക്കാൻ അയാളുടെ കുടുംബവുമുണ്ട്. അയാൾ ഒരു നല്ല മനുഷ്യനാണ്, അവളോട് ആത്മാർത്ഥസ്നേഹമാണ്, ആർക്കും അയാളുടെ സ്വകാര്യജീവിതത്തിലിടപെടാനോ ജോലിയിലെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാനോ അവകാശമില്ല. അതുകൊണ്ടുതന്നെ അയാളോട് ഒരു കുറ്റവാളിയോടെന്നപോലെ പെരുമാറുന്നത് ശരിയല്ല. അയാൾ ഒരു ഇരയാണെന്നുള്ളത് വ്യക്തമാണ്, കാരണം വൈകാതെ തന്നെ മാതാപിതാക്കളുടെ സമ്മർദ്ദത്തെത്തുടർന്ന് എവ്ലിൻ അയാളെ ഉപേക്ഷിക്കുമ്പോൾ വയസുകാലത്തേക്കുള്ള ഒരു ഓർമ്മയ്ക്കു വേണ്ടി സ്വന്തം വിവാഹബന്ധവും ജോലിയും നശിപ്പിച്ചുകളഞ്ഞുവെന്നയാൾ തിരിച്ചറിയും. നരകത്തിലേക്കെറിയുന്നതിനു തൊട്ടുമുമ്പാണ് പുറംചട്ട വായിച്ചുനോക്കാമെന്ന് ലൂഷ്യോയ്ക്കു തോന്നിയത്: ഇനി അപ്രതീക്ഷിതമായ ഒരു കഥാപരിണാമമുണ്ടെങ്കിലോ? ചിലപ്പോൾ അയാൾ ഒരു ലാറ്റിനമേരിക്കൻ സർവ്വകലാശാലയിലെ പ്രൊഫസറാവും. അങ്ങനെയാണെങ്കിൽ അയാൾക്കേതെങ്കിലുമൊരു വിദ്യാർത്ഥിയുമായി ബന്ധമുണ്ടായാൽ ആരുമതിനെ സദാചാരപരമായോ ജോലിയോടുള്ള ആത്മാർത്ഥതക്കുറവായോ ഒന്നും കാണില്ല. എന്നാൽ പുറംചട്ടയിൽ എഡിറ്റർ എഴുതിയിരിക്കുന്നതോ,

പ്രേമത്തിനുമേൽ സമൂഹം കൊടുക്കുന്ന സമ്മർദം, സാധാരണ ജീവിതം ഉപേക്ഷിച്ചതിന്റെ പേരിൽ അടുത്ത സുഹൃത്തുക്കൾപോലും മാറ്റി നിറുത്തിയത്... എന്റെ ദൈവമേ, എന്ന് ലൂഷ്യോ ഉറക്കെ പറഞ്ഞു. ഈ പുസ്തകത്തിന്റെ വിധിയെന്താവണം? ഉടൻതന്നെ അയാൾ വിധിയും കൽപ്പിച്ചു. എഴുപതിനായിരം വാക്കുകൾക്ക് അപ്പോൾതന്നെ ശിക്ഷ വിധിച്ചു.

അയാൾ രണ്ടാമതൊരു പുസ്തകം പരീക്ഷിച്ചു നോക്കി: 'ഇഗോർ പാൻകിൻ,' നീല മഞ്ഞ്. ഉള്ളടക്കത്തെപ്പറ്റി യാതൊരു സൂചനയുമില്ല. പുറംചട്ടയിൽ മഞ്ഞുമൂടിയ ഒരു കാടിന്റെ ചിത്രം. വിശുദ്ധ സൗന്ദര്യ മുള്ള ഭാഷയെപ്പറ്റിയും നോവലിലെ നൂതനശൈലിയെപ്പറ്റിയും പിൻചട്ട യിൽ പറഞ്ഞിരിക്കുന്നു. അവസാന ഖണ്ഡിക വായിക്കാൻ ലൂഷ്യോ തീരുമാനിച്ചു, ഒരു നോവൽ നല്ലതാണോയെന്ന് അന്ത്യം വായിച്ചാൽ മനസ്സിലാകും. എന്നാൽ തുടക്കം വായിച്ചാൽ മനസ്സിലാവണമെന്നില്ല. തീവണ്ടി ജനാലയിലൂടെ റാഡോസ്‌ലാവിന്റെ മുഖം തഴുകാനായി ബ്രോണിസ്ലാവയുടെ കൈ നീണ്ടുവന്നു. കാലിനിൻഗ്രാഡിൽ എത്തി യാലുടൻ ഞാൻ വിവാഹിതയാവുമെന്നും എന്റെ പേര് മാറുമെന്നും നിങ്ങൾക്കറിയാമല്ലോ. സംസാരിച്ചതിൽ അവൾക്കു ഖേദം തോന്നി. വാക്കുകൾ ഉപരിപ്ലവങ്ങളാണ്. അവസാന നിമിഷമാണ് ഓർമ്മയിൽ നിൽക്കേണ്ടതെന്നുണ്ടെങ്കിൽ ഏറ്റവും വിലയേറിയത് നിശ്ശബ്ദത യ്ക്കാണ്; കരയാതിരിക്കാനുള്ള ആത്മധൈര്യത്തിനാണ്. തീവണ്ടി നീങ്ങിത്തുടങ്ങി. റാഡോസ്‌ലാവ് തീവണ്ടിയുടെ വേഗത്തിനൊപ്പിച്ച് തന്റെ വേഗം കൂട്ടിക്കൊണ്ട് ഓടിത്തുടങ്ങി. "നിൽക്കൂ," അയാൾ പെട്ടെന്ന് അലറി, ഞാനൊരു കാര്യം മറന്നു. അയാൾ ഓവർക്കോട്ട് തുറന്ന് പോക്കറ്റുകൾ തിരഞ്ഞ് തവിട്ടുകടലാസിൽ പൊതിഞ്ഞ ഒരു പൊതിയെടുത്തു. ഇത്രയും ചെയ്തപ്പോൾ നഷ്ടപ്പെട്ട സമയംകൊണ്ട് ബ്രോണിസ്ലാവയുടെ തീവണ്ടി നിരവധി മീറ്ററുകൾ മുന്നിലായിക്കഴി ഞ്ഞിരുന്നു. വഴിയിലുള്ളവരോട് ദേഷ്യപ്പെട്ടും കൈയിൽ ആ പെട്ടി പിടിച്ചുകൊണ്ടും അയാൾ ഓടുന്നത് അവൾ നോക്കി നിന്നു. മനുഷ്യന് ഓടിയെത്താനാവാത്ത ഒരു ദൂരം തീവണ്ടി തീർത്തുകഴിഞ്ഞപ്പോൾ റാഡോസ്‌ലാവ് ആ പെട്ടി ജനാല ലക്ഷ്യമാക്കി എറിഞ്ഞു. അവൾ അത് കൈവശമാക്കുന്നതോ തുറക്കുന്നതോ അത്ര പ്രാധാന്യമുള്ള കാര്യമല്ല. അതിനുള്ളിലെന്താണുള്ളതെന്ന് അവൾക്ക് നന്നായി അറിയാം. അവൾ സീറ്റിലേക്കു തളർന്നുവീണ് കരയാൻ തുടങ്ങി. കാരണം, നല്ലവനായ റാഡോസ്‌ലാവിനെ കൂടെ കൂട്ടാൻ അവൾക്കു കഴിയുന്നില്ല; അവളുടെ ഓർമ്മയിലിനി തെളിയാൻ പോകുന്നത് തീവണ്ടി ആഫീസിൽ അലറി ക്കൊണ്ട് അവലക്ഷണമായി ഓടി അവരുടെ ജീവിതങ്ങൾപോലെ വില യില്ലാതാവുന്ന ഒരു പെട്ടി എറിയുന്ന ഒരു മനുഷ്യന്റെ ചിത്രമാണ്.

സൂക്ഷിച്ചുവയ്ക്കേണ്ട ഒന്ന് വേണമെന്ന തോന്നൽ, ലൂഷ്യോ സ്വയം പറഞ്ഞു, എന്റെ കാര്യത്തിലേതുപോലെതന്നെ. ബ്രോണിസ്ലാവ അവളുടെ പുരുഷൻ ഒരു തീവണ്ടിക്കു പിന്നാലെ ഓടുന്നത് കാണുന്നത് താൻ ഹെർലിൻഡയെ ഉപ്പുനിറഞ്ഞ ഒരു പച്ചക്കറിസൂപ്പിനു മുന്നിൽ കാണുന്നതുപോലെതന്നെയാണ്. 'നീലമഞ്ഞ്' ഷെൽഫിൽ അയാളുടെ പ്രിയപ്പെട്ട പുസ്തകങ്ങളുടെയിടയിൽതന്നെ സ്ഥാനം നേടുമെന്ന് ലൂഷ്യോയ്ക്കു തോന്നി. തവിട്ടുകടലാസിൽ പൊതിഞ്ഞ ആ ചെറിയ പെട്ടിയിൽ എന്തായിരിക്കുമെന്ന് അറിയാൻ ലൂഷ്യോയ്ക്ക് ആകാംക്ഷ തോന്നി. അനാവശ്യ വാഗ്പ്രയോഗങ്ങളോ നാടകീയതയോ ഇല്ലാത്ത ആ അവസാന ഖണ്ഡിക വായിച്ചപ്പോൾ പുറംചട്ടയിൽ പറഞ്ഞിരിക്കുന്ന വിശുദ്ധ സൗന്ദര്യമുള്ള ഭാഷ യഥാർത്ഥമായിരിക്കുമെന്ന് ലൂഷ്യോയ്ക്കു തോന്നി. മറ്റൊരു നോവലിസ്റ്റായിരുന്നുവെങ്കിൽ പെട്ടി ട്രാക്കിൽ വീണുവെന്നുറപ്പു വരുത്തിയേനേ, ബ്രോണിസ്ലാവയുടെ മോഹങ്ങളെ ശൂന്യമാക്കി മാറ്റിക്കൊണ്ട് ഇരുമ്പ് ചക്രങ്ങൾ അതിനെ ചതച്ചരയ്ക്കുന്നത് വിശദമാക്കിയേനെ. അവളുടെ അവസാന വിതുമ്പലിനെ കണ്ണീരും കണ്ണുകളും വേദനയും നനഞ്ഞ കവിളുകളും തൂവാലകളും വിങ്ങലുകളും നെടുവീർപ്പുകളും നിറഞ്ഞ വാക്കുകളുടെ കൊടുങ്കാറ്റാക്കി മാറ്റിയേനെ. കണ്ണെത്താദൂരത്തെത്തിക്കഴിഞ്ഞ തീവണ്ടിയെയും റാഡോസ്ലാവിന്റെ പ്രതീക്ഷകൾപോലെ അന്തരീക്ഷത്തിൽ അലിഞ്ഞില്ലാതായിപ്പോയ അതിന്റെ പുകയെയും പ്രതി വായനക്കാരോട് ആ സ്ത്രീയോട് സഹതപിക്കാൻ അഭ്യർത്ഥിച്ചേനേ. ഭാഗ്യത്തിന് അങ്ങനെയൊന്നുമുണ്ടായില്ല; അവസാന ഖണ്ഡിക മാത്രമേ വായിച്ചുള്ളൂവെങ്കിലും എനിക്ക് ബ്രോണിസ്ലാവയെ അറിയാമെന്ന ഒരു തോന്നലുണ്ടായി, ആ വണ്ടിയിൽ അവളോടൊപ്പം യാത്ര ചെയ്ത്, കരയുമ്പോൾ അവളെ അണച്ചുപിടിച്ച്, വരൂ ബ്രോണിസ്ലാവ, എന്റെയൊപ്പം വരൂ, ഞാൻ കാലിൻഗ്രാഡ്‌വരെ നിന്റെയരികത്തിരുന്ന് നിന്നെ ആശ്വസിപ്പിക്കുകയും റാഡോസ്ലാവിനെപ്പോലെതന്നെ നിന്നെ സ്നേഹിക്കുകയുംചെയ്യാം എന്ന് പറയുന്നതിനെക്കാൾ സന്തോഷമുള്ള മറ്റൊരു കാര്യവുമില്ലെന്നു തോന്നി.

അയാൾ *നീലമഞ്ഞ്* മേശപ്പുറത്തെടുത്തുവച്ച് വായിക്കാനൊരുങ്ങിയപ്പോഴാണ് ഒരാശയം തോന്നിയത്. അമ്മാവൻ ബാബെറ്റിന് ഒരു കുട സമ്മാനിക്കുന്നുണ്ട്; റാഡോസ്ലാവ് എറിഞ്ഞുകളഞ്ഞ പെട്ടിയിൽ ഒരു സമ്മാനമുണ്ടാവണം; അവരുടെ ബന്ധത്തിന് അർത്ഥം നൽകുന്ന എന്തോ ഒന്ന്. ബാബെറ്റിന്റെ അമ്മയ്ക്ക് ഞാനും എന്തെങ്കിലും സമ്മാനം കൊടുക്കേണ്ടതുണ്ട്. അധികം വൈകാതെതന്നെ അവർ ഇക്കാമോളിലേക്കുള്ള യാത്രകൾ അവസാനിപ്പിക്കും. ബ്രോണിസ്ലാവ തീവണ്ടിയിൽ പോയതുപോലെ അവർ കാറിൽ പോകുമ്പോൾ ഞാനെന്താണ്

എറിഞ്ഞുകൊടുക്കുക, അല്ലെങ്കിൽ അവരുടെ കൈയിൽ വച്ചു കൊടുക്കുക? ഒരു പുസ്തകമോ? വേണ്ട. വളരെയധികം പ്രാധാന്യ മുള്ള 'ബാബെറ്റിന്റെ മരണം' അവർക്ക് നല്ല പരിചയമുള്ളതാണ്. എത്ര മനോഹരമായതാണെങ്കിലും അവൾക്കൊരു ഫോസിലും നൽകാൻ വയ്യ, കാരണം, ഇക്കാമോളിൽ അത് ഏതൊരു കല്ലുംപോലെതന്നെ യാണ്. ഒരുത്തരം കണ്ടെത്തൽ എളുപ്പമല്ല: നഗരത്തിലെ സ്ത്രീകൾ ഈ നാട്ടിൽ സമ്മാനമായി കരുതപ്പെടുന്ന കോഴിയോ ആടോ പാമ്പിൻതൊലിയോ ഒന്നും ഒരു സമ്മാനമായി കരുതില്ലെന്ന് അയാൾക്ക റിയാം.

ട്രക്കിന്റെ ശബ്ദം കേട്ട് വായന അവസാനിപ്പിച്ച് സമ്മാനത്തിന്റെ കാര്യം പിന്നീടാലോചിക്കാമെന്നയാൾ തീരുമാനിച്ചു. തെരുവിലേക്കി റങ്ങി അയാൾ ഡ്രൈവറോട് നിറുത്താൻ ആംഗ്യം കാണിച്ചു. ചവിട്ടു പടിയിൽ കയറിനിന്ന് അയാൾ സംസാരിക്കാൻ തുടങ്ങി. ഹൈവേയിൽ വേഗത്തിലോടുന്ന പിക്ക്അപ്പ് ട്രക്കിൽനിന്ന് അവർ അയാളെ എറിഞ്ഞു കളഞ്ഞില്ലേ? കേൾക്കുന്നത് ശരിയാണെന്നുറപ്പിക്കാനായി ഡ്രൈവർ മോട്ടോർ നിറുത്തി. ഇത്തരമൊരു സന്ദർഭത്തിലാണ് ഒരു രണ്ടാംകിട എഴുത്തുകാരൻ ഡ്രൈവറെക്കൊണ്ട് 'നിങ്ങളിതെന്താണ് പറയുന്നത്?' എന്നു ചോദിപ്പിക്കുക എന്ന് ലൂഷ്യോ ഓർത്തു. ഞാൻ മെൽക്വിസിദെ ക്കിനെപ്പറ്റിയാണ് ചോദിക്കുന്നത്, അവരയാളെ കൊന്നതെങ്ങനെയെ ന്നാണ് ചോദിക്കുന്നത്, അയാൾ മറുപടി പറയും. അയാൾ മരിച്ചിട്ടില്ല, അയാൾ പറയും, അയാൾ ജീവപര്യന്തത്തടവിൽ ജയിലിലാണ്. പെൺ കുട്ടിയെ തട്ടിക്കൊണ്ടുപോയതായി അയാൾ ഏറ്റുപറഞ്ഞു കഴിഞ്ഞു, ഇപ്പോൾ അയാൾ ആ പാവം കുട്ടിയോട് ചെയ്തതെന്തെല്ലാമെന്നാണ് വില്ലാ ദ് ഗാർസ്യയിലെ ആളുകൾ അടക്കം പറയുന്നത്. ഒരു സുന്ദരി പ്പെൺകുട്ടിയായിരുന്നു, പോലീസുകാർ എന്നെയും ഫോട്ടോ കാണി ച്ചതാണ്, അതിനുവേണ്ടിയല്ലാതെന്തിനാണ് അങ്ങനെയൊരു പെൺകു ട്ടിയെ തട്ടിക്കൊണ്ടു പോകുന്നത്. അയാൾക്ക് ജീവനുണ്ട്, അയാൾ പറഞ്ഞു, എന്നാൽ എത്ര വേഗം അയാൾ മരിക്കുന്നുവോ അത്രയും നന്ന്.

ലൂഷ്യോ മേശയ്ക്കരികിൽ തിരിച്ചെത്തി നിരവധി നിമിഷങ്ങൾ 'നീല മഞ്ഞി'ൽ നോക്കിയിരുന്നു, പിന്നെ അയാൾ പേജുകൾ മറിച്ച് വിവർത്തകക്കുറിപ്പുകൾ കണ്ടെത്തി. അതിലൊന്നിൽ ബാബുഷ്ക്ക എന്നാൽ മുത്തശ്ശി എന്നാണെന്ന് പറയുന്നു; മറ്റൊന്നിൽ ഗാലുഷ്ക്കി എന്നാൽ ഒരു ഉക്രേനിയൻ ഭക്ഷണമാണെന്ന് പറയുന്നുവെങ്കിലും അതി ലെന്തൊക്കെ ചേർക്കണമെന്നോ എങ്ങനെ ഉണ്ടാക്കണമെന്നോ പറയു ന്നില്ല; മറ്റൊന്നിൽ റഷ്യൻ ഭാഷയിലെ 'Z' ന് ഫ്രഞ്ച്ഭാഷയിലെ അതേ ശബ്ദമൂല്യമാണുള്ളത് എന്ന് പറഞ്ഞിരുന്നത് ലൂഷ്യോയെ ദേഷ്യപ്പെ

ടുത്തി. അകത്തെ ചട്ടയിൽ പാൻകിൻ കിറോവിലാണ് ജനിച്ചതെന്നും സൈബീരിയയിൽ സമയം ചെലവിട്ടുവെന്നും പാരീസിലേക്ക് നാടു കടത്തിയ കാലത്താണ് മരിച്ചതെന്നും പറയുന്നു. സൈബീരിയയെപ്പറ്റി പറഞ്ഞതിൽ ലൂഷ്യോയ്ക്ക് വിശ്വാസം തോന്നിയില്ല. തടവനുഭവിച്ചുവെന്ന് പറയുന്ന എഴുത്തുകാരിൽ പലരും തടവിൽ കിടന്നിട്ടുണ്ടെന്ന് ലൂഷ്യോ കരുതിയിരുന്നില്ല. അയാൾ പുസ്തകമടച്ചു വച്ചു. തന്റെ മനസ് അച്ച ടിച്ച പുസ്തകത്തിലല്ലെന്നും ആ ട്രക്ക് ഡ്രൈവർക്കൊപ്പമാണെന്നും തിരിച്ചറിയുകയും ആ വൈകുന്നേരം അയാൾക്ക് വായിക്കാൻ തോന്നു ന്നില്ലെന്ന് സമ്മതിക്കുകയുംചെയ്തു.

അവർ ചാപ്പലിലെത്തി. ലൂഷ്യോ അവൾക്ക് പീച്ചുപഴഭരണിയിലിട്ടു വച്ചിരിക്കുന്ന ഇവാഞ്ഞലീനയ്ക്കുള്ള കത്ത് കാണിച്ചുകൊടുത്തു. “ഇതൊരു ഒറിജിനലാണ്,” അയാൾ പറഞ്ഞു. “ഒരു കലാകാരൻ വരച്ച ചിത്രത്തിൽനിന്ന് സാഹിത്യത്തിനുള്ള വ്യത്യാസമെന്താണെന്നാൽ സാഹിത്യത്തിൽ ഒറിജിനലുകളിലും തിരുത്തുകൾ വരുത്താനും വെട്ടി ത്തിരുത്താനും എഴുത്തുകാരനോട് താങ്കളിവിടെ ഒരു ചിഹ്നം മറന്നു വെന്ന് ഓർമ്മപ്പെടുത്താനും ഇവിടെ നിങ്ങൾ അനാവശ്യമായി വാക്കുക ളെഴുതിയിരിക്കുന്നുവെന്നു പറയാനും ഈ തീയതിയോ വസ്തുതയോ തെറ്റാണെന്ന് പറയാനും കനത്ത പേമാരി എന്നുപറയുമ്പോൾ പേമാരി തന്നെ കനത്തതായതുകൊണ്ട് കനത്ത എന്ന വാക്കുപയോഗിക്കേണ്ട കാര്യമുണ്ടോയെന്ന് തിരക്കാനും ഒക്കെ ചെയ്യാൻ സാധിക്കും. എന്നാൽ നിങ്ങളെ ഇവിടെ കൊണ്ടുവന്നത് അതിനെപ്പറ്റി ചർച്ച ചെയ്യാനല്ല. ഈ അൾത്താരയ്ക്കു കീഴെ പൊർഫിരിയോ ഡിയാസിന്റെ സേനയിൽ യുദ്ധം ചെയ്ത പെഡ്രോ മൊണ്ടസിന്റെ ശവം അടക്കം ചെയ്തിട്ടു ണ്ടെന്ന് പറയാനാണ്.” “ആ യുദ്ധത്തെപ്പറ്റി നിങ്ങൾ വീണ്ടുമെന്നോട് പറയാൻ പോവുകയൊന്നുമല്ലല്ലോ അല്ലേ?” സ്ത്രീ തടസം പറഞ്ഞു. “അതെ, പക്ഷേ, മറ്റൊരു വിധത്തിൽ. കാരണം ആ സംഭവത്തിൽനിന്ന് നീളുന്ന ചില കാര്യങ്ങൾ നിങ്ങളുടെ മകൾ ബാബെറ്റിലേക്കെത്തുന്നുണ്ട്. നമുക്കൊരു നിമിഷം ഡോൺ പൊർഫിരിയോ എന്ന യുദ്ധവീരൻ ഇവിടെ തന്റെ കുതിരപ്പുറത്ത് സേനയോട് ആജ്ഞാപിച്ചും വാളിനെ വാൾകൊണ്ടും തോക്കിനെ തോക്കുകൊണ്ടും തടുക്കാൻ തയ്യാറായി വന്നു നിൽക്കുന്നതായി ഓർക്കാം. അയാളുടെ സേന ഒന്നൊന്നായി പൊഴിഞ്ഞു വീഴുമ്പോഴും എതിരാളികൾക്കു മുന്നിൽ ഒരു നാല്പത്ത ഞ്ചുകാരൻ യോദ്ധാവിന്റെ പ്രൗഢരൂപം പ്രദർശിപ്പിച്ചിരുന്നു, ആ പ്രായ ത്തിൽ സ്വന്തമായി സേനയൊന്നുമില്ലാത്ത നാഗരികർ ഒരു വെയിട്രസ് ബില്ല് കൊണ്ടുവരാൻ അല്പം വൈകിയാൽ അവളോട് കയർക്കുക യാണ് ചെയ്യാറ്. അത്തരക്കാർക്കൊന്നും ഒരു യുദ്ധം നയിക്കാനോ ബുള്ളറ്റുകൾ മൂളിപ്പായുമ്പോൾ ധീരമായ ഉദാഹരണങ്ങൾ തീർക്കാനോ സാധിക്കില്ല. യോഷിക്കാസുവിനോട് മാത്രം ഉപമിക്കാൻ കഴിയുന്ന അത്തരമൊരു ധീരൻ ഒരു രാജ്യത്തിന്റെ പ്രസിഡന്റായി പല വർഷ ങ്ങൾ സേവിച്ചു. എന്നാൽ വലിയ മനുഷ്യർ മെക്സിക്കൻമാരാണെങ്കിൽ

അവരെ ആദരിക്കാൻ മെക്സിക്കോ വിസമ്മതിക്കും. ഡോൺ പൊർഫിറിയോ രാജ്യം വിട്ടുപോയില്ലെങ്കിൽ ആളുകളെ കൊല്ലുമെന്ന് പ്രാധാന്യമേതുമില്ലാത്ത ഏതോ ഒരുത്തൻ ഭീഷണിപ്പെടുത്തിയപ്പോൾ രക്തച്ചൊരിച്ചിലിൽ മനം മടുത്ത ഡോൺ പൊർഫിരിയോ നാടുവിട്ടു. അയാളുടെ കപ്പൽ വെറാക്രൂസിൽ നങ്കൂരമിട്ടു. ഇക്കാമോളിൽ അപ്പോൾ കടലുണ്ടായിരുന്നില്ല. ഡോൺ പൊർഫിറിയോ പാരീസിൽ ഒളിച്ചു താമസിച്ചുവെന്നും എല്ലാവരും മരണപ്പെട്ട ശേഷം തിരികെവരാൻ കൊതിച്ചിരുന്നുവെന്നും നമുക്ക് കരുതാം. ബാബെറ്റിന് പരിചയമുണ്ടായിരുന്ന തെരുവുകളിലുടെ അയാൾ സഞ്ചരിക്കുന്നത് ചിന്തിക്കുക. അവളുടെ കുട വീണ സീനിനു മുകളിലൂടെ തലയുയർത്തി നടക്കുന്ന ഡോൺ. അതിനെക്കുറിച്ചറിയാതെയാണെങ്കിലും തീർച്ചയായും അവളെ പിടിച്ചു കയറ്റിയ കതകിനു മുന്നിലൂടെ അയാൾ നടന്നിരിക്കണം. വളരെ വർഷങ്ങൾ കഴിഞ്ഞാവുമെങ്കിലും അയാളും ആ അറിയിപ്പുമണികൾ കേട്ടിരിക്കണം. ബാബെറ്റിന് ഒരിക്കലും കാണാൻ കഴിയാതിരുന്ന ഈഫൽ ഗോപുരം തന്റെ ജനാലയിലൂടെ നോക്കി നിൽക്കുമ്പോഴാവണം അയാളെ നാട്ടിൽനിന്നും പുറത്താക്കിയ ഫ്രാൻസിസ്കോ മഡേരോ എന്ന, പ്രസിഡന്റാകാനാഗ്രഹിച്ച കൊച്ചു മനുഷ്യൻ ഒരു ഭീരുവിനെപ്പോലെ ഓടിക്കൊണ്ടും കരഞ്ഞുകൊണ്ടും ദയ ഇരന്നുകൊണ്ടും വെടിയുണ്ടകളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ പിന്നിൽ വെടിയുണ്ടകൾ തറച്ച് മരിച്ചുവെന്ന വാർത്ത പോർഫിരിയോ ഡിയാസ് അറിയുക. മെൽക്വിസിദെക്കിനുപോലും അത്തരമൊരു മരണം സ്വീകാര്യമായിരുന്നില്ല. മെക്സിക്കോ അതിന്റെ മികച്ച മെക്സിക്കൻമാരെ നാടുകടത്തിയതിനുശേഷമാണ് കഴുകന്മാരുടെ ആസ്ഥാനമായി മാറിയത്. 1915 ജൂലൈ രണ്ടിന്, അന്യം നിന്നുപോയേക്കാവുന്ന തന്റെ നാട്ടിലേക്കു തിരികെപ്പോകാനിടയില്ലെന്നറിഞ്ഞപ്പോഴാണ് ഇക്കാമോളിന്റെ ധീരൻ പാരീസിന്റെ ധീരനായി മാറിയത്. ഫ്രഞ്ച് വിപ്ലവത്തിന്റെയും ബാബെറ്റിന്റെ മരണത്തിന്റെയും മറ്റൊരു ഓർമ്മദിവസത്തിനു മുമ്പാണ് അയാൾ മരിച്ചത്; മരിക്കുന്നതിനു തൊട്ടുമുമ്പ് നിരാലംബനും നിശ്ശബ്ദനും ഒരു ആയുധമെടുത്തുയർത്താൻ കെല്പില്ലാത്തവനുമെന്ന നിലയിലാണ് അയാൾക്ക് സ്വന്തം നാട്ടിലെത്താൻ അനുമതി ലഭിച്ചത്. അയാളുടെ എല്ലുകൾ പിയർ ലാഫിയറ്റിന്റെ അവശേഷിപ്പുകൾക്കു തൊട്ടടുത്തായി മോണ്ട് പർണ്ണാസ് സെമിത്തേരിയിലാണുള്ളത്.

ലൂഷ്യോ പള്ളിയുടെ എതിർവശത്തേക്കു നടന്ന് ഒന്നുരണ്ടു നിമിഷം ഭിത്തിയെ നോക്കി നിന്നതിനുശേഷം പാതിതിരിഞ്ഞ് സ്ത്രീക്കു നേരേ കൈനീട്ടി. “മഹാനും പടയാളിയും പ്രസിഡന്റുമായ ഇത്തരമൊരാളെ പരിചയപ്പെടുന്നത് ഒരംഗീകാരംതന്നെയാണ്.” ആ കൈ പിടിച്ചു കുലുക്കുന്നതിനുമുമ്പ് അവരൊന്ന് മടിച്ചു നിന്നു. “പിയർ ലാഫിയറ്റ്,” അയാൾ പറഞ്ഞു. “പോർഫിരിയോ ഡിയാസ്” എന്നവരും പറഞ്ഞു. “എനിക്ക്

താങ്കളെ നന്നായറിയാം," ലാഫിയറ്റ് പറഞ്ഞു: "എല്ലാ ഫ്രഞ്ചുകാരും താങ്കളെ അറിയുകയും ബഹുമാനിക്കുകയും പേടിക്കുകപോലും ചെയ്യുന്നുണ്ട്. മെയ് അഞ്ചിന് ഞങ്ങളെ പരാജയപ്പെടുത്തിയത് താങ്കളാണ്. സർഗോസയാണ് താങ്കൾക്ക് നിർദേശങ്ങൾ നൽകിയിരുന്നതെന്ന് ഞങ്ങൾക്കറിയാം. എങ്കിലും താങ്കളാണവ പാലിച്ച് ഞങ്ങളെ ചവിട്ടി മെതിച്ചതും വെടിയുണ്ടകൾകൊണ്ട് കടംകഥ തീർത്തതും പിൻവാങ്ങാൻ ഞങ്ങളെ നിർബന്ധിതരാക്കിയതും. താങ്കൾ യുദ്ധം ജയിച്ചത് സർഗോസയുടെ നിർദേശങ്ങൾ കാരണമല്ല, മറിച്ച്, താങ്കളുടെ ആണത്തവും കൂടെയുള്ള ആണുങ്ങളും കാരണമാണ്. അതുകൊണ്ടാണ് സർഗോസ ഒരു തെരുവുപട്ടിയെപ്പോലെ ഒരു കുടിലിൽ കിടന്നു മരിച്ചപ്പോൾ താങ്കൾ പാരീസിലെ ഒരു ബംഗ്ലാവിൽ ബന്ധുക്കളുടെയും മറ്റ് ഉന്നതരുടെയും മധ്യത്തിൽ, ഫ്രഞ്ച് റിപ്പബ്ലിക്കിന്റെ പ്രസിഡന്റിന്റെ നിർദേശപ്രകാരം കൈയിൽ നെപ്പോളിയന്റെ വാളും പിടിച്ചുകൊണ്ട് മരണമടഞ്ഞത്." "നിങ്ങളുടെ ആരാധന അത്രയേറെയെങ്കിൽ ഞാനൊരു കാര്യം ആവശ്യപ്പെടട്ടെ," ഡോൺ പൊർഫിരിയോ പറഞ്ഞു. "എന്റെ ജന്മനാടിനെ തള്ളിപ്പറയുകയല്ലാതെ മറ്റെന്തും ഞാൻ ചെയ്യാം," പിയർ ലാഫിയറ്റ് തലകുലുക്കിക്കൊണ്ട് പറഞ്ഞു. "പേടിക്കേണ്ട, എന്റെ ചോദ്യം നിസ്സാരമാണ്; ബാബെറ്റ് എവിടെയാണ്? എനിക്കവളെ ഒരു കതകിനു മറുവശത്തേക്ക് നഷ്ടപ്പെട്ടു പോയി എന്നല്ലാതെ കൂടുതലൊന്നുമറിയില്ല; അവൾ മരിച്ചോ ഇല്ലയോ എന്നറിയുന്നതുകൊണ്ട് എനിക്ക് കാര്യമില്ല, എന്നാൽ നിങ്ങളും ഞാനും പരസ്പരം മോണ്ട് പർണ്ണാസിൽ വച്ച് കണ്ടുമുട്ടുമെന്നുള്ളപ്പോൾ എനിക്ക് ബാബെറ്റിനെപ്പറ്റി ഒരു കൃത്യത ഉണ്ടായേ പറ്റൂ." ലാഫിയറ്റ് ഒരു കസേരയിലിരുന്നു. അയാൾ സംസാരിക്കവേ നോട്ടം തറയിലുറപ്പിക്കാൻ ശ്രദ്ധിച്ചിരുന്നു: "ക്ഷമിക്കണം, എന്റെ ജന്മദേശം നോവലാണ്, എനിക്ക് സിംബ്രോവ്സ്കിയുടെ അച്ഛനെപ്പോലെ നിലവിളിക്കാനാവില്ല." ഡോൺ പൊർഫിരിയോ നടന്നുചെന്ന് അയാളുടെ മുഖത്തടിച്ചു. "പാരീസുകാരനായിത്തീർന്ന ഏക ഇന്ത്യൻ എന്ന നിലയിൽ ഞാൻ ആജ്ഞാപിക്കുകയാണ്, ബാബെറ്റോ അവളുടെ ശരീരമോ എല്ലുകളോ, പൊടിയോ, ആത്മാവോ പേരോ അല്ലെങ്കിൽ അവളുടെ ഒന്നുമില്ലായ്മയെങ്കിലും എവിടെയാണെന്ന് പറയൂ."

നിലത്തുനിന്ന് മുഖമുയർത്താതെ പിയർ ലാഫിയറ്റ് നടന്ന് പള്ളിയുടെ കതകിനടുത്തെത്തി. അവിടെനിന്ന് അയാൾ ഇക്കാമോളിലെ മലകളെയും കുന്നുകളെയും കള്ളിമുൾച്ചെടികളെയും സ്നേഹത്തോടെ നോക്കി. "വരൂ, ഡോൺ പൊർഫിരിയോ" എന്നു പറഞ്ഞ് അയാൾ നിശ്ശബ്ദനായി. "ഇക്കാമോൾ യുദ്ധത്തിൽ മരിച്ചുവീണവരെപ്പറ്റി നിങ്ങൾക്കറിയുമല്ലോ, അവരിലെത്ര പേർ ഈ കടലിന്റെ അടിത്തട്ടിൽ കിടക്കുന്നു. അടുത്തു നോക്കിയാൽ ഇത് മോണ്ട് പർണ്ണാസിനെക്കാൾ

മനോഹരമാണ്; അവിടത്തെ ലുത്തിനിയകളെക്കാൾ മനോഹരമായ തിരമാലകൾ, കൽഫലകങ്ങളെക്കാൾ സുന്ദരമായ പവിഴപ്പുറ്റുകൾ, കുരിശുകളെക്കാൾ മനോജ്ഞമായ കള്ളിമുള്ളുകൾ. ഇവിടെ യുദ്ധത്തിൽ മരിച്ച യുവരക്തമാണുറങ്ങുന്നത്, അല്ലാതെ എല്ലുകൾ പൊടിഞ്ഞു തുടങ്ങിയ, എന്നെയോ താങ്കളെയോപോലുള്ള വൃദ്ധരല്ല; ഇവിടെ നിങ്ങളുടെയും എന്റെയും മകളെ നഷ്ടപ്പെട്ട എല്ലാ സ്ത്രീകളുടെയും. ബാബെറ്റ് അവിടെ വലതുഭാഗത്തുകാണുന്ന അവോക്കാഡോ മരത്തിനു കീഴെ ഉറങ്ങുന്നു. അതാണ് ആകെ അവശേഷിക്കുന്ന പച്ചപ്പ്. സമുദ്രം മരുഭൂമികൊണ്ട് മൂടിക്കഴിഞ്ഞിട്ടും ബാബെറ്റിന്റെ ദ്വീപ് നിലനിൽക്കുന്നു. “ശാന്തയായുറങ്ങുക,” ഡോൺ പൊർഫിരിയോ പറഞ്ഞു. “ശാന്തയായുറങ്ങുക,” ലാഫിയറ്റ് ആവർത്തിച്ചു.

മൂന്നു സ്ത്രീകൾ ലൈബ്രറിയിലേക്കു വന്നു. നിങ്ങളാണ് ഇവാഞ്ജലീനയ്ക്കുള്ള കത്തിൽ കോറിവരച്ചതെന്നാണ് ഞങ്ങൾ കരുതുന്നത്, അവരിലൊരാൾ പറഞ്ഞു. ഞങ്ങൾ റോച്ച ടീച്ചറുടെ നിഘണ്ടുവിൽ നോക്കി, നേരാണ്, Faithful -ന് ഒരു l മാത്രമേയുള്ളൂ, എങ്കിലും ഒരു വിശുദ്ധരേഖ തിരുത്താൻ തനിക്ക് അവകാശമില്ല. ബൈബിൾ കൈയിൽ പിടിച്ചിട്ടുള്ള മറ്റൊരു സ്ത്രീ ലൂഷ്യോയുടെ അടുത്തെത്തി. അയാളുടെ മേശപ്പുറത്ത് അതു തുറന്നുവച്ച് ഏറ്റവുമൊടുവിലായി അടിവരയിട്ടിരിക്കുന്ന വരികളിലേക്ക് വിരൽ ചൂണ്ടി. ഇത് വായിക്ക്. ആളുകൾ അടുത്തുള്ളപ്പോൾ അയാൾ വരയ്ക്കാറുള്ളതുപോലെയുള്ള വരകൾ അതിൽ കണ്ടു, അയാൾ വായിക്കാൻ തുടങ്ങി: എല്ലാ മനുഷ്യർക്കുമായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു, ഈ പുസ്തകത്തിലെ വാക്കുകൾ അരുളപ്പാടുകളത്രെ, ഇതിൽ ഏതെങ്കിലും മനുഷ്യൻ കൂടിച്ചേർപ്പുകൾ നടത്തിയാൽ ദൈവം അവനെ ഈ പുസ്തകത്തിൽ പറയുന്ന മഹാമാരികൾക്ക് വിധേയനാക്കും. ഈ അരുളപ്പാടിൽനിന്ന് ഏതെങ്കിലുമൊരു മനുഷ്യൻ വാക്കുകൾ നീക്കം ചെയ്താൽ ജീവന്റെ വൃക്ഷത്തിൽനിന്നും വിശുദ്ധനഗരത്തിൽനിന്നും ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന മറ്റുകാര്യങ്ങളിൽനിന്നും ദൈവം അവന്റെ ഭാഗം നീക്കം ചെയ്യും. അനാവശ്യ ആവർത്തനങ്ങൾ മൂലം വാക്കുകൾ വൃത്തിയില്ലാത്തതായി അയാൾക്കു തോന്നി; ഒരു വട്ടംകൂടി നിശ്ശബ്ദമായി വായിച്ചതിനുശേഷം മാത്രമേ അയാൾ കണ്ണുയർത്തിയുള്ളൂ. ഇത്തരത്തിൽ വിശുദ്ധവാചകങ്ങൾ തിരുത്തി ആത്മാവിനെ നഷ്ടപ്പെടുത്തിയതിനെപ്പറ്റി മൂന്നാമത്തെ സ്ത്രീ പറഞ്ഞുകൊണ്ടിരുന്നെങ്കിലും ലൂഷ്യോ അതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. അയാളും മനസ്സ് ബൈബിൾ ഭാഗത്തിലുടക്കി നിന്നിരുന്നു. എന്തുകൊണ്ടാണ് ആ മുന്നറിയിപ്പ്? ഒരു എഴുത്തുകാരനും തന്റെ എഡിറ്ററോട് പറയാനിടയില്ലാത്ത ഒരു വാചകം? പാവ്ലോവ് പുരസ്കാരം ലഭിച്ച് അഹന്ത മൂത്ത കവിപോലും ഇങ്ങനെ പറഞ്ഞേക്കില്ല. ഒരു കോമായോ ചിഹ്നമോ ചേർത്താൽ നിന്നെ ഞാൻ നഗരത്തിൽനിന്ന് തൊഴിച്ച് പുറത്താക്കും. ബൈബിൾ എഴുതിയവൻ ഒരു സംഭവംതന്നെ. അയാൾ സ്വയം പറഞ്ഞു. പിറുപിറുത്തുകൊണ്ട് സ്ത്രീകൾ പോയി. ആ വരികളിൽ സ്വയം നഷ്ടപ്പെട്ടുകൊണ്ട് ലൂഷ്യോ ആ അധ്യായത്തിന്റെ ആദ്യപേജ് വായിക്കാ

നൊരുങ്ങി. അനന്തരം അവനെനിക്ക് ജീവജലത്തിന്റെ അരുവി കാട്ടിത്തന്നു. സ്ഫടികംപോലെ തെളിമയാർന്നത്. സ്ഫടികംപോലെ തെളിമയാർന്നതോ? ലൂഷ്യോ അതിനെ ചോദ്യം ചെയ്തു. ഇതിലും വിരസമായൊരു ഉപമ ഞാൻ കേട്ടിട്ടേയില്ല. മഞ്ഞ് കണ്ടിട്ടേയില്ലാത്ത മരുഭൂമിക്കാരെ പരിഗണിക്കുകപോലും ചെയ്യാതെ മഞ്ഞുപോലെ വെളുത്ത അവളുടെ മുഖം എന്നൊക്കെ എഴുതിവിടുന്ന ചില നോർഡിക്ക് എഴുത്തുകാരെ കണ്ടിട്ടുണ്ട്. ആദ്യ അധ്യായമായ ഉൽപ്പത്തിയിലേക്ക് അയാൾ താളുകൾ മറിച്ചു. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. അയാൾ തലകുലുക്കി. ഇത് ആദ്യമെഴുതുന്നതാണെന്നിരിക്കെ ആദിയിലെന്ന് എടുത്തു പറയുന്നതെന്തിന്? ആദ്യത്തെ വാക്ക് വെട്ടിക്കളഞ്ഞശേഷം അയാൾ ഉറക്കെ വായിച്ചു: ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. എത്ര ഭേദം, അയാൾ സ്വയം പറഞ്ഞു. കുറെ താളുകൾ മറിച്ചുകളഞ്ഞ് അയാൾ വായന തുടർന്നു. നിന്റെ മഹാപ്രഭാവത്തിനു മുന്നിൽ അവർ കല്ലുകൾപോലെ നിശ്ചലരായിത്തീരും. “കല്ലുകൾപോലെ നിശ്ചലരായിത്തീരും,” ലൂഷ്യോ മന്ത്രിച്ചു. അങ്ങനെയെങ്കിൽ അവർക്ക് മരക്കുറ്റികൾപോലെയോ ചെരുപ്പുകൾപോലെയോ മനസ്സിൽ കാണുന്ന മറ്റെന്തുപോലെയുമോ നിശ്ചലരാകാമല്ലോ. സ്വന്തം അഭിപ്രായം പുനഃപരിശോധിച്ചശേഷം ലൂഷ്യോ ആ ഉപമ സ്വീകരിക്കാൻ തീരുമാനിച്ചു, കാരണം അത് അതിന്റെ സാധാരണത്വംമൂലം ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒന്നായിരുന്നു. അവർ, വിരൽനഖങ്ങൾപോലെ നിശ്ചലരായിത്തീരുമെന്നോ മറ്റോ പറഞ്ഞിരുന്നെങ്കിൽ അത് അനാവശ്യമായി വായനക്കാരന്റെ ശ്രദ്ധയെ പുസ്തകത്തിൽനിന്നു വ്യതിചലിപ്പിച്ചേനെ. എന്നാൽ ഏറ്റവും മികച്ച തിരുത്ത് ഒരുപക്ഷേ, നിന്റെ മഹാപ്രഭാവത്തിനുമുന്നിൽ, തമ്പുരാനേ, അവർ നിശ്ചലരായിത്തീരും എന്നതായിരിക്കും. ഉപമകളോട് വിശ്വാസക്കുറവുണ്ടെങ്കിലും എത്ര ഭീകരമായ ആവർത്തന വിരസതകളുണ്ടെങ്കിലും വഴിതെളിക്കുന്നതിനു പകരം അവ വായനക്കാരനെ വഴിതെറ്റിച്ചാൽപോലും ലൂഷ്യോ ഒരു പുസ്തകത്തെ നരകത്തിലേക്കയയ്ക്കാറില്ല. അയാൾക്കു ലോകം തകരുന്നതുപോലെയോ താൻ ഭൂമിയിലെ അവസാന മനുഷ്യനാണെന്നോ തോന്നിയേക്കാം, എന്നാൽ അത്തരം വിഡ്ഢിത്തങ്ങൾപോലും സഹിക്കാവുന്നതായാണ് ലൂഷ്യോയ്ക്ക് തോന്നിയിരുന്നത്. എത്ര മനോഹരമായ ശൈലിയാണെങ്കിലും ഒരു കാര്യം പറയുന്നതിന് സിനിമയെ ഉപാധിയാക്കുന്ന നോവലുകളെ അയാൾ തൽക്ഷണം പാറ്റകൾക്കെറിഞ്ഞുകൊടുത്തിരുന്നു. രണ്ടാഴ്ച മുമ്പ് ഒരു നോവൽ ഉപേക്ഷിച്ചത് അതേ കാരണത്താലാണ്: Valley of Seagulls-ലെ പീറ്റർ ഓ ഡണോഹ്യൂവിനെപ്പോലെയാണ് ജയിംസ് അവളുടെ കൈപിടിച്ച് ചിരിച്ചത്. എട്ടാം തെരുവിലെ തിയേറ്ററിലെ വലിയ സ്ക്രീനിൽ മേരിആൻ ആ സിനിമ പത്തുതവണയെങ്കിലും കണ്ടിരിക്കണം. ആ ഉപമ ഞാനെങ്ങനെയാണ്

മനസ്സിലാക്കേണ്ടത്? വർഷങ്ങളായി ഒരു സിനിമാതിയേറ്റർ കണ്ടിട്ടു പോലുമില്ലാത്ത ലൂഷ്യോ ചിന്തിച്ചു. ഓ ഡണോഹ്യൂ ചിരിയിലൂടെയാണ് ജയിംസ് മേരി ആനിനെ വലയിലാക്കാൻ പോകുന്നതെന്നറിഞ്ഞിട്ടും രണ്ടാമതൊന്നാലോചിക്കാതെ ലൂഷ്യോ ആ പുസ്തകം എറിഞ്ഞു കളഞ്ഞു. അയാൾക്ക് സിനിമകൾ ഇഷ്ടമല്ലെങ്കിലും ഈ എഴുത്തുകാരോടുള്ള ദേഷ്യത്തിന്റെ കാരണം മറ്റൊന്നാണ്. അവർ എഴുത്തുകാരെന്ന് അറിയപ്പെടാൻപോലും യോഗ്യരല്ല. കാരണം, ഒരു ചിരിയോ തലമുടിയോ നോട്ടമോ ഭാവമോ വിശദമാക്കുന്നതിനുപകരം അവരെന്നെ ഒരു സിനിമ കാണാൻ പറഞ്ഞയയ്ക്കുകയാണു ചെയ്യുന്നത്. അയാൾ ബൈബിൾ അടച്ചശേഷം വെറുതെ ഒരു പേജ് തുറന്നു. പിന്നീടയാൾ വായിക്കാൻ തുടങ്ങി: നീ നിന്റെ ശരീരത്തിന്റെ ഫലം ഭക്ഷിക്കും, നിന്റെ മക്കളുടെ മാംസം, നിന്റെ ദൈവമായ കർത്താവ് നിനക്ക് നൽകിയിരിക്കുന്നവ, നിന്റെ ശക്തിയും നിന്റെ സേനയുടെ പ്രഭാവവും കണ്ട് നിന്റെ ശത്രുക്കൾ ചകിതരായിത്തീരും. ഇത് നല്ലതാണ്, വളരെ നല്ലതാണ്, അയാൾ സംതൃപ്തിയോടെ തലകുലുക്കി. മാംസം എന്ന വാക്ക് അയാൾ മൂന്നുവട്ടം ആവർത്തിക്കുന്നുണ്ടെങ്കിലും ഒരു താളവും തീവ്രതയും അത് നൽകുന്നതുകൊണ്ട് കുഴപ്പമില്ല. സുവിശേഷങ്ങളുടെ കാര്യത്തിൽ എഴുത്തുകാരനും എഡിറ്ററും കൂടിയാലോചിച്ച് നാലിലേറ്റവും മികച്ച ഒന്ന് തെരഞ്ഞെടുത്തശേഷം മറ്റു മൂന്നെണ്ണം ഉപേക്ഷിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഏറ്റവും കാവ്യാത്മകവും ചെലവായിപ്പോകാൻ സാധ്യതയുള്ളതുമായ ഒരെണ്ണം മാത്രം മതിയാവുമായിരുന്നു. നാലിൽനിന്നും ക്രിസ്തു മരിക്കുന്ന ഭാഗം മാത്രം വായിച്ചുനോക്കാൻ അയാൾ തീരുമാനിച്ചു. ആ എഡിഷനിൽ രക്ഷകൻ സംസാരിക്കുമ്പോഴെല്ലാം വാക്കുകൾ ചുവപ്പുനിറത്തിലെഴുതിയിരുന്നതുകൊണ്ട് അതു കണ്ടുപിടിക്കാൻ എളുപ്പമാണ്. മത്തായി പറയുന്നു, യേശു ഒരു തവണ കൂടി ഉയർന്ന ശബ്ദത്തിൽ കരഞ്ഞുകൊണ്ട് ആത്മാവ് വെടിഞ്ഞു. മർക്കോസ് അത് അല്പംകൂടി കൃത്യതയോടെ വിവരിക്കുന്നു: അതിനുശേഷം യേശു ഉയർന്ന ശബ്ദത്തിൽ കരഞ്ഞു, പിന്നീട് ആത്മാവിനെ കൈവെടിഞ്ഞു. രണ്ടുപേരും ഒരു ഉയർന്ന ശബ്ദത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് ലൂഷ്യോയ്ക്ക് വളരെ നന്നായിത്തോന്നി. കാരണം അലറി എന്നോ നിലവിളിച്ചുവെന്നോ ഒക്കെയുള്ള സമാനപദങ്ങൾ ഉപയോഗിച്ചിരുന്നെങ്കിൽ അത് ആ അന്ത്യനിമിഷത്തിന്റെ അന്തസ്സിൽനിന്ന് വ്യതിചലിച്ചേനെ. ലൂക്കായും അതേ കാര്യംതന്നെയാണ് പറയുന്നതെങ്കിലും മരണസമയത്ത് യേശു ഉറക്കെ കരഞ്ഞതെന്താണെന്നുകൂടി പറയുന്നു: പിതാവേ, അങ്ങയുടെ കൈകളിലേക്ക് ഞാനെന്റെ ആത്മാവിനെ അയയ്ക്കുന്നു. മരിക്കുമ്പോൾ പറയാൻ കൊള്ളാവുന്ന ഒരു വാചകമാണെങ്കിലും അത് മെല്ലെ മന്ത്രിക്കേണ്ടിയിരുന്നുവെന്നാണ് ലൂഷ്യോയ്ക്കു തോന്നിയത്; ഒരു ഉയർന്ന സ്വരത്തിൽ ആ വാക്കുകൾ സങ്കല്പിക്കുക

ബുദ്ധിമുട്ടാണ്. ഒടുവിൽ അയാൾ യോഹന്നാന്റെ സുവിശേഷം വായിച്ചു: വിനാഗിരി ലഭിച്ചു കഴിഞ്ഞപ്പോൾ യേശു പറഞ്ഞു, ഇത് അവസാനിച്ചിരിക്കുന്നു. അതിനുശേഷം അവൻ തലകുനിച്ച് ആത്മാവിനെ വെടിഞ്ഞു. അയാളത് വീണ്ടും പഠിച്ചശേഷം യോഹന്നാന്റേതാണ് ഏറ്റവും മികച്ചതെന്ന് വിലയിരുത്തി. യോഹന്നാന്റെ വാക്കുകൾ അനുസരിച്ച് യേശു അലറുകയല്ല, പറയുകയാണ് ചെയ്യുന്നത്; എല്ലാമവസാനിച്ചുവെന്ന് അവൻ മനസ്സിലാക്കുന്നു, തല കുനിക്കുന്നു. പിതാവേ, അങ്ങയുടെ കൈകളിലേക്ക് ഞാൻ എന്റെ ആത്മാവിനെ അയയ്ക്കുന്നു എന്നതിനേക്കാൾ ശക്തമായ വാചകമാണ് ഇത് അവസാനിച്ചിരിക്കുന്നു എന്നത്. അതിൽ മിതത്വമുണ്ട്, അതിൽ ഒരു അന്ത്യത്തെ സ്വീകരിക്കലുണ്ട്. എന്നാൽ പിയർ ലാഫിയറ്റിനെപ്പോലെ ഒരു ഇവാഞ്ചലിസ്റ്റ് ഇതിനെക്കാൾ ശക്തമായും കൃത്യമായും ഈ രംഗം ചിത്രീകരിക്കുമായിരുന്നു എന്നതിൽ സംശയമില്ല. അവൻ ആത്മാവിനെ വെടിഞ്ഞു മുതലായ മരണസൂചനകൾ അയാൾ ഒഴിവാക്കിയേനെ. ലാഫിയറ്റിന്റെ എഴുത്ത് ഇങ്ങനെയാവണം: വിനാഗിരി ലഭിച്ചപ്പോൾ ഇത് അവസാനിച്ചിരിക്കുന്നു എന്നു പറഞ്ഞ ശേഷം യേശു തലകുനിച്ചു.

ഇതാദ്യമായല്ല ലൂഷ്യോ ഒരു ബൈബിൾ കൈയിലെടുക്കുന്നത്. അയാൾ അത് മുമ്പും വായിച്ചിട്ടുണ്ട്. നല്ല ഒരു പുസ്തകമായാണ് അയാൾ കരുതുന്നത്. അല്പം കൂടി നല്ല എഡിറ്റിങ് നടത്തിയിരുന്നെങ്കിൽ എന്ന് ലൂഷ്യോയ്ക്കു തോന്നി. വാക്കുകളുടെ എണ്ണത്തിനോ മറ്റോ പണം കൊടുത്തിരുന്ന എഴുത്തുകാരൻ അനാവശ്യമായി വാരിവലിച്ചെഴുതിയതൊക്കെ ഒഴിവാക്കിയിരുന്നെങ്കിലെന്നും. അയാൾ പുസ്തകമടച്ച് ഷെൽഫിൽ അതിനൊരിടം കണ്ടെത്താനായി എണീറ്റു. "ഒരു നല്ല പുസ്തകം," അയാൾ പറഞ്ഞു, പക്ഷേ, കുറവുകളുണ്ട്. അയാളുടെ പ്രിയപ്പെട്ട പുസ്തകങ്ങളായ 'മറവിയുടെ പാട്ട്', 'കുളം', 'ചതി', 'അന്ധനും ജിപ്സി സ്ത്രീയും', 'രണ്ടു ഗ്രാം നിഷ്കളങ്കത', 'ബാബെറ്റിന്റെ മരണം' എന്നിവയുടെ ഒപ്പം അത് വയ്ക്കേണ്ട എന്നയാൾ തീരുമാനിച്ചു. എന്നോട് ക്ഷമിക്കൂ, അയാൾ പറഞ്ഞു: പക്ഷേ, ഇതൊരു കറതീർന്ന പുസ്തകമല്ല, ചുരുങ്ങിയത് എഴുത്തുകാരനെങ്കിലും മോശമാണ്. ഇവിടെ ഈ ഷെൽഫുകളിൽ ഇതിലും മികച്ച എഴുത്തുകാരുടെ എത്ര ഉദാഹരണങ്ങളാണുള്ളത്.

ലൈബ്രറിക്കുള്ളിൽ ഇരുട്ടായത് അയാളറിഞ്ഞു. ഒരു മേഘമാവണം, സംശയമില്ല *നിങ്ങളുടെ രൂപത്തോടുള്ള ഗൃഹാതുരത്വത്തിനും രാത്രിയിലെ യുദ്ധങ്ങൾക്കു*മിടയിൽ ബൈബിൾ വച്ച് അയാൾ തെരുവിലേക്കിറങ്ങി. ഇതൊരു സാധാരണ മേഘമല്ല, മഞ്ഞുപോലെ വെളുത്ത, മുഖംപോലെ വെളുത്തതല്ല.

ഒരു പകയോടെയാണ് മഴ പെയ്തത്. കുഴികളും അരുവികളും നിറ ഞ്ഞൊഴുകി തെരുവുകളിൽ വെള്ളപ്പൊക്കം സൃഷ്ടിച്ചു. പാലിലിട്ട അവൽ കുതിർന്നു വരുന്നതുപോലെ ഉരുണ്ട ആട്ടിൻകാഷ്ഠം കുതിർന്ന് ഒഴുകുന്നതു നോക്കിക്കൊണ്ട് ലൂഷ്യോ ലൈബ്രറിയുടെ നടയിലിരുന്നു. വെള്ളട്രക്കിന്റെ ആദ്യവരവിലേതുപോലെ ആളുകൾ നനഞ്ഞു കുതി രാനായി പുറത്തേക്കിറങ്ങി. ആകെ വ്യത്യാസം മഴയിൽ ആർക്കും ഊഴം കാത്തുനിൽക്കേണ്ട എന്നതായിരുന്നു. മഴ പെയ്യുന്നതും വെള്ള മൊഴുകുന്നതും എല്ലാവർക്കും ഒരേ അളവിലാണ്. ഒഴുക്കിനെതിരെ കാലുകൾ വിടർത്തിവച്ച് സെനോര ഉർദനേര വഴിയുടെ നടുവിലിരി ക്കുന്നു; ഉടുതുണിയില്ലാത്ത ഒരു ജോഡി കുട്ടികൾ ചാടിനടക്കുന്നു; കനത്തമഴയിൽ പള്ളിക്ക് കുഴപ്പമൊന്നുമുണ്ടാകുന്നില്ലെന്നുറപ്പിക്കാൻ ഏതാനും സ്ത്രീകൾ നടക്കുന്നു; വെള്ളം എന്നെ കൊണ്ടുപോകുന്നേ എന്നലറിക്കൊണ്ട് തടിയൻ ആന്റുനേ അങ്ങോട്ടുമിങ്ങോട്ടും കിടന്നു രുളുന്നു. ഈ മഴ മാഡ്രിഡിലെ മഴപോലെയല്ല, ലൂഷ്യോ ചിന്തിച്ചു. അവിടെ ചെളിയുടെ സ്ഥാനത്ത് നടപ്പാതകളും ചെറിയ വെള്ളക്കെട്ടു കൾക്കു മുകളിലൂടെ ചാടിനടക്കുന്ന കുട്ടിപ്പാവാടയിട്ട പെൺകുട്ടികളും നനഞ്ഞ തൊലിയുമായി നിൽക്കുന്ന ആഫ്രിക്കക്കാരനും ആളുകൾ കാലടയാളങ്ങൾ പതിപ്പിച്ചുപോകുന്നതുകൊണ്ട് തിരക്കിട്ട് തുടച്ചുകൊ ണ്ടിരിക്കുന്ന വെയിറ്ററുമുണ്ട്. 'മാഡ്രിഡിലെ ശരത്കാല'ത്തിന് ഞാൻ ഒരവസരംകൂടി കൊടുക്കേണ്ടതായിരുന്നു, കുറഞ്ഞത് പത്തുപേജു കൾ കൂടിയെങ്കിലും. ചിലപ്പോൾ ആ കാമുകൻ കത്തെഴുതൽ അവ സാനിപ്പിക്കാൻ പോവുകയായിരുന്നിരിക്കണം, അഴകൊഴമ്പൻ ഭാഷാ പ്രയോഗമവസാനിപ്പിച്ച് എഴുത്തുകാരൻ ചിലപ്പോൾ അറക്കാൻ പോകുന്ന പന്നികളെപ്പറ്റി പറഞ്ഞേനെ, ആഫ്രിക്കക്കാരനെ ഒരു പന്നിയെപ്പോലെ കൊന്നുകളഞ്ഞേനെ, തൊലിയുടെ നിറത്തിന് യാതൊരു പ്രാധാന്യ വുമില്ലെന്ന് മാക്അലിസ്റ്റർ പ്രഘോഷിക്കുന്നുണ്ടെങ്കിലും അന്ത്യത്തിൽ ഒരു കുട്ടി അമ്മൂമ്മയോട് എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്ന തെന്ന് ചോദിക്കുമ്പോൾ അവർ ഒട്ടും മടിക്കാതെ നമ്മൾ കറുത്തവരാ യതുകൊണ്ട്, അതുകൊണ്ടാണ് കുട്ടീ അവർ നമ്മുടെ വരിയുടച്ചു കൊണ്ടിരിക്കുന്നത് എന്നു പറയുന്നുണ്ട്.

എന്തായാലും മാഡ്രിഡിലെ ശരത്കാലം പുറന്തള്ളപ്പെട്ടുകഴിഞ്ഞു. ഇനി ആ പേജുകൾ മറിച്ചുനോക്കൽ ഉണ്ടാവില്ല.

ലൂഷ്യോ വെള്ളത്തിലേക്ക് തുപ്പി. ഒഴുക്ക് ആ കഫക്കട്ടയെ തടിയൻ ആന്റുനേയുടെ മുഖത്തെത്തിച്ചിരുന്നെങ്കിൽ എന്നു പ്രതീക്ഷിച്ചു. ചെറിയ പെൺകുട്ടികളുടെ മേൽ ഉരുണ്ടുകയറി വിയർത്തതിനുശേഷം പിന്നീടെന്താണ് ചെയ്യേണ്ടതെന്ന് അറിഞ്ഞുകൂടാത്തതുകൊണ്ട് അവരെ കൊന്നുകളയുന്ന വിഡ്ഢികളായ തടിയൻ ചെറുക്കൻമാരുടെ നോവലുകളുമുണ്ടെന്ന് ലൂഷ്യോ സ്വയം പറഞ്ഞു. *ഉരുളക്കിഴങ്ങു പാടങ്ങളിലെ ജീവിതം* എന്ന നോവലിലെ മന്ദബുദ്ധിയായ ബോബി മാസ്റ്റർസണാണ് അത്തരമൊരു കഥാപാത്രം. അയർലന്റിന്റെ ഒരു പാടത്തിൽ അവൻ ആഴ്ചകളോളം അവന്റെ കസിൻ ലൂസിലിനെ ഒളിഞ്ഞുനോക്കിക്കൊണ്ടിരുന്നു. കർട്ടൻ ഉണ്ടെങ്കിലും ഇല്ലെങ്കിലും ബോബിക്ക് ഒരേപോലെയാണ്, കാരണം മുറിയിൽ കയറി കരയുന്ന കട്ടിലിൽക്കിടന്ന് ഉറങ്ങുന്നതുവരെയുള്ള ലൂസിലിന്റെ ചലനങ്ങൾ നേരിൽ കണ്ടാലും സങ്കല്പിച്ചാലും അവന് ഒരേപോലെയാണ്. വിശുദ്ധപാട്രിക്ക് ദിനത്തിന്റെ സന്ധ്യയ്ക്ക് മുതിർന്നവരെല്ലാം അടുത്തുള്ള ടൗണിലായിരുന്നപ്പോൾ സംഭവിച്ചത് പ്രവചിക്കാൻ കഴിയുന്നതായിരുന്നെങ്കിലും അവനത് കട്ടിലിൽ വച്ചുതന്നെ ചെയ്യണ്ടേ, അവളെ തൊഴുത്തിലേക്ക് കൊണ്ടുപോകരുതേ എന്ന് ലൂഷ്യോ ആഗ്രഹിച്ചിരുന്നു. അവൻ അവളെ കൊല്ലുമെന്നയാൾക്ക് ഉറപ്പായിരുന്നു. എന്നാൽ അവനെവളെ തൊഴുത്തിലേക്കുതന്നെ കൊണ്ടുപോയി. കരയുന്ന ആടുകൾക്കിടയിൽ കച്ചിയിലേക്കെറിഞ്ഞു. എന്താണ് ചെയ്യേണ്ടതെന്നറിയാത്തതുകൊണ്ട് ബോബി അവളുടെ മുകളിൽ കിടന്നു. അവൻ ഉടുപ്പ് നീക്കുകയോ അവളുടെ ഉടുപ്പ് കീറിമാറ്റുകയോ ഒന്നും ചെയ്തില്ല. അവന്റെ മുഖത്തുനിന്നും വിയർപ്പൊഴുകി മൂക്കിൻതുമ്പിലൂടെ ഒരു ധാരയായി അവളുടെ കണ്ണിലേക്കൊഴുകാൻ തുടങ്ങി. അവളുടെ കണ്ണീരേത്, അവന്റെ വിയർപ്പേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലായിരുന്നു അവൾ. ബോബി അവളെ കൊല്ലാൻ തീരുമാനിച്ചെങ്കിലും എന്തുകൊണ്ടെന്ന് എഴുത്തുകാരൻ പറയുന്നില്ല. അവന്റെ ഉള്ളിൽനിന്നൊരു ശബ്ദം മാത്രം അവളെ കൊല്ല് കൊല്ല് എന്ന് പറഞ്ഞുകൊണ്ടിരുന്നു. അങ്ങനെ അവളെ അല്പാല്പമായി ശ്വാസം മുട്ടിച്ചുകൊണ്ടും അവളെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടും അവൾ അവനെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചുകൊണ്ടും അവന്റെ ശരീരഭാരം മുഴുവൻ അവളിലേക്കമർത്തിക്കൊണ്ടിരുന്നു. ലൂഷ്യോയ്ക്ക് വിശദീകരണങ്ങളൊന്നും ആവശ്യമായിരുന്നില്ല: ബോബി ഒരു തടിയൻ വിഡ്ഢിയായതുകൊണ്ടാണ് അവന്റെ കസിനെ കൊന്നുകളഞ്ഞത്. തടിയൻ വിഡ്ഢികൾ കഥകളിൽ വരുന്നത് ഉരുളക്കിഴങ്ങ് മോഷ്ടിക്കാനോ ആടുകളെ ഓടിക്കാനോ അല്ല; അവർ അത്യാഹിതങ്ങൾ തുടങ്ങിവച്ചശേഷം അവസാന അദ്ധ്യായത്തിനു മുമ്പ് ദുരന്തത്തിൽ മരിക്കുകയാണ് ചെയ്യുക. അവനെന്ത് സംഭവിച്ചുവെന്ന് വേറെയാരും അറിയില്ലെങ്കിലും ബോബി ഒരു മുനമ്പിൽനിന്ന് കടലിലേക്കു വീണ് മരിക്കുകയാണു ചെയ്യുന്നത്;

തൊഴുത്ത് കത്തിപ്പോകാഞ്ഞതിനെ നന്ദിയോടെ ഓർത്തുകൊണ്ട് ലൂഷ്യോ നോവൽ അവസാനിപ്പിച്ചു.

തടിയൻ ആന്റുനേ അവന്റെ അലർച്ചയും ഉരുളലും തുടർന്നു. സഹായിക്കണേ, ദയ തോന്നണേ. ലൂഷ്യോ കഥയെപ്പറ്റി ഓർത്തുകൊണ്ട് ഇക്കാമോളിലെ ബോബി മാസ്റ്റർസണിന്റെ അടുത്തെത്തി. എഴുന്നേൽക്കെടാ തടിയാ, ലൂഷ്യോ അവനെ തൊഴിച്ചു, ഒരു പെൺകുട്ടിയോട് അങ്ങനെ ചെയ്തുകൂടാ, അവളെ അനുഭവിക്കാനറിയില്ലെങ്കിൽ പ്രത്യേകിച്ചും. മെൽക്വിസിദെക്കിന്റെ സ്ഥാനത്ത് നീയാവേണ്ടതായിരുന്നു; ഈ തടിയും നിന്റെ പെൺമുലകളും പീഡിപ്പിക്കുന്നത് പോലീസുകാർ ആസ്വദിച്ചേനെ. നീ സഹായത്തിനുവേണ്ടി കരയുകതന്നെ വേണം, മറ്റൊരു തൊഴി കൂടി. തടിയൻ ചെറുക്കൻ അവിടെത്തന്നെ കിടന്നുവെങ്കിലും ഉരുളൽ നിറുത്തി ലൂഷ്യോയെ പേടിയോടെ നോക്കിയിരുന്നു. വെള്ളത്തിൽ മാലിന്യങ്ങൾ ഒഴുകിവരുന്നത് കുറഞ്ഞിരുന്നു. പാഞ്ഞുപോകുന്ന ഒരു വണ്ടിയിൽനിന്ന് മെൽക്വസിദെക്കിനെ തള്ളിയിടുന്നതുപോലെയാവില്ല നിന്നെ തള്ളിയിടുന്നത്. നീയൊരു കാഴ്ചയാവും, അവിശ്വസനീയവും; വഴിയരികിൽ ചത്തുമലച്ച ഒരു ഭീമൻ തവളയെപ്പോലെ. മറ്റൊരു തൊഴി കൂടി കൊടുത്തപ്പോൾ തടിയൻ ചെറുക്കൻ ഞരങ്ങി. സെനോര ഉർദനേത കാലുകൾ ചേർത്തടച്ച് എണീറ്റു നിന്ന് വിളിച്ചുപറഞ്ഞു: "പയ്യനെ ഉപദ്രവിക്കരുത്."

ഒഴുക്ക് ലൂഷ്യോയുടെ ഒരു ചെരിപ്പ് കൊണ്ടുപോയി. അതു കണ്ടുപിടിക്കാൻ ഇനിയും സമയമുണ്ടെങ്കിൽ തന്റെ ചെരിപ്പാണോ ചത്ത എലിയാണോ എന്നുറപ്പില്ലാത്ത എന്തോ ഒരു ഉരുണ്ട വസ്തുവിനു പിന്നാലെ താൻ ഓടുന്നതു കണ്ട് ആൾക്കാർ ചിരിക്കേണ്ട എന്നു കരുതി ലൂഷ്യോ അതു വിട്ടുകളഞ്ഞു.

ബാബെറ്റിനും ഒരു ചെരിപ്പില്ലായിരുന്നുവെന്ന് റെമിഗിയോ പറഞ്ഞിരുന്നു; ഒരുപക്ഷേ, ഒഴുക്ക് രണ്ടു ചെരിപ്പുകളെയും ഒരിടത്തത്തിക്കുമായിരിക്കും.

അയാൾ നനഞ്ഞൊട്ടിക്കൊണ്ടും ആരുടെയെങ്കിലും മൂക്കിനിടിക്കാൻ കൈ തരിച്ചുകൊണ്ടും ലൈബ്രറിയിലേക്കു പോയി. ജനലിലൂടെ ഇക്കാമോളുകാർ മഴയിൽ കുതിരുന്നതു നോക്കിനിന്നു. യൂറോപ്യൻ എഴുത്തുകാർ ഇരുണ്ട ആകാശത്തെ വിഷാദവുമായാണ് ചേർത്തുവയ്ക്കുന്നത്. അവർ ഇക്കാമോളിൽ മഴ പെയ്യുന്നത് കണ്ടിട്ടേയുണ്ടാകില്ല, ഉറപ്പാണത് ലൂഷ്യോ കരുതി. ബാബെറ്റ് മാത്രമാണ് വ്യത്യസ്ത; അവൾ നനയുമ്പോൾ ചിരിക്കുകയും മേൽക്കൂരയിലെ മഴത്തുള്ളികളെ സംഗീതമായിക്കരുതുകയും ചെയ്യുന്നു. എന്നാൽ സീൻനദിയും ഈ ചെളിയൊഴുക്കും ഒന്നല്ല. കുടയില്ലാത്ത ബാബെറ്റും കാലകത്തി വച്ചിരിക്കുന്ന സെനോര ഉർദനേതയും ഒന്നല്ല.

സെനോർ ലാഫിയറ്റ്, എനിക്ക് ഈ മണ്ണിൽ ഒരുപാട് ആളുകളെ നഷ്ട മായിട്ടുണ്ട്. ഡോൺ പൊർഫിരിയോ പറഞ്ഞു. എന്നാൽ അതിലാരും, അവരെല്ലാം ഒരുമിച്ചാൽക്കൂടി ബാബെറ്റിന്റെ തലയിലെ ഒരു മുടിക്കു പകരമാവില്ല. അല്ലെങ്കിൽ താങ്കൾ എഴുതുമ്പോൾ തലമുടി എന്ന വാക്കിനു പകരമാവില്ല; ഒരു ഭാര്യയോ അമ്മയോ അച്ഛനോ അവർക്കുവേണ്ടി വിലപിച്ചേക്കും. വെടിയുണ്ടയോ ബോംബോ ഉടനടി തല തകർക്കാതെ അല്പസമയം അവർക്കു കൊടുക്കാൻ അവർ സ്വയം വിലപിച്ചിരി ക്കാനും വഴിയുണ്ട്. ഇക്കാമോളിലെ വിലാപഗായകൻ പാടിയിരിക്കണം, എന്നാൽ പിന്നീടവർ ഈച്ചകൾക്കും പുഴുക്കൾക്കും ആഹാരമായിത്തീരു കയാണ് ചെയ്തത്: ഒരു അപവാദം പെഡ്രോ മൊണ്ടസ് ആയിരിക്കണം, അയാൾ, താങ്കളെപ്പോലെ എഴുതിയതുകൊണ്ടാണ് പ്രാധാന്യമർഹി ക്കുന്നത്. ബാബെറ്റ് ഉണ്ട്, എന്നുമുണ്ടായിരിക്കുകയുംചെയ്യും. പടയാ ളികൾ എപ്പോഴോ ഉണ്ടായിരുന്നവർ മാത്രമാണ്, അത്രമാത്രം. അതു കൊണ്ടാണ് എന്നെപ്പോലെയുള്ളവർ ചരിത്രത്തെ സാഹിത്യമാക്കി മാറ്റുന്നത്. ആളുകളോട് ചോദിക്ക്, എന്റെ കൃതികൾ പഠിച്ചവരോട് ചോദിക്ക്. അവർ പറയും, അതെ, ഡോൺ പൊർഫിരിയോ, കുറെ വിചിത്രാശയങ്ങൾ കൊണ്ടുവന്നിരുന്നു: പല തവണ തെരഞ്ഞെടുക്ക പ്പെട്ട ഒരു ഏകാധിപതി, പാരീസിൽ വച്ച് മരിച്ചു, ഒരു നല്ല പടയാളിയാ യിരുന്നു, തെക്കുനിന്നാണ്, ഓക്സാക്കയിലോ റ്റബാസ്ക്കോയിലോ നിന്ന്; അയാൾ കാരണമാണ് വിപ്ലവമുണ്ടായത്. എന്റെ ഗവൺമെന്റിനെ പോർഫിരിയേറ്റ് എന്നോ പോർഫിരിയനിസം എന്നോ വിളിക്കണമെന്ന് ചിലർ വാദിക്കും. എന്റെ പേര് കേട്ടാലുടൻ സകലരും എൺപതു വയസ്സും കട്ടിയിൽ നരച്ച മീശയും നെഞ്ചത്ത് പതക്കങ്ങളും ഭാവത്തിൽ ധാർഷ്ട്യ വുള്ള ഒരാളെപ്പറ്റി ചിന്തിക്കും. പോർഫിരിയോ ഉറക്കമുണർന്നെങ്കിലും എണീക്കാൻ തോന്നാഞ്ഞതുകൊണ്ട് അമ്മ കാണാതിരിക്കാനായി മൂടിപ്പുതച്ചുകിടന്നുവെന്നോ കാർമ്മലീത്തയുടെ എഴുന്നുനിൽക്കുന്ന മുലഞെട്ടുകളെ തഴുകും മുമ്പ് അയാൾ വിരൽത്തുമ്പ് നക്കിയിരുന്നു വെന്നോ മകന്റെ നെറുകയിൽ ചുംബിച്ചുകൊണ്ട് അവനെ കുതിര യോട്ടം പഠിപ്പിക്കാമെന്ന് പറഞ്ഞുവെന്നോ ഒന്നും ആരും ഓർമ്മിക്കില്ല. ദേശഭ്രഷ്ടനായി ഇപിരംഗയിൽ കയറി യാത്രയാവും മുമ്പ് ഹോട്ടലിലെ കണ്ണാടിയിൽ അയാൾ ആദ്യമായി ദുർബലമായ ഒരു മനുഷ്യനെ കണ്ടു.

തോറ്റുപോയ ഒരുവൻ. നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ, സെനോർ ലാഫിയറ്റ്? കുറച്ചു വരികൾ മാത്രമായാലും വേണ്ടില്ല, താങ്കൾ എന്നെ ഷ്പറ്റി എഴുതണം; എന്റെ അവയവങ്ങൾ പ്രവർത്തനമവസാനിപ്പിച്ചുവെന്ന് ഒരു ഡോക്ടർ പറയുന്നതോ മോണ്ട് പർണ്ണാസിലെ ഒരു കുഴിയിലേക്ക് ഒരു ശവമഞ്ചമിറക്കുന്നതോ ആവാൻ പാടില്ല എന്റെ അന്ത്യം. ഇല്ല സെനോർ ലാഫിയറ്റ്, ഞാൻ പൊടിയായിക്കഴിഞ്ഞു, എന്നാൽ പൊടിയായിത്തീരാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ഭാഷയിൽ ജീവിക്കാനാണ് ഞാനാഗ്രഹിക്കുന്നത്; താങ്കളുടെ ഭാഷയിൽ. പിയർ ലാഫിയറ്റ് എഴുതിയ 'ഡോൺ പോർഫിരിയോയുടെ മരണം.'

സംഭാഷണം ലൈബ്രറിയിലാണ് തുടങ്ങിയത്; ഇപ്പോൾ രണ്ടാളും റെമിഗിയോയുടെ കതകിനു മുന്നിലാണ്. "ഇവിടെയാണോ അത്?" ആ സ്ത്രീ ചോദിച്ചു. ലൂഷ്യോ കതകിൽ മുട്ടി. "തുറക്ക്, സന്ദർശകരുണ്ട്." അവർ ഉറച്ച സ്വരത്തിൽ പറഞ്ഞു: "സെനോർ ലാഫിയറ്റ്, ഞാനൊരുത്തരം കാത്തുനിൽക്കുകയാണ്." എനിക്ക് പറയാൻ കഴിയില്ല, "ഡോൺ പൊർഫിറിയോ, ഞാനതെഴുതിക്കഴിഞ്ഞിട്ട് വർഷങ്ങളായിരിക്കുന്നു." അല്പംകൂടി മയമുള്ള ശബ്ദം പ്രതീക്ഷിച്ചുകൊണ്ട് അവൾ അയാളുടെ കൈകളിൽ പിടിച്ചു. അയാൾ സമ്മതിക്കുന്നതുവരെ കൈ പിടിച്ച് ഞെരിച്ചുകൊണ്ട് അവർ പറഞ്ഞു, "ദയവു ചെയ്ത്, മിസ്യർ ലാഫിയറ്റ്."

അവോക്കാഡോ മരത്തിനു മുന്നിൽ അതിന്റെ വേരുകളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ലൂഷ്യോ നിന്നു. "ബാബെറ്റ് ഇവിടെയാണ്," അയാൾ പറഞ്ഞു: "മഴ വന്നു, ഇക്കാമോൾ ഇനി വീണ്ടും പച്ചയാകും, എന്നാൽ ഈ മരത്തിനുമാത്രം നിറമോ ജീവനോ നഷ്ടപ്പെട്ടിട്ടേയില്ല. ബാബെറ്റ് ഒരേ സമയം കഥയും കവിതയുമാണ്, നടക്കാത്ത ഏതോ നൃത്തത്തിന്റെ ആശയമാണ്, ഒരിക്കലും മുന്നിൽ വരാത്ത പ്രേമിയാണ്, ആന്ദ്രേ അമ്മാവന്റെ മനസ്സിൽ ഒരു കുടയെപ്പറ്റിയുള്ള ഓർമ്മയാണ്, അവളെവിടെയായിരിക്കുമെന്ന് അന്വേഷിച്ചു നടക്കുന്ന അമ്മയാണ്. ഇരുപത് ഭാഷകളിലേക്ക് വിവർത്തനം ചെയ്താലും റോമനിലോ ഇറ്റാലിക്കിലോ കെൽറ്റിക്കിലോ അച്ചടിച്ചാലും മാറ്റം വരാത്ത പേരാണ് ബാബെറ്റ്. എന്നാൽ ബാബെറ്റിന്റെ നാലിൽ മൂന്നുഭാഗം വെള്ളവും മലം നിറഞ്ഞ കുടലുകളുമാണ്. അവ വളമായിക്കഴിഞ്ഞു; ഒരേ സമയം ബാബെറ്റ് നൈട്രേറ്റുകളും നൈട്രൈറ്റുകളുമാണ്, തുപ്പലും വിയർപ്പും കണ്ണീരും മൂത്രവുമാണ്, ഫോസ്ഫറസും കാൽസ്യവും ഇരുമ്പും പൊട്ടാസ്യവുമാണ്, തലമുടിയും മൂക്കട്ടയുമാണ്, അവളുടെ വയറ്റിൽ കിടക്കുന്ന അന്ത്യഅത്താഴമാണ്. ഈ ചില്ലകളിൽ കായ്ച്ചുമറിഞ്ഞുകിടക്കുന്ന ഓരോ അവോക്കാഡോയും ബാബെറ്റാണ്. മിനുസമാർന്ന അവോക്കാഡോകളോരോന്നും ഈ തോട്ടത്തിൽ കുരുവിനെ ഉപേക്ഷിച്ച് ബാബെറ്റിന്റെ പിൻമുറക്കാരെ സൃഷ്ടിക്കും. ലൂഷ്യോ ആ സ്ത്രീയുടെ കൈ പിടിച്ച് മരച്ചുവട്ടിലേക്ക് നയിച്ചു. ആന്ദ്രേ അമ്മാവൻ പറഞ്ഞതുപോലെ, മകളെ നോക്കി സൂര്യനെ കാണുക, മകളെ നോക്കി ഭൂമിയെ കാണുക; സൂര്യൻ ദൈവത്തിന്റേതാണ്, ഭൂമി പാർപ്പിടവും. ബാബെറ്റ് ഈ രണ്ടിടത്തുമുണ്ട്. സ്ത്രീ രണ്ടുകൈകൊണ്ടും മരത്തെ തൊട്ട് കണ്ണുകളടച്ച് തലകുനിച്ചു.

റെമിഗിയോ ലൂഷ്യോയെ വീടിനുള്ളിലേക്കു കൊണ്ടുപോയി. എന്തിനാണ് നിങ്ങൾ ആ സ്ത്രീയെ ഇവിടെ കൊണ്ടുവന്നത്? പേടിക്കേണ്ട, അവർ മകളുടെ കുഴിമാടം സന്ദർശിച്ച് നിശ്ശബ്ദയായി പൊയ്ക്കോളും, കുഴിച്ചുനോക്കാനോ തിരച്ചിൽക്കാരെ അയയ്ക്കാനോ ഒന്നും അവർക്കൊരു താൽപര്യവുമുണ്ടാകില്ല. മാത്രമല്ല, ഞാനല്ല, പിയർ ലാഫിയറ്റാണ് കുട്ടിയുടെ ശരീരം കാണേണ്ടതില്ലെന്ന് അവരോടു പറഞ്ഞത്. ആ വാക്കുകൾ മതിയാകും. ലൂഷ്യോ റെമിഗിയോയുടെ കിടപ്പുമുറി

യിൽ ചെന്ന് അവോക്കാഡോ കൊട്ടയും കട്ടിലിൽ ഞെരിഞ്ഞമർന്ന പഴങ്ങളും കണ്ടപ്പോൾ ആ സംഭാഷണം നിലച്ചു. അവോക്കാഡോകൾക്ക് ചുവപ്പുനിറമായിരുന്നെങ്കിൽ ഏതോ ഭീകരകുറ്റകൃത്യം നടന്ന സ്ഥലമാണതെന്ന് തോന്നിച്ചേനെ. എന്നാൽ അവയുടെ പച്ചനിറം അത്തരമൊരു സാധ്യത തള്ളിക്കളഞ്ഞു; സൊളെദാദ് അർത്തിഗാസിന്റെ ചിരിപോലെ. കട്ടിലിനടുത്തുള്ള മേശയിലെ ആൽബർട്ടോ സാന്റിന്റെ പുസ്തകത്തിലേക്ക് റെമിഗിയോ വിരൽചൂണ്ടി. "ഞാൻ ആദ്യമായി വായിച്ച നോവലാണത്," അവൻ പറഞ്ഞു. സാന്റിന് കാര്യമായൊന്നുമറിയില്ല; ഒരു കോഴിയുടെ കഴുത്ത് ഞെരിച്ചിടുകയോ ഒരു പന്നിയെ അറക്കുകയോ ഒന്നും അയാൾ ചെയ്തിട്ടില്ലെന്നുറപ്പാണ്, പിന്നെങ്ങനെ അയാൾ കൊലപാതകത്തെപ്പറ്റി പറയും?" "നിന്റെ ആദ്യത്തെ നോവലായതുകൊണ്ട് നീ ധാരാളം കാര്യങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്," ലൂഷ്യോ പറഞ്ഞു: "പുറംചട്ടയിലെ ജീവചരിത്രം നീ വായിച്ചോ? നഗരത്തിലെ വായനക്കാർക്കുവേണ്ടി എഴുതുന്ന ഒരു നാഗരിക എഴുത്തുകാരനാണയാൾ. പോർസലിൻ കക്കൂസിലിരിക്കുന്ന അയാൾക്ക് കുഴിക്കക്കൂസിനെപ്പറ്റി എന്തറിയാനാണ്? എന്നാലയാൾ നന്നായി മനസ്സിലാക്കുന്ന ഒരു കാര്യമുണ്ട്," റെമിഗിയോ പറഞ്ഞു: "കഥാപാത്രത്തിന്റെ ഒരു ശാരീരിക ശേഷിക്കുറവു കാരണമാണ് നിങ്ങൾ ആ പുസ്തകത്തെ പുറന്തള്ളാഞ്ഞത്." "അതെ," ലൂഷ്യോ സമ്മതിച്ചു: "അത് യഥാർത്ഥമാണെന്ന് എനിക്കു തോന്നി; കലയ്ക്കും മീതെ അഹംഭാവം വയ്ക്കുന്ന എഴുത്തുകാരുടെ മുനയൊടിക്കുന്നുണ്ട് അത്. നിങ്ങളുടെ ഐകദാർഢ്യം സാഹിത്യത്തിലും മേലെയാണെന്നാണ് എനിക്കു തോന്നുന്നത്," റെമിഗിയോ ധിക്കാരപൂർവ്വം അയാളെ നോക്കി. ലൂഷ്യോ തലമുടിയിലൂടെ വിരലോടിച്ചു. "നിന്റെ അമ്മയ്ക്കതൊരു പ്രശ്നമായിരുന്നില്ല, നീ എന്റെ മകനാണ്. റെമിഗിയോ തലമുടിയിലൂടെ വിരലോടിക്കുന്നത് അനുകരിച്ചു. അവോക്കാഡോകൾക്കും അതൊരു പ്രശ്നമല്ല." നാണക്കേടോടെ അവൻ വിരിപ്പ് ചുരുട്ടിയെടുത്ത് നിലത്തെറിഞ്ഞു. "നിങ്ങൾക്ക് ആ സ്ത്രീയോട് പ്രേമമാണെന്നാണ് ഞാൻ കരുതുന്നത്." ലൂഷ്യോ പുസ്തകം തിരികെ മേശപ്പുറത്തുവച്ച് കൈ വിറയ്ക്കാതിരിക്കാനായി പോക്കറ്റിനുള്ളിൽ തിരുകി. "അതെ," അയാൾ പറഞ്ഞു, വയസന്മാർ പ്രേമിക്കുന്നതുപോലെ: ഉപേക്ഷയോടെ. നിശ്ശബ്ദതയ്ക്കു വാക്കുകളെക്കാൾ തെളിച്ചമുണ്ടെന്നു തോന്നിയ റെമിഗിയോ തിരിച്ചൊന്നും പറഞ്ഞില്ല. ലൂഷ്യോ സംഭാഷണം തുടർന്നുകൊണ്ട് പറഞ്ഞു: "ഇന്നലെ ഞാൻ സെനോര ഉർദനേതയെ മഴയത്ത് കണ്ടു. അവർ ചിരിക്കുകയായിരുന്നു; ഒന്നുരണ്ട് പല്ലെങ്കിലും കൊഴിഞ്ഞിട്ടുണ്ട്, വയർ നാലുമടക്കായി കിടന്നിരുന്നു. പിന്നീട് ഞാൻ 'ബാബെറ്റിന്റെ മരണം' എടുത്ത് വസന്തത്തിലെ പേമാരിയെപ്പറ്റിയുള്ള ഭാഗം വായിച്ചു. ബാബെറ്റ് വഴിയരികിൽ കിടന്ന് ആകാശത്തേക്കു നോക്കി മഴയാസ്വദിക്കാൻ

പുതിയൊരു വഴി കണ്ടെത്തി; കണ്ണിൽ വീണ ഓരോ തുള്ളിയിലും അവൾ കണ്ണുചിമ്മി. അവളുടെ ചിരിപോലെതന്നെ ആ കണ്ണുചിമ്മലും ഒഴിവാക്കാൻ വയ്യാത്തതായിരുന്നു. വായ തുറന്നപ്പോൾ മഴ അവളുടെ പഞ്ചേന്ദ്രിയങ്ങളെയും കീഴ്പ്പെടുത്തി. മേൽക്കൂരതേടി ഓടിയവർക്ക് ഈ ആഹ്ലാദഭരിതയായ പെൺകുട്ടിയെ കടന്നുപോകേണ്ടിവന്നു. അവൾ ഒരു ശവംപോലെ കിടന്നിരുന്നെങ്കിലും കാഴ്ചക്കാരെക്കാളൊക്കെ ജീവൻ തുടിച്ചിരുന്നു അവളിൽ. ഒരു കിഴവൻ അവളുടെ അടുത്തു വന്നു കിടന്നു. അവരുടെ തലകൾ തമ്മിൽ ചേരുകയും കാലുകൾ എതിർധ്രുവങ്ങളിലാവുകയും ചെയ്തിരുന്നു. നിനക്കെത്ര വയസാണ്, കുട്ടി? പന്ത്രണ്ട്. എന്റെ കണക്കുകൂട്ടൽ തെറ്റല്ലെങ്കിൽ ഞാനിത് അറു പത്തിരണ്ടു വർഷങ്ങൾക്കു മുമ്പ് ചെയ്തിട്ടുണ്ട്. അന്നെന്നെ അമ്മ ശകാരിച്ചിട്ടുണ്ടാവും; ഇന്ന് ശകാരിക്കുക ഡോക്ടറാവും." അവർ രണ്ടു പേരും ചിരിച്ചപ്പോൾ കടന്നുപോയ ഒരു സ്ത്രീ അവരെ വിഡ്ഢികളെന്നു വിളിച്ചു.

"ഇക്കാമോളും പാരീസും," റെമിഗിയോ പറഞ്ഞു: "എന്തൊരു വ്യത്യാസം." ലൂഷ്യോ തലകുലുക്കി. "കാണാതെ പഠിക്കുവോളം ഇന്നു ഞാനാഭാഗം വായിച്ചെങ്കിലും വലിയ കാര്യമൊന്നുമുണ്ടായില്ല. കണ്ണിനു മുന്നിൽ തെളിയുന്നത് കൊട്ടാരത്തിനു മുന്നിൽ മഴനനഞ്ഞു കിടക്കുന്ന പെൺകുട്ടിയല്ല, മറിച്ച് കാലകത്തി വച്ചു കിടക്കുന്ന സെനോര ഉർദനേ തയാണ്. പാരീസും ഇക്കാമോളും തമ്മിലുള്ള ഭേദമൊന്നും എന്നെ ബാധിച്ചിട്ടേയില്ല. ഏതവസ്ഥയിലും ഇക്കാമോളേ മുന്നിൽ വന്നിട്ടുള്ളൂ. മഴ വരുന്നതുവരെയെങ്കിലും ഞാൻ അങ്ങനെയാണ് കരുതിയിരുന്നത്. ഞാൻ ബാബെറ്റിനെ കാണാനാഗ്രഹിച്ചെങ്കിലും സെനോര ഉർദനേത മാത്രമാണ് മുന്നിൽ വന്നത്. അതുകൊണ്ടാണ് ബാബെറ്റിന്റെ അമ്മ ഇക്കാമോളിൽ ഉണ്ടാവേണ്ടത്. എന്റെ ജനൽ ഡോൺ പൊർഫിരിയോ യുടെ ജനലല്ല; എനിക്കിവിടെനിന്നു നോക്കിയാൽ ഈഫൽ ഗോപുരം കാണാനാവില്ല. എന്നാൽ വല്ലപ്പോഴുമെങ്കിലും ജനലിലൂടെ നോക്കു മ്പോൾ എനിക്ക് അവോക്കാഡോ മരത്തിനരികിൽ കരഞ്ഞുകൊണ്ട് നിൽക്കുന്ന സ്ത്രീയെ കാണണം." "അതിനാണോ നിങ്ങൾ അവരെ ഇവിടെ കൊണ്ടുവന്നത്?" റെമിഗിയോ ലൂഷ്യോയോട് തന്നെ പിൻതു ടരാൻ ആംഗ്യം കാണിച്ചു; അടുക്കളയിലെ മേശപ്പുറത്തിരിക്കുന്ന റൊട്ടിച്ചുരുളുകളിലേക്ക് അവൻ വിരൽചൂണ്ടി." നിങ്ങൾ ആ മരവും സ്ത്രീയുമായി ഒരു ബന്ധം സ്ഥാപിക്കണോ? ഓരോ ഓർമ്മദിവസവും അവരിവിടെ വരണോ? ഓരോ ആഘോഷത്തിനും?" സംസാരിക്കുന്ന തിനുമുമ്പ് ഒരു റൊട്ടിയെടുത്ത് ലൂഷ്യോ കടിച്ചു. "പ്രായമാണ് ഞങ്ങളെ വേർതിരിക്കുന്നത്, അല്ലെങ്കിൽ എന്നെ സ്നേഹിക്കുമായിരുന്നുവെന്നാണ് അവർ പറയുന്നത്." റെമിഗിയോ ചിരിച്ചു. "നിങ്ങളത് വിശ്വസിച്ചോ?" ഒരു ചാറ്റൽമഴയാണ് വന്നതെങ്കിലും തകരമേൽക്കൂരയിൽ അത് വലിയ

ശബ്ദം കേൾപ്പിച്ചു. സ്ത്രീ അപ്പോഴും അവോക്കാഡോ മരത്തിനരികിൽ അനങ്ങാതെ നിന്നു. വിശ്വസിക്കേണ്ട വാക്കുകളല്ല അത്," ലൂഷ്യോ മറുപടി പറഞ്ഞു; മുപ്പതു വയസ് ചെറുപ്പമാവാത്തതിന് എന്നെ കുറ്റപ്പെടുത്തുന്ന വാക്കുകളാണ് അവ. ഇപ്പോൾ നിങ്ങളുടെ പുസ്തകങ്ങൾ സഹായത്തിനു വരുന്നില്ലേ? ഏതെങ്കിലുമൊരു നോവൽ വായിച്ചാൽ ജനലിനപ്പുറം നിങ്ങൾക്കിഷ്ടമുള്ളത് സൃഷ്ടിക്കാൻ കഴിയില്ലേ? നുണ പറഞ്ഞതിന് ഞാൻ നരകത്തിലേക്കയച്ച തരം പുസ്തകങ്ങൾ കൊണ്ടു മാത്രമേ അത് സാധിക്കൂ. അത്തരം നോവലുകളിൽ കൊലപാതകി എപ്പോഴും പിടിക്കപ്പെടുന്നു. മനഃശക്തി ഉണ്ടെങ്കിൽ പ്രായം ഒരു പ്രശ്നമല്ലാതാവുന്നു. അത്തരം നോവലുകളിൽ കഥാപാത്രങ്ങൾ ദൃഢനിശ്ചയത്തോടെയാണ് പെരുമാറുന്നത്, എഴുത്തുകാരൻ പണത്തിനുവേണ്ടിയാണ് എഴുതുന്നതെങ്കിലും. അതുകൊണ്ടാണ് വെള്ളക്കാരുടെ മുഴുവൻ പ്രതിഷേധമുണ്ടെങ്കിലും വക്കീലിന് കറുത്തവർഗക്കാരനുവേണ്ടി വാദിക്കാൻ കഴിയുന്നത്, അതുകൊണ്ടാണ് കള്ളക്കുറ്റത്തിന് ജയിലായ തടവുപുള്ളിക്ക് സ്വാതന്ത്ര്യത്തിലേക്കൊരു തുരങ്കം നിർമ്മിക്കാൻ കഴിയുന്നത്, അതുകൊണ്ടാണ് ഒരേ ഭാഷക്കാരല്ലെങ്കിലും ജനറൽ മില്ലർക്ക് തടവുപുള്ളികളോട് കാരുണ്യത്തോടെ പെരുമാറാൻ കഴിയുന്നത്. അത്തരം നോവലുകളിൽ ക്ഷയം സുഖപ്പെടുകയും മദ്യപൻ നേരെയാവുകയും എഴുത്തുകാരന് അയാളർഹിക്കാത്ത പലതരം സമ്മാനങ്ങൾ ലഭിക്കുകയുംചെയ്യും. ലൂഷ്യോ മരത്തിനടുത്തു നിൽക്കുന്ന സ്ത്രീയെ നോക്കി, വെള്ളം അവരുടെ തലമുടിയിലൂടെ ഇറ്റുവീണിരുന്നു. ഞാൻ സംരക്ഷിക്കുന്ന തരം പുസ്തകങ്ങൾ ജീവിതമാണ്, ജീവിതം എനിക്കും ആ സ്ത്രീക്കുമിടയിൽ ഒരു മതിൽ തീർക്കുന്നു. ലാഫിയറ്റ് ബാബെറ്റിനെ സ്നേഹിച്ചിരുന്നുവെങ്കിലും അയാൾ അവളെ ആ കതകിനു പിന്നിൽ മറയാൻ വിട്ടു. സാഹിത്യം വെറുപ്പിന്റേതുകൂടിയാണെന്ന് അയാൾ തിരിച്ചറിഞ്ഞിരുന്നു: കറുത്തവർ പാലങ്ങളിൽനിന്ന് വലിച്ചെറിയപ്പെടുന്നു, കുട്ടികൾ അടക്കപ്പെടുന്നു. വൃദ്ധർ പീഡിതരാകുന്നു, ഒരു തുള്ളിവെള്ളമില്ലാതെ നാടുകൾ മരിക്കുന്നു, സ്നേഹിക്കുന്ന സ്ത്രീ കാലിനിൻഗ്രാഡിലേക്ക് പോകുന്നു. അതാണ് യാഥാർത്ഥ്യം. എന്നാൽ ഇപ്പോൾ നിലം നനഞ്ഞുകുതിർന്നിരിക്കുന്നു, ഞാൻ തളർന്നിരിക്കുന്നു, അവരിവിടെ തങ്ങണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ എന്റെ അമ്മയോ? റെമിഗിയോ ചോദിച്ചു. ലൂഷ്യോ തലകുനിച്ചു: അയാളുടെ ഓർമ്മയിലെങ്കിലും ഹെർലിൻഡ വൃദ്ധയാകില്ലയെന്നതിൽ അയാൾ തൃപ്തനായി. പുസ്തകങ്ങൾ നിരവധിയാണ്, അയാൾ പറഞ്ഞു. ഞാനിതേവരെ അവൾക്കരികിൽ എത്തിയിട്ടില്ല. അതിലെല്ലാം നഗരസ്ത്രീകളുണ്ട്. പ്രൗഢകൾ, വഴക്കാളികൾ, വേശ്യകൾ, എന്നാൽ ആരും ഹെർലിൻഡയെപ്പോലെയല്ല. ഗ്രാമീണസ്ത്രീകളെപ്പറ്റി സംസാരിക്കുന്ന എഴുത്തുകാരാവട്ടെ, അവളെ അന്ധവിശ്വാസികളായും ദുർമന്ത്ര

വാദിനികളായും ഒരടി നടക്കാതെ ഇച്ഛിച്ച സ്ഥലത്ത് എത്തിച്ചേരുന്നവരായും ഭിത്തികളിലൂടെ നടക്കുന്നവരായും ഒറ്റമൂലികൾ പ്രയോഗിക്കുന്നവരായുമാണ് ചിത്രീകരിക്കുന്നത്. ഒരു കാലിത്തീറ്റ സംഭരണിയുണ്ടാക്കാൻ അവരിലാരും പദ്ധതിയിടുന്നില്ല, പച്ചക്കറി സൂപ്പിൽ ആരും ആവശ്യത്തിലധികം ഉപ്പിടുന്നില്ല. ഹെർലിൻഡയെ കണ്ടെത്താൻ ബുദ്ധിമുട്ടാണ്: നാടൻപെണ്ണെങ്കിലും മിനുത്ത തൊലിയുള്ളവൾ; നാടൻപെണ്ണാണെങ്കിലും മരിച്ചവർ തിരിച്ചുവരുമെന്ന് വിശ്വസിക്കാത്തവൾ, വൃദ്ധരെക്കാൾ ബുദ്ധിയുള്ള കുട്ടികളുണ്ടാകുമെന്ന് കരുതാത്തവൾ, മഞ്ഞക്കണ്ണുകളുള്ളവൾ; മരുഭൂമിയിൽ ജീവിക്കുന്ന നാടൻ പെണ്ണാണെങ്കിലും വായനക്കാർ തങ്ങളുടെ വേലക്കാരികളോടുപമിക്കുന്ന തരത്തിലുള്ള സ്വഭാവങ്ങളൊന്നും അവൾക്കില്ല. അവളുടെ ചില ഗുണങ്ങൾ ഞാൻ റഷ്യൻ നോവലുകളിൽ കണ്ടെത്തിയിട്ടുണ്ടെങ്കിലും അതിലെ സ്ത്രീകൾ ആവശ്യത്തിൽ കൂടുതൽ കരയുന്നവരും അച്ഛൻ പട്ടിണി കിടക്കാതിരിക്കാനായി വേശ്യകളാകാൻ മടിക്കാത്തവരുമാണ്. അതിനാണോ നിങ്ങൾ വായിച്ചുകൊണ്ടേയിരിക്കുന്നത്? ലൂഷ്യോ മറുപടി പറയാതെ എഴുന്നേറ്റ് തോട്ടത്തിലേക്കു പോയി. മഴ കനത്തു പെയ്തുകൊണ്ടിരുന്നുവെങ്കിലും സ്ത്രീ മരത്തിനുമുന്നിൽതന്നെ നിന്നു. റെമിഗിയോ കിണറ്റിലേക്ക് ഒരു കല്ലെടുത്തിട്ടു. നിങ്ങളതു കേട്ടോ? ആ ഒച്ചയുണ്ടാകൽ നിലച്ചിരുന്നെങ്കിൽ ആ സ്ത്രീ മൊൺടെറിയിൽ അവരുടെ പെൺകുട്ടിയെയും കളിപ്പിച്ചുകൊണ്ടിരുന്നേനെ. തീർച്ചയായും, ലൂഷ്യോ അവന്റെ പുറത്തുതട്ടിക്കൊണ്ട് ആകാശത്തേക്കു നോക്കി. അയാളുടെ കണ്ണിൽ മഴത്തുള്ളികൾ വീണു. നീയോ? നീ എന്തു ചെയ്യുമായിരുന്നു? കുറച്ച് പെസോ കിട്ടാൻ വേണ്ടി ഹെനെക്വൻ നാരുകൾ വിടർത്തുമായിരുന്നോ? തോട്ടത്തിൽ കള പറിച്ചു മുളക് നടാൻ ഒരുങ്ങുമായിരുന്നോ? ആ പെൺകുട്ടി എന്താണു കൊണ്ടുവന്നതെന്നു നോക്ക്. ഇപ്പോൾ നീ നിന്റെ മരത്തിനു വേണ്ടി ജീവിക്കുന്നു, അതിൽ ബാബെറ്റിന്റെ അവോക്കാഡോകളുണ്ടാകാൻ കാത്തിരിക്കുന്നു, അവയെ സ്നേഹിക്കുന്നു; നേരത്തെ കിടക്കയിൽ കണ്ടതുപോലെയല്ല, അത് ഇവിടെയുള്ള ഏതെങ്കിലും സ്ത്രീയെക്കാൾ മെച്ചമൊന്നുമല്ല. അവർ ഒച്ച താഴ്ത്താതെ നല്ല ആത്മവിശ്വാസത്തിലാണ് സംസാരിക്കുന്നത്; അവരുടെ ശബ്ദത്തെ മഴ ആ സ്ത്രീയുടെ കാതുകളിൽനിന്ന് മറയ്ക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് നീ ബാബെറ്റിനെ തൊട്ടോ? അവളുടെ തൊലിപ്പുറമേ വിരലോടിച്ചു നോക്കിയോ? എനിക്കതൊഴിവാക്കാൻ കഴിഞ്ഞില്ല. നിങ്ങളല്ലേ അടിയുടുപ്പിലെ ലേബൽ പരിശോധിക്കാൻ പറഞ്ഞത്? മാപ്പുപറയണ്ട കാര്യമൊന്നുമില്ല. ലൂഷ്യോ കണ്ണുകളടച്ചു. അതിനാണവൾ വന്നത്, നിന്റെയുള്ളിൽ എന്നെന്നും ജീവിക്കാൻ. മഴ മാത്രമാണ് ചേരുംപടി ചേരാത്ത ഏക സംഗതി. ഇക്കാമോൾപോലെ, സെനോര ഉർദനേത മാതിരിയുള്ള സ്ത്രീകൾ വെയിലിൽ പെലരിഞ്ഞ് മരിക്കേണ്ട ഒരിടത്തിന്റെ

ചരിത്രം പാദർ പാസ്ക്കലിന്റെ മൂത്രത്തിലാണ് ഒടുങ്ങേണ്ടിയിരുന്നത്. അവരെല്ലാം സ്ഥലം വിടണമായിരുന്നു; നീ മാത്രം നിലനിൽക്കണമായിരുന്നു, നിന്റെ മരത്തെ പുണർന്നും നിന്റെ അവോക്കാഡോകളെ പരിപാലിച്ചും ഒടുവിൽ കറപുരണ്ട വിരിപ്പുകൾക്കു നടുവിൽ മരിക്കാനായി നീ മാത്രമവശേഷിക്കണമായിരുന്നു.

പക്ഷേ, മഴ പെയ്യുകയാണ്, റെമിഗിയോ പറഞ്ഞു. ലൂഷ്യോ തല കുലുക്കി. ദൈവത്തിന് തീരെ കലാബോധമില്ല, മികച്ച ഒരു അന്ത്യരംഗം അയാൾ നശിപ്പിച്ചു. ഒരു മുനമ്പിൽനിന്ന് വീണുചാകുന്നതിനെക്കാൾ തടിയൻ ആന്റുനേ വഴിയിൽ കിടന്നുരുളുന്നത് അയാൾ ഇഷ്ടപ്പെട്ടു. മാത്രമല്ല, അയാൾ മെൽക്വസിദെക്കിന് ആവശ്യത്തിലധികം ജീവിതം നൽകി. കുറ്റം സമ്മതിച്ചയുടൻതന്നെ അവരവനെ വണ്ടിയിൽനിന്ന് തള്ളിയിടേണ്ടതായിരുന്നു. എന്തായാലും നാളെയെങ്കിലും അവൻ മരിച്ചെന്ന വാർത്ത നമുക്ക് കേൾക്കാൻ കഴിഞ്ഞേക്കും.

പെട്ടെന്ന് മഴ നിന്നു, അവർ രണ്ടാളും മേഘങ്ങളെപ്പോലെ നിശ്ശബ്ദരായി. ലൂഷ്യോ ആ സ്ത്രീയുടെ അടുത്തുചെന്ന് അവർക്കു പിറകിലായി നിന്നു. നിങ്ങൾ എന്നെ പ്രേമിക്കണമെന്നില്ല, അയാൾ പറഞ്ഞു; നിങ്ങൾ എന്നെ സേവിക്കുന്നതുതന്നെ മതിയാകും. അവൾ തിരിഞ്ഞപ്പോഴുള്ള മുഖഭാവം കണ്ടാൽ അവർ യോഷിക്കാസുവിന്റെ പറുദീസ വായിച്ചിട്ടില്ലെന്ന് ഉറപ്പിക്കാമായിരുന്നു.

ഡോൺ പൊർഫിരിയോ ഒരു ഈച്ചയെ ഭക്ഷണത്തിൽനിന്ന് ഓടിച്ചു കൊണ്ട് ഓർമ്മിക്കണമെന്നാഗ്രഹമില്ലായിരുന്നെങ്കിലും ഓർത്തു... "എന്താണയാൾ കഴിച്ചിരുന്നത്?" സ്ത്രീ ചോദിച്ചു. "എനിക്കറിയില്ല," ലൂഷ്യോ മറുപടി പറഞ്ഞു. പാരീസിൽ ഒരു മെക്സിക്കന് കഴിക്കാൻ കൊള്ളാവുന്ന എന്തുണ്ടാകും? എന്തെങ്കിലും പറയുന്നതിനുമുമ്പ് അവർ ഒരു നിമിഷം ആലോചിച്ചു. "ഒരു കൊക്കോട്ട് ദ് പോർക്ക് ആ ലനാൻസ് നിങ്ങൾ ഇഷ്ടപ്പെടുമോ? ഇല്ല, ഒരിക്കലുമില്ല. അയാൾ വേവിച്ച കോഴി യിറച്ചിയാണ് കഴിച്ചിരുന്നതെന്ന് നമുക്കു കരുതാം, കാരണം അയാ ളുടെ പല്ലിന് മറ്റിറച്ചികൾ പറ്റില്ല." "എന്നാൽ ആ സംഗതി വിശദമാക്കു ന്നതിൽ വലിയ കഥയൊന്നുമില്ല. എനിക്ക് വേറെ ചിലത് പറയാനാണ് താൽപര്യം." "എന്നാൽ മറ്റൊരു രീതി നോക്കാം," സ്ത്രീ പറഞ്ഞു, "ആ ഈച്ച എവിടെയാണിരുന്നതെന്ന് അറിയാൻ എനിക്ക് താൽപര്യമുണ്ട്." വായിച്ച് അഭിപ്രായപ്പെടുന്നതുപോലെ മറ്റൊന്നുമില്ലെന്നാണ് ലൂഷ്യോ കരുതുന്നത്: അതൊരു ബുക്ക്ഷെൽഫിലെത്തുമോ അതോ നരക ത്തിലോ? ഒരു പുസ്തകത്തെ മുൻനിറുത്തി സങ്കല്പിക്കാൻ എളുപ്പമാണ്, എന്നാൽ ശൂന്യമായ ഒരു മനസുമായിരുന്ന് സങ്കല്പിക്കൽ സങ്കീർണ്ണ മാണ്. ഡോൺ പൊർഫിരിയോ പുറം കൈയിൽ വന്നിരുന്ന ഈച്ചയെ ഓടിച്ചുകൊണ്ട് ഓർമ്മിക്കണമെന്ന് ആഗ്രഹിച്ചില്ലെങ്കിലും ഇക്കാമോ ളിൽ മരിച്ചു വീണ തന്റെ പട്ടാളക്കാരുടെമേൽ ആർത്തു പൊതിഞ്ഞ ഈച്ചകളെ ഓർമ്മിച്ചു. ഞാനും അവരിലൊരാളാകുമായിരുന്നു. എന്നിൽ നിന്നും അര മീറ്റർ അകലത്തിൽ കടന്നുപോയ ഒരു വെടിയുണ്ട അതു തിർന്ന റൈഫിളിന്റെ ഒരു ചെറുചലനംകൊണ്ടാണ് സംഭവിച്ചത്; ഹൃദയം മിടിക്കുന്നതുകൊണ്ടും വിരൽത്തുമ്പ് തുടിക്കുന്നതുംകൊണ്ടാ വണം ആ ചെറുചലനം സംഭവിച്ചിരിക്കുക; അതൊരു ഭാഗ്യംതന്നെ യാണ്. ഇക്കാമോൾ യുദ്ധത്തിലെപ്പോലെ നിറയെ ചലിക്കുന്ന ഇര കളും വെടിക്കാരുമുള്ളടത്ത് എല്ലാം ഭാഗ്യംകൊണ്ടാണ് സംഭവിക്കു ന്നത്. ഓരോ വെടിയുണ്ടയും ഇരുട്ടത്ത് ഉതിർത്തതാണ്. ഭാഗ്യം, എന്റെ തലയോടോ നെഞ്ചോ തകർക്കാനാണുദ്ദേശിക്കുന്നതെങ്കിൽ എന്റെ രാജ്യത്തിനും അതിന്റെ ചരിത്രത്തിനും അതിലെ ആളുകൾക്കും സ്മാരകങ്ങൾക്കും എന്തു സംഭവിക്കുമായിരുന്നു? പൊർഫിരിയേറ്റ് ഉണ്ടാകുമായിരുന്നില്ല; ഡോൺ പൊർഫിരിയോയും. മുപ്പതു വർഷം

ഭരിച്ച ഒരു പ്രസിഡന്റിനു പകരം മെക്സിക്കോ ഒരു കലാപത്തിൽ നിന്ന് മറ്റൊന്നിലേക്കു പോകുമായിരുന്നു. ചുരുങ്ങിയ മാസങ്ങളുടെയോ ദിവസങ്ങളുടെയോ മണിക്കൂറുകളുടെയോ ആയുസുള്ള പ്രസിഡന്റു മാർ അടുത്ത അട്ടിമറി കാത്തിരിക്കുമ്പോൾ മറ്റു രാജ്യങ്ങൾക്കു കിട്ടുന്ന സന്ദേശമെന്താണ്: ഞങ്ങളെ നോക്കൂ, ഭരിക്കുന്നതെങ്ങനെയെന്നറി യാത്ത കാടന്മാരാണ് ഞങ്ങൾ; ഞങ്ങൾക്ക് മറ്റൊരു വൈദേശികാ ക്രമണം വേണം, മറ്റൊരു ബോർബോൺ രാജകുമാരൻ ഞങ്ങളെ അറുത്ത് കഷണമാക്കാൻ മറ്റൊരു ഗ്രിൻഗോ അലവലാതികൂടി. തെറ്റായ നേരത്ത് വെടിക്കാരൻ ഒന്നു തുമ്മിയിരുന്നെങ്കിൽ ഞാൻ ഇക്കാമോ ളെന്ന മരുഭൂമിയിൽ ഒടുങ്ങിയേനെ, അതിപ്പോൾ യുണൈറ്റഡ് സ്റ്റേറ്റ്സി ന്റെ ഭാഗവുമായേനെ. ഡോൺ പൊർഫിരിയോ ഒരിക്കലുമുണ്ടായിരു ന്നില്ല, ഒരിക്കലും പ്രത്യക്ഷപ്പെടാത്ത രക്ഷകനെയോർത്ത് മെക്സിക്കോ വിലപിക്കുമായിരുന്നു. അതുകൊണ്ടാണ് ഇക്കാമോളിൽ ഇങ്ങനെയൊരു ഫലകമുണ്ടായത്, 'ഇവിടെവച്ച് ഡോൺ പൊർഫിരിയോ രക്ഷപ്പെട്ടു; നമ്മുടെ നാട് രക്ഷപ്പെട്ടു.'

ലൂഷ്യോയിൽനിന്നുള്ള വാക്കുകളുടെ ഒഴുക്ക് തടയാനായി സ്ത്രീ കൈയുയർത്തി. അൻപത്തൊന്ന് വയസായ ഡോൺ പൊർഫിരിയോ ഒരു പതിനഞ്ചുകാരിപ്പെണ്ണിനെയാണ് കല്യാണം കഴിച്ചതെന്നറിയാമോ? നിങ്ങൾക്കിപ്പോൾ വയസ് അറുപത് കഴിഞ്ഞു, എനിക്ക് പ്രായം പതി നഞ്ചുമല്ല, എങ്കിലും അവരുടെ പ്രായവ്യത്യാസംതന്നെയാവും നമുക്കും. നിങ്ങളതേപ്പറ്റി ആലോചിക്കണമെന്ന് ഞാൻ കരുതി, ഇതേപ്പറ്റി ആലോ ചിക്കുമെന്നും എന്നു പറഞ്ഞുകൊണ്ട് അവർ മുഖത്തും കൈയിലും കാലിലും വിരലോടിച്ചു. എന്നാൽ നിങ്ങളുടെ കണ്ണുകൾ നിങ്ങളുടെ പട്ടണത്തിൽ തറഞ്ഞിരുന്നു. ഞാൻ ഡോൺ പൊർഫിരിയോയുടെ ജീവിതത്തിൽനിന്നൊരു ഭാഗം ചോദിച്ചപ്പോൾ നിങ്ങൾ നിങ്ങളുടെ നാടിനെ വാഴ്ത്തിപ്പാടി; പാറ്റകൾ മാത്രമർഹിക്കുന്ന ഒരു പ്രസംഗ മായിരുന്നു അത്. നിങ്ങളൊരു നാട്യക്കാരനാണ്, നിങ്ങൾ പിയർ ലാഫി യറ്റിന്റെ കാൽപാദത്തോളംപോലും വരില്ല. ലൂഷ്യോ തലകുനിച്ചു. ആ സ്ത്രീ പറഞ്ഞത് നേരാണ്. ഇങ്ങനെയാണ് ഒരു എഡിറ്റർ എഴുത്തു കാരനോട് ഇടപെടേണ്ടത്. അന്ദ്രാദെ ബെറെൻഗ്വറിന് തന്റെ എഡിറ്റ റിൽനിന്ന് ഇത്തരമൊരാക്ഷേപവും ശാസനയും കിട്ടിയിരിക്കണം. കട ലാസുകൾ അയാളുടെ മുഖത്തേക്കു പറന്നിരിക്കണം. നിങ്ങളെപ്പോഴാണ് പ്രണയികളെപ്പറ്റിയുള്ള സത്യം എന്നോടു പറയാൻ പോകുന്നത്? ഫെലിപ്പെ ഇബാറോളയെപ്പറ്റിയോ? നിങ്ങളുടെ ബുക്ക് മുന്നോട്ടു വായി ച്ചാലും പിറകോട്ടു വായിച്ചാലും മുഷിപ്പൻതന്നെയാണെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടാവുമോ? സ്ത്രീ ലൂഷ്യോയുടെ അടുത്തെത്തി; അവരുടെ ശബ്ദം അലോസരപ്പെട്ട ഒരു എഡിറ്ററുടേതല്ല, മറിച്ച് മനസ്സിലാക്കാൻ കഴിയുന്ന സ്ത്രീയുടേതാണ്. ആ നഗ്നശരീരങ്ങൾ തമ്മിൽ ആദ്യമായി

ചേർന്നതിനെപ്പറ്റി നിങ്ങൾ പറഞ്ഞിരുന്നെങ്കിൽ, അവർ പരസ്പരം പറഞ്ഞതെന്താന്ന് പറഞ്ഞിരുന്നെങ്കിൽ. അതോ നിശ്ശബ്ദതയായിരുന്നവോ? സ്നേഹം നിറഞ്ഞ വാക്കുകൾ പറയാൻ ഏകാധിപതിക്ക് കഴിഞ്ഞിരുന്നുവോ? കാർമ്മലീത്തയ്ക്ക് പ്രേമം തോന്നിയിരിക്കുമോ, അതോ തന്റെ അച്ഛൻ തന്നെ കരുതികൊടുത്തുവെന്ന് കരുതിയിരിക്കുമോ? പിയർ ലാഫിയറ്റിന് അത് അറിയുമായിരിക്കണം, എത്ര യുദ്ധങ്ങൾ പൊരുതിയാലും രാജ്യത്തിലെ പ്രശ്നങ്ങൾ എത്ര രൂക്ഷമായാലും ആ നിമിഷം ഡോൺ പൊർഫിരിയോയ്ക്കു മുന്നിൽ തന്റെ കിടക്കയിലെ കന്യകാമേനിയാണുള്ളത്, മെക്സിക്കോയല്ല. തീർച്ചയായും, ലൂഷ്യോ പറഞ്ഞു, എന്നാൽ ലാഫിയറ്റിന് വായനക്കാരുടെ മനസ്സിൽ വിശ്വാസമുണ്ട്; അതുകൊണ്ടാണ് ബാബെറ്റ് കയറിയശേഷം വാതിലടയുന്നത്, അതുകൊണ്ടാണ് ഡോൺ പൊർഫിരിയോയുടെ കിടപ്പുമുറിയുടെ കതകടയുന്നതും. നമുക്ക് കർട്ടനിലെ ദ്വാരത്തിലൂടെയോ താക്കോൽപ്പഴുതിലൂടെയോ ഒളിഞ്ഞുനോക്കേണ്ടിയും വാതിലിൽ കാതുചേർക്കേണ്ടിയും വരുന്നു. കാരണം നേർക്കാഴ്ചയെക്കാൾ സങ്കല്പത്തിന് എഴുത്തുകാരൻ വില കല്പിക്കുന്നു, ആഗ്രഹം ആനന്ദത്തെക്കാൾ തീക്ഷ്ണമാവുന്നു, സംശയം തെളിവിനെക്കാൾ അലോസരപ്പെടുത്തുന്നു. ലാഫിയറ്റ് എന്നാൽ പ്രൗഢമായ മൗനമാണ്. പല വായനക്കാരും അലറിവിളിക്കും, കതക് തുറക്കൂ, ഡോൺ പൊർഫിരിയോ, നിങ്ങൾ ആ പെണ്ണിനോട് ചെയ്യുന്നതെന്തെന്ന് എനിക്കറിയണം, അവളുടെ തുടകൾ വിറയ്ക്കുന്നത് എനിക്കു കാണാം, നിങ്ങൾ എങ്ങനെ അവളെ തിരിച്ചു കിടത്തുന്നുവെന്നും ഭോഗിക്കുന്നുവെന്നും അറിയണം; ശരീരവും അധികാരവും വിശക്കുന്ന അവളെ എനിക്ക് കാണണം. എഡിറ്റർ ആ കതകിൽ കൂടുതൽ ശക്തിയിലിടിക്കും, കതകു തള്ളിത്തുറന്ന് അകത്തു കയറാൻ ആഗ്രഹിക്കും: വേഗം തുറക്കൂ, അല്ലെങ്കിൽ നമുക്ക് നിരവധി വായനക്കാരെ നഷ്ടമാകും; തുറക്കൂ, അല്ലെങ്കിൽ ആർക്കും ഈ കഥ സിനിമയാക്കാൻ തോന്നില്ല. എന്നാൽ ലാഫിയറ്റ് തടയുന്നതുകൊണ്ട് ഡോൺ പൊർഫിരിയോ തുറക്കില്ല. വായനക്കാർ ഒറ്റയായും കൂട്ടമായും വിട്ടുപോകും, തുറന്ന കതകുകളുള്ള, രഹസ്യങ്ങളില്ലാത്ത കഥകളിലേക്ക്. അവിടെ വൈകാതെതന്നെ അവർ കിടപ്പുമുറിയിലെന്തു ചെയ്തെന്ന് വെളിപ്പെടും, ആരുടെ ആയുധമായിരുന്നു അതെന്ന് വ്യക്തമാകും, എന്തിനവൾ വിവാഹത്തിന് വിസമ്മതിച്ചുവെന്നും ആരാണവളെ കൊന്നതെന്നും എങ്ങനെയാണവളെ കൊന്നതെന്നും അമ്മൂമ്മയുടെ ബിസ്കറ്റിന്റെ ചേരുവകളെന്തെല്ലാമെന്നും യഥാർത്ഥ അച്ഛനാരായിരുന്നുവെന്നും പെൺകുട്ടിയുടെ ചെരിപ്പിനെന്തു സംഭവിച്ചുവെന്നും അറിയാനാകും. ലൂഷ്യോ നിശ്ശബ്ദനായി. ആ സ്ത്രീയുടെ കണ്ണുകളിൽനിന്നും അവരുടെ വിഷമിച്ചുള്ള ചിരിയിൽനിന്നും അവർ സഖ്യത്തിലല്ലെന്ന് മനസ്സിലാക്കിയ ലൂഷ്യോ വിഷയം

മാറ്റാനൊരുങ്ങി. ഞാൻ ലൈബ്രറി തുറന്ന് അധികം വൈകാതെ അതിന് ക്ലോസ് ഹാസ്‌ലിംഗർ എന്ന് പേരു കൊടുത്തു. അതിനുശേഷം ഗവൺമെന്റ് എന്നോട് ഏതോ അധ്യാപക സംഘടനാനേതാവായ ഒര ധ്യാപകന്റെ പേര് ലൈബ്രറിക്കിടാൻ ആവശ്യപ്പെട്ടു. ഇപ്പോൾ ഞാൻ സ്വതന്ത്രനാണ്, എനിക്കു തോന്നുന്ന പേരിടാം. നിങ്ങളുടെ മകളുടെ പേരിടാൻ അനുവദിക്കുമോ? അനാമാരിയോ? സ്ത്രീ ചോദിച്ചു. നിങ്ങൾ ക്കതിഷ്ടമാണോ, അനാമാരി ലൈബ്രറി? ലൂഷ്യോ അവരുടെ അരി കിൽ ചെന്ന് നെറ്റിയിൽനിന്ന് ഒരു മുടിച്ചുരുൾ എടുത്തുമാറ്റി. സ്ത്രീ അലോസരം കാണിക്കുകയോ മുഖം മാറ്റുകയോ ചെയ്തില്ല. ഗുരു ത്വാകർഷണം ആ ചുരുൾ തിരികെയെത്തിച്ചിരുന്നെങ്കിലെന്നയാൾ ആഗ്രഹിച്ചു; അവരുടെ മുഖത്തും ശരീരത്തിലും ആകമാനം മുടിച്ചു രുളുകൾ വന്നു വീണിരുന്നെങ്കിലെന്നും. അനാമാരി ഒരു പെൺകുട്ടിക്ക് ചേർന്ന പേരാണ്, എന്നാൽ ഒരു കെട്ടിടത്തിനു മുന്നിൽ അതു കണ്ടാൽ ഹോട്ടലാണെന്നു തോന്നും. ഞാൻ ബാബെറ്റ് എന്നാണുദ്ദേശിച്ചത്.

നട്ടുച്ചയായിരുന്നെങ്കിലും മേഘങ്ങൾ മായാഞ്ഞതുകൊണ്ട് നേര മിരുട്ടിയതായി തോന്നിച്ചു. മഴയെ ശപിച്ചുകൊണ്ട് ലൂഷ്യോ പുറത്തി റങ്ങി കല്ലുകൾക്കും ചില്ലകൾക്കും കുഴികൾക്കുമിടയിൽ തന്റെ ചെരി പ്പുണ്ടോ എന്നു നോക്കി. അയാൾ ധരിച്ചിരിക്കുന്ന കീറിപ്പറിഞ്ഞ ജോഡിയിലും ആ സ്ത്രീ തന്നെ അത്തരത്തിൽ കാണുന്നതിലും അയാൾക്ക് നാണക്കേടു തോന്നി. ഒരു സ്കാൻഡിനേവിയൻ നോവ ലിൽ പുതുതായി നഗരത്തിൽ വന്നിറങ്ങിയ കർഷകനെപ്പോലെയായി രുന്നു അയാൾ. നിങ്ങൾ 'നമ്മുടെ അന്നന്നത്തെ അപ്പം' വായിച്ചിട്ടുണ്ടോ? അയാൾ ചോദിച്ചു. അവർ തലകുലുക്കിയപ്പോൾ ലൂഷ്യോ തന്റെ ചെരി പ്പിലേക്കു വിരൽചൂണ്ടി. തീർച്ചയായും, അവർ പറഞ്ഞു. തന്റെ വിരലു കൾ അത്ര വളഞ്ഞതായിരുന്നില്ലെങ്കിൽ ചെരിപ്പിടാതെ നടക്കുന്നതാണ് ഭേദമെന്നാണ് ഒലെഗ് കരുതുന്നത്. ഒലെഗിന് ജോലിയില്ല, തലചായ്ക്കാ നിടമില്ല, വിശക്കുന്നുമുണ്ട്. നാട്ടിൻപുറത്ത് കല്ലുചുമക്കുന്ന ഒരു പരുക്കൻ ഭീമനാണ് അവൻ. എന്നാൽ നഗരത്തിലെ രീതികൾ വേറെയാണ്; കണ ക്കുകൂട്ടാനറിയില്ലെങ്കിൽ ഒലെഗിന്റെ കൈകൾകൊണ്ട് കാര്യമില്ല. ഹോട്ടലിനെ ചവറ് നീക്കം ചെയ്യാനവൻ തുനിയുമ്പോൾ അത് എറി ഞ്ഞുകളയാനല്ലെന്ന് വായനക്കാരനു മനസ്സിലാകും. ലൂഷ്യോ ഒരു ഇരുമ്പുകമ്പിയെടുത്ത് അധ്യാപകൻ ഫിഡെൻഷ്യോ അരിയാഗയുടെ പേരുള്ള പലക ഇളക്കാൻ തുടങ്ങി. ഒറ്റത്തട്ടിൽ പറിഞ്ഞുപോരാനുള്ള തേയുള്ളൂ അത്. ഓലഗ് തരംതാഴലിന്റെ അങ്ങേയറ്റത്തെത്തിയെന്നു നമുക്കറിയാം. ശൈത്യം വരുമ്പോൾ അവൻ പെരുവഴിയിൽ വെറു ങ്ങലിച്ചു കിടന്നു മരിക്കുമെന്ന് നമ്മൾ കരുതുമെങ്കിലും ബേക്കറിയു ടമസ്ഥ അവന് ചൂടു ചായയും റൊട്ടിയും നൽകും. എനിക്ക് നിന്നെ പ്പോലൊരു ജോലിക്കാരനെയാണു വേണ്ടത്. അവൾ പറഞ്ഞു. നിന്നെ

ഷോലെ ഒരാണിനെ. എഴുത്തുകാരൻ അവനെ പട്ടിണി കിടക്കാനോ വിറച്ചുമരിക്കാനോ അനുവദിക്കുകയില്ല, അവർ പറഞ്ഞു, എങ്കിലും നമുക്കറിയാം അതാണ് യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുക. ലൂഷ്യോ ആ പലക ഇളക്കി വഴിയിലേക്കെറിഞ്ഞു. ആ പലകയ്ക്കു കീഴെ ക്ലോസ് ഹാസ്‌ലിംഗറുടെ പേര് അപ്പോഴും തെളിഞ്ഞുനിന്നത് അയാളെ അത്ഭുതപ്പെടുത്തി. ആ പുസ്തകം കാരണമാണ് അയാൾക്ക് പാവ്‌ലോവ് പുരസ്കാരം ലഭിച്ചത്, അവർ പറഞ്ഞു. ഒലെഗ് മരിച്ചിരുന്നെങ്കിൽ പാവ്‌ലോവ് ഉണ്ടാകുമായിരുന്നില്ല. ചെരിപ്പ് മോശമാണെങ്കിലും അയാൾക്കു പുതിയൊരു ജീവിതം കൊടുക്കാൻ ഒരാൾ ഉണ്ടായി എന്നാണ് ഒലെഗ് തെളിയിക്കുന്നത്. അത് എഴുത്തുകാരൻ പുരുഷനായതുകൊണ്ടാണ്, അവർ സ്ഥാപിക്കാൻ ശ്രമിച്ചു; അയാൾ നല്ലൊരാത്മാവിനെ വരച്ചുവച്ച് അതുകൊണ്ടുമാത്രം ഒരു സ്ത്രീക്ക് അയാളെ സ്നേഹിക്കാൻ കഴിയുമെന്ന് പറഞ്ഞു. അയാൾക്ക് തെറ്റി: അത്തരമൊരു മനുഷ്യനെപ്പറ്റി ഞങ്ങൾ സ്ത്രീകൾക്ക് മറ്റുപല വിവരങ്ങളും അറിയേണ്ടതുണ്ട്. അയാളുടെ ശബ്ദത്തിലെ ഊഷ്മളതയെപ്പറ്റിയോ സംസാരിക്കമ്പോൾ അയാൾ കണ്ണിൽ നോക്കുമോ എന്നോ ചേർത്തുപിടിക്കുമ്പോൾ ഞങ്ങൾ ചെറുതായതായിത്തോന്നുമോ എന്നും ഒന്നും ഞങ്ങൾക്കറിയില്ലല്ലോ. രക്ഷിക്കപ്പെടേണ്ട ഒരു പുരുഷനിൽ ഒരു സ്ത്രീക്ക് താൽപര്യം തോന്നുകയില്ല. ഒരു ജോലിക്കാരനിൽ താൽപര്യമുണ്ടായേക്കും. എന്നാൽ ഒരു പുരുഷനെ സ്നേഹിക്കണമെങ്കിൽ അതിന് നല്ലൊരാത്മാവുണ്ടായാൽ മാത്രം പോരാ.

ബേക്കറിയുടെ ജനലിലൂടെ പുറത്തേക്കു നോക്കിയപ്പോൾ ഓരോ നിമിഷത്തിലും മഞ്ഞ് കൂടുതൽ ശക്തിയിൽ വീഴുന്നതായി ഗ്രെറ്റ ശ്രദ്ധിച്ചു. തെരുവുകൾ ഒഴിഞ്ഞുതുടങ്ങിയിരുന്നു. ഉച്ചകഴിഞ്ഞ് സാധനങ്ങൾ വാങ്ങാൻ ആരും വരില്ലെന്നു കരുതി കട നേരത്തെ അടച്ച് അവൾ വീട്ടിൽ പോകാനൊരുങ്ങി. വഴിയുടെ ഒരു വശത്തുണ്ടായിരുന്ന മഞ്ഞുകൂന ഒരു അവൾ ശ്രദ്ധിച്ചില്ല. എങ്കിലും പഴയ റൊട്ടി ഉണ്ടെങ്കിൽ അവൾ കൊടുക്കുമെന്നു കരുതി ഇരുണ്ടു കുഴിഞ്ഞ കണ്ണുകളുള്ള ഒലെഗ് വരാഞ്ഞതെന്തെന്ന് അവൾ ഓർത്തു.

ഇങ്ങനെയാവുന്നതാണോ നിങ്ങൾക്കിഷ്ടം? വളരെ ഭേദം, അവർ പറഞ്ഞു. മഞ്ഞിനടിയിൽ മരിച്ചുകിടക്കുന്ന ഒലെഗാണ് യഥാർത്ഥ കഥയെക്കാൾ ഭേദം. നിങ്ങളുടെ ഡോൺ പൊർഫിരിയോയുടെ പൊട്ടച്ചരിത്രത്തെക്കാളും ഭേദമാണത്. ഒരു പ്രസിഡന്റിനെക്കാൾ ഒരു പാവം സാത്താനെ കൈകാര്യം ചെയ്യാൻ നിങ്ങൾക്കു നന്നായറിയാം.

ആടിനെ മരത്തിൽ കെട്ടിയിട്ടിരിക്കുകയാണ്. റെമിഗിയോ മൃഗത്തി നടുത്തെത്തി അതിനെ കാൽകൊണ്ട് ഇറുക്കിപ്പിടിച്ചു. ഇടതുകൈകൊണ്ട് അതിന്റെ തലയിലെയും കഴുത്തിലെയും രോമത്തിൽ കൂട്ടിപ്പിടിച്ച് വല തുകൈകൊണ്ട് കത്തി നീട്ടി. ആ മൃഗം കാലുകൾ അനക്കി സ്വതന്ത്ര മാകാനൊരു വിഫലശ്രമം നടത്തിനോക്കി, ഒരു പ്രതിഷേധമറിയിക്കാ നെന്നപോലെ. രക്തം ശേഖരിക്കാനായി വച്ചിരിക്കുന്ന നീല പ്ലാസ്റ്റിക്ക് പാത്രത്തിലേക്കതു നോക്കി.

"നിൽക്ക്," ലൂഷ്യോ പറഞ്ഞു, "സാധാരണ രീതിയിൽ അതിനെ കൊല്ലരുത്."

മണിക്കൂറുകൾ മുമ്പ് അറക്കാറായ ആടുണ്ടോയെന്ന് തിരക്കി ലൂഷ്യോ ഓരോ വാതിലിലും ചെന്ന് മുട്ടിയിരുന്നു. സെനോർ ട്രെവി നോയാണ് ഒടുവിൽ തന്റെ പക്കൽ ഒരെണ്ണമുണ്ടെന്നു പറഞ്ഞത്. ലൂഷ്യോ അതിനെ എടുക്കാൻ തയ്യാറായി. "നാളെത്തന്നെ ഞാൻ വൃത്തി യാക്കി തിന്നാനോ വിൽക്കാനോ തയ്യാറാക്കി കൊണ്ടുവന്നുതരാം, പ്രത്യേകിച്ച് കൂലിയൊന്നും വേണ്ട, എനിക്കെന്റെ മകനെ ഒരു സംഗതി പഠിപ്പിക്കാനാണ്." പ്രത്യേകിച്ചൊന്നും വിശദീകരിക്കേണ്ട, ഉള്ളിലെ പണ്ടങ്ങളുൾപ്പെടെ മുഴുവൻ ഇറച്ചിയും തനിക്കു കിട്ടിയാൽ മതി എന്ന അർത്ഥത്തിൽ ട്രെവിനോ തലകുലുക്കി. "നിങ്ങൾക്കു വേണമെങ്കിൽ ചോരയും തൊലിയുമെടുത്തോ, ബാക്കിയുള്ളത് മതി എനിക്ക്." റെമി ഗിയോ കാൽകൊണ്ടുള്ള പിടിത്തം വിടുവിച്ചപ്പോൾ ആട് മരത്തിന്റെ എതിർവശത്തേക്കു പോയി. രക്ഷപ്പെടാനുള്ള ശ്രമമൊന്നുമില്ലാതെ വളരെപ്പതിയെയാണ് ആ മൃഗം ചലിച്ചത്. അത് മരത്തിനുചുറ്റുമുള്ള പുല്ല് തിന്നാൻ തുടങ്ങി. "നിന്റെ ഇടംകൈ ശരിയായിരുന്നു," ലൂഷ്യോ പറഞ്ഞു. "നീയതിനെ കഴുത്തിനുകൂട്ടിയാണു പിടിക്കേണ്ടത്, എന്നാൽ മറ്റു സംഗതികളെല്ലാം മാറ്റണം. ഉദാഹരണത്തിന്, കത്തികൊണ്ട് കഴുത്ത് കണ്ടിക്കുകയല്ല വേണ്ടത്; വയറ്റിൽ വാരിയെല്ലിന്റെ തൊട്ടടിയിലേക്ക് കുത്തിയിറക്കുകയാണു വേണ്ടത്. നീയതിന്റെ മുന്നിൽ നിൽക്കണം; അതിനെ ഉയർത്തി രണ്ടുകാലിൽ നിറുത്തി കണ്ണിലേക്കു നോക്കണം." റെമിഗിയോ ചുണ്ട് കോട്ടി ഒരു നിമിഷം ആലോചിച്ചശേഷം തലകുലുക്കി വീടിനുള്ളിൽ കയറിപ്പോയി അടിവസ്ത്രം മാത്രമിട്ട് നഗ്നപാദനായി വന്നു. ലൂഷ്യോ ഉച്ചത്തിൽ നെടുവീർപ്പിട്ടു. എപ്പോഴാണ് എന്റെ മകൻ

ഇത്ര വൃത്തിക്കാരനായി മാറിയത്? ഞാൻ പ്രധാനപ്പെട്ട എന്തെങ്കിലും പറയാൻ ശ്രമിക്കുമ്പോൾ അവന് ഉടുപ്പിൽ കറപറ്റുമെന്ന വിചാരമാണ്.

എല്ലാം ശരിയായി എന്നു പറഞ്ഞുകൊണ്ട് റെമിഗിയോ ആടിനെ കഴുത്തിനുപിടിച്ച് എടുത്തുയർത്തി പിൻകാലിൽ നിറുത്തി. "ഏതാണ് വാരിയെല്ലെന്നു കാണിച്ചു താ." ആ മൃഗം ഒരു പുൽനാമ്പ് ചവച്ചുകൊണ്ടിരുന്നു. വയറുതുടങ്ങുന്ന മയമുള്ള ഒരിടത്തേക്ക് ലൂഷ്യോ വിരൽ ചൂണ്ടി. "ഇവിടെ," അയാൾ പറഞ്ഞു, "നിന്റെ ഇഷ്ടംപോലെ, ശക്തിയിൽ ഒന്ന് കുത്തുകയോ മെല്ലെ കുത്തിയിറക്കുകയോ ചെയ്യ്." റെമിഗിയോ കത്തി ആ കൃത്യസ്ഥാനത്ത് വച്ചു. അതിന്റെ മഞ്ഞക്കണ്ണുകളിലേക്കു തുറിച്ചുനോക്കിക്കൊണ്ട് അവൻ ആഞ്ഞുകുത്തി. ആദ്യമുണ്ടായ ഏക വ്യത്യാസം അത് ചവയ്ക്കൽ നിറുത്തിയെന്നതു മാത്രമാണ്; കരച്ചിലൊന്നും ഉണ്ടായില്ല. പകരം തൊണ്ടയിൽനിന്നൊരു ശീൽക്കാരമുണ്ടായി, മൂക്ക് വിടർന്നു. "കത്തിയൊന്ന് തിരിക്ക്," ലൂഷ്യോ ആജ്ഞാപിച്ചു. "നീയാണ് അതിനെ അപായപ്പെടുത്തുന്നതെന്ന് അതിനു മനസ്സിലാകണം." ഇരയുടെ കണ്ണിൽത്തന്നെ നോക്കുന്നതുകൊണ്ട് റെമിഗിയോയ്ക്ക് മുറിവ് കാണാൻ കഴിയുന്നില്ല. എന്നാൽ അത് കാണേണ്ട കാര്യമൊന്നുമില്ല, കാരണം ഒരു കൈയിലൂടെ രക്തമൊഴുകുന്നതും മറുകൈയിലെ കാലുകൾക്ക് ബലം കുറയുന്നതും നിലത്ത് വീഴുന്ന മൂത്രത്തിന്റെ ഒച്ചയും അറിയാൻ അവന് കഴിയുന്നുണ്ട്. കത്തി ഒരൽപംകൂടി തിരിച്ചപ്പോൾ ആടിന്റെ കൺപോളകൾ പാതിയടഞ്ഞു. മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും റെമിഗിയോയെ വല്ലാതെ കുഴക്കിയ ഒരു ഭാവം ആടിന്റെ മുഖത്തുണ്ടായി. അപ്പോഴും ജീവൻ ബാക്കിയുണ്ടെങ്കിലും ആട് കണ്ണുകളടച്ചു. "ഇനിയും വേണോ?" "കുഴപ്പമില്ല," ലൂഷ്യോ മറുപടി പറഞ്ഞു, "നീ കാണേണ്ടത് കണ്ടുകഴിഞ്ഞു." റെമിഗിയോ കത്തിയൂരി അതിന്റെ മേലുള്ള പിടിവിട്ട് അത് ഉറയ്ക്കാത്ത കാലിൽ നിൽക്കാൻ ശ്രമിച്ചു, വായിൽനിന്നും പുൽനാമ്പ് തെറിച്ചു നിന്നിരുന്നു.

"നീ സാന്റിനെയും സഹപ്രവർത്തകരെയുംകാൾ മിടുക്കനാണോയെന്നു നോക്കാം. നീ പേടിയോ വിടർന്ന കണ്ണുകളോ കണ്ടോ? ഇല്ല, അങ്ങനെയൊന്നുമില്ല. ആട് എന്തുകൊണ്ടാണ് നല്ല ഒരു ബലിമൃഗമാകുന്നതെന്നറിയുമോ?" റെമിഗിയോയിൽനിന്ന് മറുപടിയൊന്നും വരാത്തപ്പോൾ ലൂഷ്യോ തുടർന്നു, "കാരണം അതൊരു മനുഷ്യനെപ്പോലെയാണ് മരിക്കുന്നത്, ഒരുപക്ഷേ, മനുഷ്യനെക്കാൾ മാന്യതയോടെ. കാരണം ആട് ഭാവിയെപ്പറ്റിയോ തീർക്കാത്ത ജോലികളെപ്പറ്റിയോ അമ്മയെപ്പറ്റിയോ കുഞ്ഞുങ്ങളെപ്പറ്റിയോ ഇവാഞ്ചലീന എന്നു പേരുള്ള സ്ത്രീയെപ്പറ്റിയോ ചിന്തിക്കുന്നില്ല. അതുകൊണ്ടാണ് അതിനെ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ പറ്റുന്നത്. അത് തൊഴിച്ചാലും

അതൊരു പ്രതിപ്രവർത്തനം മാത്രമാണ്; അവൻ നിന്നെ അപകടപ്പെടുത്തുകയില്ല. പുരോഹിതർ ബലിക്കോഴിയെപ്പറ്റി പറയാറില്ല, കാരണം അത് തലയില്ലാതെ ഓടിനടക്കും, നായാണെങ്കിൽ കുതറിയോടും. നേരാണ് മനുഷ്യൻ സ്വയരക്ഷ നോക്കും, എഴുത്തുകാരൻ പറയുന്നതുപോലെ പേടിക്കുകയുമൊക്കെച്ചെയ്യും. എന്നാൽ ഒടുവിൽ അവനൊരാടിനെപ്പോലെതന്നെയാകും, പേടിയല്ല, അത് മറ്റെന്തോ ആണ്, ശ്രദ്ധിച്ചില്ലേ?" റെമിഗിയോ ആ ആടിന്റെ ഭാവം മനസ്സിലാക്കാൻ ശ്രമിച്ചു. അവൻ തിരിഞ്ഞുനോക്കിയപ്പോൾ തന്റെ രക്തം കൃത്യം ആ പാത്രത്തിലേക്കു വീഴാൻ പാകത്തിൽ ആ ആട് വിറച്ചുകൊണ്ട് പോയി നിന്നിരുന്നു. "ലജ്ജ, അവൻ ലജ്ജിതനായെന്നാണ് എനിക്ക് തോന്നുന്നത്." ലൂഷ്യോ തിളങ്ങി. "അതുതന്നെ." അടിവസ്ത്രത്തിൽ നിൽക്കുന്ന ഒരുത്തനിൽനിന്ന് ഞാൻ ഈ ഉത്തരം പ്രതീക്ഷിച്ചില്ല, എങ്കിലും, നിന്റെ കാഴ്ച സാന്റിനെയും ചങ്ങാതിമാരെയുംകാൾ ആഴത്തിലാണ്. ഞാനുറപ്പ് തരുന്നു, നെഞ്ചിൽ വെടിയുണ്ട തറച്ച് ഇത് തന്റെ അവസാനമാണെന്നുറപ്പിച്ച ഒരു സ്ത്രീ പൊതുസ്ഥലത്ത് നഗ്നയായാലോ കുളിമുറിയിലൊരാൾ ഒളിഞ്ഞുനോക്കിയാലോ എത്ര ലജ്ജിക്കുമോ അത്രതന്നെ ഇപ്പോഴും ലജ്ജിക്കും. സമയമുണ്ടെങ്കിൽ തന്നെ ശവമടക്കുമ്പോൾ ഏതു വസ്ത്രമുടുപ്പിക്കുമെന്നുപോലും അവർ വേവലാതിപ്പെടും. കൊലപാതകത്തെപ്പറ്റിയുള്ള നോവലുകളിൽ അത്തരമൊരു സംഗതിയും കാണാറില്ല. രക്തച്ചൊരിച്ചിലും പേടിയുടെ നാനാർത്ഥങ്ങളും ചിലപ്പോഴൊക്കെ ദേഷ്യവും അപമാനവും കരച്ചിലുംപോലുമുണ്ടാവാറുണ്ട്. എന്നാൽ ലജ്ജ ഒരിക്കലുമില്ല. കുറ്റിക്കാട്ടിൽ വെളിക്കിരിക്കുമ്പോൾ സെനോര ഉർദനേതയെ ഒരു പാമ്പ് കടിച്ചു. അവശേഷിക്കുന്ന ശക്തി അവർ എങ്ങനെ ഉപയോഗപ്പെടുത്തും? "അറിയില്ല," റെമിഗിയോ പറഞ്ഞു, ചിലപ്പോൾ ഉയർത്തിച്ചുരുട്ടി വച്ച പാവാട താഴ്ത്തിയിടുമായിരിക്കും. "വളരെ ശരി," ലൂഷ്യോ പറഞ്ഞു, എന്നാൽ കൈയിൽ കടലാസുണ്ടെങ്കിൽ അവർ ആദ്യം സ്വയം തുടയ്ക്കും; "ചോദ്യം രക്ഷപ്പെടലിന്റെയല്ല, മറിച്ച് മാന്യമായ മരണത്തിന്റെയാണ്. സാന്റിൻ പക്ഷേ, എനിക്ക് മരിക്കണ്ട എന്നവർ അലറുന്നതായും കണ്ണുകൾ പേടികൊണ്ട് നിറഞ്ഞതായും ഒരു കപടമരണം ചിത്രീകരിക്കാനുള്ള മറ്റെല്ലാ അനുസാരികളും ആ രംഗത്തിൽ കുത്തിനിറയ്ക്കും. ആടിന് വേഗംതന്നെ ഇത് അവസാനമാണെന്ന് മനസ്സിലാവുകയും അത് തല കുനിക്കുകയുംചെയ്യും. "അപ്പോൾ പെഡ്രോ മൊണ്ടസോ?" റെമിഗിയോ ചോദിച്ചു. "അവനവിടെ വളരെ ദിവസം കിടന്നു, അതുകൊണ്ടാണവൻ ആ കത്തെഴുതിയത്, എന്നാൽ എനിക്കുറപ്പാണ്. തന്നെ മൂത്രം നാറുന്നതിന്റെ നാണക്കേടായിരിക്കും അവന് അവസാന നിമിഷങ്ങളിൽ തോന്നിയിരിക്കുക," ലൂഷ്യോ പറഞ്ഞു.

റെമിഗിയോ തോൾ വെട്ടിച്ചു. ചിലപ്പോൾ നിങ്ങൾ പറയുന്നത് ശരിയായിരിക്കും, എന്നാൽ ഒരു യഥാർത്ഥ മരണവും കള്ളമരണവും തമ്മിൽ വേതിരിച്ചറിയാൻ വായനക്കാരനു കഴിയുന്നില്ലെങ്കിൽ പിന്നെ എഴുത്തുകാരൻ എന്തെഴുതിയാലെന്ത്! അതുകൊണ്ടാണവർ സാന്റിന് കൈയടിക്കുന്നത്. പിന്നെ എന്തൊക്കെയായാലും നോവലുകൾ വെറും വാക്കുകൾ മാത്രമാണ്, മരണമെന്ന വാക്കും യഥാർത്ഥമരണവും തുല്യമല്ല.

ലൂഷ്യോ ഹെർലിൻഡയെ ഓർമ്മിച്ചു; താടിവരെ പുതപ്പുവലിച്ചിട്ട നിലയിൽ മാന്യതയോടെ കിടക്കുന്ന ഹെർലിൻഡയെയാണ് ലൂഷ്യോ കണ്ടത്. എന്നാൽ തീർച്ചയായും തന്റെ കാലിലെ വേദന വെറും തളർച്ചയല്ല, ഗുരുതരമായ മറ്റെന്തോ ആണെന്ന് അവൾ തിരിച്ചറിഞ്ഞ നിമിഷം ഉണ്ടായിരിക്കണം. എന്നിട്ടുമവൾ സഹായം തിരക്കി വഴിയിലേക്കിറങ്ങാതെ കട്ടിലിൽതന്നെ കിടക്കാൻ തീരുമാനിച്ചു. നീലച്ചു തുടങ്ങിയ തന്റെ കാൽ ഇക്കാമോളുകാരെ മുഴുവൻ കാണിക്കുന്നതിനെക്കാൾ ഭേദം നിശ്ശബ്ദമായി, രഹസ്യമായി മരിക്കുന്നതാണെന്നവൾ കരുതിയിട്ടുണ്ടാവണം. മണ്ണിൽ അവൾ കിടക്കുന്നതു കണ്ട ആദ്യത്തെ സ്ത്രീ പറഞ്ഞേനെ, ഹെർലിൻഡ മരിക്കുകയാണെന്ന് ലൂഷ്യോയോട് പോയി പറയൂ. തനിക്കിനി നിമിഷങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂവെന്ന് ഉറപ്പായ ഹെർലിൻഡ ആ സ്ത്രീയോട് മനസ് തുറക്കും, ചിലപ്പോളത് സെനോര ഉർദനേതയാവാം: ദയവുചെയ്ത് ലൂഷ്യോയോട് ഞാനയാളെ വളരെയധികം സ്നേഹിക്കുന്നുവെന്നും റെമിഗിയോയോട് ഞാനവനെ മറുലോകത്തിരുന്ന് നോക്കുമെന്നും പറയണം. ഇത്തരം വാക്കുകൾ പറയുന്നതിനെക്കാൾ നല്ലത് അവൾ മരിച്ചതുപോലെ നിശ്ശബ്ദം മരിക്കുന്നതാണ്. കുഴിയിലേക്കു ശവം താഴ്ത്തുമ്പോൾ അല്ലെങ്കിൽ സെനോര ഉർദനേത വന്ന് എന്റെ ചെവിയിൽ ആ മരണാനന്തര സന്ദേശം മന്ത്രിക്കും: സാന്ദർഭികമായി, നിങ്ങളുടെ ഭാര്യ നിങ്ങളെ വളരെയധികം സ്നേഹിക്കുന്നുവെന്ന് എന്നോടു പറഞ്ഞു.

ഒരു നിമിഷം ലൂഷ്യോ അടിവസ്ത്രംമാത്രം ധരിച്ച് ചോരയിൽ കുളിച്ചുനിൽക്കുന്ന റെമിഗിയോയെ നോക്കി. കത്തി കൈയിൽ പിടിച്ചുകൊണ്ടുള്ള ആ നിൽപ്പുണ്ടെങ്കിലും അവൻ നിസ്സഹായനാണെന്ന് അയാൾക്ക് തോന്നി. കുട്ടിയായിരുന്നപ്പോഴെന്നതുപോലെ അയാൾ അവനെ കെട്ടിപ്പിടിച്ചു. സാന്ദർഭികമായി, അയാൾ അവനോട് പറഞ്ഞു, "നിന്റെ അമ്മ മറുലോകത്തിരുന്ന് നിന്നെ നോക്കുന്നുണ്ട്."

അവോക്കാഡോ മരത്തിനരികിൽ ആട് തുപ്പലൊലിപ്പിച്ചു നിന്നു.

ക്ലോസ് ഹാസ്‌ലിംഗറുടെ പേരിനു മീതേ പൂശിയ വെളുത്ത ചായം ഉണങ്ങാനായി അവർ നിശ്ശബ്ദരായി കാത്തുനിന്നു. അരിയാഗ വാധ്യാരുടെ പേരെഴുതിയ പലകയെടുത്ത് ലൂഷ്യോ വീശിക്കൊണ്ടിരുന്നു. ഉച്ചകഴിഞ്ഞത്തെ ഉഷ്ണം ഉണങ്ങാൻ താമസിപ്പിക്കുന്നുണ്ടായിരുന്നു. ഉടൻ വരാമെന്നു പറഞ്ഞ് റെമിഗിയോ ലൈബ്രറിക്കുള്ളിലേക്ക് കയറിപ്പോയി. ആപ്പിൾ മരം വായിച്ചതിനുശേഷം അടുത്തതൊരെണ്ണം വായിക്കാൻവേണ്ടി ആദ്യത്തെ ബുക്ഷെൽഫിനടുത്തെത്തി. എഴുത്തുകാരന്റെയോ പുസ്തകത്തിന്റെയോ പേരുകൾ പരിചയമില്ലായിരുന്നതുകൊണ്ട് അവൻ കണ്ണുമടച്ച് ഒരു പുസ്തകമെടുത്തു. അവനതിന്റെ പുറംചട്ട ഇഷ്ടപ്പെട്ടു; തീരത്തടിഞ്ഞ ഒരു ബോട്ടിന്റെ ചിത്രം; എന്നാൽ അതൊരു തടിയൻ പുസ്തകമാണെന്ന് തോന്നിയപ്പോൾ അവനത് തിരികെ വച്ച് മെലിഞ്ഞ ഒരു പുസ്തകമെടുത്തു. അവസാനത്തെ പേജിലേക്കു മറിച്ച് അവനതിന്റെ താളുകളുടെ എണ്ണം നോക്കി: 207-ാം പേജ്. തരക്കേടില്ല, അവൻ മനക്കണക്ക് കൂട്ടിക്കൊണ്ട് സ്വയം പറഞ്ഞു: ആപ്പിൾ മരത്തെക്കാൾ 83 പേജ് കുറവ്. ഉണങ്ങിക്കഴിഞ്ഞു, എഴുതാറായി എന്ന് ലൂഷ്യോ ഉറക്കെ വിളിച്ചുപറഞ്ഞു. റെമിഗിയോ പുറത്തിറങ്ങി. പെയിന്റ് പാത്രങ്ങൾക്കരികിൽ നോവൽ വച്ചു. ശ്രദ്ധിച്ചുകേൾക്ക്, അവന്റെ കണ്ണിൽ നോക്കി മെല്ലെ ലൂഷ്യോ പറഞ്ഞു, ബിബ്ലിയോത്തെക്കയുടെ ബി ബറോയുടെപോലെയാണ്; ബാബെറ്റിന്റെപോലെയും. ബിബ്ലിയോത്തെക്ക ബാബെറ്റ്, നാല് ബി, മൂന്ന് റ്റി, കേൾക്കാൻ രസമുണ്ട്; ആളുകൾ വന്ന് വായിക്കും. അക്ഷരത്തെറ്റില്ലാതെ ശരിയായി എഴുതണം. പുറംചട്ട നോക്കിക്കോളൂ, ഞാൻ എടുത്തുകൊണ്ടു വരാം. ബാബെറ്റ് എന്നെഴുതുമ്പോൾ നീ തെറ്റൊന്നും വരുത്തിയേക്കരുത്; ഒരു റ്റിയും ബിയ്ക്ക് പകരം വിയുമെഴുതിയ ആ പോലിസുകാരനെപ്പോലെയാകരുത്. അകത്തുകയറി ഒരു നിമിഷംകൊണ്ട് 'ബാബെറ്റിന്റെ മരണം' എടുത്തുകൊണ്ടു വന്ന് അത് ചുമരിൽ ചാരിവച്ചശേഷം അയാൾ പറഞ്ഞു, "അഞ്ചെണ്ണമേ ഉച്ചരിക്കുന്നുള്ളൂവെങ്കിലും ഏഴ് അക്ഷരങ്ങളുണ്ട്." കറുത്തുതടിച്ച അക്ഷരത്തിൽ റെമിഗിയോ ആദ്യത്തെ ബി എഴുതിക്കഴിഞ്ഞതും പിന്നിൽനിന്നൊരു ശബ്ദം കേട്ടു. "ആരാണ് സെനോർ ലൂഷ്യോ?" തല തിരിച്ചപ്പോൾ ഒരു വെളുത്ത ലാബ് കോട്ടോ നഴ്സിന്റെ ജാക്കറ്റോ മറ്റോ ധരിച്ച ഒരു യുവതിയെയാണു കണ്ടത്.

പുറത്ത് തെരുവിൽ അവനു തിരിച്ചറിയാൻ കഴിയാത്ത എന്തോ ചിഹ്നം കതകിൽ ഘടിപ്പിച്ചിട്ടുള്ള ഒരു കാർ റെമിഗിയോ കണ്ടു. "നിങ്ങളിലാരെങ്കിലുമാണോ സെനോർ ലൂഷ്യോ?" സംസാരിക്കുമ്പോൾ അവളുടെ ചുണ്ടുകൾ അനങ്ങുന്നതേയില്ല. ആ നേരംകൊണ്ട് രണ്ടുപേരും നിശ്ശബ്ദമായി ഒരു വിലയിരുത്തൽ നടത്തിയിരുന്നു: അവൾ തീരെ മോഹിപ്പിക്കുന്നവളല്ല, കാരണം പ്രധാനമായും ചെറിയ കണ്ണുകളും എടുത്തു നിൽക്കുന്ന കവിളെല്ലുകളും, പിന്നെ വലിയ പിൻഭാഗവും നന്നേ ഒട്ടിയ നെഞ്ചും. "ഞാനാണ്," ലൂഷ്യോ മറുപടി പറഞ്ഞു. മുഖത്ത് ഭാവമാറ്റം വരുത്തുകയോ കൈ കൊടുക്കുകയോ ചെയ്യാതെ അവർ സ്വയം പരിചയപ്പെടുത്തി. ഞാൻ ലൈസൻഷ്യാഡ കാംപോസ്, ഇൻചാർജ്, സെനോർ മെൽക്വിസിദെക്ക് മാരോക്വിന്റെ മരണത്തെപ്പറ്റി വ്യസനപൂർവ്വം നിങ്ങളെ അറിയിക്കാനാണ് ഞാൻ വന്നത്. "നിങ്ങൾ നിങ്ങളുടെ സമയമെടുത്തു," ലൂഷ്യോ പറഞ്ഞു, എന്തായാലും സാമ്പ്രദായികമായ ദുഃഖാചരണമൊക്കെ അനാവശ്യമാണ്. റെമിഗിയോയ്ക്കു നേരേ തിരിഞ്ഞ് അയാൾ പറഞ്ഞു, ഏറ്റവും കുറഞ്ഞത് ഇന്നെങ്കിലും വിവരമെത്തുമെന്ന് ഞാൻ പറഞ്ഞില്ലേ. മരിച്ചു. മെൽക്വിസിദെക്ക് മരിച്ചു, അതോ കൊന്നുവെന്ന് പറയണോ? ലൈസൻഷ്യാഡയുടെ മുഖഭാവം അമ്പരപ്പിലേക്കു വഴിമാറി. ഞാൻ കയറി വരട്ടേ? നിങ്ങൾ ഒപ്പിടേണ്ട കടലാസുകൾ എന്റെ പക്കലുണ്ട്. ആ സ്ത്രീയുടെ കൈവശം എന്തു തരം കടലാസുകളാവും ഉണ്ടാവുക എന്ന് ലൂഷ്യോ ആലോചിച്ചു. ചിലപ്പോൾ ഒരു സ്റ്റേറ്റ്മെന്റായിരിക്കും: ഒരു വെയിലുള്ള പ്രഭാതത്തിൽ ഞങ്ങൾ വണ്ടിയിൽ സവാരിക്കിറങ്ങി. മെൽക്വിസിദെക്ക് പിക്ക്അപ്പ് ട്രക്കിന്റെ പിറകിലായിരുന്നു. പെട്ടെന്ന് കണ്ണാടിയിൽ നോക്കിയപ്പോൾ അയാളവിടെയില്ലെന്ന് ഞാൻ കണ്ടു. താഴെ വീണുപോയതാണ്, നിർഭാഗ്യകരമായ ഒരപകടം. "ഇല്ല ലൈസൻഷ്യാഡ," അയാൾ പറഞ്ഞു, "എനിക്കയാളുടെ മരണവുമായി യാതൊരു ബന്ധമില്ല, ഞാൻ ഒരിക്കലും പിക്ക്അപ്പ് ട്രക്ക് ഓടിച്ചിട്ടുമില്ല. ഇത് വേറൊരു സംഗതിയാണ്," അവർ പറഞ്ഞു. "നമുക്ക് അകത്തിരിക്കാമോ? അവർ ലൈബ്രറിയിലേക്കു കയറിപ്പോകുന്നതു കണ്ട റെമിഗിയോ ആദ്യത്തേതിനു താഴെയായി മറ്റൊരു തടിയൻ ബി എഴുതുന്നതിനിടെ കാതുകൂർപ്പിച്ചു. ലൂഷ്യോ അയാളുടെ മേശയ്ക്കു പിന്നിലിരുന്ന് ലൈസൻഷ്യാഡയോട് ഇരിക്കാൻ ആംഗ്യം കാട്ടി. അവർ പെട്ടി തുറന്ന് ഒരു ഫയൽ പുറത്തെടുത്തു. വേഗത്തിൽ കാര്യങ്ങൾ നീക്കേണ്ടിയിരിക്കുന്നു, അവർ പറഞ്ഞു. ശരീരം ഇപ്പോഴും പോലീസ് സ്റ്റേഷനിലാണ്, അവിടെ ശീതീകരണസംവിധാനമൊന്നുമില്ല. എന്തിന് വേഗത്തിൽ? ലൂഷ്യോയ്ക്ക് അറിയണമെന്നുണ്ടായിരുന്നു, എന്നാൽ ഉത്തരത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല, കടലാസുകളിൽ എല്ലാം വ്യക്തമായിരുന്നു. ആദ്യത്തെ പേജിന്റെ പാതി വായിച്ചുകഴിഞ്ഞപ്പോൾ അയാൾ തലയുയർത്തി ലൈസൻഷ്യാഡയെ

നോക്കി. അയാളുടെ പേര് നീലമഷിയിൽ വരുന്ന വരിയിൽ ചൂണ്ടുവിരൽ വച്ചുകൊണ്ട് ലൂഷ്യോ പറഞ്ഞു, 'എനിക്കയാളുമായി ബന്ധമൊന്നുമില്ല: ലൂഷ്യോ മിറെൽസ്, അളിയൻ, സ്വദേശം, ഇക്കാമോൾ, തൊഴിൽ, ലൈബ്രേറിയൻ. അളിയനോ? മെൽക്വിസിദെക്കിന് ഭാര്യയുള്ളതായറിയില്ല. എന്റെ ഭാര്യയ്ക്ക് സഹോദരിമാരുമില്ല. അയാൾ എണീറ്റുനിന്ന് ആ കടലാസ് വീശി. തൊഴിൽ ലൈബ്രേറിയനോ? ഗവൺമെന്റ് സീലുള്ള കടലാസിൽ കണ്ട ആ രണ്ടു വാക്കുകൾ അയാളെ അലോസരപ്പെടുത്തി. പുസ്തകങ്ങൾ ഇപ്പോൾ എന്റെ തൊഴിലല്ല, നിങ്ങളത് എന്നിൽ നിന്നും എടുത്തുമാറ്റി; ഇതേ വർഷം ഫെബ്രുവരിമുതൽ ഫിഡെൻഷ്യോ അരിയാഗ ലൈബ്രറി പ്രവർത്തിക്കുന്നതല്ലെന്നും താങ്കളുടെ ശമ്പള ബാക്കിയും ലൈബ്രറി പൂട്ടാനുള്ള താഴും വന്ന് കൈപ്പറ്റണമെന്ന് ഖേദ പൂർവ്വം അറിയിക്കുന്നുവെന്ന കത്തിലും ഇതേ സീൽ ഉണ്ടായിരുന്നു. സെനോർ, ലൈസൻഷ്യാഡ ക്ഷമയോടെ പറഞ്ഞു, ഞാൻ നിങ്ങളുടെ ജീവിതം ചർച്ച ചെയ്യാനല്ല വന്നത്. സെനോർ മരോക്വിന്റെ ശരീരം ഏറ്റെടുക്കാൻ ഒരാളെയന്വേഷിച്ചാണ് ഞാൻ നിങ്ങളുടെയരികിൽ വന്നത്, തന്റെ അടുത്ത ബന്ധുവായി മരിച്ചയാൾ പറഞ്ഞത് നിങ്ങളുടെ പേരാണ്. അവർക്കാവശ്യമുള്ള വരി കണ്ടെത്തുംവരെ കടലാസിൽ കണ്ണോടിച്ചു. "മാത്രമല്ല," അവർ പറഞ്ഞു, "കേസ് ഫയലിൽ പറയുന്നത് പെൺകുട്ടിയുടെ തിരോധാനവുമായും മറ്റു പല കുട്ടികളുടെ തിരോധനങ്ങളുമായും മെൽക്വിസിദെക്ക് മരോക്വിന് ബന്ധമുണ്ടെന്നും കുട്ടികളെ കടത്താൻ അയാൾ വെള്ളം കൊണ്ടുവരുന്ന ട്രക്ക് ഉപയോഗിച്ചിരുന്നുവെന്നും വിവരം തന്നത് ലൈബ്രേറിയനാണെന്നാണ്. ഈ കുട്ടിയുടേതല്ലാത്ത മറ്റു കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്തതു കൊണ്ട് അത് അന്വേഷിച്ചില്ല. ഇപ്പോൾ മനസിലായോ? ലൈസൻഷ്യാഡ കടലാസുകൾ അയാളുടെ ഡെസ്കിൽ വച്ചു. ഒരു തരത്തിൽ നിങ്ങളാണ് സെനോർ മെൽക്വിസിദെക്കിന്റെ വിധിക്ക് ഉത്തരവാദി. ആ വാക്കുകളിലെ പുച്ഛഭാവത്തിൽനിന്നും മെൽക്വിസിദെക്ക് കുറ്റവാളിയാണെന്ന് ലൈസൻഷ്യാഡ കരുതുന്നില്ലെന്നു തോന്നി. മൈക്കിൾ വില്യം ബ്രൗൺ എഴുതിയ ഒരു ചെറുകഥയാണ് അയാൾക്കോർമ്മ വന്നത്. ഒരു മൃഗശാലാസന്ദർശനത്തിനിടെ കഥാനായകൻ ഒരു സഹപാഠിയെ ബംഗാൾ കടുവകളുള്ള ഒരു മതിലിനുള്ളിലേക്കു തള്ളിയിട്ടു. ഞാൻ തള്ളിയതായി അവർക്കാരോപിക്കാൻ കഴിയും, എന്നാൽ ബില്ലിയെ തിന്നത് ഞാനല്ല.

നിങ്ങൾക്ക് പൗളോ ലൂസറെല്ലിയെ അറിയാമോ? ലൂഷ്യോ ഷെൽഫിൽ നിന്നും 'കുട്ടികളില്ലാത്ത നഗരം' എടുത്തുകൊണ്ടുവന്നു. നിങ്ങളിത് അറിയണം. മെൽക്വിസിദെക്കിന്റെ വിധിയിൽ എനിക്കുള്ള ഉത്തരവാദിത്വമെന്തെന്ന് സ്പാഡോസിന്റെ മകൾ ബെൻഡെറ്റയെ കൊന്നപ്പോൾ ഒരു ഇറ്റലിക്കാരൻ അയാളുടെ വിധിയെഴുതി; അത്തവണ രക്ഷ

പെട്ടെങ്കിലും ലൂസറെല്ലിയുടെ ശബ്ദമാണ് പിന്നീടവന് കുറ്റം വിധിച്ചത്: അവനാണ് പെൺകുട്ടികളെ വെള്ളവീഷയിൽ നിറയ്ക്കുന്നത്, അവനെ വിട്ടുകളയരുത്, നമ്മുടെ തെരുവുകളിലും ചത്വരങ്ങളിലും കുട്ടികൾ ഇല്ലാതാവരുത്. അവരുടെ കണ്ണുകൾ ചിമ്മാതെ ചില നിമിഷാർദ്ധങ്ങൾ കൂട്ടിമുട്ടി. മരിച്ചടക്കൽ അവകാശങ്ങളെഷ്പറ്റിയും ശനിയാഴ്ചകളിലും ഞായറാഴ്ചകളിലുമുൾഷ്പടെ 8.00 am നും 3.00 pm നും ഇടയിൽ മൃതദേഹം വിട്ടുകിട്ടുമെന്ന കടലാസിലെ ഭാഗത്തിലേക്ക് ലൂഷ്യോ മിഴി താഴ്ത്തി. മൃതദേഹം ഏറ്റുവാങ്ങാൻ ചെല്ലുമ്പോൾ ഫോട്ടോയുള്ള തിരിച്ചറിയൽ കാർഡും മരിച്ചയാളിനെ സംബന്ധിച്ച രേഖകളും കൊണ്ടു ചെല്ലണമെന്നെഴുതിയതിനു കീഴെ മെൽക്വസിദെക്ക് ഒഷ്പുവെച്ച ഒരു സ്റ്റേറ്റ്മെന്റും ഡോക്ടറുടെ സർട്ടിഫിക്കറ്റും സീലും ഉണ്ടായിരുന്നു. മരണകാരണം എന്ന കോളം ഒഴിഞ്ഞുകിടന്നു. ഇതൊരു ആഞ്ജല മൊലീന നോവലിനെക്കാൾ കഷ്ടമാണ്. ലൂഷ്യോ രേഖകൾ ചുരുട്ടിക്കൂട്ടി നരകത്തിന്റെ വാതിലിനടുത്തെത്തി അത് താഴേക്കെറിഞ്ഞു. ഒച്ചയുയർത്തിക്കൊണ്ട് ലൈസൻഷ്യാഡ പ്രതികരിച്ചെങ്കിലും വാക്കുകൾ പുറത്തുവന്നില്ല. എന്തുകൊണ്ടാണ് മരണകാരണം എഴുതാത്തത്? എന്താണവർ ഒളിക്കുന്നത്? അവർ തൊട്ടടുത്തുള്ള മുറിയിലേക്കു നോക്കി; വെളിച്ചം കുറവാണെങ്കിലും അതൊരു പുസ്തകക്കൂനയാണെന്ന് അവർ തിരിച്ചറിഞ്ഞു. "അതൊരു ഒഴിവാക്കലാണ്. അവർ വിശദീകരിച്ചു." ആർക്കുവേണ്ടിയുള്ള ഒഴിവാക്കൽ? വയസന്മാരെ പിക്ക് അഷ് ട്രക്കുകളിൽനിന്ന് എറിഞ്ഞുകളയുന്ന പോലീസുകാർക്കു വേണ്ടിയോ? "ഇവിടെ ആരും ആരെയും എറിഞ്ഞുകളഞ്ഞില്ല," ലൈസൻഷ്യാഡ പറഞ്ഞു; "അയാൾ ഞരമ്പുമുറിച്ചതാണ്, ഈ ഒഴിവാക്കാൽ അയാളെയും നിങ്ങൾ ബന്ധുക്കളെയുമാണ് സംരക്ഷിക്കുന്നത്. അങ്ങനെയാകുമ്പോൾ പള്ളി അത് കണ്ടെത്തുകയില്ല, ഒരു വൈദികൻ അയാൾക്കു വേണ്ടി കുർബാന ചൊല്ലും. പോകൂ, ലൂഷ്യോ തിരിഞ്ഞു നിന്നു, ഇറങ്ങിഷ്പോകൂ. എനിക്കയാളെ അറിയില്ല. അയാളൊരിക്കലും ഒരു പുസ്തകം വായിക്കാൻ വന്നില്ല, ഞാൻ അയാളുടെ വീഷയിൽ നിന്ന് ഒരു തുള്ളി വെള്ളംപോലും വാങ്ങിയിട്ടുമില്ല. ഒരു സെല്ലിനുള്ളിൽ കിടന്ന് അയാൾ രക്തം വാർന്നുമരിച്ചാലും തെരുവിൽ കിടന്നു മരിച്ചാലും എനിക്കൊന്നുമില്ല. അതോ അവർ അയാളുടെ വാരിയെല്ലിനു കീഴെ കത്തി കയറ്റാനായി എന്റെ ഒഷ്പും പ്രതീക്ഷിച്ചിരിക്കുകയാണോ." എന്റെ കടലാസുകൾ തിരിച്ചുതരൂ എന്ന് ലൈസൻഷ്യാഡ അൽപം അധികാരത്തോടെ പറഞ്ഞു. "പുറത്തു കടക്ക്." അവർ മെല്ലെ എണീറ്റ് കാറിൽ കയറി സ്ഥലം വിട്ടു.

ലൂഷ്യോ എഴുത്ത് പരിശോധിക്കാൻ ഇറങ്ങിവന്നു. നന്നായി പുരോഗമിക്കുന്നുണ്ട്. റെമിഗിയോ തെറ്റൊന്നും വരുത്തിയില്ലെങ്കിൽ ബിബ്ലിയോത്ത് എന്നെഴുതിയിരിക്കുന്ന ബോർഡുകൂടി പൂരിഷ്പിക്കാൻ

അവനോട് പറയാം. നീ എന്താണ് വായിക്കാൻ പോകുന്നത്? അയാൾ സാവധാനം സംസാരിക്കാൻ ശ്രമിച്ചുവെങ്കിലും അയാളുടെ കൈകൾ ദേഷ്യംകൊണ്ട് വിറച്ചിരുന്നു. റെമിഗിയോ ഒരക്ഷരത്തിൽകൂടി ചായം തേച്ചു. ഉത്തരമൊന്നും ആവശ്യമില്ലെന്ന് അവനറിയാം: പുസ്തകം നിലത്തിരിപ്പുണ്ട്, ലൂഷ്യോ വെറുതെ സംസാരിക്കാൻ വിഷയമുണ്ടാക്കുകയാണ്. പാറ്റർ നോസ്റ്റർ? അയാളതെടുത്തു. "ഇത് വായിക്കണ്ട; എല്ലാവരും പ്രശംസിച്ചുപറയുമെങ്കിലും ആർക്കും ഒന്നും മനസ്സിലാകാത്ത പുസ്തകങ്ങളിലൊന്നാണ് ഇത്. ഞാൻ വേറെയൊന്ന് തരാം, ഒരു തുടക്കക്കാരനു മനസ്സിലാകുന്ന ഒരെണ്ണം."

കിടക്കയിൽ ലൈറ്റിനുകീഴെ ചിത്രങ്ങൾക്കൊപ്പം നീങ്ങാത്ത വലിയ ഖണ്ഡികകളിൽ 'ആപ്പിൾ മരം' വായിച്ചത് റെമിഗിയോ ആസ്വദിച്ചതേയില്ല. ലൈസൻഷ്യാഡയുടെ പെരുമാറ്റത്തെപ്പറ്റി നിമിഷനേരംകൊണ്ട് ഒരു തീരുമാനത്തിലെത്താൻ അവനു കഴിഞ്ഞു. സാന്റിനാവട്ടെ അവളെ വർണ്ണിക്കാൻ ഒന്നുരണ്ടുപേജുകളെങ്കിലും ചെലവാക്കിയേനെ. എങ്കിൽ പോലും അവളുടെ തൊലിയോടോ കഴുത്തിലെ അരിമ്പാറയോടോ കണങ്കാലിന്റെ വണ്ണത്തോടോ ഓരോ ചുവടിലും തുളുമ്പുന്ന നിതംബത്തോടോ നീതി പുലർത്താൻ അയാൾക്കു കഴിയുമായിരുന്നില്ല. ലൈബ്രറിയിൽ ലൂഷ്യോയോട് സംസാരിക്കുന്നതിന്റെ ശബ്ദവ്യതിയാനങ്ങൾ കൊണ്ടുതന്നെ ആരാണ് സംസാരിക്കുന്നതെന്ന് അറിയാൻ കഴിയുമായിരുന്നു. ലൂഷ്യോ പറഞ്ഞു, ലൈസൻഷ്യാഡ പറഞ്ഞു, ഇയാൾ ചോദിച്ചു, അയാൾ മറുപടി പറഞ്ഞു, അമ്പരന്നു. അത്ഭുതപ്പെട്ടു. പ്രസ്താവിച്ചു. വിശദികരിച്ചു എന്നിങ്ങനെയുള്ള വാക്കുകളെല്ലാം അനാവശ്യമായിരിക്കും. മാത്രമല്ല കട്ടിലിൽ കിടന്നു വായിച്ചതുകൊണ്ട് കഴുത്ത് വേദനിക്കുകയും പുസ്തകത്തിന്റെ കനം കൈ തളർത്തുകയും ചെയ്തിരുന്നു. അവോക്കാഡോകളുടെ നടുവിൽ രാത്രി കിടന്നാലുണ്ടാകുന്ന ഒഴുക്കൻ ഉറക്കത്തിന് അതൊരിക്കലും പകരമാവുകയേയില്ല. പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ അവന് എന്താണു കിട്ടിയത്, ഒരു കൊലയാളിയെപ്പറ്റിയും ശവമടക്കിനെപ്പറ്റിയും ആപ്പിൾ മരത്തിൽ ചെറുക്കന്റെ മുഖമുള്ള പഴങ്ങളുണ്ടാകുന്നതിനെപ്പറ്റിയും ഉള്ള ഒരു കഥ; കള്ളുകുടിയന്മാരോടു പോലും സംസാരിക്കാൻ കൊള്ളാത്ത ഒരു പറ്റം വിഡ്ഢിത്തരങ്ങൾ. എന്തായാലും പിന്നീടുള്ള ഒരു ചർച്ചയിൽ സാന്റിന് കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവില്ലെന്നും ജീവിതത്തെക്കുറിച്ചൊന്നുമറിയില്ലെന്നും മരണത്തെക്കുറിച്ചോ ഒരു ശരീരം മരണത്തിനുകീഴെ മറവുചെയ്യുന്നതിനെക്കുറിച്ചോ തീരെ അറിയില്ലെന്നും അവന്റെ അച്ഛൻ പറഞ്ഞപ്പോൾ റെമിഗിയോയ്ക്ക് സന്തോഷം തോന്നി; അവനു നേരിട്ടറിയാത്ത ധനികനും പ്രശസ്തരുമായ ആളുകൾ ആദരിക്കുകയും ഓട്ടോഗ്രാഫ് ചോദിക്കുകയും ചെയ്യുന്ന ഒരെഴുത്തുകാരനെപ്പറ്റി പ്രശസ്തിയോ ഭാഗ്യമോ ഇല്ലാത്ത ഒരു സാധാരണക്കാരനായ അവന് അഭിപ്രായങ്ങൾ പറയാം.

കണ്ണും മൂക്കും വായുമുള്ള ആപ്പിളുകളെപ്പറ്റി എഴുതിയതിന് അയാളെ വിഡ്ഢിയെന്ന് വിളിക്കുകയുമാവാം, കാരണം സങ്കല്പത്തിനും ഒരതിരു വേണ്ടേ. അവസാന പേജെത്തിയപ്പോൾ സാന്റിനെ പ്രാകിക്കൊണ്ട് അവൻ പുസ്തകം മുറുക്കെയടച്ചുവെങ്കിലും ഒരു ഫുട്ബോൾ കളിക്കാരനെയോ രാഷ്ട്രീയക്കാരനെയോ തെറിപറയുന്നതിനെക്കാൾ വ്യത്യസ്തമായാണ് അവനു തോന്നിയത്. ഇനിയിപ്പോൾ ഒരു ഞായറാഴ്ച വില്ലാ ദ് ഗാർസ്യയിൽ പോയിരുന്ന് ഒരു മോശം ഫുട്ബോൾ കണ്ട് എല്ലാവരും കളിക്കാരനെ ചീത്തവിളിക്കുമ്പോൾ അവനു പറയാം, എന്റെ നോട്ടത്തിൽ സാന്റിനാണ് ഇതിലും കഷ്ടം. ഒരു കവിൾ ബിയർ ഇറക്കുമ്പോൾ അവന് പറയുന്നതെന്താണെന്ന് മറ്റാർക്കും മനസ്സിലാകാത്തതോർത്ത് സംതൃപ്തിയടയാം.

ലൂഷ്യോ 'പാറ്റർ നോസ്റ്റ'റിനു മുകളിൽ 'ട്യൂബർക്കൊളോസിസ്' എടുത്തു വച്ചു. ഇതാണ് നല്ലത്; കുട്ടികളും മുതിർന്നവരും മരിച്ചുകൊണ്ടിരിക്കുമ്പോൾ തന്റെ കാമുകിയുടെ അടുത്തേക്ക് പോകണമോ എന്ന് സന്ദേഹിക്കുന്ന ഒരു ഡോക്ടർ.

ബാബെറ്റിന്റെ രണ്ടാം റ്റി ആദ്യത്തേതിനെക്കാൾ തടിച്ചും ചെരിഞ്ഞുമിരുന്നു. "ഞാൻ പോയി മെൽക്വിസിദെക്കിന്റെ ശരീരം ഏറ്റുവാങ്ങും," റെമിഗിയോ പറഞ്ഞു; "ഞാൻ നാളെ പോവുകയാണ്." "നിനക്ക് ഭ്രാന്താണോ?" അരിയാഗയുടെ ബോർഡിന് ഒരു തൊഴികൊടുത്തുകൊണ്ട് ലൂഷ്യോ ചോദിച്ചു. "കൊന്നവൾതന്നെ കുഴിച്ചിടട്ടെ. ഇതാണ് ആ വയസനും അയാളുടെ അമ്മയ്ക്കും പാർക്കിലെ ഞായറാഴ്ചയ്ക്കും തടിക്കുതിരയ്ക്കുംവേണ്ടി എനിക്കു ചെയ്യാനാകുന്ന ഏറ്റവും ചെറിയ കാര്യം." ലൂഷ്യോ ഒരു തെറി പറഞ്ഞുകൊണ്ട് അമർത്തിച്ചവിട്ടി കയറിപ്പോയി. മരത്തിനു കീഴെ കല്ലുപോലെ നിശ്ശബ്ദയായി കിടക്കുന്ന പെൺകുട്ടിയെപ്പോലെ നിശ്ശബ്ദമായ അവസാന അക്ഷരം റെമിഗിയോ ബാബെറ്റിലേക്ക് എഴുതിച്ചേർത്തു.

മെൽക്വിസിദെക്കിന്റെ കഴുതകൾ ഈയിടെയായി അഴിഞ്ഞുനടക്കുകയാണ്. റെമിഗിയോ തോട്ടത്തിൽനിന്നുള്ള പുല്ലു കാണിച്ച് അനുനയിപ്പിച്ച് അവയെ വണ്ടിയിൽ കെട്ടി. കാലിവീപ്പകൾ അപ്പോഴും വണ്ടിയിലുണ്ട്. മഴ പെയ്തില്ലായിരുന്നെങ്കിൽ ആരും ഉത്തരവാദിത്വമെടുക്കാനില്ലാതെ അവറ്റ ചത്തുപോയേനെ എന്ന് അവനു തോന്നി. അവൻ കടിഞ്ഞാൺ പരിശോധിച്ച് ഡ്രൈവറുടെ സീറ്റിൽ കയറിയിരുന്ന് വില്ലാദ് ഗാർസ്യയിലേക്ക് യാത്ര തുടങ്ങാനായി അവറ്റയെ മെല്ലെ തൊഴിച്ചു. ഒച്ചകേട്ട് ചിലർ ജനാലയ്ക്കലെത്തി നോക്കി; മെൽക്വിസിദെക്ക് തിരിച്ചുവന്നെന്ന് അവർ കരുതി.

പിറ്റേന്ന്, എന്താണു സംഭവിച്ചതെന്നു റെമിഗിയോ പറഞ്ഞു. അയാൾ രക്ഷപ്പെടാതിരിക്കാനെന്നോണം പൂട്ടിയിട്ട ഒരു മുറിയിൽ അവർ അയാളെ പുതപ്പിച്ച് കിടത്തിയിരുന്നു; രക്തമൊഴുകിയ മുറിവുള്ള കൈകൾ മാത്രം പുറത്തു കാണാമായിരുന്നു. അവർ എന്റെ കൈയിൽ ഒരു കുന്ന് കടലാസുകൾ തന്നു. വായിച്ചുപോലും നോക്കാതെ ഞാനതിലെല്ലാം ഒപ്പുവച്ചുവെങ്കിലും ഞങ്ങൾ തമ്മിൽ ബന്ധമൊന്നുമില്ലെന്ന് ഞാൻ പറഞ്ഞു; ഞങ്ങളുടെ കുടുംബങ്ങൾ തമ്മിൽ ബന്ധമുണ്ടായിരുന്നു. മെൽക്വിസിദെക്കോടെ അയാളുടെ കുടുംബം അവസാനിച്ചു; എന്റെ അച്ഛനും ഞാനുമോടെ ഞങ്ങളുടെ കുടുംബവും. ഞങ്ങൾ ഒന്നിച്ച് പാർക്കിൽ പോകാറുണ്ടായിരുന്നു. ഞാൻ നിങ്ങളുടെ കാര്യമൊന്നും പറഞ്ഞില്ലെങ്കിലും എന്റെ പേരുകേട്ടപ്പോൾത്തന്നെ മെൽക്വിസിദെക്കിൽ കുറ്റമാരോപിച്ച ലൈബ്രേറിയന്റെ മകനാണ് ഞാനെന്നവർക്കു മനസ്സിലായി. ഞാൻ മകനാണെങ്കിലും എനിക്ക് കുറ്റാരോപണവുമായി ബന്ധമൊന്നുമില്ലെന്നും എന്തൊക്കെയായാലും കുറ്റമാരോപിച്ചതിലല്ല, മറിച്ച്, കുറ്റം സമ്മതിപ്പിച്ചതിലാണ് കാര്യമെന്നും ഞാൻ പറഞ്ഞു. അങ്ങനെയൊരു സംഭാഷണം തുടരാൻ താൽപര്യമില്ലാത്തതുകൊണ്ട് ഒന്നുരണ്ടിടത്തുകൂടി അവർ എന്നെക്കൊണ്ട് ഒപ്പുവയ്പിച്ചു. ആഗ്രഹമില്ലായിരുന്നെങ്കിലും ഞാൻ സാന്റിനെ ഓർമ്മിച്ചു, ഇങ്ങനെ ഓട്ടോഗ്രാഫുകൾ ഒപ്പിട്ടാവണം അയാൾ സമയം ചെലവഴിക്കുന്നത്. നീ "ട്യൂബർക്കൊളോസിസ്" വായിച്ചോ? "ഇല്ല, സമയമില്ല." റെമിഗിയോ അടുക്കളയിലേക്കു പോയി. കുറച്ചുനാൾ മുമ്പ് വിശേഷാവസരത്തിൽ എടുക്കാൻ ഒന്നുരണ്ട് ബിയർക്കുപ്പികൾ ഞാൻ മാറ്റിവച്ചിരുന്നു; അത് പൊട്ടിക്കാൻ പറ്റിയ സമയമാണിത്. അവൻ തണുക്കാത്ത ഒരു കുപ്പി തുറന്ന് അച്ഛന് കൊടുത്തു. "മെൽക്വിസിദെക്കിന്റെ ശരീരം വാങ്ങാൻ ഞാൻ കൃത്യസമയത്താണ് ചെന്നതെന്ന് അവർ പറഞ്ഞു. ചില മെഡിക്കൽ വിദ്യാർത്ഥികൾ അതു വേണമെന്ന് പറഞ്ഞിരുന്നത്രേ. മൂന്നുമണിയോടെ ആരും ചെന്നില്ലെങ്കിൽ കൊണ്ടുപൊയ്ക്കോളാൻ അവരോടു പറഞ്ഞിരുന്നുപോലും. ഞാൻ ക്ലോക്കിൽ നോക്കിയപ്പോൾ സമയം രണ്ടേമുക്കാൽ. എനിക്കവർ പറഞ്ഞത് വിശ്വസിക്കാൻ തോന്നിയില്ല. ആ ശരീരത്തെ കീറിമുറിച്ച് കരളിൽ കല്ലുണ്ടോ എന്നു പഠിക്കാൻ വിടുന്നത് അതിനോടു ചെയ്യാവുന്ന അവസാന കാര്യമാവും. ആദ്യംതന്നെ

അതൊരു പീഡിപ്പിക്കപ്പെട്ട ശരീരമാണെന്നും ഞരമ്പു മുറിച്ചത് മരണ ശേഷമാണെന്നും അവർ തിരിച്ചറിയും." ലൂഷ്യോ ചിരിച്ചുകൊണ്ട് തന്റെ കുപ്പി റെമിഗിയോയുടേതിൽ മുട്ടിച്ച് പറഞ്ഞു, ചിയേഴ്സ്. ഒരുപക്ഷേ, അവർ അവനെ പിക്ക്അപ്പ് ട്രക്കിൽനിന്നും എറിഞ്ഞതുതന്നെയാവും. വില്ലാ ദ് ഗാർസ്യയിൽ വച്ച് ഞാൻ വീപ്പകൾ കളഞ്ഞു. ശവം നീട്ടിക്കിട ത്താൻ സ്ഥലം വേണമായിരുന്നു. കെട്ടഴിച്ച് വഴിതടയാത്തവണ്ണം ഒരു ചെരിവിലേക്ക് ഞാനത് കളഞ്ഞു. മെൽക്വിസിദെക്ക് കൊന്നുവെന്ന് സംശയമുണ്ടായിരുന്നെങ്കിൽ അവർ ഉറപ്പായും വീപ്പകൾ പരിശോധി ച്ചിരിക്കുമെന്ന് എനിക്ക് തോന്നിയതപ്പോഴാണ്. അതിനുള്ളിൽ ബാബെ റ്റിന്റെ ചെരിപ്പിന്റെ യാതൊരു ലക്ഷണവുമില്ല. എഴുത്തുകുത്തുകളെല്ലാം കഴിഞ്ഞപ്പോൾ ശരീരം വണ്ടിയിലെത്തിക്കാൻ ഞാനവരോട് സഹായം ചോദിച്ചു. എന്നോടുടക്കാൻ പോവുകയാണെന്ന ഭാവത്തിൽ അതൊന്നും അത്ര എളുപ്പമല്ലെന്ന് പോലീസുകാരൻ പറഞ്ഞു. പുഴയിലേക്ക് മുഷിഞ്ഞ തുണി കൊണ്ടുപോകുന്ന ലാഘവത്തോടെ ഒരു മൃതശരീരം കൊണ്ടു പോകാൻ ഞങ്ങൾ അനുവദിക്കില്ല. ഒരിക്കലും തൊപ്പി തലയിൽ നിന്നൂ രാഞ്ഞതുകൊണ്ട് ആ പോലീസുകാരൻ എന്തോ കരുതിക്കൂട്ടിയാണെന്ന് എനിക്കാദ്യംതന്നെ തോന്നിയിരുന്നു. നിയമവും ചട്ടവും പാലിച്ചേ പറ്റൂ, അങ്ങനെ പറഞ്ഞുകൊണ്ട് പോലീസുകാരൻ എന്റെ തോളിൽ കൈവച്ച് ഒരു കാർഡ് പുറത്തെടുത്തു. ഇപ്പോൾ ചെയ്യേണ്ടത് ഈ നമ്പറിൽ വിളിച്ച് ഒരു കുഴിവെട്ടുകാരനെ വിളിക്കുകയാണ്. ഇത് ഞാൻ ആലോ ചിച്ചിരുന്നില്ല; ഞാൻ വിചാരിച്ചത് ശരീരം കൊണ്ടുപോയി ഇക്കാമോൾ യുദ്ധത്തിന്റെ ശരീരങ്ങൾ അടക്കുന്ന കുശവന്റെ പാടത്തിലെ ഏതെ ങ്കിലുമൊരു കുഴിയിലിടാം എന്നാണ്; ശവപ്പെട്ടിയും അച്ചൻമാരും ചടങ്ങുകളുമൊന്നും ഞാൻ ആലോചിച്ചിട്ടേയുണ്ടായിരുന്നില്ല. എന്റെ പുരയിടത്തിൽ ഞാൻ കണ്ടെത്തിയ സുന്ദരശരീരവും മെൽക്വിസിദെ ക്കിന്റെ വികൃതദേഹവും തമ്മിൽ താരതമ്യം ചെയ്യുന്നതുതന്നെ ഒരു വൻ സാഹസമായിരുന്നു; ഈ മരിച്ച മനുഷ്യനും ആടും തമ്മിൽ എന്തെ ങ്കിലും ബന്ധമുണ്ടോയെന്നുറപ്പിക്കണമെന്നും ഞാനുദ്ദേശിച്ചിരുന്നു. "ഭീകരം," ലൂഷ്യോ പറഞ്ഞു, "അതാണതിന്റെ വാക്ക്; നിനക്കൊന്നും ഉറപ്പിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. മറ്റൊന്നുകൂടി ഉണ്ടായിരുന്നു. നേരെ കാര്യം പറയാമെന്നു കരുതി റെമിഗിയോ അലമാര തുറന്ന് ഒരു കവറിനുള്ളിൽനിന്നും ഫോട്ടോ പുറത്തെടുത്തു. ഈ കുട്ടിയെ കണ്ടോ" ലൂഷ്യോ അത് കണ്ണിനോട് ചേർത്ത് ശ്രദ്ധിച്ചു നോക്കി. ഒരു തടിക്കുതിര യിലിരിക്കുന്ന ഇതിലും ദുഃഖഭരിതമായ ഒരു മുഖം ഞാൻ കണ്ടിട്ടേയില്ല, അയാൾ പറഞ്ഞു; "അതൊരു ചെക്ക് നോവലിസ്റ്റിനെപ്പോലെയുണ്ട്. അത് മെൽക്വിസിദെക്കാണ്." റെമിഗിയോ ഫോട്ടോയിലെ മുഖത്തു തൊട്ടു. ആ പാർക്കിൽ അന്നേ ദിവസംതന്നെ അയാൾ മരിക്കുന്ന തായിരുന്നില്ലേ നല്ലത്? പഞ്ഞിമിഠായി തൊണ്ടയിൽ കുടുങ്ങിയോ

ബലൂൺകാരന്റെ ഗ്യാസ്ടാങ്ക് പൊട്ടിയോ മറ്റോ. സെല്ലിൽ ഞാൻ കണ്ട ശരീരവും ചിത്രത്തിലെ കുട്ടിയെയും തമ്മിൽ ബന്ധിപ്പിച്ച് എനിക്ക് പറയണമായിരുന്നു, ഭാഗ്യവതിയായ ബാബെറ്റ്, അവൾക്കിതുപോലെ തരംതാഴേണ്ടിവന്നില്ല. കിഴവൻ കുതിരയെ കുതിരക്കുട്ടിയോടോ ആടിനെ ആട്ടിൻകുട്ടിയോടോ താരതമ്യം ചെയ്യ്, ഏത് മൃഗത്തെവച്ചു വേണമെങ്കിലും പഠിച്ചുനോക്ക്. അവയൊന്നും മനഷ്യനെപ്പോലെ തരം താഴുന്നില്ലെന്ന് നിങ്ങൾ മനസ്സിലാകും. ലൂഷ്യോ തന്റെ കൈയിൽ നോക്കി ആ വിഷയം ചർച്ചചെയ്യുന്നത് ഒഴിവാക്കി. "പിന്നെന്തുണ്ടായി?" അയാൾ ചോദിച്ചു. ഒരു ശവമടക്ക് നടത്താൻ എന്റെ കൈയിൽ പണമില്ലെന്നു പറഞ്ഞപ്പോൾ അവർ രണ്ടു ചെറുക്കന്മാരെ വിളിച്ചുകൊണ്ടുവന്നു. പണം വാങ്ങാതെ ശരീരമേറ്റെടുക്കാൻ അവർ തയ്യാറാണ്. "ശരി," ഞാൻ പറഞ്ഞു, "ഞാനൊപ്പിട്ട കടലാസുകൾ റദ്ദുചെയ്യൂ." ചെറുക്കന്മാർ മെൽക്വിസിദെക്കിനെ പൊക്കിയെടുത്ത് ചക്രങ്ങളുള്ള ഒരു വണ്ടിയിൽ കിടത്തി; പുതപ്പ് നീങ്ങിയപ്പോൾ നിറയെ മുറിവുകളുള്ള പീഡിപ്പിക്കപ്പെട്ട ശരീരം ഞാൻ കണ്ടു. ഞാൻ കരുതിയതുപോലെ അയാൾ ഏതാണ്ട് മുഴുവൻ നഗ്നനായിരുന്നു, അടിവസ്ത്രം പച്ചയായിരുന്നു. ഞാൻ കണ്ണു ചിമ്മുന്നതിനുമുമ്പേ പുതപ്പ് തിരിച്ചിടപ്പെട്ടു. ഞാൻ കണ്ട മെൽക്വിസിദെക്ക് സ്വപ്നമാണോ യാഥാർത്ഥ്യമാണോ എന്നെനിക്ക് തിരിച്ചറിയാനായില്ല, എങ്കിലും നിങ്ങൾ പറഞ്ഞതുശരിയാണ്, ശവത്തിന്റെ മുഖത്ത് മറ്റെന്തിനെക്കാളുമധികം ലജ്ജയാണുള്ളത്, സംശയമില്ല. അവരയാളെ കൊന്നതെങ്ങനെയായാലും ഒരു കത്തികൊണ്ട് അയാളുടെ കഴുത്ത് മുറിക്കുകയോ നീലത്തൊട്ടിയിൽ രക്തം ശേഖരിക്കുകയോ ചെയ്തില്ല. മരിക്കേണ്ടരീതിയിലല്ല അയാൾ മരിച്ചത്, ഒരു പുൽനാമ്പുപോലും ചവയ്ക്കാൻ കിട്ടിയതുമില്ല. അത്തരം സാഹചര്യത്തിൽ വാരിയെല്ലിനു കീഴെ ഒരു കത്തിക്കയറുന്നതിനുവേണ്ടി അയാൾ സന്തോഷപൂർവ്വം തന്റെ ജീവിതത്തെ വച്ചുമാറുമായിരുന്നു. കുട്ടികൾക്ക് ശരീരം വിട്ടുകൊടുത്തതിൽ എനിക്കു സന്തോഷം തോന്നി ബാബെറ്റുമായി കിഴവന്റെ ശരീരത്തിന് വ്യത്യാസങ്ങളുണ്ടാകുമെന്ന് അറിയുമായിരുന്നെങ്കിലും ഇത്രയും ഞാൻ പ്രതീക്ഷിച്ചിരുന്നില്ല: പേശികളൊന്നുമില്ലാതെ തിളങ്ങുന്ന കാൽ; ഞൊറിവീണ കാൽമുട്ടുകൾ; തീരെച്ചെറിയ പിൻഭാഗം; ഒരു ചീഞ്ഞ പീച്ചുപഴംപോലെ കഴുത്ത്; പൊക്കിൾ ഒരു കറുത്ത രക്തക്കട്ട. പ്രായം ചെന്ന് മരിക്കുന്ന ഒരു പട്ടിയോ കോഴിയോപോലും മനുഷ്യനെപ്പോലെ നിന്ദ്യമായി മരിക്കുന്നില്ല. എങ്ങോട്ടെന്നറിയാതെ രണ്ടു ചെറുപ്പക്കാർ വലിച്ചുകൊണ്ടുപോകുന്നതായാവണം തടിക്കുതിരയിലിരുന്ന് തന്റെ വിധിയെപ്പറ്റി അയാൾ ഓർമ്മിച്ചിരിക്കുക, അപ്പോഴാണ് അയാളുടെ പേര് ശരിക്കും ചേരുന്നതായത്; ഇക്കാമോളിൽ ജീവിച്ചിരുന്നയാളല്ല, ശവവണ്ടിയിൽ കണ്ടയാളാണ് മെൽക്വസിദെക്ക്. അയാളെ കൊണ്ടുപോയി കഴിഞ്ഞും കടലാസുകൾ റദ്ദാക്കണമെന്ന്

ഞാൻ ആവശ്യപ്പെട്ടു. കൂട്ടത്തിൽ ഭേദപ്പെട്ട പോലീസുകാരൻ പറഞ്ഞു, “അധികം ബലം പിടിക്കണ്ട മാഷേ, തനിക്കൊരു സഹായിയുണ്ടായിരുന്നെന്ന് ചത്തവൻ പറഞ്ഞിട്ടുണ്ട്, കേസ് അന്വേഷണം അവസാനിച്ചിട്ടില്ല, ആ കൊച്ചുശരീരം കണ്ടെത്തിയിട്ടുമില്ല. ആ കെണി നിങ്ങൾക്കു വേണ്ടിയായിരുന്നെന്നാണ് തോന്നുന്നത്, എന്തായാലും ഞാൻ കുടുങ്ങിയേനെ, അവരുടെ പീഡനം അതിരുകടന്നുപോയിരുന്നു, ആത്മഹത്യയാണെന്നതിൽ ഒപ്പുവെച്ച് ശരീരമേറ്റുവാങ്ങാൻ അവർക്കൊരു ബന്ധുവിനെ വേണമായിരുന്നു.” മാറിയ കാര്യങ്ങൾ ആലോചിച്ച് സംതൃപ്തനായി ലൂഷ്യോ കസേരയിൽ ചാരിയിരുന്നു. എന്റെ മകനോട് ഞാൻ വീണ്ടും സംസാരിച്ചു തുടങ്ങി, എന്റെ ലൈബ്രറിയിൽ വന്ന് പുസ്തകങ്ങളെപ്പറ്റി സംസാരിക്കുന്ന ഒരു സ്ത്രീയുണ്ട്. “ബാബെറ്റിന്റെ മരണം,” നോവലല്ല, യഥാർത്ഥമരണം എന്നെ അനുഗ്രഹിച്ചിരിക്കുന്നു. നീയിപ്പോൾ രണ്ടു ശരീരങ്ങൾക്കുത്തരവാദിയാണ്, അയാൾ പറഞ്ഞു. റെമിഗിയോ തന്റെ ബിയറിന്റെ ബാക്കി കുടിച്ചു. ഇതിലും സന്തോഷത്തോടെ അവൻ ബാബെറ്റിന്റെ കടലാസുകൾ ഒപ്പുവച്ചേനെ. പന്ത്രണ്ടിനും പതിമൂന്നിനുമിടയിൽ പ്രായമുള്ള, രുചികരമായ മിനുസവും വലിപ്പവുമുള്ള ഒരു പെൺകുട്ടിയുടെ ശരീരം തൃപ്തികരമായ നിലയിൽ കൈപ്പറ്റിയതായി ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. മേൽപ്പറഞ്ഞ ശരീരത്തെ ഞാൻ ഒരിക്കൽ മാത്രം തൊടുകയും ജീവിതകാലം മുഴുവൻ മോഹിക്കുകയും ചെയ്യുന്നതാക്കുന്നു. മേൽപ്പറഞ്ഞ ശരീരം ബാബെറ്റ് എന്ന പേരിൽ ജീവിച്ചിരുന്നയാളിന്റേയാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഒരു കിഴവനല്ല, വിധിയാണ് തന്റെ വണ്ടിയിൽ മേൽപ്പറഞ്ഞ ശരീരം എന്റെയടുത്തെത്തിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. അവളെ അടക്കം ചെയ്ത അവോക്കാഡോ മരത്തെ കീടങ്ങളിൽനിന്നും വരൾച്ചയിൽനിന്നും മൃഗമൂത്രത്തിൽനിന്നും സംരക്ഷിക്കുമെന്നും പഴം മോഷ്ടിക്കാൻ വരുന്ന തടിയൻ ആന്റുനേയെ തല്ലിശരിപ്പെടുത്തുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു. അതിന്റെ ഫലം ഇരട്ടിപ്പിക്കാനും എന്റെ വിശപ്പടക്കി ബാക്കി വന്നാൽ മാത്രം ധനസനായോ തൂക്കത്തിലോ ‘ബാബെറ്റ് അവോക്കാഡോകൾ; ഇവ ഭക്ഷിക്കരുത്’ എന്ന സ്റ്റിക്കറൊട്ടിച്ച് വിൽക്കുമെന്നും ഞാനുറപ്പു തരുന്നു. ലൂഷ്യോയും തന്റെ ബിയർ തീർത്തു ബാബെറ്റ് പാരീസിൽ മരിച്ചയത്രതന്നെ ഇക്കാമോളിലും മരിച്ചുവെന്നയാൾ പറഞ്ഞു, നോവലുകൾ ആരും എഴുതിയില്ലെങ്കിലും മരുഭൂമിയിൽ ജീവിക്കുമെന്നും കാരണം പൂഴിമണലിനെക്കാൾ ഉപയോഗം ഒരു നദിക്കുണ്ടെന്നും അയാൾ പറഞ്ഞു. സീൻ കുടകളെറിയാൻ കൊള്ളാം. അർണോ കുട്ടികളെയും ചെളിയും നിറച്ച പെട്ടികൾ കൊണ്ടുപോകാനും കൊളറാഡോ കറുത്തവരെ എറിഞ്ഞുകളയാനും കൊള്ളാം. നേവയിൽ ചാടി ആത്മഹത്യ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ റഷ്യൻ

നോവലുകൾ എന്തു ചെയ്യുമായിരുന്നു? പുഴകൾക്ക് പല ഉപയോഗങ്ങളാണ്. അവയുടെ തീരത്തുകൂടെ നടക്കാൻ പോകാം, നഗരത്തിലൂടെ ഒഴുകിനടക്കാം, കാട്ടിലെ മൃഗങ്ങളോടു പൊരുതാം, രണ്ടു രാജ്യങ്ങളെ വേർതിരിക്കാം, മുറിച്ചുകടക്കാൻ ശ്രമിക്കുന്ന മെക്സിക്കന്മാരെ മുക്കിക്കളയാം, നിറഞ്ഞുകവിയാം. മരുഭൂമിയിൽ പൊടി മാത്രമേയുള്ളൂ, വീഞ്ഞുകുടിക്കാനില്ലാത്ത ഗ്രാമങ്ങളും. അതുകൊണ്ടാണ് മണികളില്ലാത്ത ഒരു പട്ടണത്തിൽ ബാബെറ്റ് വെള്ളമുള്ള അവസാനത്തെ കിണറ്റിൽ വന്നെത്തിയത്. അത് നിന്റെ ഭാഗ്യമാണ്, നിന്റെ സൗഭാഗ്യം.

“ഞാൻ ഇക്കാമോളിലേക്കു തിരികെ വരാൻ ഉദ്ദേശിക്കുന്നില്ല,” സ്ത്രീ പറഞ്ഞു: ഞാൻ വില്ലാ ദ് ഗാർസ്യയിൽനിന്ന് മോൺടെറിയിലേക്കു പോവുകയാണ്. എനിക്ക് മനസ്സിലാകുന്നുണ്ട്, ലൂഷ്യോ തലകുനിച്ചു, തെരുവുകൾക്ക് പേരുകളും ആളുകൾക്ക് Valley of Seagulls-ലെ പീറ്റർ ഓ ഡണോഹ്യുവിന്റേതുപോലെയുള്ള ചിരിയുമുള്ളതാണ് നിങ്ങളുടെ ലോകം. ഞാനിപ്പോൾ തനിച്ചാണ്, അവർ പറഞ്ഞു. എന്റെ പക്കൽ ആവശ്യത്തിലധികം പണവുമുണ്ട്. മാസത്തിലോ ആഴ്ചയിലോ ഒരു തവണവച്ച് നിങ്ങൾക്ക് ജീവിക്കാനും ബിബ്ലിയോത്തെക്ക ബാബെറ്റ് നടത്താനുമായി ഒരു തുക അയയ്ക്കാൻ എനിക്ക് കഴിയും. ലൂഷ്യോ കൈകൾ കെട്ടി ഒന്നുരണ്ട് ചുവട് അവൾക്കുനേരെ നടന്നശേഷം അവർ തന്റെ മുഖം കാണാതിരിക്കാനായി തിരിഞ്ഞു നിന്നു. “ബേക്കറിക്കാരി സ്ത്രീ ഒലെഗിനെ രക്ഷിച്ചു, നിങ്ങൾ എന്നെ രക്ഷിക്കാൻ പോവുകയും. നന്ദി, പക്ഷേ, എന്റെ ജീവിതം പാവ്ലോവ് പുരസ്കാരത്തിനുള്ളതല്ല, ലൂഷ്യോ സ്വന്തം സ്വത്വത്തെ ചരിത്രത്തിന്റെയും പ്രകൃതിയുടെയും വിധിയുടെയും തീരുമാനങ്ങൾക്കു വിട്ടുകൊടുത്തുവെന്ന് എന്നെപ്പറ്റി ആരും പറയില്ല. ഇതെല്ലാം വളമായി മാറേണ്ടതും സൂര്യനുകീഴെ ഒടുങ്ങേണ്ടതുമായിരുന്നു. മഴ എല്ലാം നശിപ്പിച്ചു. എല്ലാവരും ഒറ്റയ്ക്കോ സംഘമായോ പോയതിനുശേഷം ഞാൻ തനിച്ച് എന്റെ ശക്തിചോരും വരെ ലൈബ്രറിയിലിരുന്ന് വായിക്കേണ്ടതായിരുന്നു; പിന്നീട് ഞാൻ ‘ഭൂമിയിലെ മത്സ്യങ്ങൾ’ എന്ന അവസാന പുസ്തകമെടുക്കും. പതിനെട്ടാമധ്യായത്തിൽ ഫ്രിറ്റ്സും പെട്രയും പോകാൻ തീരുമാനിക്കുമ്പോൾ എന്റെ ശരീരവും ഒടുങ്ങും. എന്റെ നെഞ്ചിൽ ഒരു പുസ്തകം തുറന്നു വച്ച് ഞാൻ മരിക്കും. കോടാനുകോടി വർഷങ്ങൾക്കുശേഷം ഒരു ആർക്കിയോളജിസ്റ്റ് എന്നെ ട്രിലോബൈറ്റുകളുടെ ഇടയിൽ നിന്ന് കണ്ടെടുക്കും. ഭാവിയിലെ ശാസ്ത്രജ്ഞൻ പറയും, ഇത് ഭൂമിയിലെ മത്സ്യമായിരുന്നു. ഒരു മൈക്രോസ്കോപ്പിനടിയിൽ എന്നെ വച്ച് ബ്രഷ് കൊണ്ട് എന്നെ തട്ടിക്കൊണ്ട് അയാൾ എന്റെ ജീവിതം വിശദീകരിക്കാൻ ശ്രമിക്കും: മിശ്രഭോജി, നാലുകാലിൽ നടന്നു, വർഷത്തിലൊരിക്കൽ ഇണചേരുകയും മുട്ടയിടുകയുംചെയ്തു; വായനക്കാരുടെ ഇനത്തിലെ അവസാനത്തേതായിരുന്നു; കാലാവസ്ഥാ വ്യതിയാനമാണ് മരണകാരണം; ലിംഗം ചെറിയതായിരുന്നു. അസംബന്ധം, പുസ്തക

ച്ചട്ടയിലെ വാചകക്കസർത്ത്. ഒലെഗ് വസന്തകാലംവരെ മഞ്ഞുകൂന യ്ക്കുള്ളിൽ കഴിയണമായിരുന്നു. അതവനെ വലിയവനാക്കിയേനെ. അയാൾ ഗ്രെറ്റയുടെ റൊട്ടി നിഷേധിക്കണമായിരുന്നു, കാരണം ജീവൻ രക്ഷിച്ചതോടെ അയാളുടെ ജീവിതം തെറ്റായിത്തീർന്നു. ഒരു മനുഷ്യൻ മഞ്ഞുകൂനയുടെ അടിയിലോ സെല്ലിനുള്ളിൽ ചോരവാർന്നോ പിക്ക് അപ്പ് ട്രക്കിൽനിന്നോ കാലത്തിൽനിന്നോ എറിയപ്പെട്ടോ കിണറ്റിലോ സെപ്റ്റിക് ടാങ്കിലോ ചാടിയോ മരത്തിന്റെ വേരിനിടയിൽ കുടുങ്ങിയോ ആണ് ഒടുങ്ങേണ്ടത്; മഴ വരാൻ പാടില്ല, ബേക്കറിക്കാരി റൊട്ടി വെറുതേ കൊടുക്കാൻ പാടില്ല. കണ്ണീരിനും ചിരിക്കുമിടയിൽ ഒരു തടിക്കുതിര വ്യത്യാസമൊന്നും വരുത്താൻ പാടില്ല. അതാണ് ഒരു ജീവിതത്തിനും നോവലിനും ചേരുന്ന അന്ത്യം, അതിന് പാവ്‌ലോവ് പുരസ്കാരം കിട്ടി യെന്നു വരില്ല. എനിക്ക് പണം തരുന്നതിനു പകരം ബാബെറ്റോ മെൽക്വിസിദെക്കോ അന്ത്യത്തെ അംഗീകരിച്ചതുപോലെ നിങ്ങളും അംഗീകരിക്കുകയാണ് വേണ്ടത്. നിങ്ങൾ മോൺടെറിയിലേക്കു പോവുകയാണെന്ന് എന്നോട് നുണ പറയുകപോലും ചെയ്യരുത്; നിങ്ങൾ അതിലും ദൂരെ കാലിനിൻഗ്രാഡിലേക്കാണ് പോകുന്നതെന്നെനിക്ക് അറിയാം. എന്റെ പക്കൽ നിങ്ങൾക്കു നേരേ എറിഞ്ഞുതരാൻ തവിട്ടു കടലാസിൽ പൊതിഞ്ഞ പെട്ടിയുമില്ല. പാസ്ക്കൽ പാതിരിക്ക് യഥാർത്ഥ അന്ത്യങ്ങൾ മനസ്സിലായിരുന്നു. അതുകൊണ്ടാണ് അയാൾ അവരോട് പട്ടണമുപേക്ഷിക്കാൻ പറഞ്ഞത്; ഒറ്റയ്ക്കു നിന്ന് വരണ്ട നിലത്ത് മൂത്ര മൊഴിച്ച് ആരെങ്കിലുമവിടെ ഉണ്ടായിരുന്നതിന്റെ ലക്ഷണമേ അവശേ ഷിപ്പിക്കാതെ അതുണങ്ങിപ്പോകുന്നത് നോക്കിനിന്നത്. മഴയിൽ ഇക്കാ മോൾ നശിച്ചിരുന്നെങ്കിൽ അന്ത്യം എന്താകുമായിരുന്നു? തന്നോട് ലൂഷ്യോ ഒരു ചോദ്യം ചോദിച്ചുവെന്നും അതിന് മറുപടി പറയണമെന്നും കരുതി അവർ പറഞ്ഞു. നിങ്ങളുടെ ലൈബ്രറി തീ പിടിച്ച് നിങ്ങൾ മരിച്ചേനെ. അല്ലെങ്കിൽ പാറ്റകൾ കതകു തകർത്തുവന്ന് നിങ്ങളെ തിന്നേനെ. നിങ്ങൾ അലറിയാലും ആരും സഹായിക്കാൻ ധൈര്യപ്പെ ടില്ല. കൃത്യം," ലൂഷ്യോ പറഞ്ഞു. ഇപ്പോൾ കല നഷ്ടപ്പെട്ടു, ആകെ ബാക്കിയുള്ളത് തരംതാണ, ശബ്ദം നിറഞ്ഞ സിനിമാ അന്ത്യരംഗങ്ങൾ മാത്രം.

അപ്പോഴും സ്ത്രീക്ക് പുറംതിരിഞ്ഞു നിന്നിരുന്ന ലൂഷ്യോ സിബ്ബ് തുറന്ന് മൂത്രമൊഴിച്ചു; എന്തായാലും ഭൂമിയിലിപ്പോൾ നനവുണ്ട്. മൂത്രം ഒരു കുഴിയിൽ കെട്ടിക്കിടക്കുന്നു. ഇതിലൊരു കാര്യവുമില്ല. മറ്റൊരു അന്ത്യരംഗമാണ് ഉണ്ടാവേണ്ടത്.

നിങ്ങൾക്ക് പാവം ബാബെറ്റിൽ തൃപ്തി വന്നില്ല, പാവം കുട്ടി, മണി കൾ, കൂടുതൽ മണികൾ സ്വതന്ത്രമെന്ന് വിശ്വസിക്കുന്നു ഒരു രാജ്യം, വിശ്വാസങ്ങളേതുമില്ലാത്ത ഒരു പെൺകുട്ടി. നിങ്ങൾക്ക് 'ബാബെറ്റിന്റെ മരണം' കടലാസിൽ ഇഷ്ടപ്പെട്ടു, ജീവിതത്തിലല്ല, അതുകൊണ്ടാണ്

നിങ്ങൾ ലാഫിയറ്റിനോട് മറ്റൊരന്ത്യം ആവശ്യപ്പെട്ടതും ആപ്പിൾ മരം പോലുള്ള ഒരു താണ കൃതിയുമായി കൂട്ടിക്കുഴച്ചതും. പുരാതനകാലത്തെ ഒരു ഫോസിൽ കുനിഞ്ഞെടുത്ത് സ്ത്രീ പോക്കറ്റിലിട്ടു. ഞാൻ പോകുന്നതാണ് നല്ലത് എന്നുപറഞ്ഞ് അവർ കുന്നിറങ്ങി. കുന്നിനു താഴെ മെൽക്വിസിദെക്കിന്റെ കഴുതകൾ മേഞ്ഞിരുന്നു. അവരുടെ ജനാലച്ചില്ല് വൃത്തിയാക്കിയ രണ്ടു ചെക്കന്മാർ പൈസ കിട്ടാനായി കാത്തു നിന്നിരുന്നു. പരുക്കനായി പാകിയ നിരത്തിലൂടെ അവർ മെല്ലെ ഓടിച്ചുപോകുന്നത് ലൂഷ്യോ നോക്കിനിന്നു. ഞാനിത്തരം അസംഖ്യം രംഗങ്ങൾ വായിച്ചിട്ടുണ്ട്, അതിനെല്ലാം സ്ത്രീ തിരിഞ്ഞുനിന്ന് എന്തെങ്കിലും പറയാറുണ്ട്, പ്രതീക്ഷിതമോ അപ്രതീക്ഷിതമോ ആയി ദുഃഖപര്യവസായികളെ ശുഭപര്യവസായികളായി മാറ്റാറുണ്ട്. അമാൻഡ എന്നെ കാണാൻ വന്നിരുന്നു. അവളിപ്പോഴും നിങ്ങളെ സ്നേഹിക്കുന്നെന്നു പറഞ്ഞു; പണം ഒരു എയർപോർട്ട് ലോക്കറിനുള്ളിലാണ്; മരിക്കുന്നതിനു മുമ്പേ അമ്മാവൻ വിൽപത്രം മാറ്റിയെഴുതിയിരുന്നു; എന്റെയൊപ്പം വന്നാൽ നിങ്ങൾക്കുകൂടി താമസിക്കാൻ സ്ഥലമുണ്ട്; ഡോക്ടർമാർക്ക് ഹെർലിൻഡയെ രക്ഷിക്കാനായി, അവൾ തിങ്കളാഴ്ച വീട്ടിലെത്തും.

സ്ത്രീ പയ്യന്മാർക്ക് ചില്ലറത്തുട്ടുകൾ കൊടുത്തു, വണ്ടി പൊടിമേഘങ്ങളുയർത്താതെ സാമാന്യം നല്ല വേഗത്തിൽ ഉരുണ്ടുപോയി. ലൂഷ്യോ ലൈബ്രറിയിലേക്കു കുന്നിറങ്ങി.

അയാൾക്ക് റെമിഗിയോയുടെ അന്ത്യത്തോട് പ്രശ്നമൊന്നുമില്ല. റെമിഗിയോ മുറിയടച്ചിരുന്ന് റ്റ്യൂബർക്കോളോസിസ് വായിക്കുകയാണ്. ഏഴാമധ്യായത്തിന്റെ പാതിവഴിയെത്തിയപ്പോൾ രണ്ടുപേർ കൈകോർത്തു പിടിച്ച് മിണ്ടാതെ നിൽക്കുകയാണ്. യുവാവിന് സംസാരിക്കാൻ കഴിയാത്തത് ചുമ വന്നതുകൊണ്ടും യുവതിക്ക് സംസാരിക്കാൻ കഴിയാത്തത് അവൾ ചികിത്സയിലായതുകൊണ്ടുമാണ്. ന്യൂമോത്തൊറാക്സ് മൂലം അവൾക്ക് നഷ്ടപ്പെട്ട ശ്വാസം തിരിച്ചെടുക്കാൻ നോക്കുകയാണ് ഡോക്ടർ മെൻഡ്രോക്ക്. ആ വാക്കു വായിച്ചപ്പോൾ റെമിഗിയോ വായന നിറുത്തി. അത്തരമൊരു വാക്കിന്റെ അർത്ഥം ഏതാനും പേജുകൾക്കുള്ളിൽ ആ പെൺകുട്ടി മരിക്കുമെന്നാണ്. ജോലി ചെയ്തിട്ടു കാര്യമൊന്നുമില്ലെങ്കിലും വിയന്നയിലേക്കു തിരിച്ചു വരുന്നില്ലെന്നും താൻ ക്ലിനിക്കിൽത്തന്നെയായിരിക്കുമെന്നും ഡോക്ടർ മെൻഡ്രോക്ക് ഭാര്യയെ അറിയിക്കുന്നുണ്ട്. രോഗിയുടെ ജീവൻ നിലനിർത്താനുള്ള അയാളുടെ ശ്രമം അവരുടെ ആയുസ് നീട്ടുന്നതേയുള്ളുവെന്നും പരസ്പരം അവർ പ്രണയത്തിലാകുന്നത് ദുരന്തത്തിന്റെ ആക്കം കൂട്ടുകയേയുള്ളുവെന്നും ഡോക്ടർ തിരിച്ചറിയുന്നില്ല. അവൻ പുസ്തകമടച്ച് മെൽക്വിസിദെക്ക് എന്ന കുട്ടിയുടെ ചിത്രം വച്ചിരുന്ന ഇടതുവശത്തുനിന്നും അവോക്കാഡോ മരം കാണാവുന്ന വലതുവശത്തേക്കു തിരിഞ്ഞു. അതിലെ കൊച്ചു ബാബെറ്റുകളും അനാമാരികളും

വിളഞ്ഞ് തന്റെ മരുഭൂമനുഷ്യന്റെ പരുക്കൻ തൊലിയുമായി ചേരുന്ന ദിവസത്തിനായവൻ കാത്തിരുന്നു. ഇതാ ഞങ്ങൾ, ഞങ്ങളുടെ മിനുത്തതൊലിയും അടയാത്ത ചാരക്കണ്ണും അടിയുടുപ്പിലെ ലേബലും ഓർക്കുന്നില്ലേ? ഇതാ നിങ്ങളുടെ പുതപ്പിൽ അവോക്കാഡോ ചായം തേച്ചുകൊണ്ട് ഞങ്ങൾ. ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, അനാമാരിയെന്നു വിളിക്കൂ, ബാബെറ്റെന്ന് വിളിക്കൂ, ഞങ്ങൾ ചതഞ്ഞരയട്ടെ. എന്തു വേണമെങ്കിലും ചെയ്തോളൂ. തിരികെ കിണറ്റിലെറിയരുതെന്നതു മാത്രമാണ് ഞങ്ങളുടെ ആവശ്യം. വലിയ ആഴമാണ് അവിടെ, ഇരുട്ടാണ്, വീഴ്ചയിൽ മരിച്ചില്ലെങ്കിൽ ഞങ്ങൾ പേടിച്ചു മരിക്കും. ഇല്ല, ഞാനല്ലാതാരും നിങ്ങളെ തൊടാൻ ഞാനനുവദിക്കില്ല, റെമിഗിയോ പറഞ്ഞു. വരൂ ബാബെറ്റ്മാരേ, എന്റെ അനാമാരികളേ, എന്റെ അർദ്ധസമയ, മുഴുവൻസമയ കുട്ടിവേശ്യകളേ, രാവിലെ ചതഞ്ഞു ജീവനറ്റു കിടക്കുന്ന എന്റെ അന്ത്യമില്ലാപ്പെണ്ണുങ്ങളേ. എന്നാൽ അത്തരം നിർവൃതി നിമിഷങ്ങളിൽപ്പോലും ഇനിയൊരിക്കലും റെമിഗിയോയ്ക്ക് ചിരിക്കാൻ കഴിയില്ല, കാരണം മെൽക്വസിദെക്ക് തന്റെ തടിക്കുതിരയിൽനിന്നവനെ നോക്കുന്നുണ്ട്. മെൽക്വിസിദെക്ക് ചിരിക്കാൻ അനുമതി നൽകുന്നില്ല.

ലൂഷ്യോ ലൈബ്രറിയുടെ കതക് അടച്ചുപൂട്ടി. ഇനിയെന്തുണ്ടാകും? അയാൾ ഡെസ്കിനരികിൽ തലകുമ്പിട്ടിരുന്നു. വലിപ്പിനുള്ളിൽ തീപ്പെട്ടിയുണ്ട്, പേപ്പർ വേഗം കത്തും, എല്ലാം ഉടൻ നശിക്കും. അന്ത്യമെത്താത്ത കഥകൾ അവസാനിപ്പിക്കാൻ പറ്റിയ വഴി തീയാണ്. ഉള്ളിൽ കുതിരകളുമായി ലായങ്ങൾ കത്തുന്നു, പിന്നെ ഒരു ലൈബ്രറിക്ക് കത്തി എന്നെ അവസാനിപ്പിച്ചാലെന്ത്? ഒരു സാധ്യതയുൾപ്പെടുത്താം, കച്ചിയിലേക്ക് മറിഞ്ഞുവീഴുന്ന മണ്ണെണ്ണവിളക്ക്, ഒപ്പം കുതിരകളെ രക്ഷിക്കുന്നതിനിടെ കത്തിമരിക്കുന്ന കർഷകൻ. അല്ലെങ്കിൽ വിവസ്ത്രനായി നരകത്തിലേക്കിറങ്ങാം; ഞാനൊരു മോശം നോവലാണ്, സാന്റിന്റെ സൃഷ്ടിയാണ്. ആയിരക്കണക്കിന് പാറ്റകൾ രക്തമില്ലാത്ത ഈ ശരീരത്തിനുള്ളിൽ പൊതിയട്ടെ. അവറ്റകൾ എന്തു വേണമെങ്കിലും ചെയ്യട്ടെ. എന്നതാവും അയാളുടെ അവസാന വാക്കുകൾ, അയാളവയെ കടിക്കാനനുവദിക്കും, ഓരോ അണുവിലും അവ ഇരച്ചുകയറും; അയാളുടെ ശരീരസ്രവങ്ങൾ ആഞ്ജല മൊളീനയുടെയും റിക്കാർഡോ അന്ദ്രാദെ ബെറെൻഗ്വറിന്റെയും പുസ്തകങ്ങൾക്കു മേൽ വീഴും. അയാൾ തലകുലുക്കി മഴയെയും പാവ്ലോവിനാൽ പ്രലോഭിതരായ ദൈവങ്ങളെയും പ്രാകും.

ആരോ കതകിൽ മുട്ടുന്നുണ്ട്, എന്നാൽ ലൂഷ്യോ അനങ്ങുന്നില്ല. ഈ നേരത്ത് ഒരു വായനക്കാരൻ വരിക അസാധ്യമാണ്: ഒരു പ്രേമനോവൽ ചോദിച്ചുവരുന്ന സെനോര ഉർദനേത, വിഡ്ഢിത്തത്തിനു മേൽ അനുകമ്പയുള്ള തടിയൻ ആന്റുനേ, കുട്ടികളില്ലാത്ത നഗരം മറിച്ചുനോക്കണമെന്നാഗ്രഹിക്കുന്ന പോലീസുകാരൻ. കതകിൽ മുട്ടൽ തുടർന്നു. അയാൾ തുറക്കാൻ വിസമ്മതിച്ചു. ഭൂമി മൂത്രത്തെ ഒപ്പിയെടുക്കാത്തതു പോരാഞ്ഞ് അസമത്ത് ഒരു വായനക്കാരനെ പറഞ്ഞുവിടുമെന്നത് സ്വീകാര്യമല്ല; തീയ്ക്കു പകരം ശമ്പളക്കുടിശ്ശിക ചേർത്തു തരാമെന്ന് പറഞ്ഞ് ലൈബ്രറി ഇൻസ്പെക്ടർ വരുമെന്നോ. അയാൾ ഒച്ച താഴ്ത്തി പറഞ്ഞതിനുശേഷം ആ പ്രേതം കതകിനടുത്തുനിന്ന് പോകുന്നതുകാത്ത് നിലത്തു കിടന്നു. ഉറപ്പില്ലാത്ത അവസാനത്തെ ചില കൊട്ടുകൾക്കുശേഷം അയാൾ നടന്നകലുന്ന കാലടിശബ്ദം കേട്ടു. ഒരു നിമിഷം കാത്തുനിന്നശേഷം അയാൾ ജനലിനടുത്തുചെന്ന് നോക്കി. തെരുവ് ശൂന്യമായിക്കിടന്നു. അയാൾ മേശയ്ക്കരികിലെത്തി ഷർട്ടു

തുറന്ന് WITHDRAWN സ്റ്റാമ്പ് നെഞ്ചത്തമർത്തിയശേഷം നിലത്തു വീണു. താൻ നീലമഞ്ഞ് വായിച്ചിട്ടില്ല, ചിലപ്പോൾ ഇനി വായിക്കുകയുമില്ലെന്നയാൾ സ്വയം പറഞ്ഞു; ആ ചെറിയ തവിട്ടുപെട്ടിക്കുള്ളിൽ എന്താണെന്നത് ഇപ്പോൾ അയാളെ അലട്ടുന്നില്ല, കാരണം കാലിനിൻ ഗ്രാഡിലേക്കു പോയ സ്ത്രീക്ക് അയാളത് ഇനിയൊരിക്കലും കൊടുക്കില്ല. മച്ചിലെ കറകളിൽ നോക്കിക്കിടന്നപ്പോൾ അയാൾ സമത്വത്തെപ്പറ്റി സംസാരിക്കുന്ന കറുത്തവർഗക്കാരനായി, കുട്ടിയുടെ മുഖമുള്ള ആപ്പിളായി, ജാസ്സംഗീതത്തിനുനെരെ ഊതിവിട്ട സിഗരറ്റ് പുകച്ചുരുളായി; അയാൾ വിവർത്തകന്റെ കുറിപ്പായി, ഫ്രഞ്ച് ലഘുഭക്ഷണമായി, ഓ ഡണോഹ്യൂ ചിരിയായി; പ്രണയികളെപ്പറ്റിയുള്ള യാഥാർത്ഥ്യം വെളിപ്പെടുത്താനാകാത്ത അവസ്ഥയായി മാറി അയാൾ. വാരിയെല്ലിനു കീഴെ അയാൾ ഒരു വിരലമർത്തി വേദനിച്ചപ്പോൾ അത് തിരിച്ചെടുത്തു. സിബ്രോസ്ക്കിയുടെ അച്ഛനെപ്പോലെ സ്വന്തം മകനിൽ കുറ്റമാരോപിക്കാൻ അയാൾക്കു ധൈര്യമുണ്ടായില്ല, രണ്ടുദിവസം പഴകിയ റൊട്ടി വാഗ്ദാനം ചെയ്ത ബേക്കറിക്കാരിയെ നിരസിക്കാനും കഴിഞ്ഞില്ല. അയാൾ കണ്ണുകളടച്ചു. അയാൾ വെടിയൊച്ചകളും കുതിരക്കുളമ്പടിയും മരിക്കുന്നവരുടെ ഞരക്കങ്ങളും കേട്ടു. മുറിവേറ്റവരെക്കൂടാതെ പോകരുതെന്ന് ഡോൺ പൊർഫിരിയോയോട് വിളിച്ചുപറഞ്ഞു. പട്ടാളക്കാരൻ മൊണ്ടെസ് ഒരു പാറയ്ക്കു പിന്നിൽ കിടപ്പുണ്ടെന്ന് ഓർമ്മപ്പെടുത്തി. മണിക്കൂറുകൾ കടന്നുപോയി. ഇരുട്ടായി, അയാൾ കതക് വലിച്ചെടുത്ത ഒരു പെൺകുട്ടിയെപ്പോലെ നിസ്സഹായനായി, ക്ഷയരോഗിയെപ്പോലെ തളർന്ന് നിലത്തുകിടന്നു. അയാൾ തന്നോടുതന്നെ ഒരു തെറി പറഞ്ഞു. ഇക്കാമോളിലെ കരച്ചിലുകാരനെപ്പോലെ കരയാനയാൾക്കു തോന്നി. ആരും കതകിൽ മുട്ടിയില്ലെന്ന് അയാൾക്കു തോന്നി. തിരമാലകളായിരുന്നു അത്. കടൽ തിരികെ വന്നതാണ്. കതകിനടിയിലൂടെ കയറി ലൈബ്രറിയിൽ പ്രളയം തീർത്ത് ഭൂമിയിലെ മത്സ്യത്തെ തുരത്തി നോവലിസ്റ്റ് എഴുതിയ ഓരോ വാക്കും ഒഴുക്കിക്കളയുന്നതുവരെ അത് വികസിക്കും. ബാബെറ്റിനോടും മകനോടും ഏറ്റവും പ്രധാനമായി ഹെർലിൻഡയോടും അവളുടെ തൊലിയോടും വിടപറയാൻ കഴിഞ്ഞിരുന്നെങ്കിലെന്ന് അയാൾ കൊതിച്ചു. അവർ ട്രിലേബൈറ്റുകളായിക്കഴിഞ്ഞാൽ തനിക്കവരെ തിരിച്ചറിയാൻ കഴിയില്ലെന്ന് അയാൾക്കറിയുമായിരുന്നു.

അയാൾക്ക് ലജ്ജ തോന്നി.

ദീർഘനേരം നിലത്തിരുന്നതിന്റെ വേദനയോടെ ലൂഷ്യോ ലൈബ്രറി യിൽനിന്നും പുറത്തുവന്നു. സൂര്യൻ തിളച്ചുനിൽക്കുകയാണ്. സ്ത്രീകൾ ഗബ്രിയേൽ ദൈവദൂതന്റെ കപ്പേളയിൽ കൊന്തയെത്തിക്കാൻ ഒത്തു കൂടുന്ന മണിക്കൂറാണിത്. അവരിപ്പോൾ ഒന്നും ആവശ്യപ്പെടാറില്ല, നന്ദിപറയാറേയുള്ളൂ. മെൽക്വിസിദെക്ക് അവരുടെ പ്രാർത്ഥനകളിൽ ഇല്ല. ലൂഷ്യോ അവരുടെ അരികിൽ ചെന്ന് ഒരാളുടെ തോളിൽ തൊട്ടു. ക്ഷമിക്കണം, അയാൾ പറഞ്ഞു. എനിക്ക് ഈ കസേര എടുക്കേണ്ട തുണ്ട്. ആ സ്ത്രീ ഒരു സംഭാഷണമൊഴിവാക്കിക്കൊണ്ട് മറ്റൊരു കസേരയിലേക്കു മാറിയിരുന്നു. മോണ്ടെസ് പടയാളിയുടെ കത്തുണ്ടാ യിരുന്ന പീച്ച്പഴഭരണി അൾത്താരയിൽനിന്ന് അപ്രത്യക്ഷമായിരി ക്കുന്നു. കേടുപാടുകൾ തീർക്കാൻവേണ്ടി എടുത്തുമാറ്റിയതാവാം. ലൂഷ്യോ ഹെർലിൻഡയുടെ കസേര തോളിലെടുത്തു നടന്നു. കസേര ഉരുക്കുകൊണ്ടുള്ളതാണ്. നല്ല ഭാരമുണ്ട്. അതിന്റെ ആണികളൊ ക്കെയും തുരുമ്പെടുത്തുപോയിരുന്നു. എന്തുകൊണ്ടാണിത് തിരിച്ചെ ടുക്കാൻ ഇത്രയും വൈകിയതെന്ന് ലൂഷ്യോ സ്വയം ചോദിച്ചു. യാത്ര യ്ക്കിടെ കസേരയുടെ ഭാരം കാരണം അയാൾ പലവട്ടം വിശ്രമി ക്കാനായി നിന്നു. വീട്ടിലെത്തി ആ കസേര അടുക്കളമേശയുടെ അരി കിൽ സ്ഥാപിച്ച് അയാളിരുന്ന് സർക്കാർ ട്രക്കിൽ വരുന്ന വെള്ളം ഒരു ഗ്ലാസ് കുടിച്ചു. അയാൾ റെമിഗിയോയുടെ അഭിപ്രായത്തോട് യോജിച്ചു. ആ കസേര തീരെ സുഖകരമല്ല. ഹെർലിൻഡ അതിൽ മണിക്കൂറു കളോളം ഇരുന്നതെങ്ങനെയെന്ന് അയാൾക്ക് മനസ്സിലാക്കാനേ കഴി ഞ്ഞില്ല.

അവിടെ കളങ്ങളുള്ള മേശവിരിപ്പിൽ 'ദി ബ്ലൂ സ്നോസ്'ന്റെ ഒരു കോപ്പി അയാളെ കാത്തിരുന്നിരുന്നു. തീവണ്ടി മുന്നോട്ടു നീങ്ങവേ അവളുടെ കണ്ണീരിനെ തടഞ്ഞുവയ്ക്കാൻ ബ്രോണിസ്ലാവ ശ്രമിച്ചി രുന്നുവെന്ന് ലൂഷ്യോക്കറിയാം. ഒരുപക്ഷേ, അവൾ മറ്റു റഷ്യൻ സ്ത്രീകളെപ്പോലെ വികാരഭരിതയായിരിക്കില്ല. മാത്രമല്ല, ഗാലുഷ്കി ഒരു ഉക്രേനിയൻ ഭക്ഷണമാണെന്ന് അടിക്കുറിപ്പിൽ വിവർത്തകൻ പറയുന്നുമുണ്ട്. ബ്രോണിസ്ലാവ ഗാലുഷ്കിയിൽ കൂടുതൽ ഉപ്പിടു കയും റാഡോസ്ലാവ് അത് പരാതിയൊന്നുമില്ലാതെ കഴിക്കുകയും ചെയ്യുന്ന ഒരു രംഗമതിലുണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

കഥയ്ക്കോ സംഭാഷണത്തിനോ യാതൊരു പ്രാധാന്യവും കൊടു ക്കാതെ അയാൾ രാത്രി നീളെ വായിച്ചുകൊണ്ടിരുന്നു. ബ്രോണിസ്ലാവ വരുന്ന രംഗങ്ങളെപ്പറ്റി മാത്രമായിരുന്നു അയാളുടെ ശ്രദ്ധ. പ്രേമത്തി ലാകാൻ പോകുന്ന ഒരു സ്ത്രീയാണെങ്കിലും അവൾ വിരുന്നിൽ ധരി ക്കേണ്ട ഉടുപ്പിനെപ്പറ്റിയും ഫ്രഞ്ച് ഉച്ചാരണത്തെപ്പറ്റിയും ഇത്രയധികം വ്യാകുലപ്പെടുന്നത് ലൂഷ്യോയെ നിരാശപ്പെടുത്തി. കാലിനിൻഗ്രാഡി ലേക്കു ട്രെയിൻ പുറപ്പെടുന്ന രംഗമെത്തുമ്പോഴേക്കും ലൂഷ്യോക്ക് ഒരു വാചകത്തിൽ കൂടുതലൊന്നും കണ്ടെത്താനായില്ലെന്നു മാത്രമല്ല, അത് ബ്രോണിസ്ലാവയെപ്പറ്റിയല്ല, മറിച്ച്, അവളുടെ പരിചാരികമാരി ലൊരാളെപ്പറ്റിയാണ്: വയലുകളിൽ പണിയെടുത്തിരുന്നുവെങ്കിലും അവൾ സ്വന്തം കൈകളും ഒരു കുട്ടിയുടേതുപോലെ മാർദ്ദവമുള്ള തായി സൂക്ഷിച്ചിരുന്നു. പക്ഷേ, അത്രമാത്രം. ഒരു സംഭാഷണത്തിൽ റാഡോസ്ലാവ് എനിക്കെന്റെ അമ്മയുണ്ടാക്കുന്ന ഗാലുഷ്കി ഇഷ്ടമല്ല എന്നു പറയുന്നതൊഴിച്ചാൽ ആ ഉക്രേനിയൻ ഭക്ഷണത്തെപ്പറ്റിയും പ്രത്യേകിച്ചൊന്നും പറയുന്നില്ല.

അയാൾ ഹെർലിൻഡയുടെ മാർദ്ദവമുള്ള ചർമ്മം അതിൽ കണ്ടെത്തി. എന്നാൽ അവളെപ്പറ്റിയുള്ള മറ്റുപലതും കണ്ടെത്താനായില്ല.

ഭാര്യയെ കണ്ടെത്തേണ്ട സമയമായെന്നും അതിനുവേണ്ടി നരക ത്തിന്റെ ആഴങ്ങൾവരെ പോകേണ്ടിവന്നാൽ പോകണമെന്നും അയാൾ തീർച്ചപ്പെടുത്തി. അയാൾ ഒരു ഇരുമ്പുവടിയെടുത്ത് പിൻവലിച്ച പുസ്തകങ്ങൾ സൂക്ഷിച്ചിരുന്ന മുറി ബന്ധിച്ചിരിക്കുന്ന പലകകളെ തട്ടി ത്തെറിപ്പിക്കാൻ തുടങ്ങി. ഉടച്ചുതകർക്കുന്നതിന്റെ ശബ്ദം രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചു. പലകകൾ തകർന്ന് വർഷങ്ങളായി ഉപയോ ഗിക്കപ്പെടാതെ കിടന്നിരുന്ന ഗോവണിയിൽ വീണു. കൈയിലൊരു ടോർച്ചും പിടിച്ച് ലൂഷ്യോ പടികളിറങ്ങി. ചില പാറ്റകൾ വെളിച്ചത്തിൽ നിന്ന് പറന്നകന്നു. ചിലത് അവറ്റയുടെ ജോലി തുടർന്നു. കുന്നുകൂടി ക്കിടക്കുന്ന പുസ്തകങ്ങളെ നോക്കി ശിക്ഷിക്കപ്പെടാനായി ജനിച്ച ആത്മാക്കളെപ്പറ്റി അയാളോർത്തു. ആത്മാക്കൾ, അച്ചടിക്കപ്പെടുന്ന തിനുമുൻപേ ഉച്ചാടനം ചെയ്യപ്പെടേണ്ടിയിരുന്നവ, മദ്യത്തിനുവേണ്ടി തൂലിക കളഞ്ഞവർ, സ്വത്വത്തിനുവേണ്ടി ആകാശം നഷ്ടപ്പെടുത്തി യവർ, പാവ്‌ലോവിനുമുൻപിൽ മുട്ടുകുത്തി നമസ്കരിച്ചവർ, ഗ്രിൻഗോ സോസിൽ പൊതിഞ്ഞാലല്ലാതെ ലാറ്റിനമേരിക്കയ്ക്ക് അക്ഷരങ്ങളു മായി പ്രത്യേകിച്ചൊന്നും ചെയ്യാനില്ലെന്നുപറഞ്ഞ നായിന്റെ മക്കളുടെ ആത്മാക്കൾ, അയൽക്കാരോട് പരദൂഷണം പറയാനല്ല. മറ്റെന്തിനോ വേണ്ടിയാണ് തങ്ങൾക്ക് വാക്കുലഭിച്ചിരിക്കുന്നതെന്ന് വിശ്വസിക്കുന്ന, വീടിനുള്ളിൽ തുന്നിക്കൊണ്ടും ഭർത്താവിന്റെ കൂടെക്കിടന്നുകൊണ്ടും കറികൾ ഉണ്ടാക്കിക്കൊണ്ടും കഴിയേണ്ട പെണ്ണാത്മാക്കൾ. ഇരുവശ ത്തേക്കും മാറിമാറി തുപ്പിക്കൊണ്ട് ലൂഷ്യോ പുസ്തകക്കൂനകളുടെ

നടുവിൽ നിന്നു. തന്റെ കാലടിയിലേക്കു വെട്ടമടിച്ചുനോക്കിയപ്പോൾ അയാൾ ലോസ്റ്റ് കോസസ് എന്ന ഒരു പുതുക്രിസ്ത്യാനി ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ മറ്റൊരു പുസ്തകത്തിൻമേലാണ് ചവിട്ടിയിരിക്കുന്ന തെന്ന് കണ്ടു. അയാളത് തൊഴിച്ചുനീക്കി. മുന്നോട്ട് പോകുന്നതിനിടെ വീഞ്ഞുപാത്രം കൈവിടാതെ, ഈ രാജ്യത്തിലെ അസംഖ്യം ഇക്കാമോ ളുകളിൽ കാലുകുത്താതെ നോവലിസ്റ്റായി അഭിനയിക്കുന്ന ഓരോ പ്രസിഡന്റിനെയും മുൻ പ്രസിഡന്റിനെയും കോൺഗ്രസ്സ് അംഗത്തെയും നയതന്ത്രപ്രതിനിധിയെയും അയാൾ ശപിച്ചു. ഒരു ഗ്രന്ഥശാലയടപ്പി ക്കാനുള്ള ഉത്തരവിൽ ഒപ്പുവച്ച ഓരോ ഗവർണ്ണറെയും അയാൾ ശപിച്ചു. നിങ്ങളെല്ലാം ഈ നരകത്തിൽ കിടക്ക് അയാൾ അവരോടു പറഞ്ഞു. നിങ്ങളറിയണം ബിബ്ലിയോത്തെക്ക ബാബെറ്റ് തുറന്നു വയ്ക്കാൻ എനിക്ക് നിങ്ങളുടെ ബജറ്റിലനുവദിക്കുന്ന ഒരു പെസോ പോലും വേണ്ടായെന്ന്. ഓരോ അടിയിലും അമർത്തിച്ചവിട്ടിക്കൊണ്ട് അയാൾ ആ നഷ്ടപ്പെട്ട ആത്മാക്കൾക്കിടയിലൂടെ നടപ്പ് തുടർന്നു. നശിച്ചുപോകൂ നീയെല്ലാം, നശിച്ചുപോ അയാൾ ദേഷ്യത്തോടെ മുരണ്ടു. നിങ്ങളിലൊരാൾപോലും എനിക്ക് ഹെർലിൻഡയെപ്പറ്റി ഒരു വരി പോലും തന്നില്ല. ലൂഷ്യോക്ക് തലോടാനിഷ്ടമുണ്ടായിരുന്ന ഒരു മുറി പ്പാട് ഹെർലിൻഡയുടെ ഇടതുകൈയിലുണ്ടായിരുന്നതിനെപ്പറ്റി പറ ഞ്ഞില്ല. മൂക്കിലൂടെ ശ്വസിച്ചുകൊണ്ടുള്ള ഹെർലിൻഡയുടെ നിശ്ശബ്ദ മായ ചിരിയെപ്പറ്റി പറഞ്ഞില്ല. പതിനഞ്ചുവയസ്സിൽ കണ്ണിനുണ്ടായ അണുബാധയ്ക്കുശേഷം ഹെർലിൻഡയ്ക്ക് കൺപീലികളില്ലാതായ തിനെപ്പറ്റി പറഞ്ഞില്ല. ഹെർലിൻഡ ഹെർലിൻഡയെന്നാരും പറഞ്ഞില്ല. ഏത് നായികയ്ക്കാണ് ഹെർലിൻഡയെന്നു പേരുള്ളത്? ആ നരക ത്തിലെ അത്രയധികം പുസ്തകങ്ങൾ അയാളെ ദേഷ്യം പിടിപ്പിക്കുന്നു. എത്രയധികം സമയമാണ് ഈ ചവറുകൾ വായിച്ചു കളഞ്ഞത്? അയാൾ കതകിനടുത്തുചെന്ന് താഴും കുറ്റിയും പറിഞ്ഞുപോകുവോളം തള്ളി. മുദ്രവെച്ച പുസ്തകക്കെട്ടുകളുടെ കൂനയിൽനിന്നും ആറുവർഷമായി അവിടെ കിടക്കുന്ന ഒരു കെട്ട് അയാൾ വലിച്ചെടുത്തു. തിരികെപ്പോയി അയാൾ ഒരിക്കൽക്കൂടി ആ നരകത്തിൽ പ്രവേശിച്ചു. അയാളുടെ കാൽക്കീഴിൽ പുസ്തകങ്ങൾക്കിടെ എത്ര പാറ്റകൾ ഞെരിഞ്ഞുചാകു ന്നുണ്ടാവുമെന്നയാൾ സങ്കൽപ്പിച്ചു നോക്കി.

മുകൾനിലയിലെത്തിയപ്പോഴേക്കും അയാളുടെ ദേഷ്യം ഒഴുകിപ്പോ യിരുന്നു.

അയാൾ ആ ഭാരം മേശപ്പുറത്തുവച്ച് കെട്ടുകളഴിച്ചു. അതിൽ ഇരുപത്തൊന്ന് പുസ്തകങ്ങളുണ്ടായിരുന്നു. എഴുത്തുകാരൻ ഒരു ഗ്രീൻഗോയോ സ്പാനിയാർഡോ സ്ത്രീയോ അല്ലെന്നുറപ്പിച്ചശേഷം അയാൾ 'ദി ഗ്ലാസ് മാൻ' പുറത്തെടുത്തു. ഇത്തവണ അയാൾ കഥയ്ക്കോ കഥാപാത്രങ്ങൾക്കോ സംഭാഷണങ്ങൾക്കോ പ്രാധാന്യം കൊടുത്തില്ല.

മറിച്ച്, വാക്കുകളെ ശ്രദ്ധിച്ചു. ഓരോന്നോരോന്നായി ഒരു വാക്യമായി മാറ്റാവുന്നവയെ അയാൾ കത്രികകൊണ്ട് വെട്ടിയെടുത്തു. ഇത് കുറച്ചു മണിക്കൂറുകളെടുത്തു. അവളുറങ്ങുമ്പോൾ അവളുടെ വലത്തേക്കൺ പോള ചെറുതായനങ്ങി. ഇതിൽ കൺപോള എന്ന വാക്ക് കണ്ടെത്താനാണ് ഏറ്റവുമധികം സമയമെടുത്തത്.

രണ്ടുവരികൂടി തീർത്തപ്പോഴേക്കും നേരം വെളുത്തിരുന്നു. ഒരു കോണിലെ ചിലന്തിവലയടിക്കുന്നതിനിടെ ഹെർലിൻഡ കസേരയിൽ നിന്നും താഴെവീണു. പിന്നെ അന്നുരാവിലെ കട്ടിലിൽതന്നെ കിടക്കാൻ അവൾ തീരുമാനിച്ചു. 'ദി ഗ്ലാസ് മാനി'ൽ ഹെർലിൻഡ എന്നു പേരുള്ള ഒരു സ്ത്രീയില്ല. ഹെർ എന്ന വാക്ക് വെട്ടിയെടുത്ത് ഒട്ടിച്ചാണ് അയാൾ ആ പേരുണ്ടാക്കിയത്.

അന്നു രാവിലെ കട്ടിലിൽതന്നെ കിടക്കാൻ അവൾ തീരുമാനിച്ചു. ലൂഷ്യോ ഉറക്കെ വായിച്ചു. നീയിവിടെ കിടക്കയിൽ വീണ്ടുമെത്തി. അയാൾ പറഞ്ഞു. കസേരയിൽനിന്നു വീണതുകൊണ്ട് ഇപ്പോൾ നിന്റെ കാല് വേദനിക്കും. എന്നാൽ ഇത്തവണ ഞാൻ ഒരു തേളിനെയും ഉള്ളിൽ കടത്തിവിടില്ല.

അത്രമതിയെന്ന് തീരുമാനിച്ച് വാക്കുകൾ പറന്നുപോകാതിരിക്കാൻ ടേപ്പ്കൊണ്ട് ഒട്ടിക്കണമെന്ന് അയാൾ സ്വയം പറഞ്ഞു. അത്രനേരം വെട്ടിക്കൊണ്ടിരുന്ന പുസ്തകം അടയ്ക്കുംമുൻപേ കതകിൽ ഒരു മുട്ടു കേട്ടു തുറക്കുന്നതിനുമുൻപ് അയാൾ ഒന്നമാന്തിച്ചു. ഒടുവിൽ തുറന്നപ്പോൾ ഒരു ചെറിയ പാവാടയും വള്ളിക്കൈയുള്ള ബ്ലൗസുമിട്ട് നിൽക്കുന്ന റബേക്കയെ ആ സമയത്തവിടെ കണ്ട് അയാൾ അമ്പരന്നു. അവൾ ഇപ്പോൾ സ്റ്റോക്കിങ്സ് അണിഞ്ഞിട്ടില്ല. പോകൂ. അയാൾ അവളോട് മെല്ലെപ്പറഞ്ഞു. ഡോക്ടർ അമന്ദരയോടൊത്തുള്ള ജീവിതത്തിലേക്കു തിരികെപ്പോകൂ. നിനക്കിവിടെ ഇനി സ്വാഗതമില്ല. അവൾ അയാളെ കെട്ടിപ്പിടിച്ചു. പോകാൻ മടികാണിച്ചു. എന്നാലയാൾ മൂന്ന് ചെറിയ വാക്കുകൾകൊണ്ട് അവളെ തടഞ്ഞു. ഹെർലിൻഡ തിരികെ വന്നു. റബേക്ക അത് മനസ്സിലാക്കി അയാൾക്കൊരുമ്മ കൊടുത്ത് ധൃതിയിൽ പുറത്തേക്കു പോയി. “ആരായിരുന്നു അത്?” ഹെർലിൻഡ ചോദിച്ചു. “എനിക്കറിയില്ല. ഞാൻ കതകുതുറന്നപ്പോൾ അവിടെ ആരുമില്ലായിരുന്നു. ചിലപ്പോൾ റെമിഗിയോ ആയിരിക്കും. അവോക്കാഡോകളുണ്ടോയെന്ന് ചോദിക്കാൻ അവൻ ചിലപ്പോൾ ഈ സമയത്ത് വരാറുണ്ട്.” “അവനെ കാണാൻ പോകണമെന്നുണ്ടോ?” ഹെർലിൻഡയ്ക്ക് സന്തോഷമായി. “അവനെ കണ്ടിട്ട് ഒരുപാട് നാളായി.” അവൾ പറഞ്ഞു.

അവർ ആടുകളെ തീറ്റുന്നതിനെപ്പറ്റിയും ഇണചേർക്കുന്നതിനെപ്പറ്റിയും അറക്കുന്നതിനെപ്പറ്റിയുമെല്ലാം പറഞ്ഞ് തോളുരുമ്മി നടന്നു. ഹെർലിൻഡ ചുറ്റും നോക്കി ഒന്നും മാറിയിട്ടില്ലെന്ന് പറഞ്ഞു. പുറംകാഴ്ചകളുടെ തട്ടിപ്പിൽപെടരുതെന്ന് പറഞ്ഞുകൊണ്ട് അയാൾ

മെൽക്വിസിദെക്കിന്റെ വീടിനുനേരേ ചൂണ്ടി അതിപ്പോൾ ശൂന്യമാണെന്ന് പറഞ്ഞു. തീറ്റ സൂക്ഷിക്കാനുള്ള മുറി ഒരുക്കിയതേയില്ലെന്നു പറയാൻ അയാൾ ധൈര്യപ്പെട്ടില്ല. റെമിഗിയോയുടെ വീട്ടിലെത്തിയപ്പോൾ ലൂഷ്യോ കതകിൽ മുട്ടി. രണ്ടാളും ഒരുനിമിഷം കാത്തുനിന്നു. അവൻ ഉറങ്ങുകയായിരിക്കും. ഉറക്കെ കൊട്ടിക്കൊണ്ട് പറഞ്ഞു. എന്നാൽ ലൂഷ്യോ തല കുലുക്കിക്കൊണ്ടു പറഞ്ഞു: "നിന്റെ മകൻ വലുതായി. ഇപ്പോൾ അവന്റെ അവോക്കാഡോമരം പച്ചയായി സൂക്ഷിക്കുന്ന നല്ലൊരു ഭാര്യയുമുണ്ടവന്. നമുക്ക് നാളെ വരാം."

അവർ വീട്ടിലേക്കു തിരിച്ചു. ഇക്കാമോളിനെയും ചുറ്റുമുള്ള കുന്നുകളെയും നിലാവെളിച്ചത്തിൽ കണ്ട്, ആടുകളുടെ കരച്ചിൽ കേട്ട്, കാറ്റുകൊണ്ട് മെല്ലെ നടക്കാൻ ഹെർലിൻഡ കൊതിച്ചു. ആദ്യമായി ലൂഷ്യോ ആയിടെ പെയ്ത മഴയെ നന്ദിയോടെ സ്മരിച്ചു. പച്ചപ്പൊന്നുമില്ലാതെ പൊടിപിടിച്ച ഒരു സ്ഥലം ഹെർലിൻഡയെ കാണിക്കാൻ അയാൾക്കിഷ്ടമായിരുന്നില്ല. നനഞ്ഞമണ്ണിൽ അവരുടെ കാലടികൾ ശബ്ദിച്ചതേയില്ല. ആരും ജനാലയിൽ മൂക്കുചേർത്ത് പുറത്തേക്ക് നോക്കിയതുമില്ല. അയാൾ ഭാര്യയുടെ കൈപിടിച്ച് അതിന്റെ മാർദ്ദവമറിഞ്ഞ് സംതൃപ്തിയോടെ പുഞ്ചിരിച്ചു.. അയാൾ പ്രേമവചനങ്ങൾ ഒരുക്കാൻ ശ്രമിച്ചെങ്കിലും ഹെർലിൻഡയെ എന്തു വിളിക്കണമെന്ന് അയാൾ മറന്നുപോയിരുന്നു. ബ്രോണിസ്‌ലാവയോടോ റബേക്കയോടോ സംസാരിക്കുന്നതുപോലെ അവളോട് സംസാരിക്കാൻ അയാളാഗ്രഹിച്ചില്ല. അയാൾ അടുക്കളയിലേക്ക് എടുത്തുകൊണ്ട് വന്നവയുടെ കൂടെ രണ്ടു കമിതാക്കൾ പൂക്കൾ നിറഞ്ഞ ഒരു കമാനത്തിനുകീഴേനിന്ന് ചുംബിക്കുന്ന പുറംചട്ടയുള്ള ഒരു നോവൽ കണ്ടു. അത് നരകത്തിലേക്കുള്ള ഒരു പുസ്തകമാണെങ്കിലും ഇപ്പോൾ അതിൽനിന്നും ഒരു ഖണ്ഡിക കടമെടുക്കാമെന്ന് ലൂഷ്യോ വിചാരിച്ചു. എഴുത്തുകാരൻ ആരുമാവട്ടെ, കിടക്കയിൽ മോശം ഗദ്യമില്ലെന്നയാൾക്കറിയാം.

വീടിന്റെ മുന്നിലെത്തിയപ്പോൾ ഹെർലിൻഡ അത്ഭുതത്തോടെ നടപ്പവസാനിപ്പിച്ചു. "ഒരു ലൈബ്രറിയോ? നിങ്ങൾ ആട്ടിൻതീറ്റ വിൽക്കുകയാണെന്നാണ് ഞാൻ കരുതിയത്." ഞാൻ പിന്നീട് വിശദീകരിക്കാമെന്ന് മറുപടി നൽകിക്കൊണ്ട് ലൂഷ്യോ അവളെ ചേർത്തുപിടിച്ച് ചുംബിച്ചുകൊണ്ട് താലോലിക്കാൻ തുടങ്ങി. "പലതും സംഭവിച്ചു ഹെർലിൻഡ. നമുക്കിനിയും കുറേ വായിക്കാനുണ്ട്."

വീട്ടിലെത്തിയാലുടൻ ലൂഷ്യോ അവളെ കിടക്കയ്ക്കരികിലേക്കു നയിച്ച് അവളുടെ ശരീരം മുഴുവൻ വിരലോടിച്ച് ഓരോയിടവും ഓർമ്മയിലെടുത്ത് അവളുടെ ശരീരത്തിന്റെ മങ്ങാത്ത ഒരു ഭൂപടം തീർക്കും. അവസാനഘട്ടം അയാൾ ചെയ്യാതിരുന്നതൊക്കെ ചേർത്ത് അവളെ പ്രേമിക്കും. ആട്ടിൻതീറ്റയെപ്പറ്റിയുള്ള സംസാരവും ഉപ്പുകൂടിയ ഒരു പച്ചക്കറിസൂപ്പും മയമില്ലാത്ത ഒരു ലോഹക്കസേരയുമല്ലാതെ

മറ്റോർമ്മകൾ അയാൾക്കു വേണമായിരുന്നു. അയാൾ വലിയ തിരക്കിലാണ്. കാരണം, അയാളുടെ കൈയിൽനിന്നും ഈ ഭൂമിയിൽനിന്നു തന്നെയും ഹെർലിൻഡയെ അടർത്തിയെടുക്കാനായി ഒരു തേൾ ഏതു രാത്രി വേണമെങ്കിലും വരാമെന്ന് അയാൾക്കറിയാം. ഒരു ചീത്തദിവസം അയാൾ മറ്റൊരുകെട്ട് പുസ്തകങ്ങൾ അഴിക്കുമ്പോൾ 'ഹെർലിൻഡയുടെ മരണം' എന്ന പുസ്തകം കാണുമെന്നും അപ്പോൾ എഴുതിവെച്ചിരിക്കുന്ന ദാരുണാന്ത്യം ഒഴിവാക്കാൻ കഴിയില്ലെന്നും അയാൾക്കറിയാം. അത് കതകിനുമറവിൽനിന്നായാലും ശരി, യുവവധുക്കളെ മോഷ്ടിക്കുന്ന കിഴവൻ മൂലമായാലും ശരി. എന്തൊക്കെ പറഞ്ഞാലും ഒരു ദിവസം ലജ്ജിതനായി നെഞ്ചിൻകൂടിനുകീഴെ പുളഞ്ഞുകയറിയ ഒരു കഠാരയ്ക്ക് കീഴ്പ്പെടേണ്ടി വരുമെന്ന് ലൂഷ്യോക്കറിയാം. നഗരത്തിൽനിന്നുള്ള ഒരു എഴുത്തുകാരൻ വിഡ്ഢി അവന്റെ ലിംഗത്തോളം ചെറിയ ആശയങ്ങൾ (ആൽബർട്ടോ സാന്റിനോളം തരംതാണവ) ഒരു നോവലിൽ ഒന്നുമില്ലായ്മയോളം എത്തിച്ചുകളയുമെന്നും അത് നരകത്തിനും പാടുകൾക്കും മാത്രമുതകുന്ന പുസ്തകമാകുമെന്നും ഒടുവിലത്തെ വായനക്കാരന്റെ അവസാനതാൾ ആരെങ്കിലും മറിച്ചാലുടൻ അതിനെ കടലിലെയോ മരുഭൂമിയിലെയോ പൂഴിയിൽ അടക്കം ചെയ്യുമെന്നും അയാൾക്കറിയാമായിരുന്നു.



# അവസാനത്തെ വായനക്കാരൻ

## ഡേവിഡ് ടോസ്കാന

മെക്സിക്കോയിലെ ഒറ്റപ്പെട്ട ഗ്രാമമായ ഇക്കാമോൾ ഒരു വർഷമായി കടുത്ത വരൾച്ചയിലൂടെ കടന്നു പോകുകയാണ്. ഗ്രാമം മുഴുവനും ജലത്തിനായി വലയുമ്പോഴും റെമിഗിയോ എന്ന ചെറുപ്പക്കാരൻ തന്റെ കിണറ്റിലെ ജലസമൃദ്ധിയുടെ ധാരാളിത്തത്തിൽ രഹസ്യമായി അഹങ്കരിക്കുകയും ആനന്ദിക്കുകയും ചെയ്തിരുന്നു- കിണറിന്റെ അടിത്തട്ടിൽ ഒരു യുവതിയുടെ ശവശരീരം കണ്ടെത്തുംവരെ. പരിഭ്രാന്തനായ റെമിഗിയോ ആ ഗ്രാമത്തിലെ ഒരേയൊരു വായനക്കാര നായ തന്റെ പിതാവ് ലൂസിയോയെത്തേടി ചെല്ലുന്നു. ലൂസിയോ തന്റെ ലൈബ്രറിയിൽ നിന്നും ഒരു നോവൽ വലിച്ചെടുക്കുന്നു. റെമിഗിയോയുടെ പ്രതിസന്ധിക്കുള്ള പരിഹാരം ആ പുസ്തകത്തിലുണ്ടായിരുന്നു. നിരവധി പുരസ്ക്കാരങ്ങൾക്കും വായനക്കാരു ടെയും നിരൂപകരുടെയും പ്രശംസയ്ക്കും അർഹത നേടിയ സ്പാനിഷ് നോവലിന്റെ മനോഹരമായ വിവർത്തനം.

വിവർത്തനം: **പ്രഭാ സക്കറിയാസ്**

*'ഗബ്രിയേൽ ഗാർസിയ മാർക്കേസിന്റെയും ഹോർഹെ അമാഡോയുടെയും രചനകൾക്കൊപ്പം നിൽക്കാൻ അർഹതയുള്ള കൃതി'* -

**- ന്യൂയോർക്ക് ടൈംസ്**

കവർ ഡിസൈൻ: **അനീഷ് ഉതിമൂട്**

**ഡിസിബുക്സ്**

www.dcbooks.com

ISBN 978-81-264-4223-2

9 788126 442232 00001

നോവൽ

₹ 120